# വൈദ്യമാലിക

പുനഃപ്രകാശനം

**വൈദ്യരത്നം ബുക്സ്**

ഡിജിറ്റൽ ലൈബ്രറി

ഇന്റർനെറ്റ് പ്രസിദ്ധീകരണവിഭാഗം

തൈക്കാട്ടുശ്ശേരി, ഒല്ലൂർ

വൈദ്യമാലിക എന്ന ഇന്റർനെറ്റിലൂടെയുള്ള ഈ
പ്രസിദ്ധീകരണത്തിന്റെ സമസ്ത അവകാശങ്ങളും
വൈദ്യരത്നം ബുക്സിൽ നിക്ഷിപ്തമായിരിക്കു
ന്നു. ഇതിന്റെ കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും
മാറ്റം വരുത്താത്തിടത്തോളം ഈ പ്രസിദ്ധീകരണം
വ്യക്തിഗതമായ ആവശ്യങ്ങൾക്കായി  സ്വന്തം
കംപ്യൂട്ടറിൽ സൂക്ഷിക്കുന്നതിനോ, സ്വന്തമായി
പ്രിന്റെടുത്തു കൈവശം വയ്ക്കുന്നതിനോ വിരോധ
മുള്ളതല്ല.

പുനഃപ്രകാശനം
2014 മാർച്ച്
കൊല്ലവർഷം ൧൧൮൯ കുംഭം



*തൈക്കാട്ടുശ്ശേരിയിലെ ദുർഗ്ഗാഭഗവതി*

ബിഭ്രാണാം ചക്രശംഖാമൃതകലശജളൂകാ-
സ്ത്രിഭിഃ പാണിപത്മൈഃ
ശ്രോണിന്യസ്താന്യഹസ്താം ഹരിഹരവിധിഭി-
സ്തൂയമാനാപദാനാം
മൽപൂർവൈർവൈദ്യരത്നൈഃ പിതൃമുഖഗുരുഭി-
സ്സേവിതാം നൗമി ദുർഗാം
ബാലാരണ്യാലയസ്ഥാമുദരഗതഗദവ്രാത-
സംഹാരദീക്ഷാം

## ആമുഖം

മാ.രാ.രാ.വി. രാമൻവൈദ്യനവർകളാൽ നിർമ്മിതമായ വൈദ്യമാലിക എന്ന ചികിത്സാ ഗ്രന്ഥത്തിന്റെ പുനഃപ്രസിദ്ധീകരണം ഇതിന്റെ മൂന്നു പതിപ്പുകളെ അടിസ്ഥാനമായാണ് നിർവ്വഹിച്ചിട്ടുള്ളത്. ഇതിൽ ആദ്യത്തെത് എസ്.ടി.റെഡ്യാർ ആൻഡ് സൺസ്, കൊല്ലം വിദ്യാഭിവർദ്ധിനി അച്ചുകുടത്തിൽ നിന്നും 1923-ൽ (കൊല്ലവർഷം 1098) പുറത്തിറക്കിയ അഞ്ചാമത്തെ പതിപ്പാകുന്നു. രണ്ടാമത്തേത് ഇവർ തന്നെ 1929-ൽ (കൊല്ലവർഷം1104) പുറത്തിറക്കിയ ആറാം പതിപ്പാണ്. രണ്ടും തന്നെ ആയിരം വീതം അച്ചടിച്ചിട്ടുമുണ്ട്. മൂന്നാമത്തേത് മേല്പറഞ്ഞ രണ്ടു പതിപ്പിനേക്കാളും ശുദ്ധമായ ഒരു പതിപ്പാണ്. നിർഭാഗ്യവശാൽ ഏതാണ്ട് ജ്വരചികിത്സയുടെ വലിയൊരു ഭാഗവും പുറം പേജുകളും മുഖവുരയും എല്ലാം തന്നെ നഷ്ടമായ നിലയിലാണ് ഇത് ലഭ്യമായത്. അതിനാൽ ഈ പതിപ്പിനെക്കുറിച്ച് ഒന്നും പറയുവാൻ നിർവ്വാഹമില്ല. ഇവിടെ ആദ്യം പറഞ്ഞ അഞ്ചാം പതിപ്പ് ലഭിച്ചത് റിട്ടയേർഡ് മെഡിക്കൽ ഓഫീസർ ഡോ. കെ.വി.രാമൻകുട്ടിവാര്യർ (തൈക്കാട്ടുശ്ശേരി) അവർകളിൽ നിന്നുമാണ്. അവസാനം പറഞ്ഞ രണ്ടു പതിപ്പുകളും ലഭിച്ചത് തൃപ്രയാറുള്ള (നാട്ടിക) ഞായപ്പിള്ളി ഇല്ലത്തു നിന്നുമാകുന്നു.

ഡോ. കെ. ശബരീശൻ

## ജ്വരലക്ഷണം

ജ്വരങ്ങളാദിയായുള്ള വ്യാധികൾക്കു ചികിത്സകൾ
ഭാഷാപദ്യങ്ങളായിട്ടു ചുരുക്കിപ്പറയുന്നിത് 1
ജ്വരമെട്ടുപ്രകാരത്തിൽ ഉണ്ടാകും ദേഹിനാമിഹ
ത്രിദോഷജജ്വരം മൂന്നു മൂന്നുണ്ടീരണ്ടുകൂടിയും 2
മൂന്നും കൂടീട്ടുമൊന്നുണ്ടു സന്നിപാതമതിന്നു പേർ
ജ്വരമാഗന്തുകം പിന്നെ ചൊല്ലീടാം ലക്ഷണങ്ങളെ 3
വെട്ടുതല്ലുകളേറ്റിട്ടും വീഴ്ചയാദികളാലുമാം
മാരണം ദേവതാപീഡാവിപ്രശാപാദിനാപി വാ 4
മനഃപീഡകളെക്കൊണ്ടും ഉണ്ടാമാഗന്തുകജ്വരം
ജ്വരം തുടങ്ങിയാലാദൌ കാണാം വികൃതിയിങ്ങനെ 5
ദേഹം തൊട്ടാൽ ചുടും പാരം വിയർപ്പില്ലാതെയും വരും
ദേഹമൊട്ടുമിളക്കീടാൻ വശമല്ലാതെയും വരും 6
ഇവയൊക്കെയൊരുമ്പെട്ടു കാൺകിൽ സാമാന്യമജ്ജ്വരം
വാതജ്വരത്തിന്നാധാരം തലനോവതിയായ്‌വരും 7
ദേഹത്തേലൊക്കെ നോവുണ്ടാം ഹൃദയത്തിങ്കലേറ്റവും
ഉയർച്ചയുണ്ടാം ദേഹത്തേൽ മുളിവും രൂക്ഷഭാവവും 8
മലം വരണ്ടുപോം നോവും വയറ്റിലതിയായ്‌വരും
വയർ വീർക്കും ചുഴന്നീടും വാതജ്വരിതലക്ഷണം 9
ചുഴലും കണ്ടവസ്തുക്കൾ പറയും വായെരിച്ചിടും
ഉഷ്ണദാഹങ്ങളുണ്ടാകും മലമൂത്രങ്ങൾ നേത്രവും 10
മഞ്ഞളിച്ചിട്ടു വന്നീടും നൂനം പിത്തജ്വരത്തിന്
ദേഹത്തേൽ കോൾമയിർക്കൊൾക കുളിരും നിദ്രയും സദാ 11
മൂക്കുവാലുക വായ്ക്കേതും രുചിയില്ലാതെയും ചുമ
നേത്രം വെളുക്കയെന്നെല്ലാം കഫജ്വരിതലക്ഷണം 12
ഈരണ്ടുകൂടിയുണ്ടായാൽ മിശ്രമായിട്ടു കണ്ടിടാം
ത്രിദോഷജ്വരമുണ്ടായാൽ കാണാം ലക്ഷണമൊക്കെയും 13
ശൈത്യമെല്ലായ്പ്പോഴും ദാഹം ഉറക്കം പകലേറ്റവും
രാവുറക്കമതില്ലായ്ക വിയർത്തീടും ചിലപ്പൊഴെ 14
പാടും ചിരിക്കുമുടനെ മുറയും വിഹസിക്കയും
കണ്ണിൽനിന്നൊഴുകും രക്തം നോകുമസ്ഥികളും തല 15
സ്വരം പതറിവന്നീടും ഭ്രമം പറകയും സദാ
ചെവിനോവെത്രയും നാവ് കരുകരുത്തിട്ടിരിക്കുമെ 16
അണ്ണാക്കിൽ കൊതുകൊതുത്തീടും നെല്ലിരിക്കുന്നപോലവെ
മഞ്ഞളിച്ചിട്ടു തുപ്പീടും ചോരപോലയുമാകിലാം 17
അംഗമെല്ലാം തളർന്നീടും തണ്ണീർദാഹവുമേറ്റമാം
ശരീരം പൊള്ളിയവിടം കരുവാളിച്ച മേനിയാം 18
ചെവി മൂളുകയെന്നെല്ലാം സന്നിപാതസ്യ ലക്ഷണം
ഇവയെല്ലാമുളവായിട്ടഗ്നിമാന്ദ്യവുമെങ്കിലോ 19
അസാദ്ധ്യമജ്ജ്വരം വിദ്യാൽ ഭിഷഗൌഷധസഞ്ചയൈഃ

**ആഗന്തുജ്വരം**

ആഗന്തുകജ്വരത്തിന്റെ ലക്ഷണം പറയാമിനി 20
ശരീരമെങ്ങും പൊളിഞ്ഞു വേഗമുണ്ടായ് പനിച്ചിടും
ക്രോധത്താലും വിഷത്താലും ഔഷധത്താലുമങ്ങപി 21
കാമത്താലും ഭയത്താലും ഗ്രഹപ്പിഴകളാലപി
ഉണ്ടാം ജ്വരമതിന്നുള്ള ലക്ഷണങ്ങൾ പറഞ്ഞിടാം 22

ഔഷധഗ്രഹദോഷങ്ങളിവറ്റാലുളവാകിലോ
ധാതുക്കളിൽ രസം ചേർന്നീടാതെകണ്ട് തടുത്തിടും 23
ദുർഗ്ഗന്ധമുള്ളൌഷധത്തിൻ ഗന്ധമേറ്റാൽ വരും തദാ
മോഹവും തലനോവീക്കം ഇവയുണ്ടായിവന്നീടും 24
വിഷം കൊണ്ടുളവായീടും ജ്വരം മോഹാതിസാരവും
കരുവാളിക്ക വായ്ക്കൊട്ടും ഛർദ്ദിയും ദാഹവും വരും 25
ക്രോധംകൊണ്ടുവരുന്നോരു ജ്വരത്തിന്നുള്ളലക്ഷണം
വീക്കവും തലനോവുണ്ടാം ഭയം മുറവിളിക്കയും 26
കാമശോകങ്ങളാലുള്ള ജ്വരത്തിന്നുള്ളലക്ഷണം
അരുചീ ദാഹവും മോഹം ധൈര്യമില്ലയായ്കയും വരും 27
ശരീരമെല്ലാം മെലിയും ഗ്രഹപ്പിഴകളാൽ വരും
ജ്വരത്തിന്നു വിശേഷിച്ചും സന്നിപാതസ്യലക്ഷണം 28
ഭയംകൊണ്ടു വരുന്നോരു ജ്വരം വാതജമെന്നപോൽ
ആഭിചാരജ്വരം പോലെ ശാപത്താലുളവായതും 29
ശരീരമെങ്ങും പൊളിക മൂത്രമേറ്റമതാകയും
മലം തടുക്കയും പിന്നെ ദഹിയായ്കയുമങ്ങനെ 30
ആമജ്വരത്തിനുള്ളോരു ലക്ഷണങ്ങളതായ്വരും
ശ്വാസോച്ഛ്വാസം മഹാക്ലേശം ഭ്രമം പറക കമ്പവും 31
മലംപോകയുമെന്നെല്ലാം ജീർണ്ണജ്വരിതലക്ഷണം
സന്തതസ്സതതോന്യേദ്യുഃ ദ്വിതീയകചതുർത്ഥകൌ 32
ശീതദാഹജ്വരൌ ചൈവ വിഷമാഖ്യജ്വരാ ഇമേ
വിടാതെ പനിയുണ്ടാകിൽ സന്തതജ്വരമെന്നുപേർ 33
വിട്ടുവിട്ടുപനിക്കുന്ന ജ്വരം സതതമെന്നുപേർ
ചാതുർത്ഥികസ്യ നാലാംനാൾ പനിക്കുമതു ബോധയേൽ 34
ശീതാദികമതും പിന്നെ ദാഹാദികവുമെന്നിവ
പിത്തം ത്വക്കിങ്കൽ നിന്നിട്ടു കോഷ്ഠേ വാതകഫങ്ങളും 35
അതിന്നു മുൻകുളിർന്നിട്ടു ശീതാദിക്കു പനിച്ചിടും
കുളിർകൂടാതെ കണ്ടിട്ടങ്ങത്യന്തം പനിവന്നിടും 36
ദാഹാദിയെന്നറിഞ്ഞീടൂ ശീതാദി സാദ്ധ്യമായ്വരും
ജ്വരം തുടങ്ങിയാൽ സപ്തരാത്രി താൻ കഴിവോളവും 37
തരുണജ്വരമെന്നല്ലോ ചൊല്ലീടുന്നു ഭിഷക്കുകൾ
ജ്വരം തുടങ്ങിയാലെണ്ണ തേക്കയും പകൽ നിദ്രയും 38
കഷായസേവയും പച്ചവെള്ളത്തിൽ പോയ്ക്കുളിക്കയും
കാറ്റേൽക്ക മൈഥുനം ചെയ്ക മതൃത്തതു പുളിച്ചതും 39
പാലോടു തൈർനൈ മോരെന്നിവ വർജ്യം നവജ്വരേ
പിന്നെ യൌവ്വനമുള്ളോർക്കു കൊള്ളാം പട്ടിണിയിങ്ങനെ 40
പിത്തജ്വരത്തിന്നൊരുനാൾ രണ്ടു വാതജ്വരത്തിനും
ശ്ലേഷ്മജ്വരസ്യ മൂന്നാളും എന്നുള്ള വിധിയുണ്ടതിൽ 41
ബാലദുർബ്ബലവൃദ്ധന്മാർക്കരുതിച്ചൊന്ന പട്ടിണി 42

*ഇതി വൈദ്യമാലികായാം ജ്വരലക്ഷണാധികാരഃ*

## ***ജ്വരചികിത്സാ***

കൊത്തമ്പാലരിയും ചുക്കും എട്ടും നാലും കഴഞ്ചതായ്
കഷായംവച്ചു സേവിക്കാം പനികൾക്കുള്ളയാദിയിൽ 1
സേവിപ്പിക്ക ഷഡംഗഞ്ച തോയതോയദമാദിയും

**ഷഡംഗം**

മുത്തങ്ങ ചന്ദനം ശുണ്ഠീ ഇരുവേലീ ച പർപ്പടം 2
രാമച്ചമിവകൊണ്ടുണ്ടാം ക്വാഥമല്ലോ ഷഡംഗകം

**തോയതോയദാദി**

തോയതോയദഭൂനിംബപാഠാധാന്യമഹൌഷധൈഃ 3
കൃതഃ കഷായസ്സർവ്വേഷാം ജ്വരാണാം പാചനം പരം

ഇരുവേലി മുത്തങ്ങ പുത്തരിച്ചുണ്ട പാടക്കിഴങ്ങ് കൊത്തംപാലരി ചുക്ക് ഇവ കഷായം.

**വാതജ്വരത്തിന്**

മുസ്താപർപ്പടകക്വാഥം സർവജ്വരവിനാശനം 4
വാതപ്പനിക്കു ചെറിയ പഞ്ചമൂലം മഹൌഷധം
കഷായംവെച്ചു സേവിക്കാം സൈന്ധവം തത്ര മേൻപൊടി 5
രാമച്ചം പാഠയമൃതും പർപ്പടപ്പുല്ലുമെന്നിവ
കഷായം വെച്ചു സേവിക്കാം വാതജ്വരഹരം പരം 6

**പാഠാഗ്നിമന്ഥാദി**

പിന്നെപ്പാഠാഗ്നിമന്ഥാദി കഷായങ്ങളുമുത്തമം 7
പാഠാഗ്നിമന്ഥബൃഹതീദ്വയനാഗരാണാം
ഛിന്നോൽഭവാമഗധമൂലകലിംഗകാനാം
വാശാമൃതാംബുദപടോലമഹൌഷധാനാം
ക്വാഥം പിബേദിഹ മരുൽപ്രഭവേ ജ്വരേ തു 8

പാടക്കിഴങ്ങ് മുഞ്ഞവേർ ചെറുവഴുതിനവേർ വെൺവഴുതിനവേർ ചുക്ക് ഇവകൊണ്ടൊരു കഷായം. ചിറ്റമൃത് കാട്ടുതിപ്പലിവേർ കുടകപ്പാലയരി ഇവ ഒരു കഷായം. ആടലോടകം ചിറ്റമൃത് മുത്തങ്ങാ പടവലം ചുക്ക് ഇവ ഒരു കഷായം.

പിത്തപ്പനിക്കു ദാഹിക്കിൽ ചുട്ടവെള്ളം കൊടുക്കിലാം
പിന്നെച്ചുക്കു കൊടുത്തൂവ ഇട്ടുവെന്ത ജലത്തില് 9
മലരിട്ടു ചമച്ചുള്ള കഞ്ഞിയും ഗുണമായ്വരും
കൊടുത്തുവ കുറുന്തോട്ടി ചുക്ക് പൂവ്വംകുറുന്തല് 10
ഇവയിട്ടിട്ടുവെക്കുന്ന കഷായക്കഞ്ഞിയും ഗുണം

**ഗോപാംഗനാദി**

ക്വാഥോ ഗോപാംഗനാദിശ്ച പിത്തജ്വരഹരാ ഇമേ 11
ഗോപാംഗനാകമലചന്ദനസേവ്യവിശ്വ-
യഷ്ടീജലോല്പലമധൂകശതാവരീഭിഃ
സിദ്ധം സുശീതമനുമാക്ഷികശർക്കരാഢ്യം
പിത്തജ്വരം ജയതി ദാഹതൃഡാഢ്യമംബു 12

നറുനീണ്ടി താമരവലയം ചന്ദനം രാമച്ചം ചുക്ക് ഇരട്ടിമധുരം ഇരുവേലി ചെങ്ങഴിനീർക്കിഴങ്ങ് ഇരിപ്പക്കാതൽ ശതാവരിക്കിഴങ്ങ് ഇവ കഷായം വച്ച് ആറിയാൽ തേനും പഞ്ചസാരയും ചേർത്തു കുടിക്ക.

**ശ്ലേഷ്മജ്വരത്തിന്നു**

**പഥ്യാകൾഫലാദി**

ശ്ലേഷ്മജ്വരസ്യ സേവിപ്പാൻ പഥ്യാകൾഫലമാദിയാം 13
പഥ്യാകൾഫലനാഗരാംബുദവചാഭൂനിംബധാന്യദ്രുമൈർ
ഭാർങ്ഗീപർപ്പടകാമ്വിതൈശ്ശൃതമിദം തോയം സുശീതം പുനഃ
മധ്വാഢ്യം പരമാണുരാമഠയുതം ശ്ലേഷ്മജ്വരം നാശയേൽ
കോഷ്ഠാർത്തിശ്വസനാഗ്നിസാദകസനാരുച്യാസ്യശോഷാന്വിതം 14

കടുക്കാത്തോട് കുമ്പിൾവേർ ചുക്കു മുത്തങ്ങ വയമ്പ് പുത്തരിച്ചുണ്ടവേർ കൊത്തമ്പാലരി ദേവതാരം ചെറുതേക്ക് പർപ്പടകപ്പുല്ല് ഇവ കഷായം വെച്ചു ആറിയാൽ തേനും അത്യല്പം കായവും ചേർത്തു കുടിക്ക.

**വാതപിത്തജ്വരത്തിന്ന്**

കൊള്ളാം ദ്രാക്ഷാദിയാം ക്വാഥം വാതപിത്തയുതേ ജ്വരേ

**ദ്രാക്ഷാദികഷായം**

ഇരിപ്പക്കാതൽ നല്ലോരു മുന്തിരിപ്പഴവുംതഥാ 15
ഇരട്ടിമധുരം ലോദ്ധ്രം കുമ്പിൾവേർ നറുനീണ്ടിയും
മുസ്താമലകഹ്രീബേരം രാമച്ചം ചന്ദനം തഥാ 16
നീലോല്പലം പതുമുഖം താമരപ്പൂവിനല്ലിയും
ഈന്തപ്പഴമതും കൂട്ടി കഷായം വെച്ചു സാദരം 17

പഞ്ചസാരയതും തേനും കൂട്ടിസ്സേവിക്കയും ഗുണം
പിച്ചകപ്പൂവുമിട്ടിട്ടു മൂടി മഞ്ഞത്തുവച്ചുടൻ 18
സേവിച്ചാലൊഴിയും സദ്യോ വാതപിത്തജ്വരം പരം 19
മുസ്താനീർ പർപ്പടം ചുക്കൊടു ബല
യുമുശീരന്തഥാ ദർഭാ നായ്വ(പ)ൽ
തിക്താവേർ ചിന്തിളേഭിഃ പിബതു
ശൃതജലം വാതപിത്തജ്വരേഷു 20
ദുഗ്ദ്ധാസേകോ/സ്തു മൌലൌ ചുഴലുക
തലനോവോടു ചൂടുംപൊറായ്കിൽ
സ്മർത്ത്വാ ലാക്ഷാമൃതാവര്യതിബല-
യൊടു തൈർചേർത്തു മേല്ക്കെണ്ണതേയ്ക്ക 21

**കഫപിത്തജ്വരത്തിന്ന്**

അംബുദചന്ദനവാരിഗുളൂച്യാ-
ദ്യംബു പിബേൽ കഫപിത്തജജ്ജ്വൂർത്തൌ

**കഫവാതജ്വരത്തിന്**

സിംഹ്യമൃതാദികപർപ്പടമുസ്താ
ചുക്കുശൃതഞ്ച മരുൽകഫജേ സ്യാൽ 22

**സന്നിപാതജ്വരത്തിന്നു**

പേയം ഛിന്നോത്ഭവാദ്യം പുനൽ പുലരിയിലച്ചുക്കുമായ്ച്ചുണ്ടകൊണ്ടും
ക്വാഥം കേചിൽ കുടിപ്പൂണ്ടിരവപി ച കുറുന്തോട്ടിയൂഷസ്യ പാൽ സ്യാൽ
വാശീവേർ പർപ്പടം കുമ്പളലത മുകിൽ ചുക്കും കഷായഞ്ച പീത്വാ
മാറുന്നൂ സന്നിപാതപ്പനിഷു പെരിയതൃൾദാഹമൂർഛാഭ്രമാദ്ധ്യം 23
ആദിക്കേ കുമ്പളത്തിൻ ദലരസപരിലേപം പ്രയോഗിക്ക മൌലൌ
പാദത്തോടങ്ങു മെയ്മേലഴകിൽ മുഴുവനേ നീളെ നാസാം വിഹായ

**ബോധക്കേടിന്ന്**

ബോധക്കേടെങ്കിൽ നസ്യം കലയതു മുലതൻ പാലുമായ് മുന്തിരിങ്ങാ
ജാതീ ചൂക്കോടു യഷ്ടീപടുകണകളരച്ചങ്ങിനേ സന്നിപാതേ 24
മൃദ്വീകാമരിചംശുണ്ഠീകണാസൈന്ധവസംയുതം
നാരീക്ഷീരേണ പിഷ്ട്വാ തു നസ്യം സംജ്ഞാപ്രബോധനം 25

**കടച്ചിലിന്ന്**

സാദത്തിങ്കൽ കടച്ചിൽക്കറിവുകുറവതായെങ്കിലും സന്നിപാതേ
പാംസുത്വം ചേർത്തു മാഷം മുതിരയുമുലുവായും കിഴിചെയ്തുകാച്ചു
സ്വേദത്തെച്ചെയ്തിവണ്ണം പലവിധിഭിരിളക്കീടുകുള്ളിൽ പരക്കെ
സ്രോതഃശ്ലിഷ്ടം കഫത്തെപ്പദമിഹ ജളതാം സ്വേദവൃത്ത്യേവ ജീയാൽ 26
മിഴികളിലെഴുതുക മരിചം ജീരകയുഗമുള്ളിഹിംഗുതാൻ ജീഘ്രേൽ
മുതിരപൊടിച്ചു തിരുംപൂവിതുടലിലുണർച്ചയ്ക്കു സന്നിപാതേഷു
നസ്യം ചെയ്വിതുണർച്ച മുട്ടുവരുവോളം ലോഹിതാണ്ഡാദി
പേരെത്തുന്നെണ്ണ ചമച്ചു സന്ധുക്കളിലും തേയ്ക്കങ്ങഭിന്യാസകേ 27

**ലോഹിതാണ്ഡാദി**

ലോഹിതാണ്ഡം ഹരിദ്രേദ്വേ ശംഖിനീ കൃഷ്ണജീരകം
ശാരിബാ ചന്ദനം കുഷ്ഠം സൈന്ധവം ത്ര്യൂഷണം വചാ 28
ഏതൈർവാശാരസേ സിദ്ധം സസ്തന്യം തൈലമുത്തമം
പാനാഭ്യഞ്ജനനസ്യേ തു സന്നിപാതഹരം പരം 29
പക്ത്വാ നൂറുപലം ബലാം
കുറുകി നാലൊന്നായ നീരാലെടു
ത്തർദ്ധാംഗീകൃത പാലുമായ്
വിരചിതാം കഞ്ഞീം കുടിച്ചീടുക 30
ദശമൂലദുരാലാഭാദിയൂഷം
കഫവാതോത്തരസന്നിപാതജൂർത്തൌ
പരുകീടുക മീറ്റുമൊട്ടപിഷ്ട്വാ

സ്തനജം നസ്യമതും മതിഭ്രമജം 31
നസ്യം ജംബീരസാരേണ സർവജ്വരനിവാരണം
അർദ്ധനാരീശ്വരാഖ്യാനമഞ്ജനം സന്നിപാതനുൽ 32

**ഉരിയാടാത്തതിന്ന്**

ആടലോടകതൻനീരിൽ കന്ദം നന്നാറിജം തഥാ
മീറ്റുംമുട്ട മുലപ്പാലും ഇന്തുപ്പും ഭൂമിനാഗവും
ഇവയിട്ടെണ്ണ കാച്ചീട്ടു കുടിക്കിൽ സന്നിപാതമാം
പനിപോം ബോധമുണ്ടാകും ഇതിനാൽ നന്നു നസ്യവും 33
തെച്ചിപ്പത്രാടലോടകത്തിലകൾ പിഴിയുമന്നീർ തഥാ മീറ്റുമൊ-
ട്ടമാഞ്ചീരാസ്നാശ്വഗന്ധാ സമധുകകടുകാഗ്നിദീപയോ ജീരകേ ദ്വേ
ജാതിക്കാ ചെന്നിവേർനായകമപി നിലാവേരാര്യമുസ്താ കരാംപൂ-
വ്വിന്തുപ്പും സന്നിയെണ്ണക്കിതു പെരിയമരുന്നെന്നു കൈകണ്ട പേരു 34

ഇതു കുറേക്കുറേ സേവിക്ക. സന്ധുക്കളിലും ചുണ്ടത്തും പുരട്ടുക ബോധമുണ്ടാം ഉരിയാടായ്വരും.

ചുക്കോടോരിലമൂവിലാപലകമുല്പയ്യാനി കാർകൂവളം
കൊത്തമ്പാലരി ഞെർഞ്ഞിൽ മുഞ്ഞ മധുകം കാർജീരകം ചുണ്ടവേർ
നെല്ലിക്കാ സഹചാരി നല്ലൊരു കൊടിത്തൂവായുമെന്നിങ്ങനെ
കൈകൊണ്ടോരു കഷായമുണ്ടു ഗുരുവാണാസന്നിപാതജ്വരേ 35
നൊച്ചിയില പിഴിഞ്ഞനീരിൽ അമുക്കുരമരത്തയും
ചെന്നിനായകവും നല്ല ജീരകഞ്ച കലക്കുക 36
ഇതുകൊണ്ടെണ്ണയും കാച്ചിക്കവിൾക്കൊൾകിലുമാം തഥാ
കലിക്കൊടിക്കഴുത്തും നൽനൊച്ചിയില കയ്പയില 37
ഇവ കുത്തിപ്പിഴിഞ്ഞുള്ള നീർകൊണ്ടേല്പിക്കുമേവനും
ഉരിയാടായ്വരും ബോധം ഉണ്ടാം പോൽ സന്നിപാതിനഃ 38
സന്നികൊണ്ടുരിയാടായുമതിന്നിനിയുമേഷ ഞാൻ
ചൊല്ലാമൊരുപദേശത്തെ ത്രിഫലാചുക്കുയഷ്ടികൾ 39
ചെറുചുണ്ട കുറുംതോട്ടി ചന്ദനം രക്തചന്ദനം
ചീനിവേർ ദേവതാരഞ്ച ഗ്രാംപൂവകിലുഴിഞ്ഞയും 40
ജാതിക്കാ വെറ്റിലാമൂക്കു കച്ചൂരത്തിൻ കിഴങ്ങപി
ഇവയിട്ടെണ്ണകാച്ചീട്ടു സേവിപ്പിക്കയതുത്തമം 41

**രാസ്നാശുണ്ഠ്യാദികഷായം**

രാസ്നാശുണ്ഠീഗുളൂചീസഹചരജലദാഭീരുപഥ്യാശതാഹ്വൈ-
സ്തിക്താകച്ശൂരവാശാനിലരിപുസഹിതൈഃ പഞ്ചമൂലീദ്വയേന
ഏഭിർദ്രവ്യൈഃ കഷായസ്ത്വരിതമപഹരേൽ പീതമാത്രപ്രഭാവാൽ
മന്യാസ്തംഭാന്ത്രവൃദ്ധിജ്വരപിടകകടീസന്ധിസർവാംഗപീഡാം 42

**കുളിപ്പാൻ എണ്ണ**

അത്രാദൌ സന്നിപാതേ കുളിയരുതു കുളിക്കേണ്ട നാൾ തേക്കമൌലൌ
നിർഗുണ്ഡീപത്രസിദ്ധം വപുഷി ച തിലജം ശുദ്ധപൂർവ്വാം ബലാം വാ
സ്മർത്വാ കിഞ്ചിൽ പൊറുത്താൽ പുനരിടുവിതു സർവാംഗധാരാം വിദാര്യാ-
ദി സ്നേഹം വാ ഭജേൽ ക്ഷീരബല വപുഷി ചുക്കെണ്ണ ധാന്വന്തരം വാ 43

*(ചുക്കെണ്ണ-നാഗരാദിതൈലം)*

കരിനൊച്ചിപിഴിഞ്ഞ വാരിതന്നിൽ
ചരതിച്ചെണ്ണചമച്ചു തേയ്ക്കനീളെ
അറിവെത്തുവതിന്നു സന്നിപാതേ
കുരുതാം ക്ഷീരബലാദിഭിശ്ച വസ്തിം 44

**അംഗഭംഗാദികൾക്ക്**

വാക്സംഗേ നസ്യഗണ്ഡൂഷണവിധി
കുരുതാം വിധിരോധേ നിനപ്പൂ
പാലോടേരണ്ഡ തൈലാദികൾ ബധി-
രതയിൽ കൊൾകതിൻ ഭേഷജങ്ങൾ 45
ചെയ്വൂ കണ്ണിൻ ചികിത്സാവിധി

നയനഗദേ ഗാത്രഭംഗേഷു യുജ്യാൽ
സ്വേദാർത്ഥം നൌരപിണ്ഡാദിക-
മുദരരുജാദ്യേതദുക്താംശ്ച കുര്യാൽ 46
കോപിച്ച ദോഷത്തിനു തക്കവണ്ണം
ക്ഷോഭിച്ച രോഗത്തിനുമൊത്തവണ്ണം
ചെയ്തീടുകെന്നാലതതിനും ചികിത്സാ-
മോർത്തൊർത്ഥഭിന്യാസഗദേഷു വൈദ്യാഃ 47

ഇവ സാമാന്യേജ്വരത്തിനു

**ചാതുർത്ഥികജ്വരത്തിന്നു**

സപ്തച്ഛദദലോൽഭൂതരസേ ക്ഷീരചതുർഗ്ഗുണേ
വിഷ്ണുക്രാന്തിയരക്കോൽ താൻ കല്ക്കമായ് തിലജം പചേൽ 48
ചിക്കണാൽ പ്രാഹരിച്ചിട്ടു തേച്ചാൽ പനി ശമിച്ചു പോം
പച്ചിലപ്പെരുമാൾ മൂടേ പറിച്ചാമൂലമസ്തകം 49
അരച്ചു ധാരോഷ്ണം ചേർത്തു സേവിച്ചാൽ പനി ശാന്തമാം
വെളുത്ത വെള്ളിലപ്പത്രം അമ്പത്തൊന്നിട്ടു പാലുമായ് 50
വെച്ച കഞ്ഞികുടിപ്പിച്ചാൽ പനി നന്നായ് ശമിച്ചു പോം
മയൂരശിഖ വിഷ്ണുക്രാന്തിയും കൂട്ടിയരച്ചത് 51
പനിയുണ്ടായ്വരും മുമ്പേ മേൽതേച്ചാൽ പനി ശാന്തമാം
വരിക്കപ്ലാവിലേയിത്തിൾ കറുത്ത തുളസീദലം 52
പിഴിഞ്ഞ രസവും പാലും ചേർത്തു സിദ്ധം ഘൃതം പിബേൽ
നെല്ലിമേലിത്തിൾകൊണ്ടുള്ള ഘൃതവും ജ്വരനാശനം 53
ശിവനിർമ്മാല്യവും നല്ല മയൂരശിഖ ചന്ദനം
കൂട്ടി നെയ്യിൽ നനച്ചിട്ടു പുകച്ചാൽ പനിശാന്തമാം 54
അതിന്നു കല്യാണഘൃതമെങ്കിലേറ്റവുമുത്തമം
എലിപ്പിഴുക്കയും നല്ല മുളകും പനിനീരില് 55
അരച്ചു കണ്ണിലെഴുതാം പെരുത്ത പനിയുള്ള നാൾ
വിഷ്ണുക്രാന്തിയരച്ചിട്ടു പാലിൽ സേവ്യം ജ്വരാപഹം 56
ചുറ്റിച്ചു തനുനാ കൈമേൽ അപാമാർഗ്ഗഞ്ച ബന്ധയേൽ 57

വലിയ കടലാടി പറിച്ചിട്ടു കയ്യേൽ വെച്ചിട്ടു വീണുപോകാതിരിപ്പാൻ നൂൽകൊണ്ടു ചുറ്റിക്കെട്ടുക

ഗുളത്തിൽവച്ചിട്ടു മറിച്ചു മക്കുണം
കൊടുക്ക മുന്നാൾ പനിയുള്ളവർക്കു
പനിപ്പതില്ലൊട്ടുമവർക്കു പിന്നെ
പെരുത്ത ചാതുർത്ഥകമാം ജ്വരേ തു 58

**തുള്ളപ്പനിക്കു**

ഇവ ചാതുർത്ഥികത്തിന്നു ചൊല്ലാം തുള്ളപ്പനിക്കിനി
പാഷാണത്താലരക്കാണം തുത്ഥത്താലൊരു കാണവും 59
ശുദ്ധിചെയ്തു പൊടിച്ചിട്ടു നവനീതേന പേഷയേൽ
കുറേക്കുറേ കൊടുക്കേണം എന്നാൽ പനി ശമിച്ചു പോം 60
ഏറക്കൊടുത്താലുണ്ടാകും അതിസാരഞ്ച ഛർദ്ദിയും
ദാഹവും പാരമുണ്ടായാൽ സിംഗുപകം കൊടുക്കണം 61

*(? സിംഹിപകം)*

തേപ്പാൻവലിയ ലാക്ഷാദി തൈലം ചെറിയതും ഗുണം
പഞ്ചഗവ്യഘൃതം സേവ്യം സർവദോഷഹരം പരം 62
ഇവറ്റിന്നുള്ള യോഗങ്ങൾ പറയാം മേലിലാദരാൽ
കൊടിക്കാരിയുടെ പൂവു കൊണ്ടു മുക്കുടിയും ഗുണം 63
ഗൌരീപാഷാണവും തുത്തും കഴഞ്ചോരോന്നെടുത്തതിൽ
തുരിശും ചേർക്ക മൂന്നേകാൽ പണത്തൂക്കമിതൊക്കെയും 64
പൊടിച്ചുമ്മത്തിലച്ചാറ്റിൽ അരച്ചു ഗുളമിശ്രിതം
മുയൽപിഴുക്കയോടൊപ്പം ഉരുട്ടീട്ടു കൊടുക്കണം 65

അന്നേരം ഛർദ്ദിയുണ്ടാകിൽ തുളളപ്പനി ശമിച്ചു പോം
ഛർദ്ദിച്ചീലെങ്കിലപ്പോഴെ ചുട്ടകഞ്ഞി കൊടുക്കണം 66

*(ചുട്ട കഞ്ഞി-ചൂടുള്ള കഞ്ഞി)*

പൊടിച്ചു വെണ്ണയും കൂട്ടിസ്സേവിപ്പൂ നല്ലഗന്ധകം
അന്നുനന്നായിവർജ്ജിക്ക പുളിച്ചതുമെരിച്ചതും 67
പാലു കൂട്ടുകയും വേണം എന്നാൽ സർവജ്വരാപഹം
തുമ്പക്കഴുത്തിലേ നീർകൊണ്ടുള്ള നസ്യവുമുത്തമം 68
സമൂലമേ പറിച്ചിട്ടു വിഷ്ണുക്രാന്തി വെളുത്തതു
അരച്ചു പാലിൽ സേവിച്ചാൽ തുളളപ്പനി ശമിച്ചുപോം 69
പൂക്കൈതവേർ പിഴിഞ്ഞുള്ള രസവും തയിർനീരുമായ്
ചന്ദനം കൽക്കമായെണ്ണ കാച്ചിത്തേച്ചാൽ ജ്വരം ഹരേൽ 70
സേവിപ്പു മുല്ലവേർകൊണ്ടു കഷായം ജ്വരശാന്തയേ
നിർഗ്ഗുണ്ഡിപത്രജം തൈലം അഞ്ജസാ ജ്വരശാന്തയേ 71

**പുരാണജ്വരത്തിന്**

വരാകഷേയേ കടുരോഹചൂർണ്ണം
ക്ഷൌദ്രാന്വിതം ഹന്തി പുരാണജൂർത്തിം
പടോലശുദ്ധാമൃതസിദ്ധമേവം
ഗുളാന്വിതഞ്ചൈവ തഥൈവ സദ്യഃ 72

ത്രിഫലക്ഷായത്തിൽ കടുകുരോഹിണിയും തേനും മേൽപൊടി. പടവലം അമൃത് ഇവ കഷായത്തിൽ ശർക്കര മേൽപൊടി. രണ്ടും പുരാണജ്വരത്തിന്നു നന്ന്.

**വിഷമജ്വരത്തിന്ന്**

ശ്വേതപത്രസ്യ പഞ്ചാംഗകഷായത്തിലുദശ്ചിതാ
പേയാ പേയാ പ്രഗേ തുർണ്ണം വിഷമജ്വരനാശിനീ 73
പൂവൻകുറുന്തലു മുയൽച്ചെവി വിഷ്ണുക്രാന്തി
പാലാശഭസ്മവുമരുംകടലാടിതാനും
നേർക്കപ്പൊടിച്ചു ഭസിതേന കലർന്നു തേച്ചാൽ
ആറും പെരുത്ത വിഷമജ്വരമാറുമാളിൽ 74
നല്ലോരു ചാണകമുരുട്ടിയുണക്കിയഗ്നൌ
നന്നായ്ദഹിച്ച തിരുനീറുമെരുക്കുപാലും
നന്നായ്ക്കലർന്നുടനെ ചെയ്തതുകൊണ്ടു നസ്യം
തീരും സമസ്തപനിയും തലനോവുമന്നേ 75
രുദ്രാക്ഷവും മധുകവും പൊടിചെയ്തു തേനിൽ
നക്കീടുവോർക്കു പനി മെയ്യിലടുക്കയില്ല 76

*(ശ്വേതപത്രം=വെള്ളില. ?അരും കടലാടി=വലിയ കടലാടി)*

**ആമജ്വരത്തിന്ന്**

കൊടിത്തൂവയുടെ വേരും അപാമാർഗ്ഗവുമെന്നിവ
ആമജ്വരവിനാശായ കഷായാർത്ഥമുദാഹൃതം 77

**രാപ്പനിക്ക്**

അശ്വത്ഥപല്ലവകഷായരസേന തുല്യം
നല്പാലുമായ് പരിചിൽവച്ചു ചമച്ച കഞ്ഞി
നക്തജ്വരോപശമനായ കുടിക്ക മൂന്നാൾ
വല്ക്കേന മുക്കുടിയുമാം പയസാങ്കുരൈശ്ച 78

*(അശ്വത്ഥപല്ലവം കഷായം വെച്ച് സമം പാലും കൂട്ടി കഞ്ഞിവെച്ചു കുടിക്ക. ഇതിന്റെ തൊലികൊണ്ടു മുക്കുടി വെച്ചു കുടിക്ക. അങ്കുരം കൊണ്ട്-മൊട്ടുകൊണ്ട് പാൽക്കഷായം കുടിക്ക. ഇതെല്ലാം രാത്രിജ്വരത്തിനു നന്ന്.)*

ഇത്തിജ്ജലേ കുടജവൽക്കഭവം പൊടിച്ചി-
ട്ടക്ഷപ്രമാണമുടനേ മധുനാവിലോഡ്യ
നക്തജ്വരാഖ്യം വിഷമഞ്ച ഹന്യാൽ
കൃഷ്ണാഭയാസൈന്ധവചൂർണ്ണമിശ്രം 79
ധാരോഷ്ണക്ഷീരപാനേന ദോഷാജൂർത്തി ശമം വ്രജേൽ
നാനാജൂർത്തിഹരഞ്ചേതി കേഷാഞ്ചിദ്വിദുഷാമ്മതം 80

അഘോരിക്കുള്ളയിലയുമീഴച്ചേമ്പിലയും സമം
അരച്ചു മഷിയഞ്ജിച്ചാൽ തുള്ളപ്പനി ശമിച്ചു പോം
ചൊല്ലാമെല്ലാജ്വരങ്ങൾക്കും കഷായങ്ങളുമെണ്ണനെയ്-
തൈലം ഗുളികയെന്നെല്ലാം ഭാഷാപദ്യങ്ങളായിഹ 81

**ആൽമൊട്ടാദി**

ആൽമൊട്ടും ചെറുപൂളവേരുമുടനെ ദേവ്യാസ്തഥാ മൂലവും
പാലും വീഴ്ത്തിയരച്ചുകൊണ്ടെതിരവേ കോരിക്കുടിക്കും നൃണാം
ഓടിപ്പോമഥ പക്വജൂർത്തിയതിലും പിത്തപ്രധാനം ദ്രുതം
ധീമാനാർത്തിഷു ദോഷജാസു വിഹിതം കുര്യാൽ സമാലോച്യതാം 82

**ആവിത്തോൽമലരാദി**

ആവിത്തോൽമലർചുക്കുവിഷ്ണുദയിതാമുസ്താകൊടുത്തുവതൻ
വേരും ചാരണയും കരിമ്പുമിവയോടൊപ്പിച്ചു കൊണ്ടങ്ങനെ
നാലൊന്നായ കഷായനീരിലളവേ മോർക്കഞ്ഞി മൂന്നാൾ
കുടിച്ചീടുന്നോർക്കു പനിപ്പതില്ല കനമായുണ്ടാകുമഗ്നേർബ്ബലം 83
സഹദേവീരസേസിദ്ധം ഗുളം(ഖളം) സർവജ്വരാപഹം
ദശമൂലഞ്ച ഭൂനിംബം മുത്തങ്ങാ ചുക്കു പർപ്പടം 84
കൊടിത്തൂവയുടെ വേരും ആടലോടകമൂലവും
അമൃതെന്നിവയൊപ്പിച്ചു കഷായം വെച്ചുകൊണ്ടതിൽ 85
ത്രികടു ജീരകം കൂട്ടിസ്സേവിക്കുകിലപ്പോഴെ
സന്തതാദിജ്വരം പിന്നെ സന്നിപാതമതെങ്കിലും 86
ഓടിപ്പോമന്ധതാമിസ്രം ഭാസ്കരസ്യോദയേ യഥാ

**ദാരുനാഗരാദി**

ദാരുനാഗരഭൂനിംബധാന്യവാശാകലിംഗകൈഃ 87
ശതാഹ്വദശമൂലാബ്ദൈർമൃത്യുകല്പം ജ്വരം ജയേൽ 88

ദേവതാരം ചുക്ക് പുത്തരിച്ചുണ്ടവേര് കൊത്തമ്പാലരി ആടലോടകം കുടകപ്പാലയരി ചതകുപ്പ ദശമൂലം മുത്തങ്ങ ഇവ കഷായം. മൃത്യുതുല്യമായിരിക്കുന്ന ജ്വരത്തെ ജയിക്കും.

പൂവ്വാംകുറുന്തലുശിഫാ ചെറുപൂളവേരും
പൂച്ചെത്തിവേരുമുടനേ ചെറുപഞ്ചമൂലം
തച്ചിട്ടുവെന്ത തെളി നന്നു പനിക്കുടിച്ചാൽ
പാൽകൂട്ടിലും പെരികെ നന്നിതു പൈത്തികാനാം 89

**ജ്വാരാതിസാരത്തിന്**

**മുസ്താദ്യഷ്ടവർഗ്ഗം**

മുത്തെങ്ങാ കൊട്ടവും പിന്നെ മഞ്ഞളും മരമഞ്ഞളും
തിപ്പലീ തിപ്പലീമൂലം ദേവതാരമഹൌഷധം 90
മുസ്താദിസ്ത്വഷ്ടവർഗ്ഗം ഹി ജ്വരാതിസാരനാശനം
കൊടിത്തൂവയുടെ വേരും മുത്തങ്ങാ ചുക്കുമെന്നിവ 91
കഷായം വെച്ചു സേവിച്ചാൽ ജ്വരാതിസാരനാശനം 92

**പാഠാഗൂളൂച്യാദി**

പാഠാഗുളൂചീഘനപർപ്പടാനാം
ഭൂനിംബവിശ്വേന്ദ്രയവൈശ്ശൃതാംഭഃ
പേയം ജ്വരാർത്തൈരതിസാരിഭിശ്ച
യഥാമൃതം സ്വർഗ്ഗിഭിരാദരേണ 93

പാടക്കിഴങ്ങ് ചിറ്റമൃത് മുത്തങ്ങാ പർപ്പടകപ്പുല്ല് പുത്തരിച്ചുണ്ടവേര് ചുക്ക് കുടകപ്പാലയരി കഷായം.

**ദശമൂലം**

ദ്വിപഞ്ചമൂലക്വഥിതേന സംയുതാ
ഭിഷഗ്ഭിരുക്താ മഗധാവിചൂർണ്ണിതാ
സകാസശോഫശ്വസനാന്വിതേ ജ്വരേ
ത്രിദോഷജേ വാപി ശിശൌ രുഗാതുരേ 94

ദശമൂലം കഷായം. തിപ്പലിപ്പൊടി മേമ്പൊടി.

മുന്തിരിങ്ങാപ്പഴം നല്ലയമൃതും ചുക്കു പർപ്പടം
മുത്തെങ്ങായിവകൊണ്ടുള്ള കഷായം വെച്ചു സാദരം 95
ശമ്യാകഫലമിട്ടിട്ടു സേവിച്ചെന്നാൽ വിശേഷതഃ
പിത്തജ്വരം ശമിച്ചീടും ഭ്രമദാഹസമന്വിതം 96
അമൃതാമലകാഭ്യാന്തു ക്വാഥഃ പിത്തജ്വരാപഹഃ

അമൃതും നെല്ലിക്കത്തോടും കഷായം.

കൊടിത്തൂവയുടെവേരും പുത്തരിച്ചുണ്ട പർപ്പടം 97
ആടലോടകമൂലഞ്ച ഞാവൽപൂ കടുരോഹിണി
കഷായം വെച്ചതില്പിന്നെ പഞ്ചസാരയുമിട്ടുടൻ 98
കുടിച്ചാലൊഴിയും സദ്യോ ദാഹപിത്തജ്വരം ധ്രുവം

**വ്യാഘ്രീദുരാലഭാദികഷായം**

വ്യാഘ്രീദുരാലഭാഭാർങ്ഗീശുണ്ഠീഛിന്നോത്ഭവാംബുദൈഃ 99
ക്വാഥഃ കഫജ്വരം ഹന്തി തിപ്പലീചൂർണ്ണസംയുതഃ

ചെറുവഴുതിനവേർ കൊടിത്തൂവവേർ ചെറുതേക്ക് ചുക്ക് ചിറ്റമൃത് മുത്തങ്ങാ ഇവ കഷായം. തിപ്പലി മേൻപൊടി.

കൊന്നവേർ തിപ്പലീമൂലം മുത്തങ്ങാ ച പടോലവും 100
കടുക്കായിവകൊണ്ടുള്ള കഷായം ചിത്രമെത്രയും
കഫവാതങ്ങൾ കൂടീടും ജ്വരത്തിന്നേറ്റവും ഗുണം 101
ജ്വരശൂലയ്ക്കുമധികം ഗുണമായിട്ടു വന്നിടും
വൃഷപുഷ്പച്ശദരസഃ ശർക്കരാമാക്ഷികാന്വിതഃ 102
പിത്തശ്ലേഷ്മജ്വരം ഹന്തി സാസൃക്പിത്തഞ്ച കാമിലാം
പടോലമമൃതാ നിംബം മുത്തെങ്ങാ ദേവതാരവും 103
മുക്കാ കൊട്ടം കൊന്നവേരും തിപ്പലീയിവ തുല്യമായ്
കഷായം വച്ചു സേവിച്ചാൽ ശ്ലേഷ്മപിത്തജ്വരം ജയേൽ 104

**പഞ്ചസാരം**

പിപ്പലീശർക്കരാക്ഷൌദ്രശൃതം ക്ഷീരം നവം ഘൃതം
ഖജേന മഥിതം പേയം വിഷമജ്വരനാശനം 105
പഞ്ചസാരമിതി ഖ്യാതമിദന്തദമൃതോപമം

തിപ്പലിപ്പൊടി പഞ്ചസാര ചെറുതേൻ പാൽ പുതിയനെയ് ഇവയെല്ലാം കൂട്ടി കടകോൽകൊണ്ടു കടഞ്ഞു സേവിക്ക.

**ദ്വിപഞ്ചസാരം**

പിപല്യാസ്സദൃശം സർപ്പിഃ സർപ്പിഷോ ദ്വിഗുണാ സിതാ 106
സിതായാ ദ്വിഗുണം ക്ഷൌദ്രം ക്ഷൌദ്രസ്യാഷ്ടഗുണം പയഃ
ഏതദ്വിപഞ്ചസാരസ്യ ക്രമം വിദ്യാദ്വിചക്ഷണഃ 107

തിപ്പലിപ്പൊടിയും നെയ്യും സമം സമം. നെയ്ക്കിരട്ടി പഞ്ചസാര. പഞ്ചസാരയ്ക്കിരട്ടി ചെറുതേൻ. തേനിന്നെട്ടിരട്ടി പാൽ. എല്ലാംകൂട്ടി പഞ്ചസാരം പോലെ കടഞ്ഞു സേവിക്ക.

**വിരേചനത്തിനു**

**അവിപത്തി**

ത്രിജാതകഞ്ച ത്രികടു മുത്തങ്ങാ കൃമിശത്രുവും
നെല്ലിക്കായും സമം കൂട്ടു ഇവയെല്ലാറ്റൊളം ത്രിവൃൽ 108
പഞ്ചസാരയിവറ്റോളം എല്ലാമൊന്നിച്ചുകൂട്ടുക
പിന്നെത്തേനിൽക്കലർന്നിട്ടു സേവിച്ചാൽ സുഖവിരേചനം 109
മൂത്കകൃച്ഛ്റം ഭ്രമം ദാഹം ശോഫം പാണ്ഡ്വാമയം തഥാ
മന്ദാഗ്നീവ ശമിച്ചീടും ഛർദ്ദിക്കും നന്നുപോലിത് 110
അവിപത്തിരിതി ഖ്യാതാ സർവദോഷവിനാശിനീ
ത്രികോല്പക്കൊന്ന നന്നായിപ്പൊടിച്ചക്ഷപ്രാമാണമായ് 111
ആയതിൽ പാതി കൂട്ടീടു ഇന്തുപ്പും കായവും പുനഃ
മുക്കാകഷായേ തൽ സേവ്യം എന്നാൽ സുഖവിരേചനം 112

**പ്രത്യാവർത്തിജ്വരം**

കൊത്തമ്പാലരിയും ചുക്കും രാമച്ചമമൃതുംതഥാ
കുറുന്തോട്ടിയുടെ വേരും അമൃതും പാടമൂലവും 113
കഷായം വച്ചു സേവിച്ചാൽ പ്രത്യാവർത്തിജ്വരം ജയേൽ
ദൂർവ്വായാസ്സ്വരസേ തൈലം കദളിപ്പക്വകൽക്കവൽ 114
ക്ഷീരദ്വിഗുണിതേ പക്വം ദാഹതൃഷ്ണാജ്വരാപഹം

കറുക ഇടിച്ചു പിഴിഞ്ഞ നീരിൽ കദളിപ്പഴം കൽക്കവും ഇരട്ടി പാലും ചേർത്തു കാച്ചുന്ന എണ്ണ .

അരയാലിലയും പാലയിലയും കറുകാമപി 115
അമൃതും ദേവ്യാസ്തു ദലം പിഴിഞ്ഞുള്ള രസത്തില്
അമുക്കിരം കോലരക്കും കുറുന്തോട്ടീടെ വേരതും 116
കൽക്കമിട്ടിട്ടു കാച്ചുന്ന തൈലം വാതജ്ജ്വരാർത്തിനുൽ

**ലാക്ഷാദി എണ്ണ**

ലാക്ഷാരസം സമാദായ തൈലപ്രസ്ഥഞ്ച യോജയേൽ 117
മസ്തുനശ്ചാഢകം ദദ്യാൽ ദ്രവൈ്യരേഭിശ്ച കൽക്കിതൈഃ
മധുകേന ഹരിദ്രാഭ്യം മുസ്തയാ സഹ മൂർവയാ 118
രാസ്നയാ കടുരോഹിണ്യാ ചന്ദനേനാശ്വഗന്ധയാ
ശതാഹ്വയാ ച കുഷ്ഠേന ഹരേണ്വാ ദേവദാരുണാ 119
മഞ്ജിഷ്ഠാപത്മകോശീരബലാമാംസീഭിരേവ ച
ഏതൽ സിദ്ധമതോ ഭൂതം സ്ഥാപയേൽ ഭാജനേ ശുഭേ 120
ജീർണ്ണജ്വരപരീതാനാം ക്ഷീണാനാം ശോഷിണാം തഥാ
വിഷമജ്വരമേഹാർശശ്ശ്വാസകാസാർദ്ദിതാശയേ 121
(വിഷമജ്വരേ **കഫാർശശ്ശ്വാസകാസാർദ്ദിതാശയേ)**
ഗർഭിണീനാഞ്ച നാരീണാം ബാലനാം ശുഷ്യതാമപി
തൈലം ലാക്ഷാദികം നാമ ഗ്രഹസർവജ്വരാപഹം 122

കോലരക്കു വെച്ചൂറ്റിയ വെളളത്തിൽ ഒരിടങ്ങഴിയെണ്ണയും നാലിടങ്ങഴി തയിർവെളളവും ഇരട്ടിമധുരം തുടങ്ങിയുളളവ കല്ക്കവും കൊണ്ടു കാച്ചുക. കല്ക്കത്തിന്ന് ഇരട്ടിമധുരം മഞ്ഞൾ മരമഞ്ഞൾ മുത്തങ്ങാ പെരുംകുരുമ്പവേര് അരത്ത കടുകുരോഹിണി ചന്ദനം അമുക്കിരം ചതകുപ്പ കൊട്ടം അരേണുകം ദേവതാരം മഞ്ചട്ടിപ്പൊടി പതുമുകം രാമച്ചം കുറുന്തോട്ടിവേര് മാഞ്ചി ഇവ സമം.

ഗുളൂച്യാ രസകല്ക്കാഭ്യാം ത്രിഫലായാ വൃഷസ്യ വാ 123
മൃദ്വീകായാ ബലായാശ്ച സിദ്ധഃ സ്നേഹഃ ജ്വരാർത്തിനുൽ

ചിറ്റമൃത് ത്രിഫല ആടലോടകം മുന്തിരിങ്ങാപ്പഴം കുറുന്തോട്ടിവേര് എന്നിവറ്റാലൊന്ന് അതുതന്നെ കഷായവും കല്ക്കവുമായിട്ടു കാച്ചുന്ന എണ്ണ.

**കല്യാണഘൃതം**

മുക്കാ പടോലവും ദാരു മഞ്ഞളും മരമഞ്ഞളും 124
കാട്ടുവെള്ളരിതൻ വേരും ഏലാവാലുകവുംതഥാ
നറുനീണ്ടിക്കിഴങ്ങും നൽ പാൽവള്ളീടെ കിഴങ്ങപി 125
ഓരിലാ മൂവിലാ ഞാഴൽപ്പൂവും പിച്ചകമൊട്ടപി
വിഴാലരി നാഗദന്തി ചന്ദനം പച്ചചെങ്ങഴി 126
ബൃഹതീ തന്നുടെ വേരും ഏലത്തിന്നരിയും തഥാ
മൂന്നുചീതു കഴഞ്ചാക്കു പതുമുകമതും തഥാ 127
ശുദ്ധവെള്ളത്തിലിട്ടിട്ടു ചതച്ചിട്ടൊരിടങ്ങഴി
കാച്ചിസ്സേവിച്ചുകൊണ്ടീടു കല്യാണകമിദം ഘൃതം 128
ഭൂതഗ്രഹോന്മാദത്തിന്നും അപസ്മാരത്തിനും പുനഃ
കാസത്തിന്നും പാണ്ഡുവിന്നും കുഷ്ഠത്തിന്നും വിശേഷതഃ 129
നന്നങ്ങക്ഷരവ്യക്തിക്കും പ്രമേഹവിഷനാശനം
ആയുഷ്ക്കരം വിശേഷിച്ചും കാന്തിസൌഭാഗ്യവർദ്ധനം 130

**പഞ്ചഗവ്യഘൃതം**

ഏലത്തിന്നരിയും നല്ല മുത്തങ്ങാ കൊടുവേലിയും
എരട്ടിമധുരം മഞ്ഞൾ മഞ്ചട്ടിപ്പൊടി തിപ്പലി 131

പാടക്കിഴങ്ങും ത്രിഫല തിപ്പലീ കടുരോഹിണീ
ആടലോടകവും നല്ല മുത്തങ്ങായും വിഴാലരി 132
മരമഞ്ഞളുടേ തോലും വയമ്പുമിവയൊപ്പമായ്
പഞ്ചഗവ്യങ്ങളും കൂട്ടി കാച്ചിസ്സേവിക്കയെങ്കിലോ 133
കാന്തിയുണ്ടാകുമായുസ്സുമേറ്റവും ഗുണമായ്വരും
സന്തതിക്കും നന്നിതേറ്റം കാന്തിസൌഭാഗ്യസമ്പദം 134
മൂർത്തിപീഡ ശമിപ്പിക്കും മറ്റും പലതിനും ഗുണം
ജ്വരഘ്നമാകയും ചെയ്യും പഞ്ചഗവ്യഘൃതന്ത്വിദം 135

**പഞ്ചഗവ്യത്തിന്റെ കണക്ക്**

ഗോമയാദ്വിഗുണം മൂത്രം മൂത്രാദ്രഷ്ടഗുണം പയഃ
ദധിഃ പഞ്ചഗുണം പ്രോക്തം സർപ്പിശ്ചാപി ചതുർഗുണം 136

ചാണകനീരിലിരട്ടി മൂത്രം. മൂത്രത്തിൽ എട്ടിരട്ടി പാൽ. അഞ്ചിരട്ടി തയിർ. നാലിരട്ടി നെയ്യ്. ഇവയെല്ലാം പശുവിന്റേത്. ഇങ്ങനെ പഞ്ചഗവ്യക്രമം.

**ഇന്ദുകാന്തം**

പൂതീകദാരുദശമൂലകഷായസിദ്ധം
സക്ഷീരഷൾപലയുതം ഘൃതമിന്ദുകാന്തം
വാതാമയക്ഷയമഹോദരഗുന്മശൂല-
നിമ്നോന്നതജ്വരഹരം ബലവർദ്ധനഞ്ച 137

ആവിൽത്തൊലി ദേവതാരം ദശമൂലം ഇവ കഷായം. കൽക്കത്തിന്നു ഷൾപലം. നെയ്യും പാലുംകൂട്ടി കാച്ചുക.

സഹദേവിരസേ തൈലം പചേൽ പഞ്ചഗുണേ ഭിഷക്
ഷഡംഗകല്ക്കം സക്ഷീരം അഭ്യംഗഃ ജ്വരനാശനം 138

പൂവ്വംകുറുന്തല ഇടിച്ചുപിഴിഞ്ഞനീരു എണ്ണയ്ക്കഞ്ചിരട്ടി. ഷഡംഗത്തിന്റെ മരുന്നുകൾ കൽക്കം. പാലുംകൂട്ടി കാച്ചുക.

**തൊലികളഞ്ഞു കൂട്ടേണ്ടവ**

ലശൂനം പഞ്ചമൂലഞ്ച ഗുളൂചീ നാഗരമ്മഹൽ
നിസ്ത്വഗേവ പ്രയോക്തവ്യം ദോഷോ ഭവതി ചാന്യഥാ 139

ഉള്ളി പഞ്ചമൂലം വലിയത് അമൃതു ചുക്കു ഇവയൊക്കെയും തൊലികളഞ്ഞുവേണം യോഗത്തിൽ കൂട്ടുവാൻ. അല്ലാഞ്ഞാൽ ദൂഷ്യമുണ്ട്.

*ഇതി വൈദ്യരത്നമാലികായാം ജ്വരചികിത്സാധികാരഃ*

## രക്തപിത്തലക്ഷണം

രക്തപിത്തനിദാനത്തിൽ ഒട്ടു ഞാനിഹ ചൊല്ലിടാം
പുളിച്ചെരിച്ചുമൂപ്പിച്ചും ഉഷ്ണതീക്ഷ്ണങ്ങളായവ 1
ഏറ്റം സേവിക്കയാലപ്പോൾ കോപിച്ചീടുന്നു രക്തവും
യകൃത്തും പ്ലീഹയും പൊട്ടി പുറപ്പെടുക രക്തവും 2
അഭിഘാതത്തിനാലപ്പോൾ കൊപിച്ചീടുന്നു വായുവും
ഇവ രണ്ടുമതൊന്നാക്കി നീളെക്കൊണ്ടു നടന്നിടും 3
അപ്പോൾ തല കനത്തീടും പുളിന്തേക്കലുമായ്വരും
കുളുർത്തുള്ളതുപാസിക്കും രുചിയൊന്നിലുമില്ലയാം 4
ദുർഗ്ഗന്ധാദികളാലേറ്റം(വം) മുയപ്പാകയുമേങ്ങലും
ലോഹംവെന്തുള്ള ഗന്ധത്തിൻ തുല്യമാനനഗന്ധവും 5
ചുഴലും തളരും പിന്നെ പൂർവ്വരൂപങ്ങളിങ്ങനെ
മേല്പോട്ടേക്കു നടന്നീടിൽ ഛർദ്ദിക്കും ചോരയപ്പൊഴെ 6
മൂക്കിലും കൂടെവന്നിടും കർണ്ണത്തൂടെയുമാകിലാം
കീഴ്പെട്ടുള്ളതു മൂത്രിക്കും ചോര പോക്കുമതായിടും 7
മേല്പോട്ടുള്ളതസാദ്ധ്യം പോൽ കീഴ്പെട്ടുള്ളതു യാപ്യമാം

രണ്ടും കൂടിയതെന്നാകിൽ സാദ്ധ്യമല്ലെന്നു നിർണ്ണയം 9
മേലേതിന്നു വിരേചിക്ക കീഴേതിന്നങ്ങു ഛർദ്ദിയും
പരമൌഷധമായുള്ളൂ ഇവ രണ്ടും ശമിച്ചിടാൻ 9
വഴിയില്ലതുകൊണ്ടല്ലോ കഴിവില്ലെന്നു ചൊന്നതും 10

*(മുയപ്പാകുക=മുഴിപ്പ് എന്നതിന് ദുഃഖം കോപം എന്നെല്ലാം അർഥം)*

*ഇതി വൈദ്യമാലികായാം രക്തപിത്തലക്ഷണാധികാരഃ*

## *രക്തപിത്തചികിത്സ*

**ഊർദ്ധ്വരക്തത്തിന്നു**

ധൂർദ്ധൂതപത്രമെണ്ണീട്ടു എട്ടുകൊണ്ടുപിഴിഞ്ഞനീർ
നെയ്യുഴക്കതു കൂട്ടീട്ടങ്ങുരസൂ നീരുവറ്റൊളം 1
പിന്നെയന്നെയ്യെടുത്തിട്ടു മൂർദ്ധാവിങ്കൽ തലോടുക
ഊർദ്ധ്വരക്തം ശമിച്ചീടും സഹസാ നാത്ര സംശയഃ 2

(ദൃഷ്ടാന്തമായ യോഗമാണിത്)

വിരേചിപ്പിക്കയും പിന്നെ ഛർദ്ദിപ്പിക്കയുമെന്നത്
ആതുരൻ ബലവാനെങ്കിൽ ചെയ്തീടാമിതു നിർണ്ണയം 3
മൂലപിത്തം ശമിച്ചീടാൻ ഏറ നല്ലൂ വിരേചനം
അതുകൊണ്ടിതു ചെയ്യാമെന്നറിഞ്ഞിട്ടിതു ചെയ്യണം 4

**വിരേചിപ്പാൻ**

ത്രികോല്പക്കൊന്നയും പിന്നെ കടുക്കായുമിതൊപ്പമായ്
കഷായം വെച്ചതാറീട്ടു സിതയും തേനുമിട്ടതിൽ 5
സേവിച്ചിട്ടു വിരേചിച്ചാൽ രക്തപിത്തം ശമിച്ചുപോം

**ഛർദ്ദിപ്പാൻ**

മുസ്താകുടജബീജഞ്ച മലംകാരയ്ക്കയഷ്ടിയും 6
കഷായം വെച്ചു തേൻകൂട്ടി സേവിച്ചാൽ ഛർദ്ദി വന്നിടും
ചന്ദനം വെണ്ണയും കൂട്ടി ചാലിച്ചിട്ടു വിഴുങ്ങുക 7
അശേഷരക്തപിത്താനാം ശമനേ പരമൌഷധം
ആടലോടകപത്രത്തെ പാലുമായ് പരുകീടുക 8
ശമനം രക്തപിത്താനാമസാദ്ധ്യനാം ഭവേദ്ധ്രുവം
രക്തസ്രാവമസൃഗ്ദരഞ്ച രുധിരപ്പിത്തം ക്ഷതസ്രാവവും 9
സദ്യോ രോധമുപൈതി പുള്ളടിയരച്ചാലേപനാദ്ദേഹിനാം
പാലിൽപ്പുഴുങ്ങിപ്പേരാലിൻ മൊട്ടരച്ചിട്ടു വെണ്ണയിൽ 10
സേവിക്ക നന്നു നന്നേറ്റം ചെത്തിപ്പൂപ്പൊടി തേനിലും
സഹസ്രവേധിയെപ്പുത്തൻ വെണ്ണ ചേർത്തിട്ടു നക്കുക 11
ആടലോടകത്തിലവേരും പേരാൽമൊട്ടും സമങ്ങളായ്
പാലും വീഴ്ത്തിച്ചമച്ചുള്ള കഷായം രക്തപിത്തജിൽ 12
ജീവന്തീമൂലവും നല്ല ചന്ദനഞ്ച സമങ്ങളായ്
കഷായം വെച്ചു സേവിച്ചാൽ രക്തപിത്തം വിനാശയേൽ 13
കറുകയ്ക്കുള്ള നീർ ധാരോഷ്ണത്തിൽ സേവിക്കയും ഗുണം
പാലും കൊഴുപ്പതൻ നീരും നാലിരട്ടിച്ചുകൊണ്ടതിൽ 14
ചന്ദനം കൽക്കമായിട്ടു കാച്ചേണം നല്ല വെണ്ണനൈ
ചിക്കണത്തിലരിച്ചിട്ടു നല്ല കാവി പൊടിച്ചതിൽ 15
ചേർത്തിളക്കീട്ടു സേവിച്ചാൽ രക്തപിത്തം ശമിച്ചുപോം
ആടലോടകപത്രത്തെ വാട്ടി നന്നായ് പിഴിഞ്ഞ നീർ 16
തേനും വീഴ്ത്തീട്ടു സേവിച്ചാൽ രക്തപിത്തം ശമിച്ചുപോം
നാല്പാമരത്തിൻ തളിരും തുത്തക്കണ്ടിയുമൊപ്പമായ് 17
പിഴിഞ്ഞുള്ള രസേ പാലുംചേർത്തു നന്നാറി കൽക്കമായ്

കാച്ചിയുണ്ടായ നെയ്യേറ്റം രക്തപിത്തവിനാശനം 18
പത്മകേസരമെള്ളും ചേർത്തരച്ചു നവനീതവും
സിതയും ചേർത്തു സേവിച്ചാൽ രക്തപിത്തമൊഴിഞ്ഞുപോം 19
നന്നാറി ചന്ദനം യഷ്ടി രാമച്ചം മുന്തിരിപ്പഴം
ശതാവരി പടർച്ചുണ്ട ഇരുവേലിയുമൊപ്പമായ് 20
കഷായം വെച്ചതാറീട്ടു പഞ്ചസാരയുമിട്ടതിൽ
തേനും വീഴ്ത്തീട്ടു സേവിച്ചാൽ രക്തപിത്തം ശമിച്ചുപോം 21
പനിയും ദാഹവും തീരും ദേഹവും തെളിവായ്‌വരും
ആട്ടിൻപാൽ പശുവിൻ പാലും ഒപ്പംകൊണ്ടു കുറുക്കണം 32
ആറീട്ടതു കുടിച്ചീടിൽ മാറീടും രക്തപിത്തവും
എണ്ണയും നെയ്യുമായ്തേച്ചു പാത്തിതന്നിൽ കിടത്തണം 33
തലയ്ക്കു ധാരയും വേണം പാൽകൊണ്ടങ്ങഞ്ചുനാഴിക

**ചോരഛർദ്ദിക്കുന്നതിന്**

സഹസ്രവേധിചൂർണ്ണത്തെ പാൽകടഞ്ഞൊരു വെണ്ണയിൽ 34
ചാലിച്ചിട്ടു വിഴുങ്ങീടിൽ ചോരഛർദ്ദി നിലച്ചുപോം
രക്തപിത്തത്തിനെക്കൊണ്ടു രക്തം വായിൽ പുറപ്പെടും 35
എന്നാലന്നു വിരേചിപ്പൂ പിന്നെ വേണം ചികിത്സകൾ
കുങ്കുമം പൊടിചെയ്തിട്ടു പച്ചപ്പാലിൽ കുടിക്കണം 36
വിഷ്ണുക്രാന്തിയരച്ചിട്ടു പാലിൽതന്നെ കുടിക്കണം

**മൂക്കിൽ ചോരവരുന്നതിന്ന്**

മൂക്കിൽ ചോരവരുന്നാകിൽ പശുവിന്നുള്ള ചാണകം 37
ഏറ്റം ചൂടുകെടും മുൻപേ തലയിൽ പൊത്തണം ദ്രുതം
പിന്നെ ധാരയിടു (ധാര നറും)പാൽകൊണ്ടെണ്ണകൊണ്ടും തതഃ പരം 38
അതിന്നു മഞ്ജിഷ്ഠാദ്യെണ്ണ ചന്ദനാദികൾ രണ്ടുമാം
തലയ്ക്കു ധാരകോരുന്നോരെണ്ണ തേപ്പാനുമുത്തമം 39
സേവിക്ക ധാത്ര്യാദിഘൃതം കൊള്ളാമിക്ഷുഘൃതം തഥാ
കൊള്ളാം വൃഷഘൃതഞ്ചൈവ ഊർദ്ധ്വതോ രക്തപിത്തഹാ 40
തുകാദിപൊടിയും നന്നു നന്നു കുശ്മാണ്ഡലേഹ്യവും
ഇതിന്റെയോഗമൊട്ടെല്ലാം ചൊല്ലീടാമിന്നു ഭാഷയായ് 41

**മഞ്ജിഷ്ഠാദിയെണ്ണ**

മഞ്ചട്ടിപ്പൊടിയുംനല്ല അഞ്ജനക്കല്ലു മാഞ്ചിയും
മുസ്താ ത്രിഫല ജാതിക്കാ തകരം കടുരോഹിണി 42
തക്കോലപ്പുട്ടൽ നന്നാറി ചതുർജ്ജാതകവും തഥാ
ഇരട്ടിമധുരം പിന്നെ രാമച്ചമകിൽ ചെങ്ങഴി 43
ഇരുവേലീ ച കച്ചോലം കൊട്ടം താമരമൂലവും
കർപ്പൂരം വെരുകിൻ ചട്ടം ഞെരിഞ്ഞിലിവ കൽക്കമായ് 44
കറ്റവാഴയുടെ നീരിൽ എണ്ണവീഴ്ത്തീട്ടു പാലുമായ്
കാച്ചിത്തേച്ചാൽ ശമിച്ചീടും തലനോവിന്നു നിർണ്ണയം 45
മഞ്ജിഷ്ഠാദിയതാകുന്നു നേത്രരോഗത്തിനുംഹിതം

*(സഹസ്രയോഗത്തിൽ -മഞ്ജിഷ്ഠാഞ്ജനശാരിബാബ്ദകടുകാ-എന്നു തുടങ്ങുന്ന മഞ്ജിഷ്ഠാദി തൈലം. സഹസ്രയോഗത്തിൽ ചോരയുഗ്മം കച്ചോലവും ചണ്ണക്കിഴങ്ങുമാണ്. ഇവിടെ ചണ്ണക്കിഴങ്ങിനു പകരം ചെങ്ങഴി യാണ് കാണുന്നത്. കൂടാതെ ഞെരിഞ്ഞൽ അധികമായി പറയുന്നുമുണ്ട്. ചികിത്സാമഞ്ജരി അദ്ധ്യായം-58 ശിരോരോഗചികിത്സ (51)യിലും ഇതേ യോഗം വരുന്നുണ്ട്.)*

**ചന്ദനാദിഎണ്ണ ചെറുത്**

ചന്ദനാദി ചെറിയതും പറയാമെങ്കിലിന്നുഞാൻ 46
ചന്ദനം നല്ലനെല്ലിക്കാ രാമച്ചമിരുവേലിയും
നറുനീണ്ടി കുറുന്തോട്ടി യഷ്ടീയിവ കഷായമായ് 47
ഇടിച്ചുപിഴിവാൻ ബ്രഹ്മി കല്ക്കത്തിന്നും പറഞ്ഞിടാം
മഞ്ചട്ടി താതരിപ്പൂവും താമരപ്പൂവിനല്ലിയും 48
ആമ്പൽ ചെങ്ങഴി പത്മത്തിൻ വളയം കുശവേരപി

ആറ്റുദർഭയുടെ വേരും കരിമ്പിൻവേരു ദൂർവയും 49
പ്രപുണ്ഡരീകവും പിന്നെ മഹാമേദാ ച മേദയും
കാട്ടുഴുന്നും പതുമുകം കാട്ടിലേപ്പയർ ജീവകം 50
ജീവന്തിയുമിടവകം ഇരട്ടിമധുരം തഥാ
ഇവ കൽക്കമരച്ചിട്ടു കൂട്ടിക്കാച്ചിയ തൈലവും 51
ദാഹജ്വരേ വിശേഷിച്ചും നന്നല്ലോ തലനോവിനും
രക്തപിത്തം മദം മൂർഛാ തണ്ണീർദാഹം ചുഴൽച്ചയും 52
കാമിലാ വിഭ്രമം ചൂടും ശമിക്കുമിതു നിർണ്ണയം
പിത്തത്തിന്നും ഗുണംതന്നെ സേവിപ്പിക്കയുമാമിത് 53

**ധാത്ര്യാദിഘൃതം**

നെല്ലിക്കാ പാൽമുതക്കിക്ഷു കുശ്മാണ്ഡാഞ്ച ശതാവരി
ഇടിച്ചിട്ടു പിഴിഞ്ഞുള്ള നീരും പാലോടു തുല്യമായ് 54
നൈ കാച്ചുക പറഞ്ഞീടാം കൽക്കം ചന്ദനമെഷ്ടിയും
മുന്തിരിങ്ങാപ്പഴം കൂട്ടിപ്പാകം സൂക്ഷിച്ചരിച്ചുടൻ 55
പഞ്ചസാരയുമിട്ടിട്ടു പുനഃ പാകം കഴിച്ചിതു
സേവിച്ചീടുകിലപ്പോഴെ രക്തപിത്തം ശമിച്ചുപോം 56
അസൃഗ്ദരം പിത്തരോഗം അസ്ഥിസ്രാവഞ്ച കാമിലാ
രക്തസ്രാവഞ്ച ഗുന്മഞ്ച വാതരക്തഞ്ച നശ്യതി 57
വന്ധ്യക്കു ഗർഭമുണ്ടാകും പാനം ചെയ്കിലസംശയം

**ഛിന്നോൽഭവാദിതൈലം**

ഛിന്നോൽഭവം പറിച്ചിട്ടു തുക്കീട്ടു പലമെട്ടതു 58
പിന്നെ നന്നായിടിച്ചിട്ടു നാന്മടങ്ങായ നീരതിൽ
വാടീടാതെ കുറുക്കീട്ടു നാലൊന്നായാലരിക്കണം 59
തിലതൈലമളന്നിട്ടു മൂന്നിടങ്ങഴി കൊണ്ടതിൽ
നന്നാറി ചന്ദനഞ്ചൈവ കൊട്ടം മുത്തങ്ങ ചെങ്ങഴി 60
ചൂരക്കിഴങ്ങു രാമച്ചം ഇവ കല്ക്കമരച്ചതിൽ
നാഴി രണ്ടതളന്നീടു(നാനാഴി രണ്ടളന്നിട്ടു) നെല്ലിക്കാവെന്ത നീരതും 61
ഇവയൊക്കെയുമൊന്നാക്കു എണ്ണയ്ക്കൊപ്പിച്ചു പാലതും
മെല്ലെത്തീയിട്ടു കാച്ചീട്ടു പാരം സൂക്ഷിച്ചരിക്കണം 62
ഛിന്നോദ്ഭവാദി തൈലന്തു രക്തപിത്തഹരം പരം
പലം പത്തതു കൊണ്ടിട്ടു പിഷ്ടാ നന്നാറി ദൂർവയും 63
വെള്ളം നാനാഴി കൊണ്ടിട്ടു പിഴിഞ്ഞിട്ടങ്ങരിക്കണം
നൈവീഴ്ത്തിടങ്ങഴിപ്പാലും കല്ക്കത്തിന്നിഹ ചൊല്ലിടാം 64
മുത്തെങ്ങാ ചന്ദനം ചൈവ മധുകം കുങ്കുമം തഥാ
താമരപ്പൂവതിന്നല്ലി ചെങ്ങഴിപ്പൂവിനല്ലിയും 65
പെരുംകുരുമ്പ മഞ്ചട്ടി ഏലാവാലുകമെന്നതും
മുന്തിരിങ്ങാ ഇരിപ്പപ്പൂ വാശാ രാമച്ചമെന്നിവ 66
നാലുചീതു കഴഞ്ചാക്കു പഞ്ചസാരയുമിട്ടതിൽ
കാച്ചികൊണ്ടതരിച്ചിട്ടു പാകം സൂക്ഷിച്ചുടൻ ഘൃതം 67
പ്രാതഃകാലേ കുടിച്ചീടു രക്തപിത്തം ശമിച്ചുപോം

**കീഴ്പോട്ടു ചോരപോകുന്നതിന്**

കീഴ്പട്ടു ചോരപോകുന്ന രക്തപിത്തചികിത്സകൾ 68
നായ്ക്കുരണവേർ നന്നായരച്ചിട്ടതു വെണ്ണയിൽ
ചാലിച്ചു നക്കിയാൽ തീരും രക്തപിത്തമധോഗതം 69
പാലും വീഴ്ത്തിച്ചമച്ചുള്ള മുത്തെങ്ങാക്വാഥമദ്ഭുതം
ഇരട്ടിമധുരം നല്ല അമ്പഴത്തിന്റെ വേർത്തൊലി 70
ചെറുപൂളയുടെ വേരും കൂട്ടിവെച്ച കഷായവും
കഴഞ്ചെ(ഴിഞ്ചി)ലിമ്മരുന്നിന്നു തുത്ഥം ചേർക്ക തദർദ്ധകം 71
തുത്ഥത്തിൽ പാതി തുരിശും ചേർത്തു നേർക്കപ്പൊടിച്ചത്
അരച്ചുമ്മത്തിലച്ചാറ്റിൽ കുന്നിപൊലെയുരുട്ടിയാൽ 72

അതിലോരോന്നു മുമ്മൂന്നു മുളകും കൂട്ടിയിങ്ങനെ
സേവിച്ചാലുടനോടിപ്പോം രക്തപിത്തമധഃസ്ഥിതം 73
വാശാപത്രരസേ സിദ്ധം ഘൃതംസേവിക്കയും ഗുണം
താമരപ്പൂവിലേയല്ലി കാവിമൺ ചേർത്തരച്ചത് 74
വെണ്ണയും ചേർത്തു സേവിച്ചാൽ രക്തപിത്തമൊഴിഞ്ഞുപോം
അരച്ചിലഞ്ഞിക്കുരുവു ചേർത്തു സേവിക്ക വെണ്ണയിൽ 75
പേരാൽമൊട്ടു ചതച്ചിട്ടു വെച്ചിട്ടുള്ള കഷായവും
കൊള്ളാം വൃഷഘൃതഞ്ചൈവ മുന്നം ചൊല്ലിയ നെയ്കളും 76
സേവിച്ചാൽ രക്തപിത്തത്തെ ശമിപ്പിക്കും ന സംശയം 77

*ഇതി വൈദ്യരത്നമാലികായാം രക്തപിത്തചികിത്സാധികാരഃ*

## അസൃഗ്ദരലക്ഷണം

ഉപവാസിച്ചദുഃഖത്താൽ അതിമൈഥുനമെന്നിവ
ഉണക്കച്ചോർ ഭുജിച്ചിട്ടുമുണ്ടായീടുമസൃഗ്ദരം 1
വസ്തിയിൽ കുത്തിനൊന്തിട്ടു ചോരയേറ്റം ചൊരിഞ്ഞിടും
തീണ്ടായിരിക്കുമന്നാളിൽ ഏറ്റമായിട്ടു കാൺകിലോ 2
കേചിൽ പ്രദരമെന്നുണ്ട് ചൊല്ലാമാവ്യാധിയൊന്നിത്(ന്നതു)
രണ്ടുപേരതിനുണ്ടെന്നു ധരിക്കേണം ഭിഷഗ്ജനം 3
നാലുണ്ടു മൂന്നിനാൽ മൂന്നും മൂന്നുമൊത്തതുമിങ്ങനെ
വാതംകൊണ്ടാകിൽ നോവേറും കടയും മുതുകേറ്റവും 4
പിത്തത്തിന്നു കറുത്തിട്ടു ചോരയേറ്റം സ്രവിച്ചിടും
ശ്ലേഷ്മത്താലതു വന്നീടുന്നേരം ചോര വെളുത്തുപോം 5
നോവുമൊട്ടു കുറഞ്ഞീും ചോറു വേണ്ടാതെവന്നിടും
മൂന്നുദോഷവുമൊത്തീടിൽ മോഹവും പനി ദാഹവും 6
ഇവയും കൂടെയുണ്ടാകും സാദ്ധ്യമല്ലിതുനിർണ്ണയം 7

*ഇതി വൈദ്യരത്നമാലികായാം അസൃഗ്ദരലക്ഷണാധികാരഃ*

## അസൃഗ്ദരചികിത്സ

**മുസ്താമൃതാദികഷായം**

മധുകം ചുക്കു മുത്തെങ്ങാ അമൃതും മുഞ്ഞ ചന്ദനം
രാമച്ചം മാഷവും മുൽഗം പഴേമുതിര ചിത്രയും 1
ഇവയൊപ്പിച്ചുകൊണ്ടിട്ടു കഷായം വെച്ചതാറിയാൽ
തേനും കൂട്ടിക്കുടിച്ചീടിൽ വേരറ്റീടുമസൃഗ്ദരം 2
ചെമ്പരത്തിയുടേ മൂലം പാലും കൂട്ടിക്കഷായമായ്
പഞ്ചസാരയുമിട്ടിട്ടു കുടിച്ചാലുമൊഴിഞ്ഞുപോം 3

**വാതാസൃഗ്ദരത്തിന്നു**

ബലാമൂലം കുറുക്കേണം പാലും കൂട്ടിക്കഷായമായ്
വാതത്താലുളവായുള്ളതൊഴിവാനേറെ നന്നിതു 4

**പിത്താസൃഗ്ദരത്തിന്നു**

ചന്ദനം പാടതൻമൂലം ചെങ്ങഴീട കിഴങ്ങതും
ഞാവൽതോലിരുവേലീ ച ഒപ്പംകൊണ്ടു കഷായമായ് 5
സേവിച്ചീടിലൊഴിഞ്ഞീടും പിത്തത്താലുള്ളസൃഗ്ദരം

**ശ്ലേഷ്മാസൃഗ്ദരത്തിന്നു**

നാല്പാമരമതിൻതോലും ത്രിഫലാ ചെമ്പരത്തിയും 6
കരിങ്ങാലി മുഞ്ഞവേരും ഇവയൊപ്പിച്ചുകൊണ്ടുടൻ

കഷായം വെച്ചു സേവിച്ചാൽ ഒഴിഞ്ഞീടും കഫോത്ഭവം 7

**ചോരനില്പാൻ**

താമരപ്പൂവുതന്നല്ലി അമ്മിമേലിട്ടരച്ചുടൻ
നവനീതമതിൽ കൂട്ടി സേവിച്ചാൽ ചോര നിന്നിടും 8
കുടപ്പനക്കിഴങ്ങിൻ നീർ എണ്ണ ചേർത്തു പുഴുങ്ങിയാൽ
തെങ്ങിൻപൂക്കുലതൻ നീരും സിതയും തേനുമായ് പിബേൽ 9

**ചെമ്പരുത്ത്യാദിഘൃതം**

ചെമ്പരുത്തീടെവേർകൊണ്ടു കഷായംവെച്ചരിച്ചതിൽ
നെയ്യുകൂട്ടീട്ടു വച്ചേപ്പൂ കൽക്കത്തിന്നു പറഞ്ഞിടാം 10
കാടതൻ മൂലവും വേപ്പും കാവിമണ്ണിലവിൻപശ
താളിമാതളവും മുസ്താ ഞാഴൽപൂ മുന്തിരിപ്പഴം 11
അത്തിത്തോൽ ചന്ദനം മാവിന്നണ്ടിയഞ്ജനവും തഥാ
പാച്ചോറ്റിത്തോലു(മിടയും)മിലയും ഇവയൊപ്പിച്ചുകൊണ്ടുടൻ 12
പാലും കൂട്ടിപ്പചിക്കേണം പാകം വന്നാലരിക്കണം
കാലത്തന്നെ കുടിച്ചീടിൽ വേരറ്റീടുമസൃഗ്ദം 13
ദാഹവും പനിയും തീരും ദേഹവും തെളിവായ്‌വരും
എണ്ണയും നെയ്യുമായ്ത്തേച്ചു പാത്തിതന്നിൽ കിടത്തണം 14
സർവാമയാന്തകം നാമ ഗുളികാ മർമ്മപീഡനി

*(മർമ്മപീഡനി-മർമ്മപീഡയിൽ)*

അതിന്റെയോഗവും മേലിൽ ചൊല്ലും മർമ്മചികിത്സയിൽ 15
അതു സേവിച്ചുവെന്നാകിൽ ഇതു വേരറ്റുതീർന്നിടും
രക്തസ്രാവകഷായങ്ങൾ കൊള്ളാം മുസ്താമൃതാദിയും 16
ഖദിരശീതാദിയും നന്ന് നെയ്യിൽ ധാത്ര്യാദിയും ഗുണം
(പടോലാദികവും നന്ന് നെയ്യിൽ ധാത്ര്യാദിയും ഗുണം)
മോദകത്വക്ബലാദിശ്ച ചൂർണ്ണം പുഷ്യാനുഗം തഥാ 17
സരസിജജമകരന്ദാദി വിശ്വൈലാദിയുമുത്തമം
മോദകത്വക്കഷായേണ ബലാകല്ക്കം പ്രസാധിതം 18
തൈലം പാനേന നാരീണാം അസ്ഥ്യസൃക്സ്രവണാപഹം
ചെമ്പരുത്തിയുടെ പൂവു പിഴിഞ്ഞുള്ള രസത്തില് 19
എണ്ണയും ചേർത്തു സേവിച്ചാൽ ശമിച്ചീടുമസൃഗ്ദരം
ബന്ധുജീവസ്യ മുകുളം കുടകപ്പാലവേരപി 20
നന്നു പാലിൽ കുടിപ്പിച്ചാൽ നന്നായ്‌വീഴുന്നപാടിന് 21
ബന്ധൂകപുഷ്പരസവും കടലാടിനീരും
തെവാങ്കുചുട്ട ഭസിതം തിലജേന സാകം
നാരീഷു ചോരചൊരിയുന്നതൊഴിഞ്ഞുപോവാൻ
നാരായണായ നമഃ മറ്റുപദേശമില്ലെ 22
നന്നാവെളുത്തിരിക്കുന്ന നല്ല പൂവ്വംകുറുന്തല്
അരച്ചു പാലിൽ സേവിച്ചാൽ അസൃഗ്ദരമൊഴിഞ്ഞു പോം 23
അരയാൽതൊലിയും ചെമ്പരുത്തിവേരും സമങ്ങളായ്
കഷായം വെച്ചതിന്നുള്ള വെള്ളം നാനാഴി നാഴി പാൽ 24
വാങ്ങിശ്ശർക്കരതാൻ നെയ്താൻ മേൻപൊടി കൃത്യ പായയേൽ
ചുക്കും നാൽപാമരത്തോലും കൂട്ടിവെച്ച കഷായവും 25
സേവിക്കിലുടനേ തീരും അംഗനാനാമസൃഗ്ദരം
തെങ്ങിന്റെ പൂക്കുലയരി പാലുമായ് പരുകീടുക 26
താമരപ്പൂവിലെയല്ലി ചന്ദനം ചെറുചീരവേർ
ഇരട്ടിമധുരം നല്ല അമൃതൂറൽ ശതാവരി 27
മാക്കീരക്കല്ലുമായൊക്കെപ്പൊടിച്ചു സിതയാന്വിതം
തേനിൽ കുഴച്ചു സേവിച്ചാൽ ആശു തീരുമസൃഗ്ദരം 28
അരക്കു കല്ക്കമായിട്ടു മാഷക്വാഥേ ശൃതം ഘൃതം
ശതാവരിഘൃതം രണ്ടും ധാത്ര്യാദിഘൃതവും തഥാ 29

മാഷക്വാഥേ സമക്ഷീരം ദ്രാക്ഷായുക്തം ഘൃതം പചേൽ
സിതാസനാഥം പീതം തജ്ജയേൽ ഘോരമസൃഗ്ദരം 30

(ഉഴുന്നുകഷായത്തിൽ മുന്തിരിപ്പഴം കല്ക്കംകൊണ്ടു സമം പാലും ചേർത്തു കാച്ചുന്ന നെയ്യു പഞ്ചസാര യോടുകൂടെ സേവിക്ക.)

കരിങ്കാരയുടെ തോലും സിന്ദുവാരസ്യ മൂലവും
കാട്ടുമുല്ല കുറുന്തോട്ടി കരിമ്പനയിവറ്റിലെ 31
വെരെന്നിവ കഷായം വെച്ചതിൽ തെങ്ങിന്റെ പൂക്കുല
ചെമ്പരുത്തിപ്പൂവുമായ്ക്കുത്തിപ്പിഴിഞ്ഞുള്ള രസം പിബേൽ 32
ശതാവരിഘൃതത്തിന്റെ കൽക്കവും കൊണ്ടു പാലുമായ്
നൈ ചമച്ചിട്ടു സേവിച്ചാൽ അസൃഗദരമൊഴിഞ്ഞു പോം 33
ശതാവരീഘൃതം മേലിൽ ചൊല്ലും കൃച്ഛ്രചികിത്സയിൽ
മഞ്ഞൾ നന്നായരച്ചിട്ടു തുണിയിൽ തേച്ചുണക്കിയാൽ 34
നെയ്യിൽ മുക്കിക്കൊളുത്തീട്ട് എടുത്തുണ്ടായ്‌വരും മഷി
നെയ്യും കൂട്ടീട്ടു സേവിച്ചാൽ അസ്രഗ്ദരമിളച്ചുപോം 35
മീനാങ്ങാണിയരച്ചിട്ടു മോരിൽ മുക്കുടി മൂന്നുനാൾ
പ്രാതഃ പിബേദയത്നേന രക്തസ്രാവമൊഴിഞ്ഞു പോം 36
പിന്നെത്തൈലമവസ്ഥയ്ക്കു തക്കവണ്ണം കൊടുക്കണം
കൊള്ളാം ക്ഷീരബലാതൈലം കൊള്ളാംശുദ്ധബലാപി ച 37
കൊള്ളാം ധാന്വന്തരം തൈലം ഇവറ്റാലൊന്നു പായയേൽ
സഹാമൂലമരച്ചിട്ടു മുക്കഴഞ്ചതു മൂന്നു നാൾ 38
പിബേൽ ക്ഷീരേണ പാടിന്നു തീണ്ടാരിക്കുന്നനാൾ പ്രഗേ
ആവണക്കിനുടേ തണ്ടു ചതച്ചിട്ടു പിഴിഞ്ഞുടൻ 39
പാതിയെണ്ണയുമായ് പീതം നാശയേൽ കറ യോഷിതാം
അസൃഗ്ദരത്തിനും നന്നു നിയമേന വിരേചനം 40

*ഇതി വൈദ്യരത്നമാലികായാം അസൃഗ്ദരചികിത്സാധികാരഃ*

## അസ്ഥിസ്രാവലക്ഷണം

അസ്ഥിസ്രാവമതെന്നുണ്ടു സ്ത്രീകൾക്കല്ലാതെയില്ലതു
പുരുഷന്നു വരുന്നേരം ശുക്ലസ്രാവമതിന്നുപേർ 1
ദേഹമേറ്റം മെലിഞ്ഞിടും യോനിനൊന്തീടുമേറ്റവും
യോനിയിൽകൂടെ വന്നീടും വെള്ളം ദുർഗന്ധമായത് 2
കറുത്തിട്ടാകിലാം പിന്നെ ശ്യാമമായിട്ടുമാകിലാം
ചുകന്നായിട്ടുമായീടും യോനിനീർനിറമിങ്ങിനെ 3
ഈവണ്ണം ലക്ഷണം കാൺകിൽ അസ്ഥിസ്രാവമതിന്നുപേർ 4

*ഇതി വൈദ്യരത്നമാലികായാം അസ്ഥിസ്രാവലക്ഷണാധികാരഃ*

## അസ്ഥിസ്രാവചികിത്സ

അസ്ഥിസ്രാവം വരുന്നാളിൽ കുറുന്തോട്ടീടെ വേരതു
കഷായം വച്ചരക്കിന്റെ പൊടി മേൽപൊടിയായ് പിബേൽ 1
തേറ്റാമ്പലരച്ചിട്ടു പാലിൽ ചേർത്തു കുടിക്കയും
കദളിപ്പഴവും കൂട്ടീട്ടരക്കുപൊടി തിങ്കയും 2
സഹസ്രവേധി കൂട്ടീട്ടു പാലു സേവിക്കയും ഗുണം
കരിംകാരത്തൊലിക്വാഥേ കുറുന്തോട്ടിയുമൂരവും 3
കല്ക്കംകൊണ്ടിട്ടിരട്ടിച്ചു പാലുംചേർത്തു ചമച്ച നൈ
സേവിക്ക ഗുണമവ്വണ്ണം ബലാത്രയകഷായവും 4

കാവിമണ്ണു കൊടുക്കേണം പുത്തനായുള്ള വെണ്ണയിൽ
അസൃഗ്ദരചികിത്സയ്ക്കു ചൊന്നയൌഷധമൊക്കെയും 5
അസ്ഥിസ്രാവത്തിനും നന്നായ് വന്നുകൂടും ന സംശയം
അരക്കും നെല്ലിതൻ കായും ശതാവര്യാശ്ച മൂലവും 6
തെങ്ങിൻപൂക്കുലയും പിന്നെ ഇലവിൻപശയെന്നിവ
ഒപ്പം കണ്ടിവ കൂട്ടീട്ടു കുറുക്കേണം കഷായമായ് 7
പഞ്ചസാരയും കൂട്ടീട്ടഞ്ജനം പൊടിചെയ്തതിൽ
കൂട്ടിക്കൊണ്ടു കുടിച്ചീടിൽ അസ്ഥിസ്രാവമൊഴിഞ്ഞു പോം 8
അമൃതും പച്ചനെല്ലിക്ക കൂവയും സമമായിവ
ഇടിച്ചിട്ടു പിഴിഞ്ഞുള്ള വെള്ളത്തിലൊലിവായ്‌വരും 9
പിന്നെയൂറലെടുത്തിട്ടു പഞ്ചസാരയുമൊപ്പമായ്
തേനിൽ കുഴച്ചു സേവിച്ചാൽ അസ്ഥിസ്രാവം ശമിച്ചിടും 10
ശതാവരിയിടിച്ചിട്ടു ഊറൽ നന്നായെടുത്തതും
അമൃതിന്നൂറലും പിന്നെ ഭൂമിതാലത്തിന്നൂറലും 11
സമമായ് സിതയും കൂട്ടി പാലിൽ സേവിക്ക നിത്യമായ്
അസ്ഥിസ്രാവമതും പിന്നെ ശുക്ലസ്രാവം ശമിച്ചു പോം 12
അവനിപ്പന മുസ്താ ച പാലുമായ് പരുകീടുക
അതിതീവ്രതരഞ്ചാസ്ഥിസ്രാവമാശു ശമിച്ചു പോം 13
മൂഴക്കുമോരിൽ മൂഴക്കു ചെത്തിപ്പൂവു പചിച്ചുടൻ
അസ്ഥിസ്രാവവിനാശായ പിബേദുക്തപ്രമാണതഃ 14
വെള്ളാരൻപാറ ചുട്ടിട്ടു മുറ്റും മൂഴക്കുദശ്വിതി
രക്തസ്രാവാസ്ഥിസംസ്രാവനാശയാശുപ്രദാപയേൽ 15

**ശതാവരീഘൃതം**

ശതാവരിയിടിച്ചിട്ടു പിഴിവൂ വെള്ളമെട്ടതു
എരുമപ്പാലുമെട്ടാക്കു നാഴികൊണ്ടതളന്നിവ 16
മാഷംനാനാഴി വെന്തുള്ള വെള്ളം നാനാഴി കൊള്ളുക
കരിമ്പിടിച്ചിട്ടുണ്ടായ വെള്ളത്താൽ നാലുനാഴിയും 17
എല്ലാം കൂട്ടിയതിൽ പിന്നെ നെയ്യും നാനാഴി കൂട്ടുക
നെയ്യിൽ കൂട്ടീടുവാനുള്ള കല്ക്കം ഞാനിതാ ചൊല്ലിനേൻ 18
നറുനീണ്ടി മുന്തിരിങ്ങ മുക്കാ കുടജബീജവും
താമരപ്പൂവുതന്നല്ലീ മധുകം ചന്ദനം തഥാ 19
രാമച്ചം നീർക്കിഴങ്ങീന്തൽ പടർച്ചുണ്ടയുമെന്നിവ
ഒപ്പിച്ചു കല്ക്കമായിട്ടു പാകം സൂക്ഷിച്ചുകൊണ്ടുടൻ 20
കാച്ചിപ്പിന്നെയരിച്ചിട്ടു പഞ്ചസാരയളന്നതു
നാഴി രണ്ടുമതിൽ കൂട്ടു തേനുമവ്വണ്ണമാക്കുക 21
ഒക്കെക്കൂട്ടിയിളക്കീട്ടു സേവിപ്പൂ നിത്യമായിതും
അസ്ഥിസ്രാവമതും ദാഹം പനിയും രക്തപിത്തവും 22
മൂത്രകൃച്ശ്രം ക്ഷയം പിത്തം രക്തസ്രാവവുമെന്നിവ
ഇതുകൊണ്ടു ശമിച്ചീടും ഉടനേയെന്നു നിർണ്ണയം 23

**വാരാഹ്യാദിഘൃതം**

വാരാഹീകന്ദതോയേ ഘൃതമമൃതസമം സേവ്യമാനം വിപക്വം
നാരീ ജഹ്യാൽ സുഘോരം ഹുതവഹസദൃശം വ്യാധിമസ്ഥ്യുൽഭവം വാ
ദ്രാക്ഷാമാഷാശ്വഗന്ധാകദളിഫലയുതം ശർക്കരാവാംശിമിശ്രം
ദേവേന സ്വർഗ്ഗഭർത്രാ വിഹിതമനുപമം സ്വർഗ്ഗസീമന്തിനീനാം 24

നെയ്ക്കു കഷായത്തിന്ന് നിലമ്പനക്കിഴങ്ങ് കല്ക്കത്തിന്നു മുന്തിരിപ്പഴം ഉഴുന്നു അമുക്കുരം കദളിപ്പഴം അരിക്കുന്ന പാത്രത്തിലിടുവാൻ പഞ്ചസാര കൂവ്വനൂറു ഇവറ്റോടുകൂടി സേവിക്ക.

*ഇതി വൈദ്യരത്നമാലികായാം അസ്ഥിസ്രാവചികിത്സാധികാരഃ*

## കാസലക്ഷണം

കാസങ്ങളഞ്ചു ചൊല്ലുന്നു വാതപിത്തകഫങ്ങളാൽ
ഉരക്ഷതത്താലുണ്ടാകും ക്ഷയകാസവുമഞ്ചിവ 1
വാതകാസമതെന്നാകിൽ തൊണ്ട വായും വരണ്ടിടും
വിലാക്കോൾ നൊന്തുതോന്നീടും ഹൃദയം തലയെന്നിവ 2
പിത്തകാസമതെന്നാകിൽ ശ്ലേഷ്മവും പീതമായ്‌വരും
പിത്തവും ശ്ലേഷ്മവും കൂടി ഛർദ്ദിച്ചീടിലുമാമതു 3
പനിക്കും ചുഴലും പിന്നെ വാകൈക്കും പുളിതേക്കലും
കഫത്താൽ ചുമ വന്നീടിൽ മൂക്കൊലിക്കയുമെപ്പൊഴും 4
കനക്കും ദേഹമങ്ങേറ്റം രുചിയില്ലാതെ വന്നിടും
തളരും ഛർദ്ദിയുണ്ടാകും കോൾമയിർകൊള്ളുമിങ്ങിനെ 5
ഉരഃക്ഷതത്താലെന്നാകിൽ ഏറ്റം വൈഷമ്യമായ്‌വരും
രക്തവും ശ്ലേഷ്മവും കൂടി തുപ്പും മഞ്ഞൾനിറത്തിലും 6
കറുത്തിട്ടു വരും താനും വരണ്ടിട്ടു പരുത്തുമാം
സന്ധൂവേർപെട്ടു തോന്നീടും പനിയും ദാഹവും വരും 7
പ്രാവുപോലെ വിറച്ചിട്ടു ഞരങ്ങും വ്ളാവൂ നൊന്തിടും
ചോര കൂടീട്ടു മൂത്രിക്കും പിന്നെയും പലതുണ്ടിഹ 8
ക്ഷയകാസമതെന്നാകിൽ ശ്ലേഷ്മം ദൂർഗ്ഗന്ധമായ്‌വരും
വ്ളാക്കോലൊടിഞ്ഞു നൊന്തീടും ഹൃദയം വെണ്ണപോലെയാം 9
ഉഷ്ണവും ശീതവും വേണ്ടും ബലഹാനി വരും തുലോം
ക്ഷതത്താലുളളതും പിന്നെ ക്ഷയത്താലുളവായതും 10
ബലവാനുളവാകുമ്പോൾ യാപ്യമായിട്ടു വന്നിടും 11

*ഇതി വൈദ്യരത്നമാലികായാം കാസലക്ഷണാധികാരഃ*

## കാസചികിത്സ

കാസം വർദ്ധിക്കുമന്നാളിൽ ചികിത്സിക്കേണമിങ്ങനെ
നല്ല വെറ്റിലനീർ ചേർത്തു സേവിപ്പിക്ക കടുത്രയം 1
ദശമൂലം ദേവതാരം ചുക്കും കൂട്ടിക്കഷായവും
സേവിക്ക നന്നു നന്നേറ്റം വിദാര്യാദികഷായവും 2
വിദാര്യാദികഷായത്തെ ചെല്ലും ശ്വാസചികിത്സയിൽ

**മനയോലാദിവർത്തി**

മനോല തിപ്പലീ മഞ്ഞൾ ചുക്കും നല്ല കടുക്കയും 3
കരിഞ്ചീരകവും കൂട്ടി നേരെക്കണ്ടതരച്ചുടൻ
വസ്ത്രേ തേച്ചു തെറുത്തിട്ടു പിന്നെ നന്നായുണക്കുക 4
എതിരേ പുകകൊള്ളേണം എണ്ണ തേച്ചുണ്ടുകൊണ്ടുടൻ
ദിനമഞ്ചതു കൊണ്ടീടിൽ ചുമയെല്ലാം ശമിച്ചിടും 5

**തൊണ്ട ചൊറിഞ്ഞു ചുമയ്ക്കുന്നതിന്ന്**

**കരിഞ്ചീരകാദിവർത്തി**

കരിഞ്ചീരകവും മഞ്ഞൾ തിപ്പലി മനയോലയും
മുളകും പനസച്ചാണം എന്നിവറ്റേപ്പൊടിച്ചുടൻ 6
തിരിതന്നിലതിട്ടിട്ടു തിരിച്ചിട്ടെണ്ണ തന്നില്
നനച്ചതു പുകച്ചീടിൽ അന്നുതന്നെ വിശേഷതഃ 7
തൊണ്ട പാരം ചൊറിഞ്ഞുള്ള ചുമയെല്ലാമിളച്ചിടും 8

**വ്യോഷം ചെഞ്ചലീയാദിവർത്തി**

വ്യോഷം ചെഞ്ചലിയം മനയോല ശതകുപ്പാജാജി വട്ടപ്പയൻ
കൊത്തമ്പാലയരക്കു നെല്ലിഫലവും നൽഗന്ധകം തുല്യമായ്

ഒക്കെക്കൊണ്ടൊരു കാൽപണത്തിനു പുനഃ പ്ലാച്ചാണ പിഷ്ടാവതും
നാഴൂരിപ്പൊടി നല്ല നേർത്തുണിയിൽ ചെമ്മേ പരത്തീടുക 9
മുന്നം ചൊന്ന കടുത്രയാദിപൊടിയിട്ടമ്പിൽ തിരിച്ചാലഹോ
കാസശ്വാസനൃപക്ഷയങ്ങളണയാ ചാവോളമദ്ദേഹിനാം

**നീലീപത്രവർത്തി**

നീലീപത്രരസേ നനച്ചു പലവട്ടം തോർത്തിയുണ്ടാക്കിനാൽ
പാരം നന്നു ചുമയ്ക്കു നല്ല തുണിയെന്നന്യേ രഹസ്യം തുലോം 10

**വാതകാസത്തിന്ന്**

ചെറുവഴുതിനതൻ കാ മൂന്നു നന്നായ് പഴുത്തു-
ള്ളതിൽ മുളകു കുരൂണാം മൂപ്പതും സാജമോജം
ഇവ പുഴുകിയരച്ചിട്ടമ്പിൽ ചമയ്ക്കും ഖളം
വിരവിനൊടഥ നീക്കും വാതകാസത്തെ നൂനം 11

**പിത്തകാസത്തിന്നു**

പിത്തം പ്രധാനമായിട്ടു കാസമുണ്ടാകിലന്നുടൻ
മുന്തിരിപ്പഴവും ചുക്കും തഴുതാമയുമൊപ്പമായ് 12
കഷായം വച്ചു സേവിച്ചാൽ പിത്തകാസം ശമിച്ചുപോം
പിത്തകാസത്തിനുണ്ടാക്കും കഷായങ്ങളിലൊക്കവേ 13
പാലുകൂട്ടീട്ടു വയ്ക്കേണം അല്ലാഞ്ഞാൽ കുറയും ഫലം
തിപ്പലി താന്നിതൻ കായും ആടലോടകപത്രവും 14
ചുക്കും നല്ലകൊടിത്തൂവ  ഇവകൊണ്ടു കഷായമായ്
അന്തിക്കുണ്ടുകിടക്കുമ്പോൾ സേവിച്ചീടുക തേനുമായ് 15
പിത്തച്ചുമ ശമിച്ചീടാൻ എത്രയും നന്നിതൌഷധം

**ശ്ലേഷ്മകാസത്തിന്ന്**

കടുക്കാ തിപ്പലി ചുക്കു മുത്തെങ്ങാ ദേവതാരവും 16
ത്രികോല്പക്കൊന്നയും കൂടെസ്സമമാക്കിപ്പൊടിച്ചുടൻ
പിന്നെത്തേനിൽ കുഴച്ചിട്ടു സേവിച്ചീടുക രാത്രിയിൽ 17
ശ്ലേഷ്മകാസമകന്നീടാൻ എത്രയും നല്ല ചൂർണ്ണമാം

**വാതപിത്തകാസത്തിന്**

വെള്ളാരൻപാറചുട്ടിട്ടു പാൽ കുറുക്കിയതിൽ പുനഃ 18
മുളകിൻ പൊടിയും ചേർത്തു സേവിക്കാം വാതപിത്തജേ

**വാതശ്ലേഷ്മകാസത്തിന്ന്**

താമരയ്ക്കുള്ളയിലയും മനയോല കടുത്രയം 19
ആടലോടകപത്രഞ്ച ചെഞ്ചല്യം തകരക്കുരു
ഇവയൊക്കെയരച്ചിട്ടു നെയ്യും കൂട്ടിപ്പുകയ്ക്കണം 20
വർഷാഭൂഭാഗമെന്നുള്ള വർത്തികൊണ്ടു പുകയ്ക്കയും
വാതശ്ലേഷ്മങ്ങൾകൊണ്ടുള്ള കാസത്തിന്നെത്രയും ഗുണം 21

**ഉരഃക്ഷതത്താലുള്ള ചുമയ്ക്ക്**

അരക്കുചൂർണ്ണമാക്കീട്ടു തേനിൽ ചാലിച്ചു നക്കുക
ഉരഃക്ഷതത്താലുണ്ടായ കാസം സദ്യഃ ശമിച്ചുപോം 22
ചെറുതേക്കിനുടെ പത്രം ആടലോടകപത്രവും
മുക്കാപ്പീരമതിൻ പത്രം തേകരാജവുമൊപ്പമായ് 23
മുളകും മഞ്ഞളും കൂട്ടി മോരിൽ നന്നായ് പചിക്കണം
പിന്നെ നന്നായരച്ചിട്ടു വെയ്പ്പൂ മുക്കുടി മോരതിൽ 24
അന്തിക്കുണ്ടു കുടിച്ചീടിൽ പോയീടും ചുമയൊക്കവേ
വൃഷപത്രമതില്ലായ്കിൽ കൂട്ടിയുമ്മാനുമാമിതു 25

**ക്ഷയകാസത്തിന്നു**

പഞ്ചമൂലം തകർത്തിട്ടാട്ടിൻപാലു കുറുക്കണം
അന്തിക്കുണ്ടു കുടിച്ചീടിൽ അകലും ക്ഷയകാസവും 26
ചെറുവഴുതിനപൊന്നാവീരവില്വാടലോടം
ബലയിവയിലുളവാം വേർ ചുക്കുമങ്ങൊപ്പമായി

ക്വഥിതമമൃതതുല്യം സപ്തരാത്രം കുടിച്ചാൽ
ഉടനൊഴിയുമശേഷം കാസരോഗം നരാണാം 27
വെളുത്തനേന്ത്രവാഴയ്ക്കാ തൊലിച്ചിട്ടതു രാവിലെ
ഇട്ടു ഗോമൂത്രപാത്രത്തിൽ അസ്തമിച്ചാലെടുത്തു മൺ 28
പൊതിഞ്ഞു ചുട്ടുവേവിച്ചു ചുക്കും മുളകുമൊപ്പമായ്
അരച്ചുതേച്ചു കനലിൽ ഉലർത്തീട്ടു കുറേക്കുറേ 29
കൊട്ടത്തേങ്ങായോടു കൂടി തിന്നാൽ കാസം ശമിച്ചുപോം
തേകാജരസേയെന്ന തൈലവും വില്വലേഹ്യവും 30
കുശ്മാണ്ഡലേഹ്യവും നന്നു വിദാര്യാദിഘൃതം തഥാ
കൊള്ളാം വൃഷഘൃതഞ്ചൈവ കർപ്പൂരാദ്യപി ചൂർണ്ണവും 31

**കുശ്മാണ്ഡലേഹ്യം**

കുശ്മാണ്ഡലേഹ്യം ചൊല്ലീടാം ചൊല്ലും മറ്റവയൊക്കയും
ശ്വാസത്തിങ്കൽ പറഞ്ഞീടും ചികിത്സകളിലൊക്കയും 32
കുശ്മാണ്ഡത്തെ നുറുക്കീട്ടു കുരുതോടുകളഞ്ഞുടൻ
വെള്ളംവീഴ്ത്തിപ്പുഴുങ്ങീട്ടു നെയ്യിൽ പിന്നെ വറുക്കണം 33
തേനിന്റെ നിറമാകുമ്പോൾ വാങ്ങിക്കൊണ്ടു പൊടിച്ചതു
ഏലത്തിന്നരിയും പിന്നെ ലവംഗം നല്ല പച്ചില 34
തിപ്പലീ മുളകും ചുക്കു കൊത്തമ്പാലരി ജീരകം
ഇവ ഒക്കെസ്സമംകൂട്ടിപ്പൊടിപ്പൂ പൊടിയാവൊളം 35
കുശ്മാണ്ഡത്തിനൊടൊപ്പിച്ചു തൂക്കിക്കൊള്ളുക ശർക്കര
വെള്ളം വീഴ്ത്തിക്കുറുക്കീട്ടു സാന്ദ്രപാകമതിങ്കലി- 36
പ്പൊടിയും കൂടെയിട്ടിട്ടു  മലരൊട്ടു പൊടിച്ചതും
പിന്നെ നന്നായ്ക്കുറുക്കേണം കരിഞ്ഞീടാതെകണ്ടുടൻ 37
പാകം കണ്ടതു വാങ്ങീട്ടങ്ങിട്ടു (ട്ടു വയ്പൂ) പലകതന്നില്
ആറും മുൻപേയുരുട്ടീട്ടു ലാജപ്പൊടിയിൽ വയ്ക്കണം 38
പിന്നെയങ്ങതു സേവിക്ക കുശ്മാണ്ഡം ലേഹ്യമെന്നുപേർ
ചുമയും ക്ഷയവും പിന്നെ ഏങ്ങലെക്കിട്ടമെന്നിവ 39
എല്ലാനോവും ശമിച്ചീടും രക്തപിത്തമുരഃക്ഷതം

**ദേഹം മെലിയുന്നതിന്**

കൊള്ളാം ബലാശ്വഗന്ധാദി ദേഹം ശോഷിപ്പതാകിലോ 40
മറ്റും ബൃഹണമായിട്ടുള്ളവയൊക്ക പ്രയോജയേൽ
കദളിക്കനി ഗോമൂത്രേ പുഴുങ്ങൂ നീരുവറ്റോളം 41
പിന്നെ നന്നായരച്ചിട്ടു സേവിച്ചാൽ ചുമപോയിടും 42
മുക്കാപ്പീരത്തിന്നിലയും ചെറുവഴുതിനയാടലോടകത്തിലയും
വെറ്റില പൊന്നാവീരം പടവലകരിവേപ്പു  നല്ല കയ്യന്യം
ഇച്ചൊല്ലിയ ഇലനീരിൽ കൂട്ടിക്കാച്ചിയൊരെണ്ണതാൻ നെയ്താൻ
സേവിച്ചാൽ ചുമതീരും ചുമകൊണ്ടുണ്ടാകും കഫപ്രസേകവും തീരും 43

പൊന്നാവീരം വാശാ മുക്കാപ്പീരങ്ങളെന്നിവറ്റിന്റെയിലയും ചുക്കും മുളകും കയ്യന്യത്തിൻ രസത്തിലേഴൂഴം വറ്റിച്ചിട്ടതുണക്കിപ്പൊടിയാക്കി ശർക്കരസഹിതം സേവിച്ചാലേങ്ങൽ ചുമ തീർന്നുപോമിവയോരോന്നു തന്നെയുമാം

മുറ്റും മുക്കടുവേപ്പൊടിച്ചഴകതായ് തേനിൽ കുഴച്ചാദരാൽ
അത്താഴത്തിനനന്തരം പരിലിഹേദക്ഷപ്രമാണം നരഃ
മുറ്റീടും ചുമതീരുമേങ്ങലൊഴിയും പാരിക്കുമഗ്നേർബ്ബലം
മറ്റും നന്നു പലറ്റിനും പരമിതിന്നൊത്തൊന്നു നാസ്ത്യൌഷധം 44
കടുകും മുളകും ചുക്കും തിലജത്തിൽ വറുത്തുടൻ
അവചൂർണ്യ ഗുളേലിഹ്യാൽ ചുമതീരുമയത്നമായ് 45
ഊരത്തിൻവേർ ചതച്ചിട്ടു നാഴിപ്പാൽ നാന്മടങ്ങു നീർ
ചേർത്തുകാച്ചീട്ടു സേവിച്ചാൽ എല്ലാകാസത്തിനും ഗുണം 46

*ഇതി വൈദ്യരത്നമാലികായാം കാസചികിത്സാധികാരഃ*

## ശ്വാസഹിക്കാലക്ഷണം

ശ്വാസങ്ങളഞ്ചതുണ്ടല്ലോ ചൊല്ലാം പേരിവയഞ്ചിനും
ക്ഷുദ്രകൻ തമകൻ ഛിന്നൻ മഹാനൂർദ്ധനുമെന്നിവ 1
എക്കിളഞ്ചുമതിൻ നാമം ചൊല്ലാമന്നജയൊന്നതിൽ
യമളാക്ഷുദ്രഗംഭീരമഹതീയിവയഞ്ചിവ 2
സാദ്ധ്യങ്ങളതിൽ നാലുണ്ടു മുൻപിലീരണ്ടു രണ്ടിലും
നടൂലോരോന്നു യാപ്യങ്ങൾ പിന്നെയുള്ളതാസാദ്ധ്യമാം 3
വായുക്ഷോഭമടുക്കുമ്പോൾ പനിയും തലനോകയും
ഉദരം വീർക്കയും പിന്നെ വിലക്കം മാറിലേറ്റവും 4
ബോധക്കേടുമതുണ്ടാകും പിന്നെയും പലതുണ്ടിഹ
ചുരുക്കീട്ടു പറഞ്ഞിന്നി ചികിത്സകൾ പറഞ്ഞീടാം 5

*ഇതി വൈദ്യരത്നമാലികയാം ശ്വാസഹിക്കാലക്ഷണാധികാരഃ*

## ശ്വാസഹിക്കാചികിത്സ

കഷായം വെച്ചു സേവിപ്പാൻ കാലമില്ലെന്നുവന്നീടിൽ
ഗുളികാ മുൻപിൽ വേണ്ടുന്ന യൊഗമൊട്ടു പറഞ്ഞിടാം 1

**ശ്വാസത്തിന്നു വായുഗുളിക**

വ്യോഷമേലഞ്ചമുത്തങ്ങാ പച്ചയോടിലവർങ്ങവും
അക്കിക്കറുവയും പിന്നെ രാമച്ചമിരുവേലിയും 2
ദേവതാരം കുറാശാണി വിളംഗമയമോദകം
വയമ്പും ജീരകം രണ്ടും ആശാളി കിരിയാത്തയും 3
ജാതിക്കാ നല്ല കർപ്പൂരം കരയാംപൂ പശുപാശിയും
കാവീ സഹസ്രവേധീ ച ചീനത്തെ മുളകും തഥാ 4
ഒപ്പം കൂട്ടിയരക്കേണം ജീരകം വെന്തനീരതിൽ
പിന്നെപ്പുഴുകു കൂട്ടീട്ടു പിറ്റേന്നാളുമരയ്ക്കണം 5
കുന്നിക്കുരുവിനെപ്പോലെ ഉരുട്ടീട്ടങ്ങുണക്കണം
നേർത്തവസ്ത്രത്തിനാൽ മൂടി വേണം നന്നായുണങ്ങിയാൽ 6
കഷായം ചുക്കു പ്ലാഞ്ഞെട്ടു ജീരകം ചൂണ്ടവേരുമായ്
വെച്ചുകൊണ്ടുള്ള വെള്ളത്തിൽ സേവിച്ചാൽ വായു നേർവരും 7

**കസ്തൂര്യാദിഗുളിക**

കസ്തൂരികിരിയാത്തരത്തപുഴുകും കാന്തേന്ദുജാതീഫലം
ക്ഷാരൌ ച ത്രിഫലാ ത്രിജാതഹിരുവീ ദ്വൗ ജീരകൌ ദീപ്യകം
അഗ്രഗ്രാഹി ശതാഹ്വ യഷ്ടി കരയാംപൂ കാവി തോയം രസം
പാറങ്കി പശുപാശി ചന്ദനവചാ ചീനോഷണം ത്ര്യൂഷണം 8
പൊൻകാരാഞ്ജനവജ്രനാകമനയോലാശാളിയും ചാലിയം
ചേർത്തൊപ്പം പനിനീരിൽ വാ പയസി വാ ഭൃംഗസ്യ പിഷ്ടാ കൃതാ
സംശുഷ്കാ നിഴലിൽ സമീരഗുളികാ ഗുഞ്ജാപ്രമാണാശ്രിതാ
പ്രസ്ഥാർദ്ധോ/ഭസി കർഷജീരകരസേ സേവ്യാനിലാർത്തൌ നൃണാം 9

കസ്തൂരി കിരിയാത്ത് അരത്ത വെരുകിൻപുഴുക് അയസ്കാന്തം കർപ്പൂരം ജാതിക്കാ ചവല്ക്കാരം തുവർച്ചിലക്കാരം ത്രിഫല ത്രിജാതം കന്നാരം ജീരകം രണ്ടും അയമോദകം അക്കിക്കറുവ ചതകുപ്പ ഇരട്ടിമധുരം കരയാംപൂ കാവി ഇരുവേലി നറുമ്പശ പാറങ്കി പശുപാശി ചന്ദനം വയമ്പ് വാൽമുളക് ത്രികടു പൊൻകാരം അഞ്ജനക്കല്ല് വജ്രനാകം മനയോല ആശാളി ചാലിയം ഇവ സമം പനിനീരിൽ താൻ കയ്യന്യനീരിൽ താൻ അരച്ചു കുന്നിപ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി ഇരുനാഴി വെള്ളത്തിൽ മൂന്നുകഴഞ്ചു ജീരകം കഷായം വെച്ചു അതിലൊരുഗുളിക ഒരുനേരം കുടിക്ക. വജ്രനാകം എന്നതു വൈരക്കല്ലും നാകവും ആകുന്നു. എന്നൊരു പക്ഷമുണ്ടു.

**ബലാജീരകാദികഷായം**

ബലാജീരകവില്വാബ്ദവൃഷവിശ്വസുരദ്രുമൈഃ
ഗുഹേക്ഷുലാജസഹിതൈർന്നിഷ്കാഥഃ ശ്വാസകാസഹാ 10

കുറുന്തോട്ടി ജീരകം കൂവളത്തിൻവേര് മുത്തെങ്ങാ ആടലോടകം ചുക്ക് ദേവതാരം മൂവ്വിലവേര് നീലക്കരിമ്പ് മലർ ഇവ കഷായം.

ചെറുചീരയതിൻവേരും കുറുന്തോട്ട്യാടലോടകം
അവണക്കിവതൻ മൂലം മുത്തെങ്ങാ ചുക്കു പർപ്പടം 11
ചെറുപൂളയുടെ വേരും രാമച്ചമിരുവേലിയും
ചന്ദനം നൽചൂരത്തണ്ടും മലരെന്നിവയൊപ്പമായ് 12
പാലും കൂട്ടീട്ടു വച്ചുള്ള കഷായം വെന്തതാറിയാൽ
ഏലത്തിന്നരിയും നല്ല ജീരകം കിരിയാത്തതും 13
ആശാളി ഉലുവാ പിന്നെ പാറങ്കിയിവയൊപ്പമായ്
അരച്ചിട്ടു കലക്കീട്ടു പുഴുകും യൊജയേദിഹ 14
പിന്നെസ്സേവിച്ചുകൊണ്ടീടു നല്ലോരൌഷധമാമിത്
വായുക്ഷോഭവുമെക്കിട്ടും ശമിച്ചീടും വിലക്കവും 15

**വിദാര്യാദികഷായം**

ശ്വാസത്തിന്നു വിദാര്യാദികഷായം ഗുണമേറ്റവും
പാൽമുതുക്കാവണക്കിൻവേർ വർഷാഭു ദേവദാരുവും 16
മാഷം കണ്ഡൂകരീ മുല്ഗം കാട്ടുമുല്ല യവാഷവും
കോവൽമൂലം ശതാവേരി ജീവന്തീ ബൃഹതീദ്വയം 17
ഓരിലാ മൂവിലാമൂലം ഗോപാംഗന ഞെരിഞ്ഞിലും
നിലംപരണ്ടയും കൂട്ടു വിദാര്യാദികഷായമാം 18
വിദാര്യാദിരയം ഹൃദ്യോ ബൃംഹണോ വാതപിത്തഹാ
ശോഷഗുന്മാംഗമർദ്ദോർദ്ധ്വശ്വാസകാസഹരോ ഗണഃ 19
പുഴുകു തിരിതെറുത്തു നെയ്യിൽ മുക്കിക്കൊളുത്തി-
പ്പുക പിബതു തദുത്ഥം നാസികായാം ചെലുത്തൂ
പലവഴിയിലെടുത്തങ്ങറ്റമായേ വലിക്കും
പവനവ്യഥകൾ നീങ്ങും സാരമത്യന്തമേതൽ 20
ഇളന്നീർമടലോടങ്ങു പുഴുങ്ങുമ്പോൾ ചുവക്കവെ
എടുത്തുടച്ചുരിയനീർ യവാനീചൂർണ്ണസംയുതം 21

*(യവാനി-ജീരകം)*

സേവിക്കിലുടനേ തന്നെ വായുകോപം ശമിച്ചുപോം
ചുരത്തണ്ടും മാംതിളിരും രാമച്ചമിരുവേലിയും 22
താലപത്രഞ്ചശുണ്ഠീ ച കഴഞ്ചീരണ്ടു കൊള്ളുക
പാലും നീരും കൂട്ടിവെപ്പു കഷായം മൃദുനാഗ്നിനാ 23
ജീരകം മേൻപൊടി കൃത്വാ കുടിച്ചാൽ വായു ശാന്തമാം
ഇക്കിളിന്നും ഗുണം തന്നെ കഷായമിതു പൂജിതം 24
ഇഞ്ചിനീരും കരിമ്പിന്നീർ ഇരുന്നാഴിശ്ശ കൂട്ടുക
ശർക്കരാ രണ്ടു പലവും അതിലങ്ങു കലക്കുക 25
കുറുക്കിശർക്കരാപാകം വരുമ്പോൾ പൊടി തൂകണം
ചുക്കും ജീരകമാശാളി കിര്യാത്തും കണ്ടിവെണ്ണയും 26
ചെന്നിനായകപാറങ്കി കരിംജീരകമെന്നിവ
മുക്കഴഞ്ചീതു കൂട്ടീട്ടു പൊടിച്ചപ്പൊടി തൂളുക 27
ഇളക്കിവാങ്ങിയാറീട്ടു ഉരുട്ടി ഗുളികീകൃതം
കൊടുക്ക വായു ചുമയും ശമിക്കുമിതു നിർണ്ണയം 28
ക്ഷയത്തിനേറ്റവും നന്നു കൈകൊണ്ടോരൗഷധം പരം
ഇന്ദ്രവല്ലിയിടിച്ചിട്ടു മോരുതന്നിൽ പിഴിഞ്ഞതു 29
ഒരിടത്തങ്ങു വച്ചേപ്പു ജീരകം നെയ്യിലാദരാൽ
വറുത്തു നന്നായ് പാകത്തിൽ ഇന്നീരിലതൊഴിച്ചുടൻ 30
അടച്ചു പാതിയാക്കീട്ടു കുറുക്കീട്ടതു വാങ്ങിയാൽ

വറുത്തു ജീരകം നന്നായ് പൊടിച്ചങ്ങതിലിട്ടുടൻ 31
സേവിച്ചീടുക മുമ്മൂന്നു നാഴികയ്ക്കതു സാദരം
വായുക്ഷോഭം ശമിച്ചീടും ഉടനേ നാത്രസംശയഃ 32
നെയ്യതിന്നൊന്നു ചൊല്ലീടാം രഹസ്യം സാരമെത്രയും
ഇന്ദ്രവല്ലിയിടിച്ചിട്ടു മോരും വീഴ്ത്തിപ്പിഴിഞ്ഞതിൽ 33
കിര്യാത്താശാളി കന്നാരം പാറങ്കി ജീരകം തഥാ
സഹസ്രവേധിയും കൂട്ടിപ്പൊടിച്ചങ്ങതിലിട്ടുടൻ 34
ഉള്ളി നന്നായ്തൊലിച്ചിട്ടു നെയ്മൂത്താലതെടുത്തുടൻ
ഇന്നീരൊഴിച്ചടച്ചീടു പാകം സൂക്ഷിച്ചുകൊണ്ടുടൻ 35
വാങ്ങിയാറിക്കുടിച്ചെന്നാൽ വായുക്ഷോഭവുമെക്കിളും
ശമിക്കുമിതു കൈകണ്ടോരൗഷധം ഗുരുണോദിതം 36
ഊരവും വെങ്കുറുന്തോട്ടി കുറുന്തോട്ടിയുമൊപ്പമായ്
കഷായംവെച്ചു സേവിക്ക ജീരകം തത്ര മേമ്പൊടി 37
നീർമാതളം സഹചരം കാണം മുമ്മൂന്നുകൊണ്ടുടൻ
ദേവതാരം കഴഞ്ചാറും കൂട്ടി ക്വാഥവുമത്ഭുതം 38
നന്നു ജീരകദാരുഭ്യാം കഷായം ശ്വസനാശനം

**വിരേചിപ്പാൻ**

ത്രികോല്പക്കൊന്ന നന്നായിപ്പൊടിച്ചു സിതയാന്വിതം 39
ത്രികോല്പക്കൊന്നമൃദ്വീകകൊണ്ടു വെച്ച കഷായകെ
ചേർത്തുകൊണ്ടു കൊടുത്തിട്ടു വിരേചിപ്പിക്കയും ഗുണം 40
കഴുത്തിനുള്ള കീഴേടത്തൊക്കെയും കിഴികാച്ചുക
ചൂർണ്ണം താലീസപത്രാദി കർപ്പൂരാദിയുമത്ഭുതം 41
കാസത്തിന്നു വിധിച്ചുള്ള ലേഹ്യാദികളുമുത്തമം
വിദാര്യാദിഘൃതം നന്നു നന്നു ഗുൽഗുലുതിക്തകം 42
സേവ്യം വൃഷാഘൃതഞ്ചൈവ തപ്തധാരയുമുത്തമം
ഏലത്തരിയഹിഫേനങ്ങൾകൊണ്ടു ഗുളികാ ഹിതാ 43

**ചുമയ്ക്ക്**

ചുമയ്ക്കിൽ ചുമയിൽ ചൊന്നപോലെതന്നെ പുകയ്ക്കണം
ക്ഷാരരാസ്നാദിനൈ സേവ്യം വിദാര്യാദ്യനുപാനമായ് 44
ചാണകം കയ്യിലേറ്റിട്ടു തുണിയിൽ വച്ചു പിഴിഞ്ഞ നീർ
തേനും വീഴ്ത്തിട്ടു സേവിച്ചാൽ ശ്വാസദണ്ഡം ശമിച്ചുപോം 45
ഏഴിലപ്പാലയിലനീർ തേനും വീഴ്ത്തിക്കുടിക്കയും
അതിന്റെ പൂവിലെ നീരിൽ തേനും വീഴ്ത്തിക്കുടിക്കയും 46
കയ്യോന്നിതന്നുടെ നീരും തേനുമായിക്കുടിക്കയും
ഓർമ്മയില്ലാത്ത നേരത്തു പൊടുന്നനെ നടുക്കുക 47
വേട്ടാവെളിയനുണ്ടാക്കും കൂടരച്ചതു നീളമായ്
ഇരിക്കും തുണിയിൽ തേച്ചിട്ടീഴച്ചേമ്പിനുടെ തൊലി 48
തൊട്ടാരത്തൊട്ടിയും കൂട്ടി അതിൽവെച്ചുതെറുത്തതു
കഴുത്തിൽ കെട്ടിയാൽ തീരും ശ്വാസംകൊണ്ടുള്ള സങ്കടം 49
നല്ലമഞ്ഞൾ മയിൽപ്പീലി കൂട്ടിത്തിരിതെറുത്തതു
നെയ്യിൽ മുക്കിക്കൊളുത്തീട്ടു പുകപ്പൂ മൂക്കിൽ വായിലും 50
പാലിൽ സേവിക്ക തുമ്പപ്പൂ തീണ്ടാനാഴിക വെണ്ണയിൽ
മുലപ്പാൽകൊണ്ടു നസ്യഞ്ച കർപ്പൂരംകൊണ്ടുമാമതു 51
വെതുപ്പിയെണ്ണനൈ തേച്ചു നവരക്കിഴികാച്ചുക
പുതുക്കലംപൊടിച്ചിട്ടു മലർത്തവിടുജീരകം 52
പൊടിച്ചു തേനിൽ സേവിക്ക ചൂർണ്ണം മഗധജാദിയും
പഞ്ചമൂലം വലിയതു പാതിശേഷത്തിനൂരവും 53
കുറുന്തോട്ടിയുമായ്വെയ്ക്കും കഷായം ശ്വാസനാശനം
ഗുളത്തിൽ മക്വണം സേവ്യം പിന്നെയിച്ചൊന്നതൊക്കെയും 54
ബലാജീരകമാദിശ്ച കഷായഃ ശ്വാസനാശനഃ

**എക്കിളിന്നു**

മുഞ്ഞ കൊട്ടം കുറുന്തോട്ടി ഏരണ്ഡം ചെറുതേക്കതും 55
ചുക്കുമായിക്കഷായത്താൽ എക്കിളഞ്ചുംശമിച്ചുപോം

**വിലക്കത്തിന്ന്**

ഭാർങ്ങി തിപ്പലിയും മഞ്ഞൾ പൊന്നാവീരം മഹൌഷധം 56
കൊത്തമ്പാലെട ബീജഞ്ച അമൃതോടാടലോടകം
കഷായം വച്ചു സേവിക്കാം ഇവയൊപ്പിച്ചുകൊണ്ടുടൻ 57
എക്കിളും ശ്വാസവും തീരും വിലക്കം മാറുനോവതും
വേള കൈകൊണ്ടു മർദ്ദിച്ചു ചെവിരണ്ടുമടയ്ക്കുക 58
എക്കിട്ടൊഴിയുമെന്നല്ലോ സത്യമാം ഗുരുഭാഷിതം

**കർപ്പൂരാദിപൊടി**

പണത്തൂക്കമതൊന്നാക്കു കർപ്പൂരം പിന്നെ മറ്റവ 59
തക്കോലപ്പുട്ടിൽ ജാതിക്കാ നാഗപ്പൂ വ്യോഷമെന്നിവ
നാലുചീതു കഴഞ്ചാക്കൂ പിന്നെ നന്നായ് പൊടിച്ചതിൽ 60
പഞ്ചസാരയതും കൂട്ടി തേനിൽ സേവിക്ക നിത്യവും
കാസശ്വാസമതും തീരും കർപ്പൂരാദിയതെന്നു പേർ 61
ഉരഃക്ഷതം ക്ഷയം ഛർദ്ദി ചുമയെന്നിവ പോയിടും
ചുക്കും തിപ്പലി നെല്ലിക്കാ സമമായിപ്പൊടിച്ചുടൻ 62
തേനിൽ സേവിക്കിലപ്പോഴെ എക്കിളൊക്കെ ശമിച്ചിടും
മുന്തിരിപ്പഴവും ചുക്കും തേനിൽ സേവിക്കയും ഗുണം 63
അചകിൻ തൊലിയും മുക്കാ കഷായം വെച്ചരിച്ചതിൽ
തേനും വീഴ്ത്തീട്ട് സേവിച്ചാൽ എക്കിളഞ്ചുമൊഴിഞ്ഞിടും 64
ഇന്തുപ്പുനീരിൽ നസ്യം ചെയ്തീടിലെക്കിളൊഴിഞ്ഞിടും
സേവിപ്പിക്കയുമാം മേദ എക്കിൾക്കുപരമൌഷധം 65
മുള്ളൻപന്നിയുടെ മുള്ളും പീലിത്തണ്ടും കരിച്ചുടൻ
പൊടിച്ചു നെയ്യിൽ ഭേദിച്ചു തേപ്പൂ കണ്ഠത്തിലും പുനഃ 66
സേവിപ്പിക്കയുമാം കിഞ്ചിൽ എക്കിളാശു ശമിച്ചു പോം
പീലിച്ചാമ്പലുമില്ലിരക്കരിയുമക്കാർപ്പാസവും മുഞ്ഞയും
ഇഞ്ചിച്ചാറു പിഴിഞ്ഞരച്ചു സുഖമേ മാറത്തു പൂശീട്ടുടൻ
പീലിത്തണ്ടകിൽ ഗുൽഗുലഞ്ച മഹിഷീശൃംഗം കുളമ്പും പശോഃ
കീഴിൽ ചൊന്ന മരുന്നുമായ് പുകയിടപ്പോമെക്കിളോടേങ്ങലും 67

*ഇതി വൈദ്യരത്നമാലികായാം ശ്വാസഹിക്കാചികിത്സാധികാരഃ*

## ***രാജയക്ഷമാലക്ഷണം***

രാജയക്ഷ്മമറിഞ്ഞീടാൻ എത്രയും പണിയായ്വരും
അറിഞ്ഞാലും ശമിപ്പിപ്പാൻ സാദ്ധ്യമല്ലെന്നു വന്നുപോം 1
രാജയക്ഷ്മമതും ശോഷം ക്ഷയവും രോഗരാട്ടതും
രാജാവെന്നതറിഞ്ഞീടു രാജ്യം നാലെന്നപോലെയാം 2
പൂർവരൂപം പറഞ്ഞീടാം എറെയുള്ളതിലൊട്ടു ഞാൻ
അഗ്നിമാന്ദ്യമതുണ്ടാകും മൂളും വായു വയറ്റിലും 3
വണ്ണരണ്ടുമുരുണ്ടീടും ചുഴലും തളരും സദാ
മലം കുറഞ്ഞുപോയീടും മൂത്രമേറ്റമതായിടും 4
കണ്ണുപാരം വെളുത്തീടും ശ്രദ്ധയൊന്നിലുമില്ലയാം
പുളിന്തേക്കലുമുണ്ടാകും വായേറ്റം മധുരിക്കയും 5
ചുമയെപ്പോഴുമുണ്ടാകും ചലത്തെപ്പോലെ തുപ്പിടും
ചുവന്നിട്ടാകിലാം പിന്നെ കറുത്താകിലുമാമത് 6
തലയും മുതുകും മാറും നോകും നെഞ്ചങ്ങിടിക്കയും
നിറം പകർന്നുതോന്നീടും ശരീരം മെലിവായ്വരും 7

ഒച്ചപാരമടച്ചീടും ബലവും കെട്ടു വന്നിടും
പലതുണ്ടിനിയും ചൊൽവാൻ രാജയക്ഷ്മാവിനുള്ളതു 8

*ഇതി വൈദ്യരത്നമാലികായാം രാജയക്ഷ്മലക്ഷണാധികാരഃ*

## *രാജയക്ഷ്മാചികിത്സ*

**ജ്വരം ഒച്ചയടപ്പു മുതലായതിനു**

പത്തിൻവേരുമിടിച്ചിട്ടു പാൽകാച്ചീട്ടൂറവീഴ്ത്തുക
പിന്നെ നന്നായ്ക്കലക്കീട്ടങ്ങുണ്ടായുള്ളൊരു വെണ്ണയിൽ 1
തിപ്പലിപ്പൊടിയും തേനും കൂട്ടിക്കൊണ്ടങ്ങുതിങ്കിലോ
പനിയും തലനോവും പോം ഒച്ചയങ്ങു തുറന്നിടും 2
മാറുനോവതു പോയീടും വിലക്കം ചുമയേങ്ങലും
ദശമൂലമതും പിന്നെ ആടലോടകമൂലവും 3
മുത്തെങ്ങായും പടർച്ചുണ്ട ദേവതാരവുമെന്നിവ
തമിഴാമ കൊടിത്തൂവ ബലയും ചെറുതേക്കതും 4
കാട്ടുവെള്ളരിതൻ വേരും കൊടുവേലിയുമൊപ്പമായ്
കഷായം വെച്ചതാറീട്ടു തേനും കൂട്ടി കുടിക്കണം 5
രാജയക്ഷ്മാ ശമിച്ചീടാൻ എത്രയും നല്ലതാമിത്
ആട്ടിൻപാലു കുറുക്കേണം പത്തിന്റെ വേരുമിട്ടതിൽ 6
തേനും വീഴ്ത്തിക്കുടിച്ചീടിൽ രാജയക്ഷ്മാ ശമിച്ചീടും

**ക്ഷയത്തിന്ന് ഏലാദിചൂർണ്ണം**

ഏലത്തിന്നരിയും നല്ല മധുകം ചുക്കു തിപ്പലി 7
മുസ്തകന്ദമതുമ്പിന്നെ വേപ്പിൻതോലാടലോടകം
ഒപ്പംകണ്ടിവ കൂട്ടേണം പത്തിൻവേരിരുവേലിയും 8
പിന്നെ നന്നായ് കുറുക്കീട്ടു മേമ്പൊടിക്കഥ ചൊല്ലിനേൻ
അരക്കും ജീരകം തേനും പഞ്ചസാരയുമിട്ടതിൽ 9
സേവിച്ചീടിലൊഴിഞ്ഞീടും ക്ഷയവും പനിയും ചുമ
മാറത്തെ നോവു മാറീടും വിലക്കം തലനോവതും 10
ശർക്കരാ മധുസംയുക്തം നവനീതം ലിഹേൽ ക്ഷയീ

(പഞ്ചസാരയും തേനും കൂട്ടി വെണ്ണസേവിക്ക. സിതാശ്വഗന്ധാമഗധോത്ഭവാനാം ചൂർണ്ണം ഘൃതം ക്ഷൌദ്രയുതം പ്രലിഹ്യാത്-അമുക്കുരം തിപ്പലി ഇവ പൊടിച്ചു പഞ്ചസാരകൂട്ടി നേർപ്പിച്ചു നെയ്യും തേനും കൂട്ടി കുഴച്ചു സേവിക്ക)

കരിംപൂരം കുറുന്തോട്ടി ഇഞ്ചികൂവളമെന്നിവ 11
കൂട്ടിവയ്ക്കും കഷായം നന്നധികം ക്ഷയരോഗിണാം
ആടലാടകപത്രസ്യ സ്വിന്നസ്യ സ്വരസത്തില് 12
കാവിമണ്ണു പൊടിച്ചിട്ടു മധുനാ സഹ ലേഹയേൽ
വിദാര്യാദികഷായത്തിലുണ്ടാക്കും വില്വലേഹ്യവും 13
പൊന്നാവീരം ചെറുവഴുതിനവാശയിവറ്റിലെ
വെരെട്ടെട്ടു പലം വെച്ചിട്ടുണ്ടാക്കും വില്വലേഹ്യവും 14
തുലാമൂരത്തിലേ വേരിൻ ക്വാഥേ കുശ്മാണ്ഡലേഹ്യവും
വിദാര്യാദിയുമിച്ചൊന്നതൊക്കയുംക്ഷയനാശനം 15
ആടലോടകം നല്ല കണ്ടകാര്യമൃതെന്നിവ
കഷായം വെച്ചതിൽകൂടെ പഴേ കുശ്മാണ്ഡസാരവും 16
ശശവാശാഘൃതത്തിന്റെ കല്ക്കം കൂട്ടിപചിച്ചു നൈ
ക്ഷയത്തിന്നെത്രയും നന്നു സേവിച്ചാൽ ശമനം വരും 17
മുയലാടെന്നിവറ്റിന്റെ കഷായത്തിലുമിങ്ങിനെ
കാച്ചിയുണ്ടായ്വരും നെയ്യും ക്ഷതക്ഷയകരം പരം 18
ഒരു മുള്ളന്റെ മുള്ളൊക്കെ പറിച്ചൊരു കുടത്തില്

ഇട്ടടച്ചിട്ടു മൺതേച്ചു കുഴിയിൽ വച്ചിട്ടു ചുട്ടതു 19
വെന്താലെടുത്തു ജാതിക്കാ കരയാംപൂവു തിപ്പലീ
ഇവ കൂട്ടിപ്പൊടിച്ചിട്ടു ഗുളേ സേവിക്കയും ഗുണം 20
പൊന്നാവീരത്തിലേ വേരും ദശമൂലഞ്ച ചവ്യവും
ആടലോടകവും മുസ്താ ദേവതാരവുമൊപ്പമായ് 21
കഷായം വെച്ചതിൽ പിന്നെ ചെറുതേക്കു കടുത്രയം
ജാതിക്കാ കരയാംപൂവും ചതുർജ്ജാതവുമേലവും 22
കൊത്തമ്പാലരിയും മുസ്താ ജീരകം പശുപാശിയും
മൂന്നുചീതു കഴഞ്ചാക്കീട്ടെടുത്തിട്ടു പൊടിച്ചതും 23
ചേർത്തു ശർക്കരയും കൂട്ടീട്ടിളം പാകത്തിലങ്ങനെ
ലേഹ്യം ചമച്ചു സേവിക്കാം അതുകൊണ്ടുള്ള നെയ്യുമാം 24
മേൽക്കു തേപ്പാൻ ക്ഷീരബല നന്നു ലാക്ഷാദിയെണ്ണയും
പിന്നെ ബലാശ്വഗന്ധാദി എണ്ണയും ഗുണമായ്വരും 25

**ശോഷത്തിന്ന്**

**നിംബാമൃതാദികഷായം**

നിംബാമൃതാപടവലം ചെറുതേക്കുചോരം
നൽക്കാസഹാ വഴുതിനാ മുകിൽദാരുവിശ്വൈഃ
വാശാത്രികണ്ടകയുതം സദൃശം കഷായം
സംശോഷയേൽ സപദി ശോഷമശേഷമേവ 26

*(ചി.ക്രമം രാജയക്ഷ്മാ-10. യോഗാമൃതവും നോക്കുക)*

**താലീസപത്രാദിചൂർണ്ണം**

താലീസപത്രം മരിചം പൃഥഗർദ്ധപലം ഭവേൽ
ദ്രാക്ഷായാർദ്ധപലം തദ്വൽ പരൂഷകതുകാഹ്വയോഃ
ബലാചൂർണ്ണഞ്ച പലികം പിപ്പല്യാശ്ച ഭവേൽ പലം 27
ഭാർങ്ഗീപലത്രയഞ്ചൈവ സൂക്ഷ്മചൂർണ്ണാനി കാരയേൽ
മധുനാ വിലിഹേൽ പ്രാതഃ ശോഷത്തിന്നേറെ നന്നിതു 28

(താലീസപത്രം കുരുമുളകു മുന്തിരിപ്പഴം ചിറ്റീന്തൽവേര് കൂവനൂറ് ഇവ അരയരശ്ശപലം കുറുന്തോട്ടിവേര് തിപ്പലി ഇവ ഓരോ പലം ചെറുതേക്ക് മൂന്നുപലം എല്ലാം ഉണക്കിപ്പൊടിച്ചു ശീലപ്പൊടിയെടുത്തു തേനിൽ എതിരേ സേവിക്ക)

**അമൃതാദശമൂലാദികഷായം**

അമൃതാദശമൂലദാരുഭാർങ്ഗീ-
വൃഷവൃശ്ചീവപയോദധന്വയാഷൈഃ
സബലൈശ്ചിരുവില്വപഞ്ചകോലൈ-
ർമ്മധുനാ ഹന്തി നൃപാമയഃ കഷായഃ 29

(അമൃത് ദശമൂലം ദേവതാരം ചെറുതേക്ക് ആടലോടകം തമിഴാമ മുത്തങ്ങ കൊടിത്തൂവ കുറുന്തോട്ടി ആവിൽത്തൊലി പഞ്ചകോലം ഇവ കഷായം തേൻ മേമ്പൊടി)

**കാന്തലോഹം**

ഒന്നുകൊണ്ടും ശമിയ്ക്കായ്കിൽ കാന്തലോഹം ചമയ്ക്കണം
കാന്തം പത്തുപലം കൊണ്ടു പൊടിചെയ്തതിനെപ്പുനഃ 30
ഭൃംഗരാജരസം തന്നിൽ ദിനമേഴു കിടക്കണം
പിന്നെയന്നതെടുത്തിട്ടു പാത്തിതന്നിലുലർത്തണം 31
പഞ്ചമിശ്രമതും കൂട്ടി ഒക്കെയങ്ങൊരുമിക്കണം
പലം രണ്ടതു കൊള്ളേണം വെള്ളാരംകൽ പൊടിച്ചതും 32
വൈക്കോൽ ചുട്ടതളന്നിട്ടു മൂഴക്കു കരി കൂട്ടുക
ഒക്കെക്കൂട്ടിയിളക്കീട്ടു വയ്പ്പൂ തൻപൊടി പിന്നെയും 33
കോഷ്ഠായന്ത്രമതുണ്ടാക്കി ഉലരണ്ടതു വച്ചുടൻ
അതിൽവച്ചതുമന്നേരം കിട്ടൻ വേർപെട്ടിരിപ്പതു 34
പഞ്ചമിശ്രംപറഞ്ഞില്ല ഗുരുവിങ്കേന്നു കേൾക്കണം
ഉത്തരാദിക്കലല്ലാതെ കേരളത്തിങ്കലില്ലതു 35

കാച്ചിത്തട്ടിയുരുട്ടീട്ടു കിണ്ണമായിട്ടുതീർക്കണം
കാന്തലോഹമിതെന്നല്ലോ നാമമപ്പോളതിന്നു കേൾ 36
അതിൽ പാല് കുറുക്കേണം സേവിപ്പാനതു നിത്യമായ്
തികൾപ്പില്ല തിളക്കുമ്പോൾ കണ്ടുകൊൾവിതു ലക്ഷണം 37
അതുകൊണ്ടു ശമിച്ചീടും രാജയക്ഷ്മഞ്ചശൂലയും
പ്രമേഹം ഗുൽമവും പിന്നെ അർശസ്സുംപുനരാന്ത്രവും 38
കാസശ്വാസക്ഷയം ഛർദ്ദി ഭക്തരോധവുമെന്നിവ
ശമിച്ചീടുമിതെന്നല്ലോ ഗുരുവിങ്ങരുൾ ചെയ്തതും 39

**ബലാശ്വഗന്ധാദികുഴമ്പ്**

അമുക്കുരം ബലാമൂലം അരത്തയിവയൊപ്പമായ്
കഷായം വച്ചരിച്ചിട്ടു എണ്ണയും കൂട്ടി വച്ചതിൽ 40
മൂന്നൊന്നു തയിരും ചേർത്ത് എണ്ണയിൽ പാതി നെയ്യതും
കൽക്കത്തിന്നു കുറുന്തോട്ടി അരക്കും ചന്ദനം തഥാ 41
അമുക്കിരമതും കൂട്ടു മഞ്ഞളും കണ്ടകാരിയും
പെരുംകുരുമ്പ മഞ്ചട്ടി മധുകം ദേവതാരവും 42
പാറവള്ളിയുടെ മൂലം രാമച്ചമിവയൊപ്പമായ്
നേരേ നന്നായരച്ചിട്ടു കല്ക്കം കൊണ്ടതു കാച്ചുക 43
പാകം സൂക്ഷിച്ചരിച്ചിട്ടു മേലേയ്ക്കുള്ള കുഴമ്പതു
രാജയക്ഷ്മാ ശമിച്ചിടും പനിയും മെലിവും തഥാ 44
ഉരഃക്ഷതമതും പിന്നെ കാസശ്വാസവുമേങ്ങലും
ബലാശ്വഗന്ധാദിയെന്ന കുഴമ്പെന്നങ്ങിതിന്നു പേർ 45
നാല്പാമരക്കഷായത്തിൽ അരക്കരച്ചുചേർത്തതിൽ
കാച്ചുന്നയെണ്ണയും നന്നു മേല്ക്കു പിന്നെപ്പനിക്കിലോ 46
അരയാലിലയും വിഷ്ണുക്രാന്തി പൂവൻകുറുന്തലു
രാമച്ചത്തിൻ കഷായഞ്ച ചേർത്തുകൊണ്ടിട്ടു കാച്ചുക 47
തലയ്ക്കുളെള്ളണ്ണ കാച്ചുമ്പോൾ ബലാധാത്ര്യാദി വേണ്ടതും
അതിന്റെ യോഗവും ചൊല്ലും ശിരോരോഗചികിത്സയിൽ 48

**പഞ്ചാജകംനെയ്യ്**

നെയ്യും നാനാഴി കൊണ്ടീടു പാലും തൈരുമൊപ്പമായ്
മൂത്രം നാനാഴി കൊണ്ടീടു പുരീഷമിരുനാഴിയും 49
ഈവണ്ണം കണ്ടുകൊള്ളേണം ആട്ടിന്റേതിവായൊക്കയും
ഇന്തുപ്പു കൽക്കമായിട്ടു കാച്ചിക്കൊണ്ടതരിച്ചുടൻ 50
സേവിച്ചാലൊഴി വന്നീടും ക്ഷയവും രാജയക്ഷ്മവും
പഞ്ചാജകമിതെന്നല്ലോ നാമം കാസഹരം പരം 51
വിരേചിപ്പിക്ക ചെയ്യല്ലോ രാജയക്ഷ്മത്തിനൊട്ടുമേ
മലമേറ്റമൊഴിഞ്ഞീടിൽ മരണം തസ്യ നിശ്ചയം 52

**അശ്വഗന്ധാദിഘൃതം**

അമുക്കിരം ബലാമൂലം ജീവന്തി നറുനീണ്ടിയും
അമൃതും കൂട്ടിയൊപ്പിച്ചു കഷായം വെച്ചരിച്ചതിൽ 53
നെയ്യും കൂട്ടീട്ടു വെച്ചേപ്പൂ പാലും നെയ്യിലിരട്ടിയായ്
മുക്കാ ചന്ദനവും പിന്നെ തിപ്പലി മുന്തിരിപ്പഴം 54
മഞ്ചട്ടിപ്പൊടിയും കൂവ മധുകം ദേവതാരവും
പതുമുകമതും കൊൾവൂ യവാഷം തമിഴാമയും 55
വിടയം പാടതൻ മൂലം ചെറുതെക്കാടലോടകം
ഇരുവേലീ ച രാമച്ചം ചുക്കുമെന്നിവയൊപ്പമായ് 56
തൂക്കി നന്നായ് ചതച്ചിട്ടു കാച്ചിക്കൊണ്ടതരിക്കണം
കാലത്തായതും സേവിച്ചാൽ രാജയക്ഷ്മാ ശമിച്ചുപോം 57
ക്ഷയവും പനിയും പിന്നെ രക്തപിത്തം വിസർപ്പവും
മെലിവും കാമിലാ പിത്തം കാസശ്വാസം പ്രമേഹവും 58
ഇവയൊക്കെശ്ശമിച്ചീടാൻ എത്രയും നല്ല നെയ്യിതു

അശ്വഗന്ധാദിഘൃതമെന്നിതിന്റേ പേരുമിങ്ങിനെ 59
മുക്കാപ്പീരമതിൻ പത്രം മുക്കുടിക്കതു കൊള്ളുക
ഇവയെല്ലാം പ്രയോഗിച്ചാൽ രാജയക്ഷ്മാ ശമച്ചുപോം 60

ഇതി വൈദ്യരത്നമാലികായാം രാജയക്ഷ്മാചികിത്സാധികാരഃ

## ഉരഃക്ഷതലക്ഷണം

ഉരഃക്ഷതമ്മതെന്നുണ്ട് ചോര ഛർദ്ദിക്കയായതു
ഒന്നിലും മൂന്നിലും പിന്നെ അഞ്ചിലും മരണം വരും 1
നെഞ്ചു നേരേ പിളർന്നിട്ടു ഛർദ്ദിക്കും ചോരകട്ടയായ്
വായും മൂക്കുമടച്ചിട്ടു വീർപ്പു പോകാതെ വന്നിടും 2
അന്നുതന്നെ മരിച്ചീല എന്നുതന്നങ്ങിരിക്കിലോ
രണ്ടാമൂഴമടുക്കുമ്പോൾ മൃത്യുവില്ലെന്നു നിർണ്ണയം 3
നാലാമൂഴവുമില്ലല്ലോ അഞ്ചിലേറ്റമിരുന്നിടാ
കാന്തലോഹമതില്ലായ്കിൽ നിർത്തീടാവതുമല്ലത് 4

ഇതി വൈദ്യരത്നമാലികായാം ഉരഃക്ഷതലക്ഷണാധികാരഃ

## ഉരഃക്ഷതചികിത്സ

ഉരഃക്ഷരത്തിന്നു തുലാമൂരത്തിൻ വേർ വഹേ ജലേ
വെച്ചിട്ടെട്ടൊന്നു ശേഷിച്ചാൽ പിഴിഞ്ഞിട്ടരിച്ചുടൻ 1
തയിർനീരും വിദാര്യാദികൽക്കവും ചേർത്തുകൊണ്ടതിൽ
ഘൃതം പ്രസ്ഥം പചിച്ചിട്ടു സേവിച്ചാൽ പോമുരഃക്ഷതം 2
പാരം പഴതായുള്ള കുശ്മാണ്ഡത്തിൻ കഷായവും
ശശവാശാഘൃതത്തിന്റെ കൽക്കവും തയിർനീരുമായ് 3
ഘൃതം പ്രസ്ഥം പചിച്ചിട്ടു സേവിച്ചാൽ പോമുരഃക്ഷതം
ഈ ഘൃതം പാലുകൂട്ടീട്ടും കൂടാതെയും പചിക്കിലാം 4
അരക്കുപൊടി കൽക്കണ്ടം കൂട്ടി സേവിക്കയും ഗുണം
കോലരക്കിന്റെ പൊടിയിൽ പാതി പാല്പൊടിയായതിൽ 5
പാതി കാവിയതിൽ പാതി കൽക്കണ്ടുമിവയിങ്ങനെ
കൂട്ടിപ്പൊടിച്ചു തയിർനീർ കൂട്ടിസ്സേവിക്കയും ഗുണം 6
തേപ്പാൻ ക്ഷീരബലാതൈലം നന്നു ശുദ്ധബലാ തഥാ
പിന്നെ ബലാശ്വഗന്ധാദി മേൽക്കു തേപ്പാനുമത്ഭുതം 7
ഇതിന്റെ യോഗവുംമേലിൽ ചൊല്ലും വാതചികിത്സയിൽ
അരക്കുപൊടി സേവിക്ക മധുനാ തിലജേന വാ 8
നന്നാറി കൂവളത്തിൻവേർ ആറ്റുദർഭ ബലാത്രയം
ഊരവും വെൺകുറുന്തോട്ടി കുറുന്തോട്ടി കടുത്രയം 9
കൂട്ടിവെച്ച കഷായത്തെ എണ്ണ മേൻപൊടിയായ് പിബേൽ
മുതക്കിന്റെ കഷായത്തെ സിതാ മേൻപൊടിയായ് പിബേൽ 10
വിലപത്രം പൊടിച്ചിട്ടു സേവിപ്പൂ പഞ്ചസാരയിൽ
വെതുപ്പിയെണ്ണനൈ തേച്ചു പാത്തി തന്നിൽ കിടത്തണം 11
രോഗിക്കു ബലമുണ്ടെങ്കിൽ ധാരവേണം യഥാബലം
നെല്ലിക്കാപൊടിയും നല്ല നിശാചൂർണ്ണവുമൊപ്പമായ് 12
ലിഹതാ സിതയാ സാർദ്ധം ഉരഃക്ഷതമൊഴിഞ്ഞുപോം
കുഴമ്പും ധാരയും നെയ്യും മുറിക്കുള്ളതുപോലെയാം 13
അതുകൊണ്ടുമതുണ്ടാക്കി സേവിച്ചീടുക നല്ലതു
മർമ്മത്തിന്നു ചികിത്സിപ്പാൻ മേലിൽ വേണ്ടതു ചൊല്ലിടും 14

അതുകൊണ്ടു ചികിത്സിച്ചാൽ ഇതുമങ്ങു ശമിച്ചിടും 15

ഇതി വൈദ്യമാലികായാം ഉരഃക്ഷതചികിത്സാധികാരഃ

## സ്വരസാദലക്ഷണം

സ്വരസാദങ്ങളാറല്ലോ ദോഷമോരോന്നിനാൽ പുനഃ
മൂന്നുമൊത്തും ക്ഷയംകൊണ്ടും മേദസ്സാലുമതിങ്ങനെ 1
വാതത്താലുള്ളതെന്നാകിൽ ഒച്ചയോരോന്നതായ്‌വരും
കഴുത്തിൽ പിന്നെ നെല്ലോവു കുത്തുന്നുവെന്നുതോന്നിടും 2
പിത്തം മുഴുത്തിട്ടെന്നാകിൽ ചൂടുംദേഹം മെലിഞ്ഞിടും
ഘണ്ടാനാദങ്ങൾ പോൽ തോന്നും കഫത്താലുള്ളതാകിലോ 3
ക്ഷയാലാകിലുരുമ്മീടും പുകഞ്ഞിട്ടുമിരുന്നിടും
മേദസ്സാലുള്ളതെന്നാകിൽ ശ്ലേഷ്മത്താലുള്ളലക്ഷണം 4
വാക്കു കേട്ടാൽ തിരിഞ്ഞീടും ഏറ്റമൊന്നതു കണ്ടുകൊൾ
ദോഷങ്ങൾ മൂന്നുമൊത്തിട്ടും മേദോദോഷാൽ ഭവിച്ചതും 5
അസാദ്ധ്യമെന്നു വന്നീടും മറ്റു നാലും ശമിച്ചുപോം 6

ഇതി വൈദ്യമാലികായാം സ്വരസാദലക്ഷണാധികാരഃ

## സ്വരസാദചികിത്സ

ചുക്കും തിപ്പലിയും പിന്നെ വാശാമൂലമരത്തയും
പത്തിൻവേരകിലും കൊള്ളൂ തൂക്കിയൊപ്പം വരുത്തണം 1
കഷായം വെച്ചതാറീട്ടു തേനും കൂട്ടിക്കൊടുക്കണം
സ്വരസാദമൊഴിഞ്ഞീടും ഒച്ചയും തെളിവായ്‌വരും 2
മുന്തിരിങ്ങാപ്പഴം തന്നെ തിപ്പലീയാടലോടകം
ഇരുവേലിയതും കൂട്ടി കഷായം സ്വരസാദനുൽ 3
ഏലത്തിന്നരിയും നല്ല ലവംഗത്തൊലി പച്ചില
ബൃഹതീമൂലവും ചുക്കും മുളകും നല്ല തിപ്പലി 4
ചെറുതേക്കതുമൊപ്പിച്ചു കഷായം കുടിചെയ്കിലോ
കഫത്താലുളവായുള്ള സ്വരസാദം ശമിച്ചുപോം 5
കർപ്പൂരാദിയതാം ചൂർണ്ണം താലീസാദ്യഞ്ച ശീലയേൽ
കാസശ്വാസക്ഷയവിധൌ ബലാതൈലഞ്ച യോജയേൽ 6
അഗ്നിജിഹ്വാ വചാ വാശാപിപ്പല്യോ വിശ്വഭേഷജം
ഹരിദ്രാ മധുകം കുഷ്ഠം സൈന്ധവം ദശമം ഘൃതം 7
സ്വരോപഘാതീ ലിഹ്യാത്തു കിന്നരൈസ്സഹ ഗീയതേ

ചേർക്കുരു ചുട്ടഭസ്മം വയമ്പു ആടലോടകം തിപ്പലി ചുക്കു വരട്ടുമഞ്ഞൾ ഇരട്ടിമധുരം കൊട്ടം ഇന്തുപ്പ് ഇവ പൊടിച്ചു നെയ്യിൽ സേവിക്ക.

വറുത്തു നെല്ലിതൻ പത്രം ബന്ധുജീവസ്യ പത്രവും 8
പൊടിച്ചു തേനിൽ നക്കീടിൽ തുറക്കും നാദമുച്ചകൈഃ 9

ഇതി വൈദ്യമാലികായാം സ്വരസാദചികിത്സാധികാരഃ

# അരോചകാധികാരഃ

## അരോചകലക്ഷണം

അരോചകങ്ങളഞ്ചുണ്ട് വാതപിത്തകഫങ്ങളാൽ

വെവ്വേറെ മൂന്നുമൊന്നായും അന്തസ്താപവുമിങ്ങിനെ 1
രുചിയൊന്നിലുമില്ലതാം ചോറു വേണ്ടാതെ വന്നിടും
വാതത്താൽ വാ ചവർത്തീടും പിത്തതാൽ കയ്പതായ് വരും 2
കഫത്താൽ മധുരിച്ചീടും ഈവണ്ണം കണ്ടുകൊള്ളുക 3

*ഇതി വൈദ്യമാലികായാം അരോചകലക്ഷണാധികാരഃ*

## അരോചകചികിത്സ

മാവിൻ തളിരതിൻ ഞെട്ടും കൂവളം മാതളങ്ങളും
ഇഞ്ചിയും മലരും പിന്നെ ചതച്ചിട്ടു സമങ്ങളായ് 1
കഷായം വെച്ചു സേവിച്ചാൽ ചോറിങ്കൽ ശ്രദ്ധവന്നിടും

**വാതാരുചിക്ക്**

അരേണുകമതും പിന്നെ തിപ്പലി ചുക്കരത്തയും 2
ഇന്തുപ്പും വ്ളാലരീയേലം കായവും ചെറുതേക്കുമായ്
ചവർക്കാരമതും കൂട്ടി പൊടിപ്പൂ പൊടി നേരതായ് 3
പിന്നെ നെയ്യിൽ കുഴച്ചിട്ടു സേവിപ്പൂ രണ്ടു നേരവും
വാതത്താലുളവായുള്ള അരുചിക്കിതു കൊള്ളുക 4

**പിത്താരുചിക്ക്**

പിത്തജാരുചിയെന്നാകിൽ ഘൃതവും പഞ്ചസാരയും
ഇന്തുപ്പും തേനതും കൂട്ടിക്കുഴച്ചങ്ങു വിഴുങ്ങുക 5
കാട്ടുതിപ്പലിതൻ വേരും കൂവളം ചുക്കു തിപ്പലി
കാട്ടിലേമുളകിൻ വേരും മുളകെന്നിവയൊപ്പമായ് 6
കഷായം വെച്ചു സേവിച്ചാൽ ഊണിങ്കൽ ശ്രദ്ധവന്നിടും

**ഡാഡിമാദിലേഹ്യം**

മാതളങ്ങായുടെയല്ലി ചുക്കു തിപ്പലിയെന്നിവ 7
പലമോരോന്നുകൊണ്ടിട്ടു മുളകാറുകഴഞ്ചതും
ഇവയൊക്കെപ്പൊടിക്കേണം എൺപലം പഞ്ചസാരയും 8
പഞ്ചസാര പചിച്ചിട്ടു പാകത്തിൽ പൊടിയിട്ടതിൽ
വിരകും പാകമാം നേരം ഉരുട്ടിക്കൊണ്ടു തിങ്കിലോ 9
അരുചീ പീനസം പോകും ദീപനം വന്നുകൂടിടും
ഡാഡിമാദിയിതെന്നല്ലോ ചൊല്ലീടുന്നു ഭിഷക്കുകൾ 10

**മുക്കുടി**

ഇഞ്ചി തിപ്പലി ഇന്തുപ്പ് മാതളങ്ങേടെയല്ലിയും
മുളകും മഞ്ഞളും പിന്നെ മാന്തളിർ മാങ്ങനാറിയും 11
ചെറുവഴുതിനയും പിന്നെ ജീരകഞ്ചാജമോജവും
ഇവയൊക്കെയുമൊപ്പിച്ചു നെയ്യിലിട്ടു വറുക്കണം 12
കരിഞ്ഞീടാതെ വെവ്വേറെ വാങ്ങി നന്നായരച്ചതു
മോരിൽ വെച്ചു കുറുക്കേണം കൂട്ടിക്കൊള്ളിതു മുക്കുടി 13
അഞ്ചും ശമിക്കുമരുചി അഗ്നിവർദ്ധനമായ്‌വരും
കദളീകന്ദഭൂതാലം കാട്ടുതിപ്പലി കൂവളം 14
കരിമ്പു മൂവിലാ തെച്ചി തേഷാം ക്വാഥേ ഘൃതം പചേൽ
ഇഞ്ചി മാതളനാരങ്ങ മായൂരീ മാങ്ങനാറിയും 15
വേതസാമ്ലം പിഴിഞ്ഞുള്ള രസേ ച പയസാ സഹ
തുവർച്ചില ചവർക്കാരം മുകിൽ മുക്കടു ദീപ്യകം 16
ചന്ദനം ജീരകം യഷ്ടി ധാന്യം മുന്തിരികപ്പഴം
കൽക്കമിട്ടു വിപകന്തൽ അരോചകവിനാശനം 17
മാവിന്റെ തളിരിൻ ഞെട്ടും കരിമ്പും മലരിഞ്ചിയും
വിലവേരെന്നിവറ്റിന്റെ ക്വാഥം മധുസിതായുതം 18
നാരങ്ങയല്ലിയും കൂട്ടി സേവ്യം രുചികരം പരം

ഇഞ്ചിനീരിൽ കരിമ്പിൻ നീർ കൂട്ടിച്ചെയ്‌വൂ കവിൾക്രിയാ 19
കാട്ടുതിപ്പലി വാരാഹി കദളീമാണമിഞ്ചിയും
കരിമ്പിൻ നീരിൽ വറ്റിച്ചു നൈക്കലത്തിൽ കുറേക്കുറെ 20
വറുത്തു ജീരകംകൂട്ടീട്ടുള്ള മുക്കുടിയും ഗുണം
ഇവ തന്നെ കഷായം വച്ചതിൽ കാച്ചുന്ന നെയ്യുമാം 21
കർപ്പൂരാദിമരുന്നൊക്കെ കൽക്കം ചേർത്തിട്ടു കാച്ചുക
കൂട്ടുന്നൂ വില്വലേഹ്യത്തിൻ മരുന്നിതിനു കേചന 22
ഇഞ്ചിയും നല്ല മാങ്ങാനാറിയും കൂട്ടീട്ടു മുക്കുടി
നല്ല മാതളനാരങ്ങാ താളിമാതളനാരകം 23
കാച്ചനാരങ്ങയും മാങ്ങാനാറിയും ചേർത്തിടിച്ചുടൻ
പിഴിഞ്ഞുള്ള രസേ പാലും ചേർത്തു കാച്ചുന്ന നെയ്യുമാം 24
അരുചിമനലമാന്ദ്യം പീനശ്വാസകാസാൻ
ഉദരമുദരദോഷാനാശുഹന്യാദശേഷാൻ
ജനയതി തനുകാന്തിം ചിത്തനേത്രപ്രസാദം
പലപരിമിതി നിസ്ത്വക് ശുദ്ധശുണ്ഠീകഷായഃ 25
(പന്ത്രണ്ട്കഴഞ്ച് നല്ല ചുക്കുകൊണ്ടൊരു കഷായം)

ഇഞ്ചി രണ്ടുപലം നെയ്യിൽ വറുത്തു പൊടിചെയ്തതും
ഉരിജ്ജീരകവും ലാജം സമമാക്കി പൊടിച്ചതും 26
ഒരിടത്തങ്ങു വച്ചേപ്പു ശർക്കരാ ച പലദ്വയം
രണ്ടിടങ്ങഴി വെള്ളത്തിൽ കുറുക്കു പാകമാമ്പ- 27
ഴിപ്പൊടിയും കൂടെയിട്ടിട്ടു ഇളക്കിപ്പാകമാമ്പഴ്
തീകുറച്ചതെരി(ള)ക്കെണം വാങ്ങിയാറിയുരുട്ടുക 28
നെല്ലിതൻ കായൊടൊപ്പിച്ചു പിന്നെസ്സേവിച്ചുകൊള്ളുക
രുചിനന്നായിവന്നീടും അഗ്നിദീപനവും വരും 29

*ഇതി വൈദ്യമാലികായാം അരോചകചികിത്സാധികാരഃ*

## ഭക്തരോധചികിത്സ

പഞ്ചാനാം പഞ്ചമൂലാനാം കഷായേണ ശൃതം പയഃ
ആജം മധുസിതായുക്തം ഭക്തരോധനിരോധനം 1
പഞ്ചമൂലങ്ങളഞ്ചുംകൊണ്ടാട്ടിൻ പാലുകൂട്ടിക്കഷായം. തേനും പഞ്ചസാരയും മേമ്പൊടി.

തവിഴാമയുടെ വേരും ചുക്കുമേരണ്ഡമൂലവും
ഞെരിഞ്ഞിലും ബലാമൂലം ഇവയൊപ്പിച്ചുകൊണ്ടുടൻ 2
ആട്ടിൻപാൽ കൂട്ടി വെച്ചുള്ള കഷായത്തിലാദരാൽ
തേനും സിതയുമിട്ടിട്ടു സേവിച്ചീടുകയെങ്കിലോ 3
ഭക്തരോധം ശമിപ്പിക്കും തിമിരം ഭാസ്കരോ യഥാ
വാതഘ്നതൈലൈരഭ്യംഗഃ സ്നിഗ്ദ്ധസ്വേദഞ്ച ശീലയേൽ 4
കർപ്പൂരാദി തഥാ ചൂർണ്ണം താലീസാദ്യഞ്ച യോജയേൽ
കുശ്മാണ്ഡലേഹ്യം കാസോക്തം രാസ്നാദിക്വാഥമേവ ച 5
ധാന്വന്തരം ബലാതൈലം ഏവം വക്ഷസി ധാരയേൽ
യഷ്ടീമധൂകനിഷ്ക്വാഥേ ദ്രാക്ഷാകൽക്കം പയോയുതം 6
ഘൃതം പ്രസാധിതം പീതം ഭക്തരോധഗദാപഹം
ഇരട്ടിമധുരം കഷായത്തിൽ മുന്തിരിങ്ങാപ്പഴം കല്ക്കവും പാലും ചേർത്തു നൈകാച്ചിക്കൊണ്ടു സേവിക്ക
ഭക്തരോധഗദത്തിങ്കൽ ചെയ്യാം ഛർദ്ദിചികിത്സയെ 7

*ഇതി വൈദ്യമാലികായാം ഭക്തരോധചികിത്സാധികാരഃ*

## കഫപ്രസേകചികിത്സ

**പ്രസേകലക്ഷണം**

ശ്ലേഷ്മം വർദ്ധിച്ചതിൽ പിന്നെ വായു കൂടുകിലഞ്ജസാ
കഫപ്രസേകമെന്നുള്ള പേരതിന്നുളവായ്‌വരും 1

**അതിന്നുചികിത്സ**

ത്രികടു പഥ്യയുംകൂട്ടി കഷായം സേവയേൽ പുനഃ
കുര്യാൽ കാസാരുചിഛർദ്ദിചികിത്സാഞ്ച പ്രസേകിനഃ 2

*ഇതി വൈദ്യമാലികായാം കഫപ്രസേകചികിത്സാധികാരഃ*

## ഛർദ്ദിലക്ഷണം

ഛർദ്ദിയഞ്ചുണ്ടു ദോഷങ്ങൾ വെവ്വേറെയൊത്തുകൂടിയും
അറപ്പുള്ളവ കണ്ടിട്ടും ഇങ്ങനെയഞ്ചുജാതിയാം 1
ഉദാനവായു കോപിച്ചിട്ടുണ്ടാകുന്നിതു ഛർദ്ദിയും
വാതത്താലുളവായുള്ളതെങ്കിൽ വ്‌ളാക്കോലു നൊന്തിടും 2
നാഭിയും മുതുകും നോവും ചവർക്കും വായതെപ്പൊഴും
ആഹാരമിവ മേൽപോട്ടു തള്ളീടുമിവ ലക്ഷണം 3
പിത്തംകൊണ്ടുള്ള ഛർദ്ദിക്ക് ക്ഷാരനീർപോലെ കണ്ടിടും
മഞ്ഞൾതൻ നിറവും കാണാം പച്ചരക്തമിവാകിലാം 4
പുളിച്ചിട്ടങ്ങു തോന്നീടും ഛർദ്ദിച്ചീടുന്ന നീരതു
എരിവും ചൂടുമായീടും ഇങ്ങനെ പിത്തലക്ഷണം 5
സ്നിഗ്ദ്ധമായിക്കൊഴുത്തിട്ടു കുളുർപ്പും ചില ശ്ലേഷ്മവും
മധുരിച്ചിട്ടു തോന്നൂലും ഉപ്പിച്ചീടുകിലും തഥാ 6
ഛർദ്ദിയേറ്റമതായീടും കൊൾമയിർക്കൊണ്ടിരുന്നിടും
ഈവണ്ണം ലക്ഷണം കാൺകിൽ കഫത്താലുള്ള ഛർദ്ദിയാം 7
മൂന്നുദോഷവുമൊത്തിട്ടു ഛർദ്ദിയെന്നങ്ങിരിക്കിലോ
ലക്ഷണം മൂന്നുമൊത്തീടും സാദ്ധ്യമല്ലതു നിർണ്ണയം 8

*ഇതി വൈദ്യമാലികായാം ഛർദ്ദിലക്ഷണാധികാരഃ*

## ഛർദ്ദിചികിത്സാ

ഛർദ്ദിയുള്ളജനത്തിന്ന് മലർപ്പൊടികൊടുക്കണം

**വില്വധാന്യകമാദികഷായം**

വില്വമൂലം ബലാമൂലം കൊത്തമ്പാലരി മുൽഗവും 1
ചുക്കും മലരുമായിട്ടു കഷായം വെച്ചരിച്ചതിൽ
പഞ്ചസാരയുമിട്ടിട്ടു സേവിച്ചാൽ ഛർദ്ദി നിന്നിടും 2
വില്വാദിയെന്ന പേരല്ലോ ദോഷമൊക്കെ ശമിച്ചിടും
ജീരകത്തൊടുകൂട്ടീട്ടു വില്വധാന്യകമാദിയെ 3
വറുത്തിട്ടു ചുവക്കുമ്പോൾ ഇളനീർവീഴ്ത്തിയപ്പോഴെ
വാങ്ങിക്കൊണ്ടതരിച്ചിട്ടു സിതയും ചേർത്തു പായയേൽ 4

പുഴുകും മലർപ്പൊടിയും സമം തിരിയാക്കി നെയ്യിൽകൊളുത്തി പുകവലിക്ക. വില്വവേർ മലർചന്ദനം ഇവ പാലിൽ തളമിടണം

വിരേചിപ്പിക്ക നന്നല്ലോ ഛർദ്ദിപ്പിക്കയുമാമത്
ഉണ്ടാലപ്പോഴെ ഛർദ്ദിക്കിൽ നീർ മുഖത്തു തളിക്കണം 5
വില്വമൂലമിട്ടു കുറുക്കീട്ടു തേനതും പഞ്ചസാരയും
മലർപ്പൊടിയുമിട്ടിട്ടു സേവിച്ചാൽ ഛർദ്ദി നിന്നിടും 6

**പിത്തഛർദ്ദിക്ക്**

പിത്തം കൊണ്ടുള്ള ഛർദ്ദിക്കു രക്തപിത്തചികിത്സയാം
പാൽകുറുക്കീട്ട് സേവിപ്പൂ വില്വമൂലവുമിട്ടതിൽ 7

**ശ്ലേഷ്മഛർദ്ദിക്ക്**

വ്യോഷവും പാടതൻ മൂലം ഇന്തുപ്പും ചെറുതേക്കതും
ഒപ്പം കൂട്ടിപ്പൊടിച്ചിട്ടു തേനിൽ സേവിക്ക നിത്യമായ് 8
ശ്ലേഷ്മഛർദ്ദി നിലച്ചീടാൻ എത്രയും നല്ല ചൂർണ്ണമാം
തിപ്പലി നെല്ലിതൻ കായും മധുകം ചുക്കുമഞ്ജനം 9
ഇവകൊണ്ടു പൊടിച്ചിട്ടു പഞ്ചസാരയുമിട്ടതിൽ
മലർപൊടിയുമിട്ടിട്ടു തേനിലാക്കീട്ടു നക്കുക 10
ഛർദ്ദിയൊക്കെശ്ശമിച്ചീടും എക്കിളും മാറുമപ്പോഴെ

**വില്വാദിലേഹ്യം**

പതിനാറുപലം കൊള്ളു വില്വമൂലം കരിമ്പതും 11
നാന്മടങ്ങായ വെള്ളത്തിൽ കുറുക്കു പാദശേഷവും
പിന്നെ വാങ്ങിയരിച്ചിട്ടു കൂട്ടു ശർക്കരയെണ്പലം 12
തീയിൽ വച്ചു കുറുക്കീട്ടങ്ങിഴയും പാകമാംപൊഴ്
മുത്തങ്ങായേലവും പിന്നെ കൊത്തമ്പാലരി ജീരകം 13
ഇലവർങ്ങമതും പിന്നെ പച്ചിലാ ചുക്കു തിപ്പലി
മുളകെന്നിവ വെവ്വേറെ മൂന്നുചീതു കഴഞ്ചത് 14
നേരേ കണ്ടു പൊടിച്ചിട്ടു പാകം കണ്ടതു വാങ്ങുക
ആറും മുൻപേയുരുട്ടീട്ടു മലർപ്പൊടിയിൽ വയ്ക്കണം 15
പിന്നെസ്സേവിച്ചുകൊണ്ടീടു ഛർദ്ദിയൊക്കെ ശമിച്ചിടും
ചുമയ്ക്കും നന്നു സേവിച്ചാൽ വില്വാദിലേഹ്യമെന്നു പേർ 16
കാസശ്വാസമതും തീരും ഏങ്ങലെക്കിട്ടമെന്നിവ
കീഴാനെല്ലിയരച്ചിട്ടു കഴുത്തിൽ ചുറ്റുമെത്തൊളം 17
തേച്ചുകൊണ്ടീടിലപ്പോഴെ നിന്നിടും ഛർദ്ദിയൊക്കെയും
സഹസ്രവേധിചൂർണ്ണത്തെ സേവിപ്പൂ കാച്യ നീരതിൽ 18
ശിലാമദമരച്ചിട്ടു നാളത്തിൽ തേച്ചുകൊള്ളുക
ചെങ്കടുക്കായരച്ചിട്ടു തേനിൽ സേവിക്കയും ഗുണം 19
മുന്തിരിങ്ങാപ്പഴം തദ്വൽ ബദരാണി തഥൈവ ച
വിഴാലരി കുടിപ്പിക്ക പാലിലോക്കാനശാന്തയെ 20
അയമോദകവും ചുക്കും തുമ്പപ്പൂ കൂവളസ്യ വേർ
കടലാടിയുടെ വേരും മൂവിലയ്ക്കുള്ള വേരതും 21
കഷായം വെച്ചു സേവിച്ചാൽ ഛർദ്ദി നില്ക്കും ദിനത്രയാൽ
കർപ്പൂരപ്പൊടി സേവിക്ക തേനും സിതയുമൊപ്പമായ് 22
ഇലവർങ്ങത്തോൽ പൊടിച്ചിട്ടിട്ടിഞ്ചിനീർ പഞ്ചസാരയും
തേനും കൂട്ടിട്ടു സേവിക്ക ധാരയും നന്നു മൂർദ്ധനി 23
ഇഞ്ചിയോടിലവർങ്ങത്തോൽ കൂട്ടിവച്ച കഷായവും
സിത മോമ്പൊടിയായിട്ടു സേവിച്ചാൽ ഛർദ്ദിനാശനം 24
പുതുക്കലത്തിലേയോടും കാവിമണ്ണു പൊടിച്ചതും
മലർപ്പൊടിയുമിട്ടിട്ടു തേനും സിതയുമൊപ്പമായ് 25
ചേർത്തു നന്നായ്തിരുമ്മീട്ടു സേവിച്ചാൽ ഛർദ്ദി നിന്നിടും
കൂവളം മലർ ചുക്കെന്ന ക്വാഥം ജംബ്വാദിയും ഗുണം 26
ചന്ദനം കാടിയരിനീർ മുലപ്പാലെന്നിതൊന്നില്
അരച്ചുടൻ കലക്കീട്ടു നസ്യം ഛർദ്ദിഹരം പരം 27
ചൂർണ്ണം താലീശപത്രാദി ചൂർണ്ണം മഗധജാദിയും
കാർപ്പാസാസ്ഥ്യാദിചൂർണ്ണഞ്ച കർപ്പൂരാദിയുമെന്നിവ 28
ഒക്കയും നന്നു ഛർദ്ദിക്കു സേവിച്ചാൽ ഛർദ്ദി ശാന്തമാം
വില്വത്തിൻ വേരൊരു പലം വെള്ളം നാനാഴി നാഴി പാൽ 29
ചേർത്തു വേവിച്ചു നാഴൂരി ആക്കിക്കൊണ്ടതരിച്ചുടൻ

മലരിട്ടിട്ടു വെയിച്ച്(മലരിട്ടിങ്ങു വെച്ചുള്ള) ജീരകം പഞ്ചസാരയും 30
പൊടിച്ചിട്ടിട്ടെതിരവേ സേവിച്ചാകിൽ ഛർദ്ദി ശാന്തമാം
ഞെരിഞ്ഞൻപുളി മാങ്ങാനാറിയും മാന്തളിരിഞ്ചിയും 31
പിഴിഞ്ഞുള്ള രസേ കൂട്ടു കൽക്കം മഗധജാദിയും
പാലും വീഴ്ത്തിച്ചമയ്ക്കും നെയ് നന്നു ഛർദ്ദിവിനാശനം 32
ചുക്കു നന്നായ് പൊടിച്ചിട്ടു മോരിൽ സേവിക്കയും ഗുണം
ത്രികോല്പക്കൊന്ന കൊണ്ടുള്ള വിരേചനവുമുത്തമം 33
നല്ല മഞ്ഞളു രാമച്ചം ഇരിമ്പിന്മേൽ പുതച്ചുടൻ
എണ്ണ വീഴ്ത്തിക്കൊളുത്തീട്ടുള്ളെണ്ണയോർക്കാനശാന്തയേ 34

**ചോരഛർദ്ദിക്കുന്നതിന്ന്**

ആടലോടകകഷായത്തെ തേനുമായ്പരുകീടുക
ചോര തെക്കി വമിച്ചുണ്ടാം ആമയം പ്രശമം നയേൽ 35
പാലുവീഴ്ത്തിയരച്ചിട്ടു തവിഴാമയുടെ ശിഫാം
കണ്ഠാഭ്യന്തരമാലേപാൽ ചോരഛർദ്ദിനിവാരണം 36
പുളിവേർതന്നുടെ വൽക്കം പാലുമായ്പരുകീടിനാൽ
ഇളയ്ക്കും ചോരവമനം ലേഹനാൽ ഭൃംഗിസംഭവം 37
നാഴിപ്പാൽ തവിഴാമവേരൊരു പലം നാനാഴി നീരും തഥാ
കാണം ചുക്കും പചിച്ചുകൊണ്ടഴകതായ് ക്ഷീരാവശേഷം പിബേൽ
ഓടിപ്പോമഥ ചോരതെക്കിയുളവാമോക്കാനജാലം ക്ഷണാൽ
മാർത്താണ്ഡന്നുദയേ മുഴുത്തയിരുൾജാലം പോൽ മഹീമണ്ഡലാൽ 38

**കാർപ്പാസാസ്ഥ്യാദിചൂർണ്ണം**

കാർപ്പാസാസ്ഥിതുടീകൃഷ്ണാലാജചൂർണ്ണം സശർക്കരം
ലേഹയേൽ ഛർദ്ദിനാശായ രഹസ്യമിദമൌഷധം 39

(കരുപ്പരുത്തിക്കുരുവിനകത്തെ പരിപ്പു ഏലത്തരി തിപ്പലി മലർ ഇവപൊടിച്ചു പഞ്ചസാരകൂട്ടി നേർപ്പിച്ചു സേവിക്ക)

നസ്യം ചെയ്ക മുലപ്പാലിൽ ചന്ദനേന മഹൌഷധം
ദഹിച്ച വാരടാഗേഹം കലക്കി മധുവിന്ദുനാ 40
കുടിക്കിലൊഴിയും സദ്യോ വമിക്കുമതു ദേഹിനാം
ചൂർണ്ണമേലാലവങ്കാദി കൊള്ളാം മഗധജാദിയും 41
ഏലംത്വങ്നാഗകുസുമാദിയും ഛർദ്ദിനാശനം 42

*ഇതി വൈദ്യമാലികായാം ഛർദ്ദിചികിത്സാധികാരഃ*

## ഹൃദ്രോഗലക്ഷണം

ഹൃദ്രോഗങ്ങളഞ്ചുണ്ടു മൂന്നാലും മൂന്നുമൊത്തതും
കൃമികൊണ്ടുമതൊന്നുണ്ടു ഇങ്ങനെയഞ്ചു ജാതിയാം 1
വാതത്താലുളവായുള്ള ഹൃദ്രോഗത്തിന്നു ലക്ഷണം
പരുങ്ങിക്കുത്തിനൊന്തീടും നെഞ്ചുപൊട്ടുന്ന വാശിയാം 2
ഇളക്കുന്നൂവെന്നു തോന്നും അനക്കാനരുതാതയും
പിന്നെ മോഹം വിറയലും ലക്ഷണങ്ങളിവണ്ണമാം 3
പിത്തത്തലാകിലുണ്ടാകും തൃഷ്ണയും മോഹവും സദാ
സർവാംഗം വെന്തുതോന്നീടും പുളിന്തേക്കലുമായ്വരും 4
ശ്ലേഷ്മഹൃദ്രോഗമെന്നാകിൽ നെഞ്ചിൽ കല്ലെന്നു തോന്നിടും
അഗ്നിമാന്ദ്യവുമുണ്ടാകും ഉറക്കം മടിയെന്നിവ 5
മൂന്നും കൂടിയതെന്നാകിൽ ലക്ഷണം മൂന്നുമൊത്തിടും
കൃമിയാലുള്ളതെന്നാകിൽ കരുവാളിച്ച മേനിയാം 6
നെഞ്ചു പാരം തരിച്ചിടും ഇരുട്ടെപ്പോലെ തോന്നിടും
ചൊറിയും വീക്കവുമുണ്ടാകും ശ്ലേഷമം മൂക്കിലൊലിച്ചിടും 7

വായുകൊണ്ടു വലിക്കുന്നു എന്നു തോന്നീടുമെപ്പൊഴും
അഞ്ചിലും വെച്ചു വൈഷമ്യം കൃമിയാലുള്ളതാണതിൽ 8

*ഇതി വൈദ്യമാലികായാം ഹൃദ്രോഗലക്ഷണാധികാരഃ*

## *ഹൃദ്രോഗചികിത്സ*

കൊത്തമ്പാലരിയും ചുക്കും അവണക്കിക്ഷുവിലവും
ദേവതാരം കുറുന്തോട്ടി ഇവകൊണ്ടു കഷായമാം 1
കുറുന്തോട്ടിയുടെ വേരും ഉഴുന്നും ദേവതാരവും
ഇവകൊണ്ടുകഷായത്താൽ ഹൃദ്രോഗങ്ങൾ ശമിച്ചിടും 2
മാറത്തു ധാര കൊള്ളേണം ബലാതൈലമതാകിലാം
ഏരണ്ഡതൈലമെന്നാകിൽ അതിൽ ഘൃതവുമെണ്ണയും 3
ചെഞ്ചലീയവുമിന്തുപ്പും കൂട്ടേണം ധാരകൊള്ളുവാൻ

**വ്യാഘ്രീലേഹ്യം**

വ്യാഘ്രികൊണ്ടു കഷായത്തിൽ കുറുക്കീടുക ശർക്കര 4
പിന്നെയും വെന്തു പാകത്തിൽ ചുക്കു മുളകു തിപ്പലി
അരത്തയമൃതിന്നൂറൽ  മുത്തങ്ങ ചെറുതേക്കതും 5
അടയ്ക്കാമണിയൻ വേരും യവാഷമിവയൊപ്പമായ്
പൊടിച്ചിട്ടു തിളയ്ക്കുമ്പോൾ നെയ്യും കൂട്ടി കുറുക്കണം 6
പാൽമുതുക്കും പൊടിച്ചീടു മുൻപിലങ്ങു മറന്നുപോയ്
ഒക്കെക്കൂട്ടിക്കുറുക്കീടു വ്യാഘ്രിലേഹ്യമിതിന്നു പേർ 7
ഗുന്മഹൃദ്രോഗദുർന്നാമകാസശ്വാസമിവറ്റിനും
നല്ല ലേഹ്യമിതെന്നല്ലോ  ചൊല്ലുന്നു മുമ്പിലുള്ളവർ 8
ബലാതൈലന്തു ഹൃദ്രോഗീ പിബേദ്വാ സുകുമാരകം
മാഷം നന്നായരച്ചിട്ടു പാളീകൃത്വാ തൂ ധാരയേൽ 9
ധരിക്കേണമുരസ്സിങ്കൽ  തൈലം ക്ഷീരബലാ ഹിതം
ഏലാദിചൂർണ്ണം സേവേത താലീസാദിഞ്ച യോജയേൽ 10
ഗുന്മോക്തമഷ്ടചൂർണ്ണഞ്ച ഹൃദ്രോഗവിനിവൃത്തയെ

**കൃമിജത്തിന്നു**

കൃമിഘ്നമൌഷധം സർവം കൃമിജേ ഹൃദയാമയേ 11
വിഴാലരി പൊടിച്ചിട്ടു കാടിതന്നിൽ കുടിക്കുക
ഹൃദയത്തിങ്കലുണ്ടായ കൃമിയെക്കെയൊഴിഞ്ഞു പോം 12

*ഇതി വൈദ്യമാലികായാം ഹൃദ്രോഗചികിത്സാധകാരഃ*

## *തൃഷ്ണാലക്ഷണം*

തൃഷ്ണയാറതു ചൊല്ലുന്നു മൂന്നിനാൽ മൂന്നുമൊത്തതും
മേഹക്ഷയമതിന്നാലും സംസർഗ്ഗത്താലുമങ്ങനെ 1
വായുണങ്ങീട്ടു വന്നീടും തണ്ണീരിൽ തൃപ്തി വന്നിടാ
അന്നദ്വേഷിയതായീടും പ്രലാപബുദ്ധിയും ഭ്രമം 2
വാ ചവർക്കും ദീനഭാവം ഗന്ധമൊന്നുമറിഞ്ഞിടാ
രസമൊന്നിലുമില്ലാതെ വന്നീടും വാതതൃഷ്ണയിൽ 3
പിത്തതൃഷ്ണയ്ക്കു വാ കയ്ക്കും ദേഹം മെലിക മോഹവും
ചൂടും പുകച്ചിലുണ്ടാകും ആലസ്യമിവ ലക്ഷണം 4
ശ്ലേഷ്മകോപത്തിലുണ്ടാകിൽ ചേഷ്ടിപ്പാനരുതാതയാം
ഉറക്കമേറും വായെല്ലാം മധുരിച്ചീടുമെപ്പൊഴും 5
നെല്ലോകുകൊണ്ടു കുത്തുന്നു എന്നുതോന്നും കഴുത്തില്

വയറും വീർക്കുമരുചി തലയേറ്റം കനത്തിടും 6
മൂന്നുദോഷവുമൊത്തീടിൽ ഇവയൊക്കെയുമൊത്തിടും
പിന്നെയും പലതുണ്ടല്ലോ ലക്ഷണം കണ്ടുകൊള്ളുക 7
കാരണം വാതപിത്തങ്ങളിവറ്റിന്നുളവാകയാൽ
രണ്ടിന്നും ഹിതമായുള്ളോരൌഷധം കണ്ടുകൊള്ളുക 8

*ഇതി വൈദ്യമാലികായാം തൃഷ്ണലക്ഷണാധികാരഃ*

## തൃഷ്ണാചികിത്സ

**തൃണപഞ്ചമൂലം**

ദർഭരണ്ടും കരിമ്പിൻ വേർ വരിനെല്ലമവേരതും
കഷായം വെച്ചതാറീട്ടു പഞ്ചസാരയുമിട്ടതിൽ 1
തൃഷ്ണകൾക്കിതു സേവിക്ക തൃണപഞ്ചകമെന്നു പേർ

**ശാരിബാദിഗണം**

നന്നാറി കുമ്പിൾ രാമച്ചം ഇരിപ്പാ രക്തചന്ദനം 2
ചിറ്റീന്തൽ ചന്ദനം യഷ്ടി ഇവയെട്ടുമതൊപ്പമായ്
കഷായം വെച്ചു സേവിക്ക തൃഷ്ണയൊക്കെ ശമിച്ചിടും 3

**ധാന്യാകകൃഷ്ണാദി**

തൃണപഞ്ചകമൂലങ്ങൾ കൊത്തമ്പാലരി തിപ്പലി
ലന്തക്കുരു കൊടിത്തൂവ ഇവകൊണ്ടു കഷായമായ് 4
പഞ്ചസാരയുമിട്ടിട്ടു കുടിച്ചാൽ തൃഷ്ണ പോയിടും
മുത്തങ്ങാ തന്നെ കൊണ്ടുള്ള കഷായം നന്നിതെത്രയും 5
വിദാര്യാദിയതും കൊള്ളാം ചൊല്ലി ശ്വാസചികിത്സയിൽ

**താലുദോഷത്തിന്ന്**

കേസരം മാതുളംഗസ്യ ധ്യാന്യാമ്ലം ശർക്കരോദകം 6
ക്ഷൌദ്രദ്രാക്ഷാംബു ഗണ്ഡൂഷാൽ താലുശോഷനിബർഹണം 7
നാല്പാമരാണാമപി മൊട്ടുണക്കി
നന്നായ്പൊടിച്ചൻപൊടു നേർത്തു കൂട്ടു
തേനോടു തിന്നാലൊഴിയും പിപാസാ
വിഷ്ണോഃ കഥായാ ഇവ പാപസംഘാ 8

*ഇതി വൈദ്യമാലികായാം തൃഷ്ണാചികിത്സാധികാരഃ*

## മദാത്യയചികിത്സ

മൂന്നുദോഷത്തിനാൽ മൂന്നും ഒത്തിട്ടും രക്തജാൽ പുനഃ
മദ്യത്താലും വിഷത്താലും ഉണ്ടായീടും മദാത്യയം 1
പിബേജ്ജ്വരോക്തം ദ്രാക്ഷാദിം ശാരിബാദിഗണാംബു വാ
മദേഷു വാതപിത്തഘ്നം പ്രയോഗിക്കേണമഞ്ജസാ 2
മദാത്യയാദിരോഗേഷു ധാത്ര്യാദി ച ഹിതം ഘൃതം

**ബോധക്കേടിന്**

ആശു പ്രയോജ്യം സന്യാസേ സുതീക്ഷ്ണം നസ്യമഞ്ജനം 3
ചുക്കും കർപ്പൂരവും കൂട്ടി നസ്യം സംജ്ഞാപ്രബോധനം
ഇന്തുപ്പും വ്യോഷവും പിന്നെ ബീജപൂരകകേസരം 4
കൂട്ടിപ്പൊടിച്ചു സേവിക്ക പഞ്ചസാരയിലമ്പൊടെ
കൊടുവേലികഷായത്തിൽ ദാരുകൽക്കിതമെണ്ണയും 5
കുടിച്ചാലാശു തീർന്നീടും സന്യാസഗദമൊക്കയും 6

*ഇതി വൈദ്യമാലികായാം മദാത്യയചികിത്സാധികാരഃ*

## അർശോരോഗലക്ഷണം

മൂലരോഗമതാറല്ലോ രണ്ടുജാതിയതായ്‌വരും
ബീജദോഷത്തിനാൽ മാതൃഗർഭത്തിൽനിന്നുമൊന്നത് 1
അപഥ്യസേവകൊണ്ടൊന്നും ഇങ്ങനെ രണ്ടുജാതിയാം
രണ്ടുഭേദമതുണ്ടൊന്ന് ശുഷ്കമായിട്ടുമൊന്നത് 2
ആർദ്രമായിട്ടുമീവണ്ണം രണ്ടുഭേദമതിങ്ങനെ
വാതത്താലും കഫത്താലും ഉണ്ടാകുന്നതു ശുഷ്കമാം 3
പിത്തരക്തമിവറ്റിന്നു ആർദ്രമാമരിശസ്സതും
അപത്ഥ്യസേവകൊണ്ടുള്ളതാറു ജാതിയതായ്‌വരും 4
മൂന്നുദോഷത്തിനാൽ മൂന്നും സംസർഗ്ഗസന്നിപാതവും
രക്തംകൊണ്ടുമതുണ്ടാകും വാതത്താലെങ്കിലിങ്ങിനെ 5
മന്ദനാം മെലിയും പാരം കരുവാളിച്ചമേനിയാം
ചിന്തയും പാരമുണ്ടാകും ചെവികേളാതെയും വരും 6
കാക്കത്തൊണ്ടിപ്പഴം പോലെ ചിലതിങ്ങുളവായ്‌വരും
കാർപ്പാസത്തിൻ ഫലം പോലെ കണ്ടീടും ചിലതിങ്ങിനെ 7
പിത്തതാലുള്ളതെന്നാകിൽ അരിശസ്സു ചുമന്നുമാം
മഞ്ഞൾതേൻ നിറമായീടും യകൃൽഖണ്ഡത്തിനൊക്കിലാം 8
ദാഹവും പനിയും പിന്നെ സ്വേദവും ചൊറിയിത്തരം
പലതുണ്ടിനിയും ചൊൽവാൻ മൂലത്തിലതു ചൊല്ലിടും 9
കഫത്താൽ മൂലരോഗം താൻ തരിച്ചൊട്ടു വെളുത്തിടും
ചുമയേങ്ങലുമുണ്ടാകും കുളിരും പനിയും വരും 10
മൂന്നിനാലിതു വന്നീടിൽ മൂന്നുമായ്ക്കണ്ടുകൊള്ളണം
രക്തത്താലുളവാകുമ്പോൾ പിത്തത്തിന്നുള്ള ലക്ഷണം 11
കച്ചീടും വായതെപ്പോഴും പനിയും പുളിതേക്കലും 12

*ഇതി വൈദ്യമാലികായാം അർശരോഗലക്ഷണാധികാരഃ*

## അർശോരോഗചികിത്സാ

എരിമച്ചാണകം കൊണ്ടു കിഴികെട്ടീട്ടു കാച്ചുക
പുറത്തുവന്ന മൂലം പോം അകത്തുള്ള കടച്ചലും 1
എരിക്കിൻ വേരഗ്നിപത്രം ഉള്ളിതൻ തൊലിചാണകം
എണ്ണ കൂട്ടിപ്പുകയ്ക്കേണം മൂലത്തിന്മേലതിങ്ങനെ 2

**ക്ഷാരം തേപ്പാൻ**

ക്ഷാരംകൊണ്ടു ശമിപ്പിക്കാം അർശസ്സാദിമമായത്
കള്ളിപ്പാലിലരച്ചിട്ടു തേക്കേണം പച്ചമഞ്ഞളും 3
കോഴിതൻ കാഷ്ഠവും പിന്നെ തിപ്പലീ മഞ്ഞൾ കുന്നിയും
ഗോമൂത്രത്തിലരച്ചിട്ടു ക്ഷാരം തേക്കരിശസ്സിന് 4
കള്ളിപ്പാലുമെരിക്കിൻ പാൽ ചുക്കുമെന്നിവയൊപ്പമായ്
ക്ഷാരമൊന്നിവ കൊണ്ടീടാം ആർദ്രമാമരിശസ്സിന് 5

**ദുസ്പർശാദി കഷായം**

യവാഷം ജീരകം ചുക്കും വില്വമെന്നിവ നാലുമായ്
കഴഞ്ചാറതു കൊണ്ടീടു പാടമൂലമതാറുമായ് 6
കഷായം വെച്ചു സേവിച്ചാൽ മൂലരോഗം ശമിച്ചുപോം

**ചിരവില്വപുനർന്നവാദി**

ആവിൽക്കുരന്നു വർഷാഭു കടുക്കാ കൊടുവേലിയും 7
ചുക്കുതിപ്പലിയിന്തുപ്പും കൂട്ടിക്കൊണ്ട കഷായവും

**ചന്ദനാദി**

ചന്ദനം ചുണ്ടതൻ വേരും ദാർവീ കുടജബീജവും 8
കൊടിത്തൂവയതിൻ വേരും വേപ്പിൻതോലുമുശീരവും
ലവങ്കത്തോലുമായിട്ടു കഷായം വച്ചു സേവയേൽ 9
രക്തത്താലുളവായുള്ള അർശസ്സിന്നിതു കൊള്ളുക

**സുരണാദിലേഹ്യം**

കാട്ടുചേന പതിനാറു പലം കൊണ്ടതിനെപ്പുനഃ 10
കാടിവീഴ്ത്തിപ്പുഴുങ്ങീട്ടതുണക്കിപ്പൊടിചെയ്യണം
അഗ്നിയെട്ടുപലം നന്നായ് ശുദ്ധിചെയ്തു പൊടിക്കണം 11
ചുക്കു രണ്ടുപലം വേണം പലമൊന്നൂഷണം തഥാ
പലം വിംശതി കൊണ്ടീടു ഗുളം പിന്നെയുരുക്കുക 12
ഇളക്കിപ്പാകമാകുമ്പോൾ പൊടിയൊക്കയുമിട്ടതിൽ
വാങ്ങിക്കൊണ്ടതുരുട്ടീട്ടു സേവിച്ചീടുക നിത്യവും 13
മൂലരോഗം ശമിച്ചീടാൻ എത്രയും പരമൌഷധം
സൂരണാദിയിതെന്നല്ലോ നാമം ചൊന്നതു മാമുനി 14
മാതൾനാരകവേർ ചുക്കും തിപ്പലി കൊടുവേലിയും
കൊത്തമ്പാലരിയിന്തുപ്പും ആറുചീതു കഴഞ്ചതായ് 15
നെയ് പലം രണ്ടുമാക്കീട്ടു പാലിടങ്ങഴി നാലുമായ്
കാച്ചി നന്നായരിച്ചിട്ടു നക്കൂ നെയ്യിതു നിത്യവും 16
പിത്തവും വാതവും തീരും അരിശസ്സഗ്നിമാന്ദ്യവും
ആട്ടിൻപാലു കുറുക്കീട്ടു സേവിക്കാമരിശസ്സിന്ന് 17

**ഹുതഭൂഗാദിചൂർണ്ണം**

ശുദ്ധിചെയ്തഗ്നിയും പിന്നെ ഇന്തുപ്പുമയമോദകം
ചുക്കു നാലിവയൊപ്പിച്ചു മുളകൊട്ടു കുറച്ചതും 18
ഒക്കക്കൂട്ടിപ്പൊടിച്ചിട്ടു മോരിൽ സേവിക്ക നിത്യവും
അരിശസ്സു ശമിച്ചീടും അഗ്നിമാന്ദ്യഞ്ച പാണ്ഡുവും 19
ശോഫത്തിന്നുമിതാമല്ലോ ഹുതഭുഗാദിയെന്നുപേർ
അഗ്നിയഞ്ചുപലംകൊണ്ടു കഷായം വെച്ചരിച്ചതിൽ 20
പലമെട്ടതുകൊണ്ടുള്ള ഗുളമിട്ടു കുറുക്കുക
സാന്ദ്രപാകം വരുന്നേരം വ്യോഷവും ചതകുപ്പയും 21
കൊട്ടം മുത്തങ്ങ മുക്കായും ഏലം വിഴാലരിയഗ്നിയും
ഇവയൊപ്പം പൊടിച്ചിട്ടു വാങ്ങിക്കൊണ്ടതുരുട്ടുക 22
പിന്നെസ്സേവിച്ചുകൊണ്ടീടിൽ ഗുദാങ്കുരമൊഴിഞ്ഞു പോം
കുഷ്ഠവും ഗുന്മവും തീരും പ്രാതസ്സേവിച്ചുകൊള്ളുക 23
ഹിംഗ്വാദിചൂർണ്ണവും കൊള്ളാം ചൊല്ലും ഗുന്മചികിത്സയിൽ
ഭല്ലാതകഘൃതം യോജ്യം കാടിതന്നിലിരിക്കയും 24
കാടി നന്നായ് വെതുപ്പീട്ട് ധാരയാമരിശസ്സിനു 25
കൂവളത്തില പൊടിച്ചു പിച്ചയായ്
നാഗരോഷ്ണസദീപ്യകം പ്രഗേ
ഈഷദുഷ്ണമഥ മോരിലഞ്ജസാ
പീതമേതദരിശോഹരം പരം 26
ഇലക്കള്ളിയുടെവേർമേൽ തൊലിയെപ്പൊടി ചെയ്തതു
കുഴച്ചു തേനിൽ നക്കീടിൽ വിശിഷ്ടമരിശോഹരം 27
ചെറുചേന പറിച്ചരച്ചു നന്നായ്
തുണിയിൽ തേച്ചു വിശോഷ്യ ശർക്കരാ
തിരിചെയ്തു ഗുദേ നിവേശിതാനാം
അർശോഭീതി കിനാവിലും ന ജാതു 28
ആവിൽത്തോലയമോദകം വനകണാ ചവ്യഞ്ച തീയും തഥാ
വ്യോഷഞ്ചേതി പൊടിച്ചരച്ചു പടുവും നേർപാതിയായ്ക്കൊണ്ടുടൻ

പ്രാതർമുക്കുടിയായ്ക്കുടിക്ക പശുവിൻ മോരിൽ കലക്കിശ്ശനൈഃ
പ്രായസ്സംപരിശോഷമേതി സഹസാ ദുർന്നാമ ഗുർവീകൃതം 29
കടുക്കാ കായമിന്തുപ്പു കണയെന്നിവ പിച്ചയായ്
അരച്ചു കോഷ്ണപയസാ പിബെദ്ദൂർന്നാമശാന്തയേ
എരിക്കിൻവേർ ദേവതാരം വെള്ളടുമ്പിവ തുല്യമായ്
കുടിപ്പിതു ഗവാം മൂത്രേ നശിക്കുമരിശോഗണം 30
കാട്ടിൽചേന കറുത്തുരത്ത കദളീകന്ദഞ്ച നല്ലത്തിവേർ
തൂർണ്ണം വെട്ടിയുറത്തിനോരു പയസാ വാറ്റിപ്പിഴിഞ്ഞിങ്ങനെ
ചൂർണ്ണിച്ചപ്പടുനാ ച ശർക്കരയുമായ് മൂവഞ്ചുനാൾ തിന്നീടിൽ
പോം ദുർന്നാമമുരത്തയങ്കുരമതും മെല്ലെന്നുപോം നിർണ്ണയം 31
നല്ലോരു കള്ളിയില വാട്ടിയുടൻ നുറുങ്ങ-
ത്തന്നേപിഴിഞ്ഞു ഗുദരന്ധ്രുമുഖേ നിധായ
തിങ്ങുംപ്രകാരമൊരു കച്ചമുറുക്കി രാത്രൌ
മെല്ലക്കിടക്കിലരിശോഭയമേതുമില്ല 32

മൂലം മുടിപ്പാനൊരുവേരുരണ്ടും
മേരിൽ തികത്തിപ്പിബതാം നരാണാം
മൂലാമയംകൊണ്ടു വരും വികാരം
മൂവഞ്ചുനാളിൽ പ്രശമം പ്രയാതി 33
കാരെള്ളരുരുഷ്കരവുമാമലകം കടുക്കാ
നേരേ പൊടിച്ചു സമമാക്കിയുടൻ കലർന്ന്
നീരറ്റശർക്കരയിൽ നിത്യനിഷേവകാണാം
വേരറ്റുപോം കടുകമൂലരുജാ നരാണാം 34

*(?കടുകമൂലരുജാ=കടുത്തമൂലവേദന)*

**മൂലം അകത്തുപോവാൻ**

തുമ്പപ്പത്രം ഞെരടിയുപനാഹിക്ക ദുർന്നാമമെന്നാൽ
മണ്ടിപ്പോമങ്ങുടനുടനകത്തണ്ഡമിണ്ഡാൽ കരഞ്ഞും 35

*(ത്തണ്ഡമിണ്ഡാൽ കരഞ്ഞും=അക്കാലത്തു നടപ്പുള്ള ഒരു ഉപമയാകാം)*

പുറംകൈനാറി നന്നായിട്ടരച്ചിട്ടതു കാടിയിൽ
കലക്കീട്ടതു വേവിച്ചു കുഴമ്പാക്കീട്ടൊരിത്തിരി 36
ചൂടോടെടുത്തു പൊതികിൽ ഗുദാംകുരമകത്തുപോം 37
ചൊല്ലാം നൽ മുയൽക്കണ്ണി വിഷ്ണുദലം നീർമുട്ടകൂട്ടീട്ടര-
ച്ചമ്പിൽ തേച്ചു കരേ തിരുമ്മിയുടനക്കൈകൊട്ടിനാലപ്പോഴെ
രോഗംകൊണ്ടുമതല്ലയാതെ പുറമേ ചാടിക്കിടക്കും ഗുദം
ഓടിപ്പോകുമകത്തു പക്ഷിവരനെക്കണ്ടോരു പാമ്പെന്നപോൽ 38
മുരിങ്ങമേലുള്ളൊരു നാഗവല്ലീദലം കുരുക്കുത്തിയിടെ ദലഞ്ച
നല്ലൊരു മഞ്ഞളിവയൊക്കയരച്ചു വെണ്ണകൂട്ടീട്ടു തേച്ചു
മരിചപത്രമതിങ്കൽ വെച്ചൊപ്പിപ്പിച്ചുകൊണ്ടതുമുടുത്തു
കിടന്നുവെങ്കിൽ തക്കത്തിലഗ്ഗുദമകത്തു കടന്നൊളിക്കും 39
അഗ്രഗ്രാഹിയുമിന്തുപ്പും ഗോമൂത്രത്തിലരച്ചത്
ഇരുച്ചാൺനീളമുള്ളോരു തുണിയിൽ തേച്ചുകൊണ്ടുടൻ 40
ഉറക്കയരിശസ്സിന്മേൽ ചുറ്റിമെല്ലെഞരുക്കിയാൽ
അകത്തുപോകുമരിശസ്സതിനില്ലൊരു സംശയം 41
തുമ്പകാടീലരച്ചിട്ടു വെതുപ്പിത്തേക്കയും ഗുണം
കരുവള്ളിയുടെ കന്ദം തേക്കാമവ്വണ്ണമർശസി 42
മുരിങ്ങവേരരച്ചിട്ടു കാടിനീറ്റിൽ കലർന്നത്
അനർത്തിദ്ധാരയിടുകിൽ പുറപ്പെട്ടതകത്തു പോം 43
തൈലം ചേർത്തു പടിക്കാരം അരച്ചാലേപനം തഥാ
ഇടിച്ചു കാട്ടിലെയപ്പ കാടിചേർത്തു പചിച്ചുടൻ 44
എടുത്തു ചെറുചൂടോടെ ഒപ്പിയാലുമകത്തു പോം

ചുക്കൊടു മുളകും കാട്ടുചേനയും കൊടുവേലിയും 45
കൂട്ടി മുക്കുടി സേവിച്ചാൽ അരിശസ്സു ശമിച്ചു പോം
അർക്കമൂലശമീപത്രൈരർശസാം ധൂപനം ഹിതം 46
തുമ്പ കാട്ടപ്പയും കുപ്പമഞ്ഞളും കാടിയിൽ പചേൽ
തേനോപനാഹം കുർവീത ദുർന്നാമവിനവൃത്തയേ 47
അർശസ്സു വന്നു മുറ്റീടിൽ അട്ടയിട്ടെങ്കിലും തഥാ
ശസ്ത്രസൂചികൾ കൊണ്ടിട്ടും ചോര നീക്കണമാവൊളം 48

**കാട്ടുചേനഘൃതം**

കാട്ടുചേനകഷായത്തിൽ പഞ്ചോകോലേന കല്ക്കിതം
മോരിൽ കൂട്ടിപ്പചിച്ചുള്ള ഘൃതം ദുർന്നാമനാശനം 49
കാട്ടുതിപ്പലി വാരാഹീ തൂവയും പച്ചമഞ്ഞളും
ഇഞ്ചിയും ചേർത്തു മോർവീഴ്ത്തി നെയ്വെന്തർശസ്സുകൂട്ടുക 50
കൊടിത്തൂവയുടെ വേരും ചുക്കു തിപ്പലിയഗ്നിയും
കടുക്കായും സമം കൂട്ടിക്കഷായം നന്നിതെത്രയും 51
തമിഴാമയുടെ വേരും ചുക്കുമഗ്നിയുമെന്നിവ
കഷായം വച്ചു സേവിക്കാം പാലുകൂട്ടീട്ടുമാമത് 52

**ദുസ്പർശകാദിഗുളം**

കൊടിത്തൂവയുടെ വേരും മുത്തങ്ങായയമോദകം
തിപ്പലീ തിപ്പലീമൂലം കടുക്കാ കൊടുവേലിയും 53
അത്തിത്തിപ്പലിയെല്ലാമെ മൂന്നുചീതു കഴഞ്ചതായ്
പൊടിച്ചിവറ്റോടൊപ്പിച്ച് ത്രിവൃൽചൂർണ്ണവുമിഞ്ചിയും 54
പലമൊന്നതു കൊണ്ടീടു ഗുളം വിംശൽപലം തഥാ
കൂട്ടീ ഗുളികയാക്കീട്ടു ഭക്ഷയേൽ പ്രാതരുത്ഥിതഃ 55
പാർശ്വശൂലേപ്യുദാവർതേ ദുർന്നാമ്നി ച ഹിതം പരം

**കങ്കായനഗുളിക**

പഥ്യയഞ്ചു പലം കൊള്ളു പലം മരിചജീരകേ 56
തിപ്പലീ തിപ്പലീമൂലം ചവ്യചിത്രകനാഗരം
പലാഭിവൃദ്ധം ക്രമശോ യവക്ഷാരം പലദ്വയം 57
പലമെട്ടതു കൊണ്ടീടു ഭല്ലാതകമതിങ്ങനെ
കാട്ടുചേനയതും കൂട്ടി ശർക്കരാസഹിതം പുനഃ 58
അക്ഷമാത്രം തു ഗുളികാ ഭക്ഷയേൽ ദിനമുഖേ തദാ
കാച്ചിയാറിയ മോരപ്പോൾ കുടിക്കയിതിനാലഹോ 59
അരിശസ്സാറുവിധവും പോകുമെന്നതു നിർണ്ണയം
കങ്കായനേന കഥിതാ ശസ്ത്രക്ഷാരാഗ്നിഭീരുണാ 60

## വിൾബന്ധത്തിന്ന്

മാവിന്റെ തളിർ കൊന്നേടെ കുരുന്നിവയിലെ രസേ
ഇന്തുപ്പു കല്ക്കം കൊണ്ടു മോരും ചേർത്തിട്ടു പിറ്റനാൾ 61
പാലും ചേർത്തു പചിക്കും നെയ് അർശസ്സുള്ള ജനത്തിനു
മലംപോകാതെകണ്ടുള്ള മൂലരോഗത്തിനത്ഭുതം 62

## ദീപനത്തിന്

പടിക്കാരവുമിന്തുപ്പും പൊടിച്ചിട്ടതു കാച്ചിയ
മോരിൽ സേവിച്ചുടൻ തന്നെ ഭുജിക്കുന്നതു ദീപനം 63

## രക്താർശസ്സിന്ന്

രക്താർശസ്സിന്നു ചെയ്യേണം ചികിത്സകളെയിങ്ങനെ
നിലംപരണ്ട പേഷിച്ചു ധാരോഷ്ണത്തിൽ കുടിക്കയും 64
എള്ളും കയ്യന്യവും കൂടെ ധാരോഷ്ണത്തിൽ കുടിക്കയും

ചെറുകടലാടിയടക്കാമണിയനുമായ് കൂട്ടിയുള്ള മുക്കുടിയും നന്ന്. കരിക്കൊടിമൂലം നെയ്യിൽ വറുത്തിട്ടരച്ചു വച്ച ഖളം.

പാടക്കിഴങ്ങു നൈചേർത്തു വറുത്തിട്ടുള്ളി ചേർത്തതിൽ 65

അരച്ചു മോരിൽ വയ്ക്കുന്ന മുക്കുടിയും ഗുണം തഥാ
കുളച്ചീരയരച്ചിട്ടു വയ്ക്കും മുക്കുടിയും ഗുണം 66
കുടകപ്പാലവേർമേലേ തൊലികൊണ്ടു കഷായമായ്
വച്ചരിച്ചു കുറുക്കീട്ടു കുടകപ്പാലതന്നരി 67
അരച്ചതിൽ കലക്കീട്ടു കുഴമ്പാക്കീട്ടു ലേഹയേൽ
അതിന്നുടൻ കുടിക്കേണം മുത്തങ്ങായിട്ടു വെന്തനീർ 68
കുടജത്വക്ക്വാഥം ചേർത്തതിവിടയം കടുരോഹിണി
കുടജം കല്ക്കംകൊണ്ടു പചിക്കുന്നെയ്യും നന്നെത്രയും ഗുദദ്രോഗെ 69

**ചോരയിറ്റിറ്റുവീഴുന്നതിന്ന്**

മൂലരോഗമതിങ്കന്ന് ചോരയിറ്റിറ്റുവീഴുകിൽ
എള്ളു നന്നായരച്ചിട്ടു പാലിൽ സേവിച്ചുകൊള്ളുക 70
വെണ്ണപോലെയരച്ചിട്ടു ചെറുതാം കടലാടിയെ
അരിയൂറ്റിയ നീർതന്നിൽ സേവിച്ചാൽ ചോര നിന്നിടും 71
പുളിയാരലതും ബ്രഹ്മി ഒപ്പം കുത്തിപ്പിഴിഞ്ഞ നീർ
നെയ്യും കൂട്ടീട്ടു വച്ചേപ്പു കല്ക്കത്തിന്നു പറഞ്ഞിടാം 72
കുടകപ്പാലവേർമ്മേൽത്തോൽ ചന്ദനം വിടയം തഥാ
രാമച്ചം മുസ്തയും കൂട്ടി കാച്ചിക്കൊള്ളുക നെയ്യിത് 73
സേവിച്ചാൽ ചോര നിന്നീടും മൂലത്തിന്നുടെ നോവതും
പിരകിൻ കടതൻ തോൽ ചെറുതാം കടലാടിയും 74
കൊടിയാവണക്കിൻ പത്രം പുളിയാറലുമിങ്ങിനെ
ഒപ്പമായ് കൂട്ടിവച്ചീടു മുക്കുടീയരിശസ്സിന്ന് 75

**ഗുദകീലത്തിന്**

ഗുദകീലം ശമിപ്പിപ്പാൻ പാവട്ടയ്ക്കുള്ള പത്രവും
പച്ചമഞ്ഞളുമൊപ്പം ചേർത്തരച്ചു കിഴികാച്ചുക 76
എരിമച്ചാണകം കൊണ്ടു കിഴികെട്ടീട്ടു കാച്ചുക
കാന്തക്കിഴങ്ങു കാട്ടുള്ളി ഇവറ്റെക്കൊണ്ടുമാമത് 77
ഗുദാംകുരത്തിലെ രക്തം ജളൂകിച്ചിട്ടൊഴിക്കണം
അഗ്രഗ്രാഹി പടിക്കാരം ഒപ്പംകൊണ്ടു പൊടിച്ചത് 78
തേങ്ങാനെയ്യിൽ കുഴമ്പാക്കിത്തേച്ചാൽ പൊയ്പോം ഗുദാംകുരം
ഹ്രീബേരികനലിത്യാദി നെയ്യുമങ്കുരനാശനം 79
ത്രിഫലപ്പൊടി മോർചേർത്തു സേവിച്ചാൽ പോം ഗുദാംകുരം
ക്ഷാരസൂസ്ത്രണബന്ധിച്ചു മുറിച്ചുകളകിൽ ഗുണം 80
നെയ്കളിൽ തിക്തം നന്ന് മഹാതിക്തകവുമുത്തമം
സുകുമാരം ദശാംഗഞ്ച വിദാരീലശൂനാദികൾ 81

**കീലം മുറിപ്പാൻ**

ദുർന്നാമാംകുരമുള്ളിൽനിന്നു പുറമേ ചാടിക്കിടക്കുന്നതിൽ
പാഷാണം ചിതമായ്പൊടിച്ചു വലയേ തട്ടാതെ തേച്ചാൽ പുനഃ
ഉണ്ടാം വേദന പാരമായതു പഴുപ്പോളം പഴുത്താലുടൻ
വീണേപോമതു പിന്നെയാവ്രണമുണങ്ങിപ്പാൻ മരുന്നിങ്ങനെ 82
തൈലം നല്ല കറുത്തനൊച്ചിയിലനീർ കൂട്ടിപ്പചിച്ചാൽ പുനർ
മെല്ലെ നല്ലവിളക്കിൽ വെന്തതിലെഴും തീയും പൊലിച്ചങ്ങനെ
മുക്കായും മനയോല ചംകുപൊടിതാരന്തുത്ഥമഗ്ഗന്ധകം
യഷ്ട്യാഹ്വഞ്ച പൊടിച്ചു ചേർത്തു വിപചേൽ തീകത്തുവോളം പുനഃ 83
വാങ്ങിത്തീയുമടങ്ങിയാറിയുടനേ ചാലിച്ചുകൊണ്ടാ വൃണേ
തേച്ചാലാശു ശമിച്ചുപോം വൃണമതിന്നുണ്ടായദണ്ഡങ്ങളും
നൂറും ചാലിയവും തീയിൽ കാച്ചി ചൂർണ്ണീകൃതം പുനഃ
ചാലിച്ചു വെണ്ണയിൽ തേയ്ക്ക മൃദുക്ഷാരമിഹോച്യതേ 84

വെൺപാഷാണം പരുവത്തൊലിയും
സമമിലക്കള്ളിനീരിൽ സമൃക്പിഷ്ടാ

ഗുളികാം വൈദ്യാ കുര്യാദ്
വ്രണേഷു മദ്ധ്യാഖ്യാം 85

പാഷാണദ്വിതയം തുത്തും തുരിശും ഗന്ധകം രസം
മനയോലയിലക്കള്ളിനീരിൽ പേഷിച്ചിതൊപ്പമായ് 86
തീക്ഷ്ണായം ക്ഷാരഗുളികാ ദുഷ്ടവ്രണവിനാശിനി 87

*ഇതി വൈദ്യമാലികായാം അർശോരോഗചികിത്സാധികാരഃ*

## ഉദാവർത്തലക്ഷണം

അർശസ്സു വാതകോപത്താൽ എത്രയും ക്രൂരമായിടും
വാതം കോഷ്ഠത്തിൽ നിന്നിട്ടു വരട്ടീടും മലത്തിനെ 1
മേല്പോട്ടതു വരുന്നേരം ഉദാവർത്തമതിന്നു പേർ 2

*ഇതി വൈദ്യമാലികായാം ഉദാവർത്തലക്ഷണാധികാരഃ*

## ഉദാവർത്തചികിത്സ

കൊട്ടത്തേങ്ങ മുളപ്പത്രം കരിഞ്ചീരകമെന്നിവ
കൂട്ടിവെയ്ക്കും കഷായംകൊണ്ടുദാവർത്തം ശമിച്ചുപോം 1
വെതുപ്പിച്ചെണ്ണയും നെയ്യും കൂട്ടിത്തേച്ചിട്ടിരിക്കണം
പുളിയില വരട്ടുതേങ്ങാ ചതച്ചു കിഴിയായ് ചമച്ചു കാച്ചുകയും 2
(പുളിയില വരട്ടുതേങ്ങാ കിഴികാച്ചുകിൽ ഗുണം)
ആവണക്കുശതാവര്യോഃ പത്രം നന്നായിടിച്ചതു
കിഴികെട്ടി പാലിലിട്ടു തികഴ്ത്തിക്കൊണ്ടു കാച്ചുക 3
നവിരച്ചോറുകൊണ്ടുള്ള കിഴി കാച്ചുകയും ഗുണം
കുലസ്ഥലശുനൈരണ്ഡാദിയായുള്ള കഷായമാം 4
ദുരാലഭാദി(യും) ദന്തീത്രിവൃൽകൃഷ്ണാദിയും ഗുണം

**കുലസ്ഥലശുനാദി**

മുതിരയുള്ളിയും പാഠാ ഏരണ്ഡം കാട്ടുതിപ്പലി 5
ചവർക്കാരം ചുക്കുമായി കഷായം വച്ചുകൊണ്ടത്
സേവിച്ചീടുകിലപ്പോഴെ ഉദാവർത്തം ശമിച്ചുപോം 6

**ദന്തീത്രിവൃൽകഷായം**

ദന്തിത്രിവൃൽകഷായഞ്ച ലശുനസ്വരസം തഥാ
ഏരണ്ഡതൈലം സ്നുക്ക്ഷീരം ഉദാവർത്തഹരം പരം 7

**ശാർങ്ങേര്യാദിഘൃതം**

ശാർങ്ഗേരീസ്വരസേ സർപ്പിസ്സാധിതം തൽ ത്രിദോഷജിൽ
അർശോതിസാരഗ്രഹണീപാണ്ഡുരോഗജ്വരാരുചൗ 8
മൂത്രകൃച്ഛ്രേ ഗുദഭ്രംശേ വസ്ത്യാനാഹേ പ്രവാഹണേ
പിഛാസ്രാവേർശസാം ശൂലേ ദേയം തൽ പരമൌഷധം 9

പുളിയാരലിന്റെ തണ്ണീരിൽ കാച്ചിയ നെയ് ഇച്ചൊന്നരോഗങ്ങൾക്കു നന്ന്.

**മൂലരോഗങ്ങൾക്ക് മുക്കുടി**

പാടക്കിഴങ്ങുംവിരകിൻവേരുമക്കുഞ്ഞിരിക്കയും
കൊടിത്തൂവയുമായിട്ട് മൂലരോഗേഷു മുക്കുടി 10

*ഇതി വൈദ്യമാലികായാം ഉദാവർത്തചികിത്സാധികാരഃ*

## അതിസാരലക്ഷണം

അതിസാരങ്ങളാറല്ലോ ദോഷമോരോന്നുമൊത്തതും
ശോകത്താലും ഭയത്താലും ഇങ്ങനെയാറുജാതിയാം 1
വാതത്താലുള്ളതെന്നാകിൽ മലം നേർത്തിട്ടു വന്നിടും
അതങ്ങിടമുറിഞ്ഞീടും ഒച്ചയും കൂടെവന്നിടും 2
നുരഞ്ഞുപോക്കതാമല്ലോ ഗുദഭ്രംശവുമായ് വരും
രക്തം കൂടീട്ടു പോയീടും പാരം ദുർഗ്ഗന്ധമായ് വരും 3
തൃഷ്ണയും ദാഹവും പാരം പിത്തത്താലുളവാകിലോ
ഗുദം ചൂടുമതായിടും വിയർക്കും ദേഹമേറ്റവും 4
വഴുവഴുത്തിട്ടുപോയീടും ശ്ലേഷ്മത്തിന്നു വെളുത്തുമാം
നിദ്രയും മടിയും ദോഷം ഏറീട്ടുമുളവായ് വരും 5
മൂന്നും കൂടിയതെന്നാകിൽ ഇവയൊക്കെയുമൊത്തിടും
ഭയശോകങ്ങളാൽ പിത്തവാതങ്ങളിളകീടിനാൽ 6
തെരുന്നേന സരിപ്പിക്കും ആർദ്രമായുമിരുന്നിടും 7

*ഇതി വൈദ്യമാലികയാം അതിസാരലക്ഷണാധികാരഃ*

## അതിസാരചികിത്സ

ഞഴുകിൻപുട്ടിലും നല്ല പുളിയാരലുമൊപ്പമായ്
മോരിൽ മുക്കുടി സേവിച്ചാൽ അതിസാരം ശമിച്ചുപോം 1
ജീരകം കുടകൻ നല്ല മാഹിഷം ദധിയിൽ പുനഃ
പേഷിച്ചിട്ടു കുടിപ്പിച്ചാൽ അതിസാരം ശമിച്ചുപോം 2
ഞഴുകിൻ തൊലിലെയുള്ളിൽ ഉള്ളപഞ്ഞിയെടുത്തത്
നെയ്ക്കലത്തിൽ വറുത്തിട്ട് വെയ്ക്കും മുക്കുടിയും ഗുണം 3
പുനം പുളിത്തൊലിയിടിച്ചതു നന്നായ്പിഴിഞ്ഞുടൻ
വരട്ടുതേങ്ങാപ്പാൽ ചേർത്തു സേവിച്ചാൽ സരണം ഹരേൽ 4
സേവിക്കാമെണ്ണയിൽ കാക്കത്തിരുതാളി പിഴിഞ്ഞതും
മഞ്ഞളും പുളിയും നല്ല അയമോദകമെന്നിവ 5
അരച്ചു മോരു മോരോളം വെള്ളവും ചേർത്തു മെല്ലവേ
കുറുക്കി മലരിട്ടിട്ടു വെന്തകഞ്ഞി ഗുണം തുലോം 6
കൂടകപ്പാല പുളിയെന്നിവറ്റിൻ വേരിലെ തൊലി
ഒപ്പംചേർത്തിട്ടു വെയ്ക്കുന്ന കഷായമതിസാരജിൽ 7
അതിവിടയം കടുകുരോഹിണി
കുടകപ്പാലമേൽ വിളഞ്ഞരിയുമിവ
മുക്കുടി വെച്ചുകുടിച്ചാൽ
അറയപ്പോമാറു നാളിലതിസാരം 8
കുടകപ്പാലവേർമേലെ തൊലി ഷൾപലമെന്നിവ
അരച്ചു മൺപൊതിഞ്ഞിട്ടു ചുട്ടെടുത്തു പൊടിച്ചത് 9
അഷ്ടചൂർണ്ണത്തോടൊപ്പം ചേർത്തതു മോരിൽ കുടിക്കയും 10
വെണ്ണീറുനൂറുപ്പിവ മൂന്നു പാത്രേ
കലക്കി നന്നായ് തെളിയിച്ച നീരാൽ
ഉഴക്കുഴക്കിശ്ശയെടുത്തുകൂട്ടി
കൊടുക്ക മൂഴക്കതിസാരശാന്ത്യൈ 11
കഷായം നന്നു മുസ്താദി ദേവദാർവാദിയും ഗുണം
കുടകപ്പാലവേർമ്മേൽ തോൽ കഷായം വെച്ചതാറിയാൽ 12
തേനും കൂട്ടി കുടിച്ചീടിൽ അതിസാരം ശമിച്ചുപോം
ഇരുവേലിയതും ചുക്കും ചെങ്ങഴീടക്കിഴങ്ങതും 13

ഒപ്പമിട്ടു കുറുക്കീട്ടുള്ളാട്ടിൻ പാലു കുടിക്കണം
അതിസാരം ശമിച്ചീടാൻ എത്രയും പാരമൗഷധം 14
അഗ്നിയിട്ടതു വെന്തുള്ള ഘൃതവും പാലുകാച്യതും
പിന്നെക്കൂട്ടി വെതുപ്പീട്ടു കുടിച്ചാൽ പോക്കു നിന്നിടും 15
മുത്തെങ്ങാ പലമൊന്നാക്കി പാലും കൂട്ടിക്കഷായമായ്
അന്തിക്കുണ്ടതു സേവിച്ചാലതിസാരം ശമിച്ചുപോം 16

**ശാർങ്ഗേര്യാദിമോർക്കഞ്ഞി**

ശാർങ്ങേരിനീരുമഥ മോരുമളന്നുകൂട്ടി
ചേർന്നീടുമാറു മലരിട്ടു ചമച്ചകഞ്ഞി
പാങ്ങായ്ക്കുടിക്കിലതിസാരഗദങ്ങൾ തീരും
പൊങ്ങീടുമഗ്നിയുമിരപ്പുമടങ്ങുമന്നെ 17
ശാർങ്ഗേരി പാടതൻ മൂലം ചെറുതാം കടലാടിയും
വിരകിൻ കടതൻ തോലും കുടകപ്പാല ഞാറലും 18
ഇവറ്റിൻ വേരുതൻ തോലും കഞ്ഞിക്കൂർക്കിലുതന്നില
തമിഴാമ കൊടിത്തൂവ കാട്ടുതിപ്പലിവാലിവ 19

*(?കാട്ടുതിപ്പലി ആല് ഇവ)*

വിലക്കുരുന്നു താർതാവൽ ആൽമൊട്ടും തുമ്പതൻ കുടം
തെളിക്കുരുന്നു മുത്തെങ്ങാ ഇവയൊക്കെയുമൊത്തുടൻ 20
ഇടിച്ചിട്ടുപിഴിഞ്ഞുള്ള നീരിൽ കൂട്ടുക നെയ്യത്
തൈരുമൊപ്പമളന്നീടു നെല്ലിക്കാ വെന്ത നീരതും 21
അയമോദകമിന്തുപ്പും വ്യോഷവും ജീരകദ്വയം
കായമെട്ടുമതൊപ്പിച്ചു കൽക്കമിട്ടിട്ടു കാച്ചുക 22
കാലത്തന്നെ കുടിച്ചീടിൽ ആറു ജാതിയതായ് വരും
അതിസാരം ശമിച്ചീടും അരിശസ്സഗ്നിമാന്ദ്യവും 23
കുടകപ്പാലവേർമ്മേൽ തോൽ യവാഷം കടലാടിവേർ
പാടതൻ മൂലവും കൂടെ നെയ്യിലിട്ടു വറുത്തത് 24
പിന്നെ വാങ്ങിയരച്ചീടു അപ്പോൾ ചുക്കയമോദകം
കൂടെക്കൂട്ടിയരച്ചിട്ടു മോരിൽ വച്ചു തികഴ്ത്തുക 25
അന്നേരത്തതിലാക്കീടു മുന്നം ശേഷിച്ച നെയ്യതും
വാങ്ങിയാറിക്കുടിച്ചീടു എന്നാൽ പോക്കും പൊറുത്തീടും 26
ഉള്ളിയുംവിടയുംനല്ല മധുരിച്ച പുളിന്തൊലി

*(?മധുരംപുളിത്തോൽ, ?തെളിക്കുരുന്നു-തേറ്റാംപരലിൻ തളിര്)*

ഇവ നന്നായ് വറുത്തിട്ടു നെയ്യീന്നൂറ്റിയെടുക്കണം 27
പിന്നെക്കൂട്ടിയരച്ചീടു ചുക്കും നല്ലയമോദകം
ഒക്കക്കൂട്ടിത്തികത്തീട്ടു മോരിൽ പിന്നെയുമിങ്ങനെ 28
അതിസാരം ശമിച്ചീടും അർശസ്സും ഗുദവേദന
കൂട്ടിയുണ്കിലുമാം പിന്നെ കുടിച്ചീടുക മുക്കുടി 29
അമ്പഴത്തോൽ പിഴിഞ്ഞുള്ള നീരും തേനുമതൊപ്പമായ്
തേങ്ങാപ്പാലുമിതിൽ കൂട്ടി സേവിച്ചാൽ പോക്കു നിന്നിടും 30
ഞാറത്തോൽകൊണ്ടുമീവണ്ണം രഹസ്യമിദമൌഷധം
അടയ്ക്കാമണിയൻമൂലമഗ്നിയും കാട്ടുതിപ്പലി 31
കാട്ടിലെ മുളകിൻ വേരും യവാഷത്തിന്റെ മൂലവും
കുടകപ്പാലവേർത്തോലും ചുക്കും നല്ലയമോദകം 32
മദയന്തിയുമൊപ്പിച്ചു കല്ക്കമായിട്ടു വെന്ത നെയ്
സേവിച്ചീടുകിൽ നന്നേറ്റം അതിസാരം ശമിച്ചിടാൻ 33
അഗ്നിമാന്ദ്യമതും തീരും അർശസ്സിന്നേറെ നന്നിതു
കൊടുവേലി കൊടിത്തൂവ കൃമിഘ്നം വിടയം തഥാ 34
വയമ്പും പാടതൻ മൂലം താതിരിപ്പൂവുമെന്നിവ
പേരാൽമൊട്ടമ്പഴത്തോലും കാട്ടുതിപ്പലിമൂലവും 35
കടുക്കാ വിലവും വ്യോഷം ഇലവും മാവുതൻ പശ

കഷായം വെച്ചുകൊണ്ടീടു ഈവണ്ണം മഞ്ഞൾ രണ്ടുമായ് 36
പിന്നെ വാങ്ങിയരിച്ചിട്ടു തേനും കൂട്ടി കുടിക്കിലോ
അതിസാരം ശമിച്ചീടും ഇതിനാലെന്നു നിർണ്ണയം 37

**പഴകിയ അതിസാരത്തിന്ന്**

വയമ്പു കൂവളംനല്ല കൊട്ടം ചുക്കയമോദകം
തിപ്പലീ കുടകപ്പാലയരി കൂട്ടിക്കഷായമായ് 38
തേനും കൂട്ടികുടിച്ചീടിൽ അതിസാരം ശമിച്ചുപോം
പഴകീട്ടുള്ളതിസാരം ശമിപ്പാനേറെ നന്നിത് 39

**ശാർങ്ഗേരീഘൃതം**

ഹ്രിബേരമാമ്പലും നെയ്തൽ മൂലം താമരനാളവും
പാച്ചോറ്റി ചന്ദനം പാഠാ മുത്തങ്ങാ ദേവതാരവും 40
തുവർച്ചില ചവർക്കാരം മുക്കായും ഇലവർങ്ങവും
അഗ്നിയും കൂവളം ദാർവീ നാലുചീതു കഴഞ്ചിവ 41
ശാർങ്ഗേരീസ്വരസം കൂട്ടു നെയ്യിടങ്കഴിയൊന്നുമായ്
കാച്ചി സേവിച്ചുകൊള്ളേണം ശാർങ്ഗേരീഘൃതമെന്നു പേർ 42
അരുചീ ഗ്രഹണീ പാണ്ഡു പനിയും മൂത്രകൃച്ശ്രവും
ഗുദവേദനയും പിന്നെ ശൂലയെന്നിവ പോയിടും 43
അയമോദകവും ചുക്കും മലർ കൂവളമാവണ-
ക്കടലാടിയിവറ്റിൻ വേർ കൂട്ടിവെച്ച കഷായവും 44
സേവിച്ചീടുകിലപ്പോഴെ അതിസാരം ശമിച്ചു പോം
പുളിവേർത്തൊലി മുത്തങ്ങാ ചുക്കിവറ്റിൻ കഷായവും 45
കുടകപ്പാലവേർമ്മേലെ തൊലി നന്നായരച്ചത്
അഞ്ചാറിലകൾ വാട്ടീട്ടു പൊതിഞ്ഞു പുറമേ പുനഃ 46
മൺപൊതിഞ്ഞിട്ടു നന്നായ് ചുട്ടു വേവിച്ചെടുത്തുടൻ
മണ്ണു നീക്കിപ്പിഴിഞ്ഞുള്ള രസമിന്തുപ്പുമായ് പിബേൽ 47
ഈവണ്ണം പലകപ്പയ്യാനി വേരു പിഴിഞ്ഞതും
(ഈവണ്ണം പലകപ്പയ്യാനിവേരു തന്നെ പിഴിഞ്ഞതും)
കാട്ടുചേനയുമീവണ്ണം വെന്തെടുത്തു പിഴിഞ്ഞതും 48
ഇന്തുപ്പുമിട്ടു സേവിച്ചാൽ അതിസാരം ശമിച്ചുപോം
സഹസ്രവേധിയും നല്ല ഞഴുകിൻ തോലിനുള്ളിലെ 49
പഞ്ഞി ശാർങ്ഗേരിവേരെന്നിതൊപ്പം ചേർത്തിട്ടരച്ചത്
ധാരോഷ്ണം ചേർത്തു സേവിച്ചാൽ അതിസാരം ശമിച്ചുപോം 50
നെയ്യിൽ പാഠാദിയുംനന്നു യവാന്യാദ്യപിചൂർണ്ണം 51

*(ധാരോഷ്ണം=കറന്ന ചൂടോടെ ഉള്ള പാൽ)*

**സേതുബന്ധംഗുളിക**

ജാതീഫലാതിവിഷവില്വഫലാജമോജ-
ചൂതാസ്ഥിഡാഡിമയവാനികരാംപുകൃഷ്ണാ
ജംബ്വസ്ഥിപംക്തികൾ വറുത്തു പൊടിച്ചു തുല്യം
കൂട്ടീട്ടരക്ക ലശുനോത്ഭവതൈലയുക്തം 52
പിന്നെച്ചമക്ക ബദരീഫലതുല്യമാക്കി
ത്തേനിൽക്കൊടുക്ക ദധിതക്രമതിൽ കലർന്നും
സർവാതിസാരമുടനേ കടിയോടു കുത്തും
ഓടീട്ടൊളിക്കുമയി പേരിതു സേതുബന്ധം 53

**സഹസ്രവേധിഗുളിക**

സഹസ്രവേധിയും വില്വക്കായകത്തുള്ള മജ്ജയും
ശാർങ്ഗേരിമൂലവും കൂട്ടി ഗുളികാ കാരയേൽ സുധീഃ 54
സേവിച്ചീടാം ഗുളോപേതാം ധാരോഷ്ണത്തിലുമാമിത്

**പഞ്ചകോലഘൃതം**

കാട്ടുതിപ്പലിയും ചുക്കും കൂട്ടിയുള്ള കഷായകേ 55
പഞ്ചകോലകമിന്തുപ്പും കൽക്കീകൃത്യ ഘൃതം പചേൽ

പിന്നെസ്സേവിച്ചുകൊണ്ടീടിൽ അതിസാരം ശമിച്ചു പോം 56

**ജംബ്വാമ്രാസ്ഥ്യാദിഘൃതം**

ജംബ്വാമ്രാസ്ഥ്യരളുപ്രിയംഗ്വതിവിഷാദാർവീസമംഗോല്പലാം-
ബഷ്ഠാധാതകീലോധ്രവൽസകഷഡ്ധീവില്വാംബുയഷ്ട്യൌഷധൈഃ
ശാർങ്ഗേര്യാസ്തു ശതാവരീഭവരസേ സർപ്പിഃ പ്രസിദ്ധം ജയേൽ
സാസൃക്പിത്തകഫാതിസാരഗുദരുഗ്ഭ്രംശഗ്രഹണ്യാദികം 57

പുളിയാരലും ശതാവരിയും ഇടിച്ചുപിഴിഞ്ഞനീരിൽ ഞാവൽക്കുരുന്നു മാങ്ങായണ്ടി പെരുമരത്തൊലി ഞാവൽപ്പൂവു അതിവിടയം മരമഞ്ഞത്തൊലി പടർച്ചുണ്ട ചെങ്ങഴിന്നീർക്കിഴങ്ങ് അമ്പഴത്തൊലി താതിരിപ്പൂവ് പാച്ചോറ്റിത്തൊലി കുടകപ്പാലവേർമേൽത്തൊലി കച്ചോലക്കിഴങ്ങു ഇളയകൂവളക്കായ്ക്കകത്തെ മജ്ജ ഇരുവേലി ഇരട്ടിമധുരം ചുക്ക് ഇവ കല്ക്കം കൂട്ടി കാച്ചുന്ന നെയ് അതിസാരാദികൾക്ക് നന്ന്.

**രക്താതിസാരത്തിന്ന്**

സഹസ്രവേധി നന്നായിപ്പൊടിച്ചിട്ടതു രാവിലെ
ധാരോഷ്ണത്തിൽ കൊടുക്കേണം രക്താതീസാരനാശനം 58
ചൂടുള്ള ചോറുമിട്ടിട്ട് മീതേയിന്തുപ്പുമിട്ടതിൽ
വെണ്ണവച്ചുരുകിത്താണാൽ ഇന്തുപ്പ് നീക്കിയുൺകയും 59
ഞെരിഞ്ഞാംപുളിയും നല്ല ഇഞ്ചിയും പുളിയാരലും
കുരന്തകാളിയും നന്നായ് പിഴിഞ്ഞുള്ള രസത്തില് 60
അത്രയും മോരുചേർത്തിട്ട് കാട്ടുതിപ്പലികൽക്കമായ്
നെയ് ചമച്ചതു സേവിക്ക രക്താതിസാരനാശനം 61

**ചോരപോകുന്നതിന്ന്**

ജാതിക്കാ ചന്ദനവും
താമരയിലകൊട്ടടക്കയിവ
നാലും കൂട്ടിയുരുട്ടിയ ഗുളികാം
തൈരിൽസേവിക്ക ചോരപോവതിന് 62
ജാതിക്കാ കരയാംപൂവും കറുപ്പുംവിടയംതഥാ
ഉള്ളിതന്നുള്ളിലാക്കീട്ട് മാറാഞ്ചേമ്പിലകൊണ്ടുടൻ 63
പൊതിഞ്ഞു ചുട്ടു നാലഞ്ചില കരിഞ്ഞതെടുത്തുടൻ
അരച്ചുരുട്ടിപ്പാവട്ടക്കായൊടൊപ്പിച്ചു തൈർജലേ 64
സേവിക്കാം തേനിലും പിന്നെ സർവാതിസാരനാശനം
ചുക്കും ജീരകവും നല്ല കറുപ്പും സമമായിവ 65
മദയന്തിക തത്തുല്യം അരച്ചു ഗുളികീകൃതം
സേവിക്ക തൈരിലെന്നാകിൽ സർവാതിസാരനാശനം 66
തേറ്റാമ്പലരച്ചിട്ടു മോരുകാച്ചിയരിച്ചതിൽ
കലക്കീട്ടു കുടിച്ചീടിൽ ചോരപോക്കു നിലച്ചിടും 67
ഞാവൽക്കുരുന്നിളയതാം മാവിന്റെ തളിരും പുനഃ
കദളീവാഴ തൻപൂവും കഷായം വെച്ചതാറിയാൽ 68
തേനും വീഴ്ത്തിക്കുടിച്ചീടിൽ ചോരപോക്കു നിലച്ചിടും 69

*ഇതി വൈദ്യരത്നമാലികായാം അതിസാരചികിത്സാധികാരഃ*

## *ഗ്രഹണീലക്ഷണം*

നാലു ജാതിയതുണ്ടല്ലോ മൂന്നിലോരോന്നിനാൽ പുനഃ
മൂന്നുമൊത്തിട്ടുമുണ്ടാകും ഗ്രഹണീ നാലുജാതിയായ് 1
ഹേതു കൂടാതെ ബന്ധിക്കും മലം നാലഞ്ചുനാളില്
തഥാ ഹേതുക്കൾ കൂടാതെ സരണം പിന്നെയത്രനാൾ 2
ഈവണ്ണം കണ്ടുവെന്നാകിൽ പിന്നെ ഗ്രഹണിയായ് വരും
ഒന്നിനാലും ശമിക്കാതെ വന്നുകൂടും ക്രമത്തിനാൽ 3
അന്നമൊട്ടു ദഹിക്കാതെ അയഞ്ഞിട്ടതു പോകയും

ഈവണ്ണം ലക്ഷണം കണ്ടാൽ ഗ്രഹണീയെന്നു പേരുമാം 4
തളർച്ച പനിയും പിന്നെ പുളിന്തേക്കലുമേങ്ങലും
വായിൽ നീരതുവന്നീടും രുചിയില്ലായ്ക തൃഷ്ണയും 5
ആന്ത്രവും ചെവി മൂളീടും മെലിയും ദേഹമേറ്റവും
വാതത്താലുള്ളതെന്നാകിൽ വാവരൾച്ച തളർച്ചയും 6
നൊന്തിടും തുടവീങ്ങീടും കഴലസ്ഥാനമിങ്ങനെ
പിത്തത്താൽ പീതമായീടും ദേഹവും പോക്കുമങ്ങിനെ 7
ദുർഗന്ധമുഷ്ണവും പിന്നെ പുളിന്തേക്കലുമായ്വരും
ശ്ലേഷ്മത്താൽ ഛർദ്ദിയും നെഞ്ചു കഴയ്ക്കുമരുചീ തഥാ 8
വയറേറ്റം കനത്തീടും ബലക്കേടുമതേറ്റമാം
മൂന്നുമൊത്തതു വന്നീടിൽ മൂന്നിന്റെ ലക്ഷണങ്ങളും 9

**മഹാരോഗങ്ങൾ**

വാതമശ്മരികുഷ്ഠഞ്ച പ്രമേഹഞ്ച മഹോദരം
അർശോഭഗന്ദരം പിന്നെ ഗ്രഹണീയിവയൊക്കെയും 10
മഹാരോഗങ്ങളെന്നല്ലോ ബാഹടാചാര്യർ ചൊന്നതും 11

*ഇതി വൈദ്യമാലികായാം ഗ്രഹണീലക്ഷണാധികാരഃ*

## *ഗ്രഹണീചികിത്സ*

ഗ്രഹണിക്കു ദഹിപ്പാനുള്ളൌഷധം മുൻപിൽ വേണ്ടത്
പിന്നെപ്പോക്കതു നിർത്തീടാം ഇങ്ങനെ കണ്ടു ചെയ്യണം 1

**ദീപനത്തിന്**

വിടയം ചുക്കുമുത്തങ്ങ ഇവയൊപ്പിച്ചരച്ചുടൻ
ഇളവൻ നീരിലാക്കീട്ടു കുടിച്ചാൽ ദീപനം വരും 2
തുവർച്ചില കടുക്കായും അയമോദകമെന്നിവ
പൊടിചെയ്തിട്ടു വെന്നീരിൽ സേവിപ്പൂ ഗ്രഹണിക്കിത് 3
ഛർദ്ദിയും വയർനോവും പോം ദിപനം വന്നുകൂടിടും
പുങ്ങിൻ വേരു പറിച്ചിട്ടു വേർമേലേ തോലു കൊള്ളുക 4
ചുക്കു മുത്തങ്ങയും മൂന്നും നാലുചീതു കഴഞ്ചതായ്
കഷായം വെച്ചു സേവിക്കാം മേമ്പടിക്കു കണപ്പൊടി 5
ഗ്രഹണിക്കിതു സേവിച്ചാൽ അപ്പോഴേ ദിപനം വരും

**പൂതീകാദികഷായം**

ആവിൽത്തോൽ കൂവളം ചുക്കും കാട്ടുതിപ്പലിമൂലവും 6
കാട്ടിലെ മുളകിൻ വേരും അഗ്നിയും തമിഴാമയും
പഥ്യയെന്നിവയൊപ്പിച്ചു കഷായം വെച്ചുകൊണ്ടത് 7
സേവിച്ചീടുകയെന്നാകിൽ അഗ്നിവർദ്ധനമായ് വരും

**ദഹനത്തിന്**

കാട്ടുതിപ്പലിതൻ വേരും തിപ്പലീ കൊടുവേലിയും 8
കാട്ടിലെ മുളകിൻ വേരും ഇന്തുപ്പം ജീരകദ്വയം
മുളകും കായവും പിന്നെ ചവർക്കാരവുമെന്നിവ 9
ഒപ്പം കൂട്ടിപ്പൊടിച്ചിട്ടു മാതൾനാരങ്ങനീരതിൽ
സേവിച്ചീടുകിലപ്പോഴെ ഉണ്ട ചോറു ദഹിച്ചുപോം 10
കടലാടിയുടെ വേരും കാട്ടുതിപ്പലിമൂലവും
അടയ്ക്കാമണിയൻ വേരും താർതാവലിവയൊക്കയും 11
അയമോദകവും ചുക്കും കൂട്ടി നന്നായരച്ചത്
മോരിൽ വെച്ചു കുറുക്കീട്ടു ആറിയാറിച്ചു തേനുമായ് 12
സേവിച്ചീടുകിലപ്പൊഴെ ഗ്രഹണീ ശമനം വരും
ആട്ടിൻ പാലു കുറുക്കീട്ടു സേവിക്കാം ഗ്രഹണിക്കത് 13

അതിസാരത്തിന്നു മുൻപിൽ ചൊന്നതൊക്കെയിതിന്നുമാം
കാട്ടുതിപ്പലിതൻ വേരും മാവിൻ തോൽ ചുക്കു തിപ്പലി 14
ഇവയും കൽക്കമായിട്ട് നെയ്യും പാലുമതൊപ്പമായ്
കാച്ചിക്കൊണ്ടതരിച്ചിട്ടു കൂട്ടൂ ഗ്രഹണിശാന്തയെ 15

**പഞ്ചകോലപ്രയോഗങ്ങൾ**

പഞ്ചകോലകഷായഞ്ച ചൂണ്ടവേരിൻ കഷായവും
പഞ്ചകോലങ്ങളെക്കൊണ്ടു മോരിൽ മുക്കുടിയും ഗുണം 16

തിപ്പലി കാട്ടുതിപ്പലിവേര് കൊടുവേലിക്കിഴങ്ങ് കാട്ടുകൊടിവേര് ചുക്ക് ഇവ പഞ്ചകോലം.

**ദാഹതൃഷ്ണകൾക്ക്**

ചിഞ്ചാരസത്തിലുണ്ടാക്കും തൈലം തേയ്ക്ക ഹിതം പരം
വില്വമൂലം ബലാമൂലം ചുക്കുമെന്നിവയൊപ്പമായ് 17
കഷായം വച്ചു സേവിക്കാം ലാജം മേൻപൊടിയായുടൻ
ദാഹവും തൃഷ്ണയും തീരും ഗ്രഹണീടേതു നിശ്ചയം 18
പാഠാചവ്യകരഞ്ജാദിഘൃതവും ഗ്രഹണീഹരം 19

**പഥ്യാദികഷായം**

പഥ്യാവ്യോഷപുനർന്നവാംബുദനിശാപൂതികയുഗ്മാഝടാ-
പാഠാവില്വഘുണപ്രിയാരളുകണമൂലോഗ്രഗന്ധാഗ്നിഭിഃ
ചവ്യാദീപ്യകബാണപുംഖസഹിതൈരേതൈഃ പ്രസിദ്ധം ജലം
പേയം തൽ ബഹുദോഷജഗ്രഹണിഭിർദ്ദേവൈർയഥേവാമൃതം 20

കടുക്കാ ത്രികടു തമിഴാമവേര് മുത്തങ്ങ മഞ്ഞൾ പുങ്ങിൻതോൽ ആവിൽത്തോൽ കിഴുകാനെല്ലി പാടക്കിഴങ്ങ് കൂവളത്തിൻ വേര് അതിവിടയം പെരുമരത്തോൽ കാട്ടുതിപ്പലിവേര് വയമ്പ് കൊടുവേലിക്കിഴങ്ങ് കാട്ടുകൊടിവേര് അയമോദകം കൊഴിഞ്ഞിൽവേര് ഇവകൊണ്ടു കഷായം.

കടലാടിയുഗം പറിച്ചു ദോർഭ്യാം
അഥവാമേന വരിച്ചതും കളഞ്ഞു
ഇതരസ്യ രസത്തിലെണ്ണവീഴ്ത്തി-
പ്പുരുകെപ്പോം ഗ്രഹണീവികാരമെല്ലാം 21
ഗ്രഹണീശമനത്തിന്നു ചൂർണ്ണം ഹുതഭുഗാദിയും
രാജചൂർണ്ണം ഹിതം തദ്വൽ ഹിംഗ്വഷ്ടകമതിൽ ഗുണം 22
സേവ്യം കഷായം പഥ്യാദി പൂതീകാദിയുമത്ഭുതം
നെയ്യ് ചമച്ചതു സേവിക്ക മോരും ശാർങ്ഗേരിനീരുമായ് 23
അതിന്നു കൽക്കം നല്ലോരു അമ്പഴത്തിന്റെ വേർത്തൊലി
ഇന്തുപ്പിഞ്ചിയുടെ നീരിൽ സേവ്യം ഗ്രഹണിനാശനം 24

*ഇതി വൈദ്യരത്നമാലികയാം ഗ്രഹണീചികിത്സാധികാരഃ*

## അത്യഗ്നിചികിത്സ

ചന്ദനം നവനീതത്തിൽ സേവ്യമത്യഗ്നിനാശനം
പിന്നസ്നിഗ്ദ്ധങ്ങളായുള്ളതൊക്കയും ശീതളങ്ങളും 1
സേവിക്കേണം നിദാനത്തിൽ ഇതുമാശു ശമിച്ചുപോം
അത്യഗ്നിയെ ശമിപ്പിപ്പാൻ പാലും നെയ്യും മലർപ്പൊടി 2
പഞ്ചസരയിളന്നീരെന്നിവ നന്നായ്ക്കൊടുക്കണം
നിറഞ്ഞിരിക്കിലും നന്നായ് തന്നെ തന്നെ കൊടുക്കണം 3
അത്യഗ്നി ശാന്തമാവോളം ചോറു ചെല്ലരുതൊട്ടുമേ
ഇതീവണ്ണം പ്രയോഗിച്ചാൽ അത്യഗ്നി ശമനം വരും 4

*ഇതി വൈദ്യമാലികായാം അത്യഗ്നിചികിത്സാധികാരഃ*

## മൂത്രാഘാതലക്ഷണം

പന്ത്രണ്ടുമെട്ടുമുണ്ടല്ലോ മൂത്രാഘാതങ്ങൾ ചൊന്നതിൽ
നാലുമശ്മരിയാമല്ലോ വാതപിത്തകഫങ്ങളാൽ 1
മൂന്നുമൊത്തതുകൂടീട്ടും ഇങ്ങനെ നാലു ജാതിയാം
മൂത്രകൃച്ശ്രങ്ങൾ നാലുണ്ടു മൂന്നും വെവ്വേറെയൊത്തതും 2
പിന്നെപ്പന്ത്രണ്ടു പൊക്കിൾക്കു താഴെനിന്നുളവാമതിൽ
വാതവസ്തികൾ രണ്ടല്ലോ അഷ്ഠീലാ കുണ്ഡലീകയും 3
മൂത്രീ ജഠരവും പിന്നെ മൂത്രോൽസംഗമതും പുനഃ
മൂത്രഗന്ധിയതും പിന്നെ മൂത്രശുക്ലമതും പുനഃ 4
അസ്ഥിഘാതഞ്ചോഷ്ണവാതം മൂത്രക്ഷയമതും തഥാ
മൂത്രസാദവുമീവണ്ണം നാമങ്ങൾ പന്തിരണ്ടിനു 5
അശ്മരീയിങ്ങനെ വന്നാൽ വാതപിത്തകഫങ്ങളാൽ
വരണ്ടു കല്ലുപോലായിട്ടുളവാകുമതിങ്ങനെ 6
കല്ലടപ്പെന്നു ചൊല്ലുന്നു വെല്ലുവാനാവതല്ലത്
ശസ്ത്രംകൊണ്ടതു കീറീടിൽ മൃത്യു വന്നു ഭവിക്കിലാം 7
ബാലന്മാർക്കു കഫത്താലങ്ങുണ്ടാവൂ മിയ്ക്കവാറതും
യൌവനത്തിങ്കലെന്നാകിൽ ശുക്ലത്താലെ ഭവിച്ചിടും 8
എപ്പൊഴും നാഭി നൊന്തീടും മൂത്രം നേർത്തുമതായ് വരും
വൃഷണം നൊന്തുവീങ്ങീടും മൂത്രം വീഴാതെ നോകയും 9
അന്നവും മുട്ടിയെന്നാകിൽ അന്ത്യകാലമടുത്തതാം
ചൊല്ലാം കൃച്ശ്രങ്ങൾ നാലിന്നും ലക്ഷണങ്ങൾ ചുരുക്കി ഞാൻ 10
വസ്തി കഴലയും മേഢ്രം നൊന്തീടും വാതജത്തിന്
പിത്തത്താലകാലസ്ഥാനത്തൊക്കയും ചുട്ടുനീറിടും 11
മഞ്ഞളിച്ചും ചുവന്നിട്ടും മൂത്രത്തിൻ നിറമിങ്ങനെ
കഫത്താൽ കനമേറീടും മേഢ്രം കഴല വസ്തിയും 12
നാലാമത്തേതു വന്നീടിൽ ലക്ഷണം മൂന്നുമൊത്തിടും 13

*ഇതി വൈദ്യമാലികായാം മൂത്രാഘാതലക്ഷണാധികാരഃ*

## മൂത്രാഘാതചികിത്സ

**വാതകൃച്ശ്രത്തിന്ന്**

വിരേചിപ്പിക്ക ചെയ്യേണം പിന്നെ സ്വേദവുമിങ്ങനെ
എണ്ണയും നെയ്യുമായ്ത്തേച്ചു ധാര കൊള്ളുക വസ്തിയിൽ 1
കൂടെക്കൂടെ വെതുപ്പേണം ധാരയ്ക്കങ്ങനെ കൊള്ളുക
പാച്ചോറുകൊണ്ടു കാച്ചീടാം കാടിതന്നിലിരുത്തിടാം 2
അരിഞ്ഞുവാട്ടി കെട്ടീട്ടു ആവണക്കില ജീരകം
എണ്ണയും നെയ്യുമായ്ത്തേച്ചു കിഴികൊണ്ടങ്ങു കാച്ചുക 3
ഓരിലാ ഗുഹയും നല്ല ബൃഹതീ കണ്ടകാരിക
പൊന്നാങ്ങാണിയും പിന്നെ ശതാവരി ഞെരിഞ്ഞിലും 4
ഇവകൊണ്ടു കുറുക്കീട്ടു ഗുൽഗുലുപ്പൊടിയിട്ടതിൽ
കഷായത്തെക്കുടിച്ചീടിൽ വാതകൃച്ശ്രമൊഴിഞ്ഞുപോം 5

**പിത്തകൃച്ശ്രത്തിന്ന്**

സ്വേദംകൊണ്ടു ശമിച്ചീടാ പിത്തത്താലുളവായത്
കുളുർപ്പുള്ളൌഷധം കൊള്ളു വെതുമ്പീടാത ധാരയും 6
വെള്ളരിക്കാക്കുരു പിന്നെ മധുകം മരമഞ്ഞളും
നേരക്കണ്ടതരച്ചിട്ടങ്ങരിയൂറ്റിയ നീരതിൽ 7
സേവിച്ചീടുക കാലത്തു മൂത്രകൃച്ശ്രമൊഴിഞ്ഞുപോം

മൂഷികൻകാഷ്ടവും പിന്നെ ഞെരിഞ്ഞിൽ വെള്ളരിക്കുരു 8
മൂന്നുമമ്മിയിലിട്ടിട്ടു കാടിതന്നിലരയ്ക്കണം
നാഭിക്കു താഴെ പൂശീടിൽ എത്രയുംപരമൌഷധം 9
മൂത്രം ചുട്ടതു വീഴായ്കിൽ അപ്പോഴേ വീണുപോയിടും
വെള്ളരിക്കുടർ മാന്തീട്ടു ഏലത്തരിയുമായുടൻ 10
കാടിതന്നിലരച്ചിട്ടു നാഭിക്കിടുക പിന്നെയും
ഏലത്തരി പൊടിച്ചെണ്ണ തന്നിൽ സേവിക്കയും ഗുണം 11
കരുനൊച്ചിയുടെ വേരു മോരിൽ നന്നായരച്ചതു
മോരിൽ കലക്കി സേവിച്ചാൽ മൂത്രകൃച്ശ്രഹരം പരം 12
പിഷ്ടാ പ്രസാരണീമൂലം ഇളന്നീരിൽ കുടിക്കയും
ഓരിലത്താമരാമൂലം ധാരോഷ്ണത്തിൽ കുടിക്കയും 13
സമൂലമിതിനെത്തന്നെ തയിർനീരിൽ കുടിക്കയും
ഞെരിഞ്ഞിലിന്റെ കുരുവു നന്നായ് നേർക്കയരച്ചത് 14
ശതാവരിക്കിഴങ്ങിന്റെ രസേന സഹ പായയേൽ
ഇളന്നീരിൽ കുടിക്കേണം കൊത്തമ്പാലയുടെയരി 15
ഏലത്തരിയുമീവണ്ണം ഇളന്നീരിൽ കുടിക്കിലാം
വഴിപോലെ പഴുപ്പിച്ചു തൊലിച്ചു കദളിപ്പഴം 16
കരിക്കിന്റെ മൂക്കുചെത്തീട്ടതിലിട്ടേച്ചു പിറ്റനാൾ
എടുത്തതെതിരേ സേവ്യം മൂത്രമെല്ലാമൊഴിഞ്ഞുപോം 17
ചെറുപൂളേടെ വേർകൊണ്ടു കഷായഞ്ച ഞെരിഞ്ഞിലും
കല്ലൂർവഞ്ചിയുമൊപ്പം ചേർത്തുണ്ടാക്കുന്ന കഷായവും 18
വസ്ത്യാമയാന്തകം നെയ്ക്കു കഷായത്തിന്നു ചൊല്ലിയ
മരുന്നുകളെയൊപ്പം ചേർത്തുണ്ടാക്കുന്ന കഷായവും 19
ഘൃതം മേൻപൊടിയായിട്ടിട്ടു സേവിച്ചാൽ കൃച്ശ്രനാശനം
ഇളന്നീർവെള്ളവും വീഴ്ത്തി അരച്ചിട്ടുള്ള കന്മദം 20
ഘൃതവും സിതയും കൂട്ടി സേവിച്ചാൽ കൃച്ശ്രനാശനം
ശതാവരി പിഴിഞ്ഞുള്ള രസത്തിൽ പാലിരട്ടിയായ് 21
ഞെരിഞ്ഞിൽ കല്ക്കമായ് സിദ്ധം ഘൃതം കൃച്ശ്രവിനാശനം 22

നിലപ്പനക്കിഴങ്ങിന്റെ കഷായേ കദളിപ്പഴം
ഉഴുന്നും കൂവമൃദ്വീകാമധുകാമുക്കിരങ്ങളെ
കൽക്കവും കൊണ്ടു പാൽ ചേർത്തു
സിദ്ധന്നൈ പൈത്തികേ ഹിതാ 23
നെല്ലിക്കായമൃതും ചുക്കും പാലുമായ് ഘൃതമത്ഭുതം
ഇളന്നീരിൽ കൊടുക്കേണം അരച്ചു തമിഴാമവേർ 24
തേറ്റാമ്പരലിളന്നീരിൽ അരച്ചേലം സിതാസമം
ഉഴുന്നിന്റെ കഷായത്തിൽ അരച്ചേലം സിതാസമം 25
സേവിച്ചീടുകിലപ്പോഴേ ശമിക്കും കൃച്ശ്രമൊക്കെയും
കൌങ്ങിന്റെ വേരും തെങ്ങിന്റെ വേരും താലസ്യ മൂലവും 26
വെള്ളരിക്കുരുവും നല്ല മൂഷികൻ തന്റെ കാഷ്ഠവും
ഞെരിഞ്ഞിലും കാടിതന്നിലരച്ചിടുക നാഭിയിൽ 27
കെട്ടിനിന്നൊരു മൂത്രത്തെ വാറ്റീടും നാത്ര സംശയം
ശതാവരീഘൃതം കൊള്ളാം ത്രൈകണ്ടകഘൃതം തഥാ 28
വസ്ത്യാമയന്തകം ചൈവ മൂത്രകൃച്ശ്രേഷു യോജയേൽ
തേറ്റാമ്പരലരച്ചിട്ടു ഇളന്നീരിൽ കുടിക്കയും 29
മൺപൊതിഞ്ഞിട്ടു ചുട്ടുള്ള വെള്ളരിക്ക പിഴിഞ്ഞനീർ
എടുത്തു സിതയും നെയ്യും കൂട്ടിക്കൊണ്ടു കുടിക്കയും 30
തുത്തക്കണ്ടിയരച്ചിട്ടു പിഴിഞ്ഞുണ്ടാം രസത്തില്
നെയ്യും കൂട്ടിക്കുടിച്ചാലും മൂത്രം നന്നായൊഴിഞ്ഞു പോം 31

**പിത്തശ്ലേഷ്മകൃച്ശ്രത്തിന്നു**

പിത്തശ്ലേഷ്മങ്ങൾ കൂടീട്ടു കൃച്ഛ്രമുണ്ടാകിലന്നുടൻ
കാടിനീരു വെതുമ്പീട്ടു ധാരയിട്ടാലൊഴിഞ്ഞുപോം 32
കൃച്ഛ്രം പ്രധാനമായിട്ട് മൂത്രം വീഴാത്ത കൃച്ഛ്രകേ
വെള്ളരിയ്ക്കായ്ക്കകത്തുള്ള കുടർവാങ്ങീട്ടു നാഭിയിൽ 33
കനക്കത്തേയക്കിൽ മൂത്രം പോം കണ്ടിപ്പായലരച്ചുമാം
തെങ്ങിന്റെ വേർ കവുങ്ങിൻ വേർ നൽക്കരിമ്പനവേരപി 34
ഏലിപ്പിഴക്കയിത്യാദി കാടിനീരിലരച്ചത്
തണുക്ക നാഭിയിൽ തേച്ചാൽ മൂത്രം നന്നായൊഴിഞ്ഞുപോം 35

**അശ്മരിക്ക്**

നരിച്ചിൽകാഷ്ഠമൗവ്വണ്ണം തേച്ചു നന്നായുണങ്ങിയാൽ
അതിന്നുമേലേ തേക്കേണം വട്ടപ്പായലയരച്ചത് 36

*(നരിച്ചിൽ-നരച്ചീറ്-വാവലിന്റെ ആകൃതിയിലുള്ള ജീവി.)*

അശ്മരിക്കാരനാളത്തിൽ ഇരിപ്പും വസ്തിയും ഗുണം
ചെറുവഴുതിനവേർ നല്ലാവണക്കിന്റെ വേരും 37
വയലുകളിൽ മുളയ്ക്കും ചുള്ളിവേരും ഞെരിഞ്ഞിൽ
ഇവ പരിചിലരിച്ചട്ടമ്ലമല്ലാത്ത മോരതിൽ 38
പരുകുക പുലർകാലേ വീണുപോം കല്ലു നൂനം
മൂക്കാവെന്ത ജലം തന്നിൽ ആവണക്കെണ്ണ സൈന്ധവം 39
കൂട്ടിയൊപ്പിച്ചു സേവിച്ചാൽ ശമിച്ചീടുമിതശ്മരി
ശിഗ്രുമൂലകഷായത്തെ വെക്കയോടെ കുടിക്കണം 40
കാട്ടുമുല്ലേടെ വേർകൊണ്ടു ക്വാഥമശ്മരി പോയിടാൻ
ഞെരിഞ്ഞിൽ മാതളങ്ങായുമഗ്നിയും ശിഗ്രുമൂലവും 41
ഇവകൊണ്ടു കുറുക്കീട്ടു വെക്കയോടെ കുടിക്കണം
അശ്മരീശമനത്തിന്നിതെത്രയും പരമൌഷധം 42
മുരിങ്ങവേർമേൽതൊലിയും മുത്തങ്ങായും കഷായമായ്
വച്ചേലത്തരി കൽക്കം കൊണ്ടൊപ്പം പാൽ ചേർത്തു വെന്തനൈ 43
സേവിച്ചാലശ്മരീകൃച്ഛ്രം ഇവ ശാന്തങ്ങളായ്വരും 44

**ശതാവരീഘൃതം**

വരീ തുലായാശ്ച വിദാരികേക്ഷു-
കുശ്മാണ്ഡകാനാം പലവിംശതീനാം
സാരെ സ്വഗുപ്താർദ്ധതുലാകഷായം
ഘൃതാഢകാർദ്ധം ദ്വിഗുണം പയശ്ച 45
സംയോജ്യ കൽക്കിതപഞ്ചകോല-
മൃദ്വീകയഷ്ട്യാഹ്വപുനർന്നവൈശ്ച
പക്വാ പിബേത്തൽ സിതയാ പ്രഭാതെ
വൃഷ്യാ പരം കൃച്ഛ്രഹരം വിശേഷാൽ 46

ഒരു തുലാം ശതാവരിക്കിഴങ്ങ് പാൽമുതക്ക് കരിമ്പ് കുമ്പളങ്ങാ ഇവ ഇരുപതീതു പലം ഇടിച്ചുപിഴിഞ്ഞ നീര്. അരതുലാം നായ്ക്കുരണവേർ കഷായം വെച്ചത്. രണ്ടിടങ്ങഴി. നെയ്. നെയ്യ്ക്കിരട്ടി പാൽ. പഞ്ചകോലം മുന്തിരിപ്പഴം ഇരട്ടിമധുരം തമിഴാമ ഇവ കൽക്കം. ഇന്നെ പഞ്ചസാരയോടു കൂട്ടി പ്രഭാതത്തിങ്കൽ സേവിക്ക. പുഷ്ടികരമായും വിശേഷാൽ കൃച്ഛ്രഹരമായും ഉള്ളത്.

കഷായംദശമൂലാദി വ്യാഘ്രിഗോക്ഷൂരമാദിയും
ബൃഹത്യാദിഗണേനാപി പഥ്യാഗോക്ഷുരമാദിയും 47
ശതാവരിഘൃതം സേവ്യം പിന്നെ ദാർവ്യാദിനെയ്യുമാം
ശതാവരിഗുളഞ്ചൈവ കുശ്മാണ്ഡോർവ്വാരുകാദിയും 48
കൊള്ളാമേലാശ്മഭേദകം പിന്നെ മാഷാദിചൂർണ്ണവും

പൊൻകാരം പാറ്റാപ്പിഴുക്ക ഓരോ പണമിട പൊടിച്ച് ഒന്നരത്തുടം കൊട്ടത്തേങ്ങാവെള്ളത്തിൽ കൊടുക്ക. മൂത്രമൊഴിയും.

വസ്ത്യാമയാന്തകക്വാഥത്തിലേലത്തരികൽക്കമായ്
നൈ ചമച്ചിട്ടുസേവിക്ക മറ്റും വാതത്തിനുള്ളതും

**ഏലാദിചൂർണ്ണം**

അമൃതും കൂവയും പിന്നെ ശതാവരി കരുവിയും 49
ഇവ നാലുമിടിച്ചിട്ടു പിഴിഞ്ഞൂറലെടുക്കണം
ഏലം വെള്ളരി കുശ്മാണ്ഡം ഇവ മൂന്നിന്റെയും കുരു 50
യഷ്ടി തിപ്പലിയും കൂട്ടീട്ടിങ്ങനെയൊമ്പതൌഷധം
ഒപ്പംകണ്ടു പൊടിച്ചിട്ടു പഞ്ചസാരയുമിട്ടതിൽ 51
തേനിൽ കുഴച്ചു സേവിച്ചാൽ മൂത്രകൃച്ശ്രങ്ങൾ പോയിടും
അസ്ഥിസ്രാവമതും ചൂടും നോവുംകൂടെയൊഴിഞ്ഞുപോം 52
ഏലാദിചൂർണ്ണമെന്നല്ലോ മൂത്രാഘാതകൂലാന്തകം

**ശതാവരിഗുളം**

ശതാവരിയിടിച്ചിട്ടു സ്വരസം നാലിടങ്ങഴി 53
പതിനാറുപലം വേണം ശർക്കരയതിലാക്കുവാൻ
പിന്നെ നന്നായ്ക്കുറുക്കീട്ടു പാകത്തിൽ പൊടി ചൊല്ലിടാം 54
ഏലത്തിന്നരിയും നല്ല കീഴാർനെല്ലി നിലപ്പന
അത്തിത്തിപ്പലിയും പിന്നെ മുതക്കും പാടമൂലവും 55
പാൽവള്ളിയതിൻ മൂലം തിപ്പലീ നറുനീണ്ടിയും
ഞെരിഞ്ഞിൽ കന്മദം പിന്നെ മധുകം സമമായിവ 56
മൂന്നുചീതു കഴഞ്ചാക്കി തൂക്കിക്കൊണ്ടു പൊടിക്കണം
പലം നാലതു കൊണ്ടീടു ചീനത്തെ പഞ്ചസാരയും 57
കൂവയൂറൽ പൊടിച്ചിട്ടു നാഴിവേണമിതൊക്കെയും
തന്നിലിട്ടതിളക്കീട്ടു പാകം കണ്ടതു വാങ്ങുക 58
കുടത്തിലാക്കി വാ കെട്ടി ദിനമേഴു കഴിക്കണം
പിന്നെ സേവിച്ചു കൊണ്ടീടിൽ മൂത്രകൃച്ശ്രങ്ങൾ വേരറും 59
അസ്ഥിസ്രാവപ്രമേഹങ്ങൾ ഇവയൊക്കെയൊഴിഞ്ഞിടും
ശതാവരീഗുളം നാമം മൂത്രാഘാതകുലാന്തകം 60

**ശതാവരീഘൃതം**

നെയ്ക്കു പാലതളന്നീടു നാന്മടങ്ങതുകൊള്ളുക
മഹിഷിപ്പാലുമവ്വെണ്ണം നെയ്യും നാനാഴികൂട്ടുക 61
ശതാവരിപിഴിഞ്ഞുള്ള നീരുമങ്ങെട്ടു നാഴിയാം
ഇക്ഷുനീരതു നാനാഴി കൽക്കത്തിന്നിഹചൊല്ലിടാം 62
ചന്ദനം യഷ്ടി രാമച്ചം മുന്തിരി നറുനീണ്ടിയും
ഈന്തൽ മുത്തങ്ങ കുടകപ്പാലതന്നരി ചെങ്ങഴി 63
പത്മത്തിന്നരിയും പിന്നെ പടർച്ചുണ്ടയുമൊപ്പമായ്
പഞ്ചസാരയതും തേനും കൂട്ടിക്കാച്ചിയരിച്ച നൈ 64
കുടിക്കിൽ പനിയും ദ്രോഹം (പനി ഹൃദ്രോഗം) മൂത്രകൃച്ശ്രങ്ങൾ പിത്തവും
അസ്ഥിസ്രാവക്ഷയം പിന്നെ രക്തപിത്തഞ്ച നാശയേൽ 65

**വസ്ത്യാമയാന്തകം നെയ്യ്**

അത്തിത്തിപ്പലി താർതാവൽ ദാർവീത്വക്കിരുവേലിയും
കരിമ്പുമോരിലാ മീനാങ്ങാണി താമരയല്ലിയും 66
കല്ലൂർവഞ്ചി ച നന്നാറി ബൃഹതീ കണ്ടകാരിയും
നീർമാതളമതിൻ വേരും ശിഗ്രുവും ചെറുപൂളയും 67
മുന്തിരിങ്ങാപ്പഴം പിന്നെ മധുകഞ്ച നിലപ്പന
ഇവയൊക്കെയുമൊത്തോളം തൂക്കിക്കൂട്ടു ഞെരിഞ്ഞിലും 68
ഒക്കെക്കൂട്ടിയിടിച്ചിട്ടു കുറുക്കീട്ടു കഷായമായ്
അരിച്ചിട്ടതിൽ നെയ്‌വീഴ്ത്തു പാലും നെയ്യിനൊടൊപ്പമായ് 69
കോവൽമൂലമതും പിന്നെ ശതാവരീടെ മൂലവും
നന്നായിടിച്ചുള്ള നീരും നെയ്യോടൊപ്പിച്ചു കൂട്ടുക 70
വെള്ളരിക്കനി കുശ്മാണ്ഡം ഇടിച്ചിട്ടു പിഴിഞ്ഞ നീർ
നെയ്യോളം കൂട്ടണം പിന്നെ കല്ക്കത്തിന്നു പറഞ്ഞിടാം 71
ചെങ്ങഴിതന്നുടെ മൂലം മുക്കായീന്തലിരിപ്പയും

അത്തിത്തിപ്പലി മഞ്ചട്ടി ഏലമിന്തുപ്പു ചന്ദനം 72
താമരപ്പൂവുതന്നല്ലീ കൊണ്ടീടൂ ദേവതാരവും
പാച്ചോറ്റിതന്നുടെ മൂലം മുത്തങ്ങായുമമുക്കുരം 73
വയൽച്ചുള്ളി നായ്ക്കുരണ കന്മദം തമിഴാമയും
ഇവറ്റിൻ വേരു കൊണ്ടീടു ചെറുതാം കടലാടിയും 74
തിപ്പലീ നല്ലതും വേണം ഇവയൊക്കെയുമൊപ്പമായ്
കൽക്കമിട്ടതു കാച്ചീട്ടു പാകം സൂക്ഷിച്ചരിക്കണം 75
കാലത്തന്നെ കൂടിച്ചീടിൽ മൂത്രകൃച്ശ്രങ്ങൾ വേരറും
അശ്മരീ ഗുന്മവും വാതം പ്രമേഹമിവ പോയിടും 76
വസ്ത്യാമയാന്തകം നാമ ഘൃതമെന്നതറിഞ്ഞിടു
രണ്ടിടങ്ങഴികൊണ്ടീടു നാളികേരജലത്തിലെ 77
കദളിപ്പഴമെണ്ണീട്ടങ്ങെട്ടിൻ തൊലി കളഞ്ഞത്
പുതുക്കലത്തിലാക്കീട്ടു ദിനം മൂന്നുകഴിക്കണം 78
ഉഴക്കതീന്നെടുത്തിട്ടു സേവിച്ചീടുകയാദരാൽ
അസാദ്ധ്യമായ കൃച്ശ്രങ്ങൾ സാദ്ധ്യമായിട്ടുവന്നിടും 79
തലനീളിയുടെ മൂലം അരച്ചിട്ടിളനീരതിൽ
കലക്കീട്ടതു സേവിച്ചാൽ മൂത്രമപ്പോഴെ വീണുപോം 80
ഏലം തിപ്പലിയും കല്ലൂർവഞ്ചി കന്മദമെന്നിവ
പെടിച്ചരിയുടെ നീരിൽ കുടിപ്പൂ കൃച്ശ്രശാന്തയെ 81
ഗുളം കൂട്ടീട്ടു ഗുളികാം കൃത്വാ സേവിക്കിലും തഥാ
എത്രയും സാരമായുള്ളോരുപദേശമിതായതു 82

**ശ്ലേഷ്മകൃച്ശ്രത്തിന്നു**

ശ്ലേഷ്മത്തിലുള്ള കൃച്ശ്രത്തിന്നിത്ഥം ചെയ്ക ചികിത്സകൾ
മീനാങ്ങാണിയരച്ചിട്ടു വെക്കും മുക്കുടിയത്ഭുതം 83
പെരുഞ്ചുണ്ടയുടെ വേരും ബലാ ച കടലാടിവേർ
പിബേൽ ഗോപയസാ തീരും ഗദം മൂത്രവിദാഹജം 84

**മൂത്രംചുടുന്നതിന്ന്**

ചെറുപയറു പരിപ്പുചെയ്തു നന്നായ്
പഴയരിയിട്ടഥ കൊത്തനെല്ലി കൂട്ടി
വിപചിതമൃദുപേയ മൂത്രദാഹം
പെരുകിയവർക്കമൃതെന്നുശന്തി സന്തഃ 85
സമൂലംകൊണ്ടരച്ചീടു ചെറുപൂളയതിങ്ങനെ
പച്ചപ്പാലിൽ കൂടിച്ചീടിൽ ചുട്ട മൂത്രമൊഴിഞ്ഞുപോം 86
നാല്പാമരസ്യ രസപാചിതശുദ്ധതൈലം
തേച്ചിട്ടു നേർത്ത തുണി നാഭിയിലിട്ടു കഞ്ച്യാ
നേർപ്പിച്ചെലിപ്പിഴുക്കു തിപ്പലി മൂത്തമേഘം
തേയ്ക്കിൽ കെടും ഝടിതി മൂത്രമടപ്പു നൂനം 87

നാല്പാമരകഷായത്തിൽ കാച്ചിയ എണ്ണയിൽ നേർത്ത തുണി മുക്കി നാഭിയിലിട്ടുകൊണ്ടു അതിൻ മീതെ എലിപ്പിഴുക്കും തിപ്പലിയും മൂത്തമുത്തങ്ങായും കാടിയിലരച്ചു തേക്ക.

കല്ലൂർവഞ്ചിയുമേലവും മഗധജം യഷ്ടീ കൊടിത്തൂവയും
തമ്മിൽ തുല്യതയാ നിറുത്തു ചരതിച്ചുണ്ടാം കഷായേ പുനഃ
തുള്ളിത്തേനുമതിൽ തുളിച്ചു പരുകപ്പോം മൂത്രകൃച്ശ്രാർത്തിയും
പൊങ്ങും മൂത്രവിദാഹവും രുജയുമെന്നാഹുശ്ചികിത്സാവിദഃ 88

**ചോരകൂടി മൂത്രിക്കുന്നതിന്നു**

കടലാടിയുടെഭസ്മം നവനീതേന സംയുതം
അയ്യഞ്ചു കാണം കൊണ്ടിട്ടസ്സാസ്രം മൂത്രമൊഴിഞ്ഞുപോം 89

**സദാമൂത്രം ഇറ്റിറ്റുവീഴുന്നതിന്ന്**

താന്നിക്കാത്തൊലി മുപ്പലം കടുകവും നല്ലെണ്ണ താനും തലം
തസ്മാൽ വെയിലത്തുവെച്ചുടനരച്ചുണ്ടാം കുഴമ്പാദരാൽ

തേപ്പൂ നാഭിയിൽ മൂത്രമിറ്റിഹ സദാ വീഴും ജനാനാം ശനൈ-
രാശ്ചര്യം വരുമാറിളപ്പിതിതിനോടൊത്തൊന്നു നാസ്ത്യൌഷധം 90
ഞെരിഞ്ഞിലും പൊടിച്ചിട്ടു നവനീതേന ലേഹയേൽ
മൂത്രകൃച്ശ്രവിനാശായ കൈകൊണ്ടോൻ ഭിഷഗിങ്ങനെ 91
ചെറുപ്പുളളടിയുംനല്ല നെല്ലിക്കാ ചെറുപൂളയും
കൂട്ടി മോരിൽ ചമച്ചുണ്ടാം ഖളം മൂത്രരുജാപഹം 92
പരുത്തിവേരരച്ചിട്ടു പാലുമായ് പരുകീടിനാൽ
അടച്ച മൂത്രമൊഴിയും കല്ലുമുണ്ടാകിൽ വീണുപോം 93
എലിപ്പിഴുക്കയും നാഭൌ വെള്ളരിക്കുരുവും തഥാ
അരച്ചു തേക്കിൽ ചെറുനീരടയ്ക്കുന്നതൊഴിഞ്ഞുപോം 94
ശങ്കുപുഷ്പിയരച്ചിട്ടു പച്ചമോരിൽ കുടിക്കയും
അടച്ച മൂത്രം വീഴാൻ കാടികൊണ്ടുമൊഴുക്കുക 95

*ഇതി വൈദ്യമാലികായാം മൂത്രാഘാതചികിത്സാധികാരഃ*

## ശുക്ലസ്രാവചികിത്സ

ശതാവരിക്കിഴങ്ങിന്റെ രസവും പാലുമൊപ്പമായ്
മൂന്നു നാളതു സേവിച്ചാൽ ശുക്ലസ്രാവം ശമിച്ചുപോം 1
അരച്ചു കരിവിക്കുള്ള കിഴങ്ങും പാലുമായ് പിബേൽ
അതുതന്നെയരച്ചിട്ടു വെയ്ക്കും മുക്കുടിയും ഗുണം 2
ഇഞ്ചക്കുരുന്നരച്ചിട്ടു വെയ്ക്കും മുക്കുടിയുംഗുണം
കൊഴുപ്പമത്സ്യാക്ഷിരസേ കദളീകന്ദകല്ക്കമായ് 3
ഇരട്ടിച്ചു പാലു ചേർത്തു കാച്ചീട്ടുള്ള ഘൃതം ഗുണം
പാവല്ക്കിഴങ്ങു കൂട്ടീട്ടു ചമയ്ക്കും നെയ്യുമുത്തമം 4
കന്നാരം പാലിലിട്ടിട്ടതലിഞ്ഞിട്ടു കുടിക്കയും
ശുക്ലസ്രാവത്തിനും നന്ന് അസൃഗ്ദരവിനാശനം 5
അമൃതിന്നൂറൽ കരിവിക്കിഴങ്ങിന്നുള്ളയൂറലും
ധാരോഷ്ണം ചേർത്ത് സേവിക്ക സിത ചേർത്തിട്ടുമാമത് 6
പാൽമുതുക്കു പിഴിഞ്ഞുള്ള രസവും പാലുമൊപ്പമായ്
ചന്ദനം കല്ക്കമായ് വെച്ചു നൈ സേവിക്കയുമുത്തമം 7
നിലപ്പനശതാവര്യോഃ കിഴങ്ങരയരത്തുലാം
വച്ചുണ്ടായ കഷായത്തിൽ ഘൃതപ്രസ്ഥദ്വയം പചേൽ 8
ഇരട്ടിപ്പാലു കൊണ്ടിട്ടു കൽക്കത്തിന്നു ഞെരിഞ്ഞിലും
ഇന്നൈ സേവിക്കിലന്നേ പോം ശുക്ലസ്രാവാമയം നൃണാം 9
പാരിച്ച ശുക്ലസ്രാവത്തിന്നെണ്ണയും നെയ്യുമൊപ്പമായ്
വെതുപ്പിത്തേച്ചിരിക്കേണം എന്നാലാശു ശമിച്ചുപോം 10

*ഇതി വൈദ്യമാലികായാം ശുക്ലസ്രാവചികിത്സാധികാരഃ*

## പ്രമേഹലക്ഷണം

പതിനാറും നാലുമല്ലോ പ്രമേഹങ്ങൾ പറഞ്ഞിടാം
നാലുചൊന്നതു വാതത്താൽ പിത്തത്താലാറുമാം പുനഃ 1
ശ്ലേഷ്മത്താൽ പത്തുമീവണ്ണം മൂന്നുമായിട്ടു വിംശതി
മൂത്രം ശുദ്ധജലം പോലെ നിറമായിട്ടു കാൺകിലോ 2
ശ്ലേഷ്മത്താലുളവായുള്ള മേഹമെന്നു പറഞ്ഞിടാം
പിത്തത്താലുളവാകുമ്പോൾ ചുക്കുനീർ പോലെ മൂത്രമാം 3
എണ്ണപോലെയുമായിടും ഗോമൂത്രംപോലെയും തഥാ

അടച്ചിട്ടൊട്ടു വീണീടും വാതത്താൽ നോവുമേറ്റമാം 4
നാലുചൊന്നതസാദ്ധ്യങ്ങൾ പിത്തത്താലാറു യാപ്യമാം
ശ്ലേഷ്മത്താൽ  പത്തുമേഹങ്ങൾ സാദ്ധ്യമായിട്ടു വന്നിടും 5
ദാഹം ഛർദ്ദിയതിസാരം മാംസം നുലകയെന്നിവ
മേഹിക്കുണ്ടായിതെന്നാകിൽ സാദ്ധ്യമല്ലെന്നു ചൊല്ലുക 6
അപത്ഥ്യങ്ങൾ ഭുജിക്കാതെ സൂക്ഷിക്കേണം ചികിത്സയിൽ 7

*ഇതി വൈദ്യമാലികായാം പ്രമേഹലക്ഷണാധികാരഃ*

## പ്രമേഹചികിത്സ

**കതകഖദിരാദികഷായം**

തേറ്റാമ്പരൽ കരിങ്ങാലി നെല്ലിക്കായേകനായകം
മരമഞ്ഞൾ പടർച്ചുണ്ട മഞ്ഞളും മാവിനണ്ടിയും 1
പാടതൻ മൂലവും പിന്നെ കാനാഞ്ചി മധുകം തഥാ
കടുക്കാ നല്ല മുത്തങ്ങ ഇവ ഒപ്പിച്ചുകൊണ്ടുടൻ 2
കഷായംവെച്ചതാറീട്ടു തേനും കൂട്ടിക്കുടിക്കണം
പ്രമേഹങ്ങൾ ശമിച്ചീടാൻ എത്രയും നല്ലതാമിതു 3

*(സഹസ്രയോഗത്തിൽ സമംഗയ്ക്ക് മുക്കുറ്റി എന്നും കാനാഞ്ചിക്ക്-വിദുല-ലന്തക്കുരു എന്നും വ്യാഖ്യാനിച്ചിരിക്കുന്നു. മധുകം കൂടുതലായി കാണുന്നു.)*

**നിശാകതകാദികഷായം**

നിശാകതകനെല്ലിക്ക തെച്ചിപാച്ചോറ്റിഭദ്രികാ
ഏകനായകരാമച്ചമേഭിഃ ക്വാഥഃ പ്രമേഹഹാ 4
മഞ്ഞൾ നേരെപ്പൊടിച്ചിട്ടു കൂട്ടൂ നെല്ലിക്ക നീരതിൽ
തേനും വീഴ്ത്തിക്കുടിച്ചീടിൽ പ്രമേഹം ശാന്തമായ്‌വരും 5

**ശ്ലേഷ്മമേഹത്തിന്ന്**

പെരുംകുരുമ്പ മുത്തങ്ങ കൊടുവേലി ഞെരിഞ്ഞിലും
കാട്ടിലെ മുളകിൻ വേരും മുക്കായും മഞ്ഞൾ പാഠയും 6
ഇവകൊണ്ടു കഷായത്താൽ ശ്ലേഷ്മമേഹങ്ങൾ പോയിടും 7
കാർപ്പാസബീജം കരിവേപ്പുതോലും
നിശാദ്വയഞ്ച ത്രിഫലാസമേതം
അതിന്നിരട്ടി കടലാടികൊണ്ടി-
ക്കഷായപാനാലൊഴിയും പ്രമേഹം 8

**നീരുര്യാദിഗുളിക**

നീരൂരിവൈരിതെളിശൂകപുളിംകുരുത്തോൽ
മുക്കാ വിളാംപശയുമാംപലരീ സകാന്തം
ചെമ്മൺനിശാദ്വയസിതാഹിമമത്തിനീരിൽ
സപ്താഹപിഷ്ടമിഹ മേഹഗണം നിഹന്തി 9

നീരൂരി ഏകനായകത്തിന്റെവേർത്തൊലി തെറ്റാമ്പരൽ ഞമഞ്ഞിമാംസം പുളിംകുരുത്തൊലി ത്രിഫല വിളാമ്പശ ആമ്പലരി അയസ്കാന്തം കാവിമണ്ണ് മഞ്ഞൾ മരമഞ്ഞൾ പഞ്ചസാര ചന്ദനം അത്തിനീരിൽ ഏഴുദിവസ മരച്ച ഗുളിക.

കരഞ്ജവേങ്ങായമചന്ദനം മുതക്കും
ആവീരവും പെരിക നല്ലയൊരശ്മഭിത്തും
ഏഴിൽ പൊടിക്കു നികരൊപ്പിതുരുക്കു ചൂർണ്ണം
തന്മേഹിനാം വരതരം മധുനോപയോജ്യം 10

*(....?വേങ്ങാമയചന്ദനം...ആമയം-കൊട്ടം. നികർ(ര്)-തുല്യം. എഴും കൂടിയിടത്തോളം)*

നവിരത്തവിടും നല്ല തിന്ത്രിണീഫലവല്ക്കവും
ചൂർണ്ണിച്ചു സിതയാ തിന്നാൽ പ്രമേഹാണാം വിനാശനം 11

**ശ്രേഷ്ഠാചൂർണ്ണം**

ശ്രേഷ്ഠാ ചന്ദനവും പിന്നെ തേറ്റാമ്പരൽ നിശാ തഥാ
മധുകം മരമഞ്ഞൾത്തോൽ രാമച്ചം നൽ വിഴാലരി 12
അമൃതൂറൽ കരയാംപൂ ജാതിക്കാ പശുപാശിയും
പരുത്തിക്കുരുവും പിന്നെ അരയാൽപ്പൊടിയഞ്ജനം 13
ഇലവർങ്ങമയസ്കാന്തം ഇവയൊപ്പിച്ചുകൊണ്ടുടൻ
നേരെക്കണ്ടുപൊടിച്ചിട്ടു തേനിൽ സേവിക്ക നിത്യവും 14
പ്രമേഹങ്ങൾ ശമിച്ചീടും കുരു വേരറ്റു തീർന്നിടും
ശ്രേഷ്ഠാചൂർണ്ണമിതെന്നല്ലോ നാമധേയം പറഞ്ഞതും 15

*(?....അരയാൽത്തൊലിയഞ്ജനം)*

**കല്യാണഗുളം**

തിപ്പലീ തന്നുടെ മൂലം അത്തിത്തിപ്പലി വ്ളാലരി
കരിഞ്ചീരകവും മുക്കാ അയമോദകമഗ്നിയും 16
മുളകെന്നിവയൊപ്പിച്ചു നേരെക്കണ്ടു പൊടിച്ചുടൻ
രണ്ടിടങ്ങഴി നെല്ലിക്കാ വെന്തിറക്കിയ നീരതിൽ 17
എൺപലം ഗുളമിട്ടിട്ടു എണ്ണ നാനാഴിയും തഥാ
പിന്നെ നന്നായ്ക്കുറുക്കീട്ടു പാകം കണ്ടതു വാങ്ങുക 18
അത്തിക്കായിനൊടൊപ്പിച്ചു സേവിപ്പൂ നിത്യമായിതു
പ്രമേഹങ്ങൾ ശമിച്ചീടും കല്യാണഗുളമെന്നുപേർ 19

*(അഷ്ടാംഗഹൃദയത്തിലും സഹസ്രയോഗത്തിലും മറ്റും കാണുന്ന പ്രസിദ്ധമായ കല്യാണഗുളയോഗമല്ല ഇത്.)*

**മേൽകുഴമ്പ്**

ബലയും നല്ല രാമച്ചം ഇവയൊപ്പം കഷായമായ്
എണ്ണയും പാലുമൊത്തിട്ടു കൂട്ടിവെക്കതു മൂന്നുമായ് 20
ഏലം കൊട്ടം കുന്തിരിക്കം ഞാവൽപ്പൂ മാഞ്ചിയുംതഥാ
ഇരുവേലി നാൻമുഖപ്പുൽ കച്ചോലമിലവർങ്ങവും 21
പച്ചിലാ തകരം പിന്നെ തുണിയാങ്കം നറുംപശ
നാഗത്തിൻ പൂ പുന്നപ്പൂ ഇക്ഷു ജാതിക്ക ഗുൽഗുലു 22
ചെഞ്ചല്യമിവയൊപ്പിച്ചു കൽക്കമിട്ടിട്ടു കാച്ചുക
പാകം കണ്ടതരിച്ചീടു മേലേക്കുള്ള കുഴമ്പിത് 23
പ്രമേങ്ങളൊഴിഞ്ഞീടും കുരുവിൻ വേരുമറ്റുപോം 24
<u>ചെറുപയറു നല്ലകൊഴുപ്പവെള്ളം</u>
<u>വളരെച്ചൊരിഞ്ഞു വേവിച്ചു</u>
<u>പിന്നെയെടുത്തു പിഴിഞ്ഞു</u>
<u>സഘൃതസിതം പായയേൽ പ്രമേഹഹരം</u> 25
അരയാൽകായ്ക്കകത്തുള്ള കുരു നന്നായരച്ചത്
മോരിൽ സേവിക്കയും നന്നു കലംകൊമ്പുന്തഥാ പിബേൽ 26
കോവലിൻ വേരരച്ചിട്ടു ഇളന്നീരിൽ കുടിക്കണം
പഞ്ചസാരയുമായ് സേവ്യം തേറ്റാൻപരലരച്ചത് 27
ചെമ്പകപ്പൂവരച്ചിട്ടു പാലുമായ് പരുകീടുക
മഞ്ഞൾനന്നായ് പൊടിച്ചിട്ടു നവനീതേന ലേഹയേൽ 28
ഏകനായകവും കള്ളിവേരുമീരണ്ടു കൊണ്ടതിൽ
മഞ്ഞളെട്ടു കഴഞ്ചുകൊണ്ടുണ്ടാക്കുന്ന കഷായകേ 29
സേവിക്ക തേനും വീഴ്ത്തീട്ടു പ്രമേഹത്തിന്നു നന്നിവ
ഏകനായകകൂർമുള്ളും കൂട്ടിവെയ്ക്കും കഷായവും 30
ഏകനായകവും കൂടെ കൂട്ടീട്ടുള്ള ഷഡംഗവും
ഏകനായകവും നല്ല മൂവിലെയ്ക്കുള്ളവേരുമായ് 31
കഷായം നന്നിതൊക്കെക്കും(യും) തേനും മേൻപൊടി കൊള്ളുക
വെള്ളം വീഴ്ത്തിട്ടടുപ്പിൻ മേൽ വച്ച മങ്ങലിതന്മുഖേ 32
ആവീരക്കുരു നാഴൂരി ഇട്ടു വാ കെട്ടിയക്കലം
കമിഴ്ത്തിപ്പുക പോകാതെ ശീലമൺ തേച്ചു മന്ദമായ് 33

തീയെരിച്ചിട്ടഹോരാത്രം പചിച്ചല്പീകൃതേ ജലേ
വാങ്ങീട്ടുണക്കി നന്നായ് പൊടിയാക്കീട്ടതിൽ പുനഃ 34
നന്നായ് പൊടിച്ചു ചേർക്കേണം അയസ്കാന്തം പലദ്വയം
എണ്ണകൂട്ടി തിരുമ്മീട്ടു പൊടിയാക്കീട്ടു രാവിലെ 35
സേവിക്കേണം പ്രമേഹത്തിന്നനുപാനമുഷാജലം

*(മങ്ങലി=മൺകലം)*

**ശോഷദാഹാദികൾക്ക്**

കൊഴുപ്പദൂർവയൊപ്പം ചേർത്തിടിച്ചു പിഴിയും രസം 36
നല്ല നെയ്യത്തിനീർപാലെന്നിവയൊപ്പമെടുത്തതിൽ
അരച്ചു ചന്ദനം നല്ല കാഞ്ഞിരത്തിന്റെ വേരപി 37
വെണ്ണ കൂട്ടി കുഴമ്പാക്കി ചമച്ചിട്ടതിനെപ്പുനഃ
കഴുത്തിനുള്ള കീഴ് നന്നായ് കുളുർക്കത്തേക്കയും ഗുണം 38

**വാവരൾച്ചയ്ക്ക്**

ദെഹം മെലികയും ചൂടും പാരം തണ്ണീർക്കു ദാഹവും
കൂടയുള്ള ജനത്തിന്നു വായും നന്നായ്വരണ്ടുപോം 39
എന്നാലിഞ്ചിയുടെ നീരും കരുമ്പിൻ നീരു തേൻ സിതാ
ഇവ കൂട്ടിക്കവിൾക്കൊണ്ടാൽ വാവരൾച്ച ശമിച്ചുപോം 40
കൊഴുപ്പവേരരച്ചിട്ടു വായിൽ നന്നായ്തലോടുക
ഏകനായകവേർകൊണ്ട് കഷായം വെച്ചുകൊണ്ടതിൽ 41
അയസ്കാന്തം കല്ക്കമായിട്ടെണ്ണ കാച്ചിക്കുടിക്കണം
കമ്പിപ്പാലയെരുക്കിൻ വേർ(യതിൻ വേരും) പുങ്ങുനീർ മാതളസ്യവേർ 42
ഇവറ്റിൻ തൊലികൊണ്ടിട്ടു വെച്ചുണ്ടായ കഷായകേ
ചുണ്ടവേരു ചതച്ചിട്ടു കാച്ചീട്ടുള്ള ഘൃതം ഗുണം 43
ഇന്നെ സേവിക്കണം നന്നായ് പ്രമേഹത്തിന്റെയാദിയിൽ
ഘൃതമാകുലീബീജാദി നന്നു ധാന്വന്തരംഘൃതം 44
ശതാവരീഘൃതം നന്നു നന്നു വസ്ത്യമയാന്തകം
ഞമഞ്ഞിയെപ്പുഴുങ്ങിക്കൊണ്ടരച്ചു മധുനാ ലിഹേൽ 45
സരോജപഞ്ചാംഗരസേ സദുഗ്ദ്ധം
ഘൃതം പചേൽ കാഞ്ചനകല്ക്കയുക്തം
ഏലാശ്മഭേദാദിചതുഷ്ടയം വാ
പഞ്ചാരവിന്ദം ശമയേൽ പ്രമേഹാൻ 46

**ഉള്ളഴൽച്ചയ്ക്ക്**

മലയിഞ്ചിക്കഷായത്തിൽ അതുവേ കല്ക്കമായുടൻ
തിലജം വെന്തുതേച്ചാലുള്ളഴലാകാ പ്രമേഹിനാം 47
പൂവ്വാംകുറുന്തിലയുമക്കടലാടി താനും
താർതാവലേലത്തരിയെന്നിതെല്ലാം
നേരേ പൊടിച്ചിട്ടു തുഷോദകേന
പീതാ പ്രമേഹാഖ്യഗദം വിഹന്യാൽ 48
അരേണുകമെരുക്കിൻ വേർ ഏലവുംവെള്ളരിക്കുരു
യഷ്ടീമധുകമെന്നേഭിഃ സംശൃതം മേഹനാശനം 49
കാടിനീരിലരച്ചിട്ടു പാട മുന്നാൾ വിഴുങ്ങുക
മേഹശാന്തികരം പാലിൽ ചെമ്പകക്കുരുവും തഥാ 50
നല്ലോരു തിന്ത്രിണിയുടെ ഫലവല്ക്കചൂർണ്ണം
നന്നായ് പൊടിച്ചു നവിരത്തവിടും തഥൈവ
ഒന്നായ്ക്കലർന്നു സിതയാ സഹ തിങ്കിലെന്നും
ഉണ്ടാകയില്ലരിയ മേഹഗദാർത്തി പിന്നെ 51

**മേഹിക്കു പത്ഥ്യങ്ങൾ**

പ്രമേഹി ബലവാനെങ്കിൽ വമനഞ്ച വിരേചനം
നന്നായ് ചെയ്കയും വേണം നിറയുണ്ണായ്കൊരിക്കലും 52
പ്രമേഹമുള്ളവർ പാൽ നെയ്തയിർ നാരീജനത്തെയും

വർജ്ജിച്ചിരിക്കയല്ലാഞ്ഞാൽ വർദ്ധിപ്പാനെളുതായ് വരും 53
പ്രമേഹരോഗിക്കായുസ്സിൻ ബലമുണ്ടെന്നു തോന്നുകിൽ
പാരം വർദ്ധിച്ചിരുപ്പൂലും ചികിത്സിക്കണമിങ്ങിനെ 54

**തലയ്ക്കിടുവാൻ കുഴമ്പ്**

തലയ്ക്കിടുവതിനുള്ള കുഴമ്പൊന്നു പറഞ്ഞിടാം
മുത്തെങ്ങയും കുറുന്തോട്ടി ചന്ദനം കറുകാ തഥാ 55
പൊന്നാങ്ങാണി കാഞ്ഞിരത്തിൻ വേരും തൽപഴമജ്ജയും
അത്തിവേർ വെട്ടി വാറ്റുന്നവെള്ളം തന്നിലരച്ചുടൻ 56
ആവണക്കെണ്ണയും നല്ല വെണ്ണയും കൂട്ടിയമ്പൊടു
മർദ്ദിച്ചീടുക മൂർദ്ധാവിൽ നല്ലോരൌഷധമാമിത് 57
പൊന്നാങ്ങിണിയതും പിന്നെ കറുക സമമായിവ
ഇടിച്ചുണ്ടാം രസം പാലും നെയ്യും ചന്ദനവും പുനഃ 58
അത്തിനീരും കാഞ്ഞിരംവേർ ഇത്തിനീരിലരച്ചതും
ബലാമുൽഗം കഷായം വെച്ച നീരും കാഞ്ഞിരപ്പഴം 59
തന്നിലെ മജ്ജയും പിന്നെ തേറ്റാമ്പലരുമെന്നിവ
കണ്ടിപ്പായലതും കൂട്ടീട്ടത്തിനീരിലരച്ചത് 60
വെണ്ണയും കൂട്ടിയുരസീട്ടാകണ്ഠം തേച്ചുകൊള്ളുകിൽ
പ്രമേഹികൾക്കുണ്ടാകുന്ന ചൂടും മെലിവു ദാഹവും 61
ശമിക്കുമിതിനാലെന്നെൻ ഗുരുവിങ്ങരുൾ ചെയ്തതും

**കിംശുകത്വഗാദിഗുളിക**

മുരിക്കിന്റെ തൊലി പാഠാ ത്രിഫലാ തെച്ചിവേരപി 62
ഏകനായകവും പിന്നെ ഏലത്തരി നിശാദ്വയം
ഇലക്കള്ളിയുടെ വേരും ആവീരക്കുരുവും തഥാ 63
പാച്ചോറ്റിയാനയടിയൻ വേരുമെന്നിവയൊപ്പമായ്
അത്തിനീരിലരച്ചിട്ടു ഗുളികീകൃത്യ സാദരം 64
തേനും പഞ്ചസാരയും കൂട്ടി സേവിച്ചീടുക നിത്യവും
പ്രമേഹങ്ങൾ ശമിച്ചീടും ഉടനേയെന്നു നിർണ്ണയം 65
കിംശുകത്വാഗാദിയെന്ന ഗുളികാ മേഹനാശിനി

**നീരൂര്യാദിഗുളിക**

നീരൂരിതന്നുടെ പത്രം തേറ്റാങ്കാ കാവിമണ്ണപി 66
വിളാവാമ്പലയസ്കാന്തം ത്രിഫലാ ച നിശാദ്വയം
ചന്ദനഞ്ച സമം കൂട്ടു ഇവയെല്ലാറ്റൊളം തഥാ 67
ഏകനായകവേർ കൂട്ടീട്ടത്തിവെള്ളത്തിലാദരാൽ
അരച്ചീടുകഹോരാത്രം ഏഴു പിന്നെയുരുട്ടണം 68
താന്നിക്കായിനൊടൊപ്പിച്ചു നിഴൽ തന്നിലുലർത്തുക
പഞ്ചസാരയതിൽ സേവ്യം നീരൂര്യാദിയിതിന്നു പേർ 69

*(തേറ്റാങ്കാ=തേറ്റാംപരൽ, വിളാവ്=വിളാമ്പശ)*

**ആകുലീബീജാദിനെയ്യ്**

ആവീരക്കുരുവും പിന്നെ മുത്തങ്ങാ ച ശതാവരി
നായ്ക്കുരണയതിൻ വേരും പലം നന്നാലു കൊണ്ടുടൻ 70
കഷായം വെച്ചതിൽ പിന്നെ തെച്ചിപ്പൂവുങ്കൊഴുപ്പയും
കറുകായിവയൊപ്പിച്ചിട്ടിടിച്ചങ്ങു പിഴിഞ്ഞ നീർ 71
പാലും നെയ്യും സമം കൂട്ടു കൽക്കത്തിന്നു പറഞ്ഞിടാം
ഏകനായകവേർ പിന്നെ ആനച്ചുവടിവേരപി 72
ഇലക്കള്ളിയതിൻ വേരും ദേവതാരമമുക്കുരം
കൊത്തൻപാലരി രാമച്ചം ചന്ദനം സമമായിവ 73
കൽക്കമിട്ടതു കാച്ചീട്ടു പഞ്ചയാരയുമിട്ടതിൽ
സേവിച്ചാലൊഴി വന്നീടും പ്രമേഹങ്ങളശേഷവും 74
ആകുലീബീജാദി നെയ്യെന്നതിന്റെ പേരുമിങ്ങിനെ

**ധാന്വന്തരംനെയ്യ്**

പത്തിൻ വേരും ദേവതാരം കച്ചൂരി തമിഴാമവേർ 75
നാഗദന്തിയതിൻ വേരും എരുക്കുമിലക്കളളിവേർ
ചേർക്കുരുവും തഥാ കൌങ്ങും രണ്ടും വേർത്തൊലി കൂട്ടണം 76
ആനച്ചുവടിതൻ വേരും കാട്ടുതിപ്പലിമൂലവും
നീർമാതളത്തിൻ വേരേൽത്തോൽ പലം മുമ്മൂന്നുകൊള്ളുക 77
യവം മുതിരയതും പിന്നെ ലന്തക്കുരുവതും പുനഃ
പലമോരോന്നു കൊണ്ടീടു കഷായം വച്ചുകൊള്ളുവാൻ 78
നെയ്യും നാനാഴി കൊണ്ടീടു കൽക്കത്തിന്നു പറഞ്ഞിടാം
കാട്ടുതിപ്പലിതൻ വേരും ചവ്യം തിപ്പലിയും ത്രിവൃൽ 79
ആറ്റുവഞ്ചിയതിൻ കോ(തോ)ലും അശ്വഗന്ധം വയമ്പപി
അടയ്ക്കാമണിയൻ വേരും ചെറുതേക്കു വിഴാലരി 80
കമ്പിപാലയുടെ വേരേൽത്തൊലി ചുക്കിവയൊപ്പമായ്
കാച്ചിച്ചിക്കണപാകത്തിൽ അരിച്ചിട്ടതു സേവയേൽ 81
പ്രമേഹങ്ങൾ ശമിച്ചീടും പ്രധാനം പത്തിനേറ്റവും
കുരുവിന്നും നന്നിതേറ്റം പാണ്ഡുവിദ്രധിഗുന്മവും 82
അർശസ്സും ശോഫവുംശോഷം ഭ്രാന്തപസ്മാരകുഷ്ഠവും
മഹോദരം വിഷം ശൂല ശമിക്കുമിതു നിർണ്ണയം 83
ധാന്വന്തരഘൃതം നാമം സർവരോഗനിഷൂദനം

*(പ്രധാനം പത്തിനേറ്റവും-പത്തുവിധത്തിലുള്ള കഫപ്രമേഹങ്ങൾക്ക് പ്രധാനം)*

**പ്രമേഹാന്തകം നെയ്യ്**

പതിനാറുപലം കൊള്ളു ഏകനായകമൂലവും 84
രാമച്ചം തെറ്റിവേരേൽ തോൽ മുത്തങ്ങായും ശതാവരി
പന്നൽക്കിഴങ്ങുമെട്ടെട്ടു പലം കൊണ്ടീടു പിന്നെയും 85
തേറ്റാമ്പരൽ കരിങ്ങാലി പലം നന്നാലു കൊള്ളുക
എട്ടൊന്നാക്കിക്കുറുക്കീട്ടു തെച്ചിപ്പൂ കറുകാ തഥാ 86
പൊന്നാങ്ങാണി ശതാവേരി ചണ്ടീ വാരാഹിയെന്നിവ
ഇടിച്ചുപിഴിവാൻ നെയ്യും നാനാഴി കൂട്ടിവെച്ചതിൽ 87
കൽക്കത്തിന്നാനയടിയൻ വേരും തിപ്പലി തെച്ചിവേർ
കാട്ടുതിപ്പലിതൻ വേരും ത്രിഫലായിലവർങ്ങവും 88
ഇലക്കള്ളിയതിൻ വേരും ഏലത്തിന്നരിയും തൃവൃൾ
അടയ്ക്കാമണിയൻ വേരും ആവണക്കിന്റെ മൂലവും 89
നീർമാതളത്തോലുങ്ങിന്റെ തോലും മുതിര ശുണ്ഠിയും
കമ്പിപ്പാലേടെവേർമ്മേൽത്തോൽ ചെറുതേക്കു വിഴാലരി 90
ആറ്റുവഞ്ചീടെവേർതോലും കൽക്കമിട്ടിട്ടു കാച്ചുക
ചിക്കണത്തിലരിച്ചിട്ടു കൂവയൂറലതും പുനഃ 91
പഞ്ചസാരയുമീരണ്ടു പലമിട്ടു കടഞ്ഞതും
സേവിക്കിലൊഴിയും സദ്യഃ പ്രമേഹങ്ങളശേഷവും 92
പ്രമേഹാന്തകമിന്നെയ്യു സാരമെത്രയുമെന്നറി
ഗുൽഗുലുതിക്തത്തിന്നു കുരു വേരറ്റുതീർന്നിടും 93
നിശോശീരാദിയാമെണ്ണ തേപ്പാനും ഗുണമെത്രയും

**നിശോശീരാദിഎണ്ണ**

പച്ചമഞ്ഞളതും പിന്നെ രാമച്ചം ബലയെന്നിവ 94
ഒപ്പം കൂട്ടിക്കഷായം വെച്ചേലാദിഗണകൽക്കവും
ചേർത്തുകാച്ചീടുന്ന തൈലം പ്രമേഹാണാം വിനാശനം 95
കുരുവിന്നും നന്നിതേറ്റം യോഗവും പറയാമിഹ

**ഏലാദിഗണം**

ഏലം കൊട്ടം കുന്തിരിക്കം ഞാഴൽപ്പൂ മാഞ്ചിയുംതഥാ 96
ചോനകപ്പുല്ലു പാൽമൊട്ടു ഇരുവേലിലവർങ്ങവും
സമുദ്രപ്പച്ച നാഗപ്പൂ നാൻമുകപ്പുല്ലു നാകുണം 97

ജാതിക്കായകിലും പിന്നെ തകരഞ്ച നറുമ്പശ
തിരുവട്ടപ്പയനും പിന്നെ ദേവതാരഞ്ച കുങ്കുമം 98
മഞ്ചട്ടിപ്പൊടി ചെഞ്ചല്യം പുന്നപ്പൂ ഗുൽഗുലൂ തഥാ
ഏലാദിഗണമെന്നല്ലോ പേരതിന്നു പറഞ്ഞത് 99

*(പാൽമൊട്ട്=നാല്പാമരമൊട്ട്. യോഗത്തിൽ അല്പം മാറ്റങ്ങളുണ്ട്)*

മെൽക്കെണ്ണക്കിതു നന്നേറ്റം തലക്കെണ്ണ പറഞ്ഞിടാം
ത്രിഫലാദിയും കൊള്ളാം മഞ്ജിഷ്ഠാദിയതും ഗുണം 100
അതിന്റെയോഗവും ചൊല്ലും ശിരോരോഗചികിത്സയിൽ

**പ്രമേഹപ്പനിയ്ക്ക്**

ജീവന്തി ത്രിഫലാ പിന്നെ വാശാമൂലം ബലാമപി 101
ഇരുവേലി ചിറ്റമൃതും മുത്തങ്ങാ ചന്ദനം തഥാ
ഇരട്ടിമധുരം നിംബംകൊത്തൻപാലരി കൊട്ടവും 102
പർപ്പടപ്പുല്ലു രാമച്ചം ഇവയൊപ്പം കഷായമായ്
ജീരകം മേൻപൊടിയാക്കി സേവിച്ചീടുക നിത്യവും 103
പ്രമേഹപ്പനി പോയീടും ഇതിനാലെന്നു നിർണ്ണയം
സേവ്യം സ്വാദുചതുഷ്കഞ്ച നന്നു തിക്തകസേവയും 104
പിന്നെ ബലത്തിന്നൊത്തോണം വിരേചിപ്പിക്കയും ഗുണം
ചൂർണ്ണം നീരൂരിവൈര്യാദി ആകുലീകതകാദിയും 105
കിംശുകത്വങ്നിശാദിശ്ച സ്വിന്നശുഷ്കാദിയെന്നിവ
പ്രമേഹികൾക്കു സേവിക്കാം ക്വാഥഞ്ചകതകാദിയും 106
ആകുല്യബ്ദാദിയും നന്നു നിശാകതകമാദിയും
ധാത്രീരാത്ര്യാദിയും നന്നു ത്രിഫലാപാദപാദിയും 107
ഇവയെല്ലാം പ്രയോഗിച്ചാൽ പ്രമേഹങ്ങൾ ശമിച്ചുപോം 108

*ഇതി വൈദ്യമാലികായാം പ്രമേഹചികിത്സാധികാരഃ*

## പ്രമേഹപിടകാ

പ്രമേഹക്കുരു പത്തല്ലോ ചൊല്ലാം പേരുകൾ പത്തിനും
ശരാവികാ ജാലിനീ ച കച്ഛപി വിനതാ തഥാ 1
അലജീ ച മസൂരീ ച സർഷപീ പുത്രിണീതി ച
വിദാരികാ വിദ്രധീ ച പത്തിൻ പേരുമിവണ്ണമാം 2
ചികിത്സിയാത മേഹിക്കങ്ങുളവാകുമതിങ്ങനെ
സന്ധിമർമ്മങ്ങളിൽ പിന്നെ മാംസമേറിയ ദിക്കിലും 3
ഉണ്ടാകുമിവയെല്ലാമേ ചികിത്സാക്കായ്ക കാരണം
ആറുജാതിയതുണ്ടാകും വിദ്രധി മൂന്നിനാൽ പുനഃ 4
വെവ്വേറെ മൂന്നുമൊത്തിട്ടും പിത്തരക്തമിവറ്റിനാൽ
അകമേയിവയുണ്ടാകിൽ അന്തർവിദ്രധിയെന്നു പേർ 5
പുറമേയാറുമുണ്ടാകിൽ ബാഹ്യവിദ്രധിയെന്നു പേർ
സ്ത്രീകൾക്കു ഗർഭമുണ്ടായാൽ മൂലമേലുളവാകിലാം 6
മുലക്കുരുവതെന്നല്ലോ ഭാഷയായ് പറയുന്നതും
അന്തർവിദ്രധി നാരീണാം നാഭിതന്നകമേവരും 7
സ്ഥാനങ്ങൾ പലതുണ്ടല്ലോ നിദാനം കണ്ടുകൊള്ളുക
വസ്തിയിങ്കലെകൃത്തിങ്കൽ പ്ലീഹതന്മേലുമിങ്ങനെ 8
കഴലേടനിലന്തന്നിൽ വയറ്റിൽ വൃഷണങ്ങളിൽ
അപാനത്തിലുമുണ്ടാകും അന്തർവിദ്രധിയെന്നത് 9
അംഗങ്ങളിലതുണ്ടാകും ബാഹ്യവിദ്രധിയൊക്കെയും
കൊടുതായാഴമുണ്ടായി ഗുന്മംപോലെയുറച്ചുടൻ 10

പുറ്റുപോലെയുയർന്നിട്ടു നോവും ചൂടുമതേറ്റമായ്
മർമ്മപീഡവരുത്തീടും അന്തർവിദ്രധിയെന്നത് 11

*ഇതി വൈദ്യമാലികായാം വിദ്രധിലക്ഷണാധികാരഃ*

## *വിദ്രധിചികിത്സ*

എണ്ണയും നെയ്യുമായ്ത്തേച്ചു പാത്തിതന്നിൽ കിടത്തുക
കുരുമേൽ ധാര കൊള്ളേണം അതും ഞാനിതാ ചൊല്ലിനേൻ 1
തിലതൈലമളന്നിട്ടു നാഴി രണ്ടതുകൊള്ളുക
നറുനെ നാഴിയൊന്നാക്കൂ ആവണക്കെണ്ണ നാഴിയും 2
ഇവ മൂന്നുമതൊന്നാക്കീട്ടന്നു ധാരയതങ്ങനേ
പിറ്റേന്നാളതു വെച്ചേപ്പൂ പിന്നെയിങ്ങനെ കൂട്ടുക 3
രണ്ടുംകൂട്ടീട്ടു മൂന്നാംനാൾ പിന്നെയങ്ങു കളഞ്ഞീടാം
നാലാം ദിനതുടങ്ങീട്ടങ്ങീവണ്ണം തന്നെ പിന്നെയും 4
അമുങ്ങുവോളമല്ലായ്കിൽ പൊട്ടിപ്പോവോളമിങ്ങനെ
അന്തർവിദ്രധി പൊട്ടുന്നതകത്തല്ലാതെ വന്നിടാ 5
മലമൂത്രങ്ങൾപോകുന്ന വഴി പോയീടുമച്ചലം
കുറുന്തോട്ടി പൊടിച്ചിട്ടു ഒരുകൂറമൃതൂറലും 6
വെണ്ണയും കൂട്ടി മർദ്ദിച്ചു കുരുവിന്നു കുഴമ്പിടു 7

**നിംബാദികഷായം**

നിംബസ്യതോലമൃതുചുക്കുവരട്ടുമഞ്ഞൾ
വാശാഫലത്രയപടോലനിദിഗ്ദ്ധികാനാം
ക്വാഥം സമാക്ഷികപൂരം പുലരേ കുടിച്ചാൽ
ദേഹേ കുരുത്ത കുരു വേരറുമാറുനാളിൽ 8
ഏതച്ച നിംബാദി പയോദ്രുവല്ക്കം
കൂട്ടീട്ടു പീതം കുരുശാന്തികാരി 9

(വേപ്പിൻതൊലി അമൃത് ചുക്ക് വരട്ടുമഞ്ഞൾ ആടലോടകം ത്രിഫല പടവലം ചെറുവഴുതിനവേര് ഇവ കഷായം. തേനും ഗുൽഗുലുവും മേമ്പൊടി. ഈ നിംബാദി നാല്പാമരത്തൊലി കൂട്ടി കഷായംവെച്ചു കുടിക്ക. കുരു ശമിക്കും.)

വ്യാഘ്രീമൂലമതും പിന്നെ ശിഗ്രുമൂലം പുനർന്നവം
നീർമാതളമതും പിന്നെ മുത്തെങ്ങായഞ്ചുമൊപ്പമായ് 10
കഷായം വച്ചു തേൻകൂട്ടി സേവിച്ചാൽ കുരു വേരറും

**പ്രമേഹക്കുരുവിന്ന്**

പ്രമേഹമുള്ള മർത്ത്യന്ന് കുരുവുണ്ടായി വരുന്ന നാൾ 11
ജളുകിക്കായ്ക മറ്റുള്ളവർക്കു ചെയ്യാം യഥോചിതം
പ്രമേഹക്കുരുവതുണ്ടായാൽ അമൃതും നൽക്കൊഴുപ്പയും 12
പാലും വീഴ്ത്തിയരച്ചിട്ടു വെണ്ണയും തേനുമൊപ്പമായ്
കൂട്ടിച്ചാലിച്ചു തേക്കേണം ശമിപ്പോളം മുഹൂർമ്മുഹുഃ 13

**കൊപ്പിളിന്ന്**

ചൂടുകൊണ്ടവിടെപ്പിന്നെ കൊപ്പിളുണ്ടായ്‌വരുന്നതിൽ
കാഞ്ഞരത്തിൻ വേരരച്ചു വെണ്ണകൂട്ടീട്ടു തേക്കണം 14
ഗോപാത്മജാദിയും നന്ന് കൊപ്പിളിന്നു വിശേഷതഃ

**നാല്പാമരാദിലേപം**

നാല്പാമരമതിൻമൊട്ടും കറുകാ ചെറുപൂളയും 15
ബൃഹതീദ്വയവും പിന്നെ മുത്തങ്ങാ പാറവള്ളിയും
കാട്ടുമുല്ലേടെ വേർമ്മേൽത്തോൽ ശതമൂലീ ഗുളൂചിയും 16
പൊന്നാങ്ങാണ്യാനയടിയൻ പൂവ്വാച്ചെത്തിയുമിങ്ങിനെ
ചൂരൽക്കഴുത്തു മുക്കായും തലനീളി സമൂലവും 17

ഏരണ്ഡപത്രവും പിന്നെ ത്രിപാദീ മധുകം തഥാ
രാമച്ചം മഞ്ഞളും നല്ല ചെത്തിപ്പൂവിരുവേലിയും 18
മൃണാളം പർപ്പടം പിന്നെ എളളുമൊപ്പിച്ചുകൊണ്ടിവ
ആവോളമങ്ങിടിച്ചിട്ടു പാലിലിട്ടു പചിക്കണം 19
പിന്നെ നന്നായരച്ചിട്ടു വെണ്ണയൊപ്പിച്ചു കൂട്ടുക
നന്നായ്ത്തേച്ചങ്ങിരുന്നീടു കുരുവിന്നൊക്കെയാമിത് 20
വല്ലജാതിയുമുണ്ടായ വീക്കമൊക്കെയൊഴിഞ്ഞിടും
കുത്തുനോവുകൾ മാറീടും ചിത്രമായ കുഴമ്പിത് 21

**അത്തിത്തോലാദിലേപം**

അത്തിത്തോൽ തമിഴാമവേരുമുടനേ  കാർത്തോട്ടി വൽക്കത്രയം
നന്നാറീ ച കടുത്രയം ത്രിഫലയും ദൂർവാ ഘനം സൈന്ധവം
തൈരിട്ടിത്തിരി നേരെയരച്ചതിനെ നൽ തേനിൽ കുഴച്ചാദരാൽ
പൂശീടിൽ പുനരാറുനാളിനകമേ വേരറ്റു തീരും കുരു 22
പിന്നെ വീക്കം കളഞ്ഞീടാൻ ശൈത്യമായ കുഴമ്പിടൂ
പഴുത്താൽ പിന്നെയേലാദിയെണ്ണ വെന്തിട്ടു ധാരയാം 23
ശതധൌതമതും കൊള്ളാം പ്രമേഹക്കുരു പോയിടും
കുരു പൊട്ടിച്ചലം പോയാൽ ശതധൌതം പ്രയോജയേൽ 24
നാല്പാമരക്കഷായത്തെ തേനും മേൻപൊടിയായ് പിബേൽ
ഒപ്പം നാല്പാമരം കൂട്ടി വെക്കും നിംബാദിയും ഗുണം 25
വ്രണത്തിൽ ധാരയിടുവാൻ ന്യഗ്രോധാദികഷായമാം
നാല്പാമരക്കഷായത്തിൽ ദൂർവ കുത്തിപ്പിഴിഞ്ഞ നീർ 26
ചേർത്തിരട്ടിമധുരം കൽക്കീകൃതഘൃതം ഗുണം
ജാത്യാദിഘൃതവും നന്നു എണ്ണകൂട്ടീട്ടുമാമിത് 27

**മുലക്കുരുവിന്ന്**

ശിഗ്രുമൂലകഷായത്തിൽ തിപ്പലീ ഗുൽഗുലും തഥാ
പൊടിച്ചിട്ടതു സേവിച്ചാൽ മുലമേൽ കുരു പോയിടും 28
മൂലമേൽ കുരുവുണ്ടായാൽ എളളു നന്നാറി മഞ്ഞളും
ചന്ദ്രവള്ളിയതിൻ മൂലം മുക്കായുമയമോദകം 29
കറുകയിവയൊപ്പിച്ചു തൈരിലിട്ടു കുഴച്ചത്
വെണ്ണകൂട്ടി വറുക്കേണം കലത്തിലിട്ടിതിങ്ങനെ 30
പുത്തൻ കലത്തിൽ വച്ചേപ്പു പിന്നെയന്നന്നു വേണ്ടത്
മോരിൽ ഭേദിച്ചു തേച്ചീടിൽ മൂലമറ്റതുപോലെയാം 31
പ്രമേഹക്കുരുവെന്നില്ല യോഗം ചൊന്നതിലെങ്ങുമേ
കുരുവെന്നൊരു പേരുള്ളതൊഴിവാനൊക്കെ നന്നിതു 32
ആവണക്കിലനീർ വീഴ്ത്തി ദേവതാരം പൊടിച്ചുടൻ
മൂടിനാൽ വീങ്ങിയുണ്ടാകും കുരുവിന്നൊക്കെ നന്നിത് 33

**കുരുപൊട്ടുവാൻ ദന്ത്യാദിലേപനം**

ഉമ്മത്തിൻ തണ്ടുമക്കായും ഉണക്കിച്ചുട്ടച്ചാമ്പലെ
നെയ്യിൽ ചാലിച്ചു പൂശീടിൽ പയ്യക്കുരുവുടഞ്ഞുപോം 34
ആവിൽക്കുരുന്നു കൊടുവേലി പിറാവിനെച്ചം
ഇന്തുപ്പു തിപ്പലി മനോശില നാളുര(രെ)പ്പൻ
മെന്തോന്നി കുന്നി പിണറോടു വറട്ടുമഞ്ഞൾ
ദന്ത്യാദിലേപനമിദം മലയും പിളർക്കും 35

**കുരു വർദ്ധിക്കായ്‌വാൻ**

ത്രികടുകജമോജം മഞ്ഞളും മൂവിലാ നല്ല-
ഴകൊടു പൊടിയാക്കിപ്പൊട്ടളീകൃത്യ തേനും
ഘൃതതിലജസമേതം കാച്ചി നാലഞ്ചുനാളിൽ
പരിചിനൊടു ശമിക്കും വീക്കമാംസാംകുരാണി 36
വ്യോഷത്രിജാതകഫലത്രയശിഗ്രുജാതി
കാർപ്പാസവും മെഴുകുമത്തുളസീദലാനി

നേരെപ്പൊടിച്ചു കിഴിയായ്തിലജേന കാച്ചിൽ
വേരറ്റുപോം കുരു മഹത്തരമായതന്നെ 37
ഉമ്മത്തിൻ തണ്ടുമക്കായും ഉണക്കിച്ചുട്ടച്ചാമ്പലെ
തേനിൽ ചാലിച്ചു പൂശീടിൽ തെരുന്നനെയമുങ്ങുമേ 38

**ഒടിക്കുരുവിന്ന്**

അമ്മാവനേച്ചുട്ടിഹ പച്ചമോരിൽ
പൈമഞ്ഞളും കൂട്ടിയരച്ചുതേച്ചാൽ
മുന്നാളകത്തമ്മുരടറ്റുപോമ്പോൽ
എല്ലാർമുണ്ടാകുമൊടിച്ചിലെന്നി 39
വണ്ടിടിച്ചുപ്പൂനീർ വീഴ്ത്തിക്കൊതിറ്റിക്കൊണ്ടുകോരിയാൽ
ഒടുക്കുരുവുടൻ പോകും വീക്കവും പോമയത്നമായ് 40
മൂത്തോരു ചെറുനാരങ്ങ മൺപൊതിഞ്ഞിട്ടു ചുട്ടുടൻ
നിശയും തക്രവും കൂട്ടി തേക്കിൽ കുരുവിളച്ചു പോം 41

*(അമ്മാവൻ-മാതുലപര്യായങ്ങളെല്ലാം ഉമ്മത്തിനെ സൂചിപ്പിക്കുന്നു. ഉമ്മത്തിൻ കായ ചുട്ട് പ്രയോഗിക്കുക. വണ്ട്-അളി-കയ്യോന്നി)*

ചെറുപരുവത്തോൽ മോരിൽ
മഞ്ഞളുമായിട്ടരച്ചുപൂശീടിൽ
കുരുവൊഴിയും പരിചൊടെ
മുന്നാളകത്തുപോമന്നൊവും 42

**അട്ടയിട്ടകുരുവിന്ന്**

അട്ടയിട്ടു കുരുവിന്നു വീക്കവും
നോവുമേറുകിലതിന്നിതൌഷധം
പച്ചമോരിലിഹ സർജ്ജവല്ക്കവും
നല്ല മഞ്ഞളുമരച്ചുപൂശുക 43

**മുട്ടേൽകുരുവിന്ന്**

ഉലർന്നിട്ടുള്ള മൺകട്ട പഴുക്കെ ചുട്ടെടുത്തുടൻ
കാടീലിട്ടിട്ടെഴും ധൂമം ഏറ്റാൽപോം മുട്ടിലെക്കുരു 44
നല്ലകാന്തകടെ കായെള്ളുപ്പിൻതന്തയുമെന്നിവ
ലേപയേന്നവനീതാദ്യൈ മന്ദം പോയൊഴിയും കുരു 45
കുരുവിന്മേൽ തുളിച്ചെണ്ണ തടവിക്കൊണ്ടു മുന്നമെ
ചുഴലപ്പന്തചൂർണ്ണേന വിതറക്കുരുവില്ലയാം 46
തുളസിയില മുരുക്കിൻ വേരുടെ നീർ നി(നീ)ലത്തിൻ
പൊടിയുമപി ച ചൂ(?തൂ)ർണ്ണം കൂട്ടി നല്ലോരു തൈലം
പുനരതിലിഹ വീഴ്ത്തിക്കൊണ്ടു ചാലിച്ചുതേച്ചാൽ
കുരുവൊഴിയുമടക്കംകെട്ടനായമ്മപോലെ 47

**വിദ്രധിക്ക്**

വിദ്രധിക്ക് ജളൂകിക്ക വിരേചിപ്പിക്കയും ഗുണം 48

**കുരു പറ്റുവാൻ**

മുരിങ്ങവേരിന്തൊലിയിൽ പയസ്സ-
ത്തേനോടുനെയ്യോടു കലർന്നുതേച്ചാൽ
ചുരുങ്ങുമന്നേക്കുരു വിദ്രധീനാം
വീക്കം ചുവപ്പുഗ്രതരഞ്ച നോവും 49
കടുക്കായും കൊടിപ്പാല അമൃതും നറുനീണ്ടിയും
പാലും വീഴ്ത്തിയരച്ചിട്ടു നവനീതേന ലേപയേൽ 50
ഗോപാത്മജാദിയും നന്നു മൃണാളാദിയുമത്ഭുതം
ജളൂകിക്ക വിരേചിക്ക ഇവയന്നന്നു ചെയ്യണം 51
നാല്പാമരം കൂട്ടിവച്ചു നിംബാദിക്വാഥസേവയും

**കുരു പഴുപ്പാൻ**

പൊട്ടുമെന്നങ്ങു തോന്നീടിൽ പഴുപ്പാനെണ്ണനെയ്യുമായ് 52
ധാരയങ്ങു തുടങ്ങേണം പൊളിവോളം മുഹൂർമ്മുഹുഃ

**പൊട്ടിച്ചലം പോയാൽ**

പിന്നെപ്പൊളിഞ്ഞു നന്നായി ചലം പോയതിൽ പുനഃ 53
നടെചൊല്ലിയ നെയ്ക്കൊണ്ടു ശീലയും ധാരയും ഗുണം

**കുരു ഉണക്കത്തിന്ന്**

നന്നായ് സേവിക്കണം താനും നല്ല ഗുൽഗുലുപഞ്ചകം 54
അതിലും ഗുണമുള്ളോന്നു സപ്തവിംശതിഗുൽഗുലു
തിക്തകം നെയ്കുടിച്ചാലും വരളാതെയിരിക്കിലോ 55
ന്യഗ്രോധാദികഷായത്തിൽ ഏലാദിഗണകല്ക്കമായ്
കാച്ചിയെണ്ണ ചെലുത്തേണം പുണ്ണിന്നുള്ളിൽ ക്ഷണം പ്രതി 56
അന്തർവിദ്രധിയുണ്ടായാൽ ചികിത്സിക്കേണമിങ്ങിനെ
സർവാംഗധാര നന്നായിക്കഴിക്ക ഗുണമേറ്റവും 57
പുറമേ വീക്കമുണ്ടാകിൽ ജളൂകിക്കണമാവൊളം
ത്രികോല്പക്കൊന്ന സേവിച്ചു മലമന്നന്നൊഴിക്കണം 58

**അന്തർവിദ്രധിക്ക്**

നിംബത്തിൻ തോൽ കടുക്കായും കൂട്ടിവെച്ച കഷായവും
വരണാദികഷായഞ്ച ക്വാഥം നിംബാദിയും ഗുണം 59
ചെമ്പ്രാവള്ളിക്കിഴങ്ങിന്റെ കഷായം ഖളവും ഗുണം
കൊടുവേലി കുറുന്തോട്ടി കൂർമുള്ളിന്റെ കിഴങ്ങിവ 60
കരിംകുറിഞ്ഞിയും കൂട്ടി പചിക്കുന്ന കഷായവും
പുളിഞ്ചിക്കുരു ചതച്ചിട്ടു വെച്ചുണ്ടായ കഷായവും 61
വരണാദികഷായത്തിൽ വരണാദികൾ കൽക്കമായ്
സിദ്ധമായ ഘൃതം സേവ്യം അന്തർവിദ്രധിനാശനം 62

**നിംബാദിഘൃതം**

നിംബാദികഷായത്തിൽ പഞ്ചകവൽക്കങ്ങൾ കൽക്കമായ്
സിദ്ധമായ ഘൃതം സേവ്യം തൈലമെങ്കിലുമാമതു 63
കഷായം നന്നു മുസ്താദി വ്യാഘ്രീഗോക്ഷുരമാദിയും
ഘൃതം ധാന്വന്തരം ചൈവ സുകുമാരഞ്ച പായയേൽ 64
മുത്തെങ്ങാ നറുനീണ്ടി മഞ്ഞൾ നളിനീ ദൂർവാ തിലം ചന്ദനം
തീണ്ടാനാഴി കരിമ്പുവേർ ത്രിഫലയും നാല്പാമരം വാരിയും
ഇച്ചൊന്നൌഷധിതാനരച്ചു പയസാ തക്രോത്ഭവം തുല്യമായ്
ആറപ്പുശുകിലാറുനാളിനകമെ വേരറ്റുതീരും കുരു 65

**തിലസർഷപാദിലേപം**

തിലസർഷപനെല്ലു ചെമ്പിറാവള്ളിമേഘം
ത്രിഫല മുളകു ചുക്കുമ്മഞ്ഞളും കോദ്രവഞ്ച
വിരകു തുടരി കമ്പിപ്പാല നന്നാറി നാല്പാ-
മരകുടജമുശീരം കംഗുരേതാനുപേതാൻ 66
സമതിലജഘൃതാക്താനൊക്കെ നന്നായ്വറുത്താൽ
സ്മൃതമിതൊരു കുഴമ്പേ ജിഷ്ണുരുച്ചൈഃ കുരുണാം
ഝടിതി ബത മറന്നേൻ ഞങ്ങളേരണ്ഡബീജം
തദപി ച മറവാതെ കൂട്ടുവിൻ വൈദ്യമുഖ്യ 67

**ന്യഗ്രോധാദിഗണം**

ന്യഗ്രോധപിപ്പലിസദാഫലലോധ്രയുഗ്മ-
ജംബുദ്വയാർജ്ജുനകപീതനസോമവൽക്കാഃ
പ്ലക്ഷാമ്രവഞ്ചുളപ്രിയാളപലാശനന്ദീ-
കോളീകദംബവിരളാ മധുകം മധൂകം 68
ന്യഗ്രോധാദിഗണോ വ്രണ്യസ്സംഗ്രാഹീ ഭഗ്നസാധനഃ
മേദോപിത്താസ്രതൃശ്ദാഹയോനിദോഷനിബർഹണഃ 69

പേരാൽ അരയാൽ അത്തി വെട്ടി പാച്ചോറ്റി ഞാവൽ **നരിയുണ്ണിഞാവൽ** നീർമ്മരുത് കല്ലാൽ മ്രാല(ത) ഇത്തി വരിക്കമാവ് വഞ്ചി മുരൾ പ്ലാശ് നന്ത്യാർവട്ടം ചെറിയലന്ത കടുമ്പ ചെറുപനീച്ചി ഇവയുടെ തൊലി ഇരട്ടിമധുരം ഇരിപ്പക്കാതൽ ഇവ സമം കൊണ്ടു കഷായം വെച്ചു ധാരയിടുകതാൻ അതിൻ നെയ്യോ എണ്ണയോ

കാച്ചി നിറുത്തുകതാൻ കോരുകതാൻ ചെയ്താൽ വ്രണങ്ങൾ ശുദ്ധമായി സന്ധിക്കും. സേവിച്ചാൽ മേദോദോഷം രക്തപിത്തം തൃഷ്ണ അന്തർദാഹം യോനിദോഷം ഇവ മാറും.

**മൃണാളാദി**

മൃണാളമൃദുകുഞ്ചികാകുടചവൽക്കനിംബാമൃതാ
വരാരജനിസർഷപാജലദസേവ്യപൂതീതിലൈഃ 70
പയോദ്രുജലചന്ദനഭ്രമരഗേഹദൂർവ്വേക്ഷുഭിർ
വ്വടാംകുരശാരിബാലവണലക്ഷ്മണാപർപ്പടൈ 71
ഏരണ്ഡബീജകുഹളിസംയുതൈഃ ക്ഷീരപേഷിതൈഃ
തൈലാജ്യമധുനാ ലേപഃ സർവശോഫനിബർഹണഃ 72

താമരവളയൻ ഞൊട്ടാഞൊടിയൻ കുടകപ്പാലത്തൊലി വേപ്പില അമൃത് ത്രിഫല മഞ്ഞൾ ചെറുകടുക് മുത്തെങ്ങാ രാമച്ചം ആവിൽത്തളിർ എള്ള് നാല്പാമരത്തിൻ തൊലികൾ ഇരുവേലി ചന്ദനം വേട്ടാവെളിയൻകൂട് ചെറുകറുക കരിമ്പിൻവേര് പേരാൽമൊട്ട് നറുനീണ്ടിക്കിഴങ്ങ് ഇന്തുപ്പ് തിരുതാളി പർപ്പടകപ്പുല്ല് ആവണക്കരി തെങ്ങിൻപൂക്കുല ഇവ പാലിൽ പുഴുങ്ങിയരച്ചു എണ്ണയും നെയ്യും ചേർത്തു തളികയിലിട്ടുകൂട്ടി വെള്ള മറുത്തു പൂശുക എല്ലാവക നീരിന്നും നന്ന്.

(..........tK I ZqÀhmassbx. F ¶ Nn I n Õ ma R Pcn)

**ജാത്യാദി**

ജാതീകിംശുകപർപടാഖ്യസുഷവീമായൂരികാഭദ്രികാ-
നിർഗുണ്ഡീമൃദൂകുഞ്ചികാകടുകികാദൂർവാനിശാനാം രസേ
സർപ്പിസ്സിദ്ധമനേന സൂക്ഷ്മവദനാഃ മർമ്മാശ്രിതാ സ്രാവിണോ
ഗംഭീരാസ്സരുജാ വ്രണാസ്സഗതികാ ശുദ്ധ്യന്തി രോഹന്തി ച 73

പിച്ചകത്തില മുരിക്കില പർപ്പടകപ്പുല്ല് പുല്ലാന്നിക്കുരുന്ന് ചെറുകടലാടി ചെറുപൂള കരുനൊച്ചിയില ഞെട്ടാഞൊടിയൻ വേപ്പില ചെറുകറുക പച്ചമഞ്ഞൾ ഇവ ഇടിച്ചുപിഴിഞ്ഞ നീരിൽ നെയ്കാച്ചി വ്രണത്തിൽ തളിക്കയും കോരുകയും ചെയ്ക മർമ്മാശ്രിതങ്ങളായും മറ്റുമുള്ള മഹാവ്രണങ്ങളെ ശുദ്ധിവരുത്തുകയും സന്ധിപ്പിക്കയും ചെയ്യും.

*(കടുകികാ എന്നതിന് സഹസ്രയോഗത്തിൽ ചുരയില എന്നു കാണുന്നു. മാത്രമല്ല ഇരട്ടിമധുരം കല്ക്കം ചേർക്കാനും വിധിച്ചുകാണുന്നു)*

**ശതധൌതം**

നാല്പാമരം കഷായംവെച്ചു അതിൽ നാലിടങ്ങഴി കഷായത്തിൽ ഒരിടങ്ങഴി നെയ്യൊഴിച്ചു മോർ കലക്കും പോലെ കടകോൽകൊണ്ട് കടഞ്ഞെടുത്താൽ ആ നെയ്യ് സകൃദ്ധൌതം. ഇങ്ങനെ നൂറ്റൊന്നുവട്ടം കടഞ്ഞെടുത്താൽ അതു ശതധൌതം.

**തിക്തകം**

പടോലനിംബകടുകാദാർവീപാഠാദുരാലഭാഃ
പർപ്പടം ത്രായമാണാഞ്ച പലാംശം പാചയേദപാം 74
ദ്വ്യാഢകേ/ഷ്ടാംശശേഷേണ തേന കർഷോന്മിതൈസ്തഥാ
ത്രായന്തിമുസ്തഭൂനിംബകലിംഗകണചന്ദനൈഃ 75
സർപ്പിഷോ ദ്വാദശപലം പചേത്തത്തിക്തകം ജയേൽ
പിത്തകുഷ്ഠപരീസർപ്പപിടകാദാഹതൃശ്ഭ്രമാൻ 76
കണ്ഡൂം പാണ്ഡ്വാമയാൻ ഗണ്ഡദുഷ്ടനാളീവ്രണാപചീഃ
വിസ്ഫോടവിദ്രധീഗുന്മശോഫോന്മാദമദാനപി 77
ഹൃദ്രോഗതിമിരവ്യംഗഗ്രഹണീശ്വിത്രകാമിലാ
ഭഗന്ദരമപസ്മാരം ഉദരം പ്രദരം ഗരം 78
അർശോസ്രപിത്തമന്യാംശ്ച സുകൃച്ഛ്രാൻ പിത്തജാൻ ഗദാൻ

പടവലത്തണ്ട് വേപ്പിൻതൊലി കടുരോഹിണി മരമഞ്ഞൾത്തൊലി പാടക്കിഴങ്ങ് കൊടിത്തൂവവേര് പർപ്പടകപ്പുല്ല് ബ്രഹ്മി ഇവ ഓരോപലം എട്ടിടങ്ങഴി വെള്ളത്തിൽ കഷായം വെച്ച് ഒരിടങ്ങഴിയാക്കി അതിൽ ബ്രഹ്മി മുത്തങ്ങ പുത്തരിച്ചുണ്ടവേർത്തൊലി കുടകപ്പാലരി തിപ്പലി ചന്ദനം ഇവ മുമ്മൂന്നു കഴഞ്ച് കല്ക്കം ചേർത്തു കാച്ചിയരിച്ചു സേവിക്ക.

**മഹാതിക്തകം**

സപ്തച്ഛദം പർപ്പടകം ശമ്യാകകടുകാ വചാ 79
ത്രിഫലാ പത്മകം പാഠാ രജന്യൗ ശാരിബേ കണേ

നിംബചന്ദനയഷ്ട്യാഹ്വവിശാലേന്ദ്രയവാമൃതാ 80
കിരാതതിക്തകം സേവ്യം വൃഷോ മൂർവാ ശതാവരി
പടോലാതിവിഷാ മുസ്താ ത്രായന്തീ ധന്വായാഷകം 81
തൈർജ്ജലേ/ഷ്ടഗുണേ സർപ്പി ദ്വിഗുണാമലകീരസം
സിദ്ധം തിക്താന്മഹാതിക്തം ഗുണൈരപ്യധികം മതം 82

ഏഴിലമ്പാലത്തൊലി പർപ്പടകപ്പുല്ല് കൊന്നത്തൊലി കടുരോഹിണി വയമ്പ് ത്രിഫല പതുമുകം പാടക്കിഴങ്ങ് വരട്ടുമഞ്ഞൾ മരമഞ്ഞൾത്തൊലി നറുനീണ്ടിക്കിഴങ്ങ് പാൽവള്ളിക്കിഴങ്ങ് തിപ്പലി അത്തിത്തിപ്പലി വേപ്പിൻതൊലി ചന്ദനം ഇരട്ടിമധുരം കാട്ടുവെള്ളരിവേര് കുടകപ്പാലയരി അമൃത് പുത്തരിച്ചുണ്ടവേർത്തൊലി രാമച്ചം ആടലോടകത്തും വേർ പെരുംകുരുമ്പവേർ ശതാവരിക്കിഴങ്ങ് പടവലം അതിവിടയം മുത്തെങ്ങാ ബ്രഹ്മി കൊടിത്തൂവ വേർ ഇവ കൽക്കവും എൺമടങ്ങ് ശുദ്ധജലവും ഇരുമടങ്ങ് നെല്ലിക്കാനീരും ചേർത്ത് കാച്ചുന്ന നെയ്യ് തിക്തകത്തിൽ ഗുണമേറുന്നത്.

*(ഈ യോഗം കല്ക്കപ്രധാനമാണ്. അഷ്ടാംഗഹൃദയത്തിലും ചികിത്സാമഞ്ജരിയിലും ഇതേ യോഗം കാണാവുന്നതാണ്.എന്നാൽ സഹസ്രയോഗത്തിൽ ഇതേ മരുന്നുകൾ കഷായവും കല്ക്കവുമായി നെയ്കാച്ചുവാൻ വ്യാഖ്യാനിച്ചിരിക്കുന്നു. )*

*ഇതി വൈദ്യരത്നമാലികായാം വിദ്രധിചികിത്സാധികാരഃ*

## വൃദ്ധിലക്ഷണം

വൃദ്ധിയേഴിതു ചൊല്ലുന്നു വാതപിത്തകഫങ്ങളാൽ
രക്തത്താലുമതൊന്നുണ്ടു മേദസ്സാലുമതൊന്നുമാം 1
മൂത്രത്താൽ പിന്നെയാന്ത്രത്താൽ ഇങ്ങനെയേഴു ജാതിയാം
വാതത്താലുള്ളതെന്നാകിൽ കാറ്റതിന്നു നിറഞ്ഞുടൻ 2
വീങ്ങീട്ടു തളികപോലെ മിനുപ്പമായിട്ടു വന്നിടും
നോവും കഴപ്പുമുണ്ടാകും ഹേതുകൂടാതെയിങ്ങനെ 3
പിത്തവൃർദ്ധിയതെന്നാകിൽ അത്തിതൻ കനിതൻ നിറം
അഴൽച്ച ചൂടുമുണ്ടാകും പഴുപ്പും കൂടെ വന്നിടും 4
ശ്ലേഷ്മവൃദ്ധിയതെന്നാകിൽ അകം നോം ചൊറിയും സദാ
ശീതസ്പർശമതായീടും സ്നിഗ്ദ്ധമായിട്ടുമായിടും 5
ചൊല്ലാം മേദസ്സിനാലെങ്കിൽ ശ്ലേഷ്മവൃദ്ധീടെ ലക്ഷണം
പനംപഴത്തോടൊത്തിട്ടു മൃദുവായിട്ടുമേറയാം 6
രക്തത്താലുള്ളതെന്നാകിൽ പിത്തലക്ഷണമൊത്തിടും
ചൂടഴൽച്ചകളേറീടും ഈവണ്ണം കണ്ടുകൊള്ളുക 7
വെള്ളം നിറച്ച തളികപോലെ മൂത്രം നിറഞ്ഞിടും
മൂത്രവൃദ്ധിയതെന്നാകിൽ മൂത്രകൃച്ശ്രമതായിടും 8
ആന്ത്രവൃദ്ധിക്കു വാതംതാൻ കോപിച്ചിട്ടുളവാമതും
ഞെരുക്കുമ്പോളൊച്ചയുണ്ടാം ചുരുങ്ങും പിന്നെയപ്പോഴെ 9
കൈവിട്ടാലിങ്ങു വന്നീടും ഇത്ര(തു)വന്നാലസാദ്ധ്യമാം 10

*ഇതി വൈദ്യരത്നമാലികായാം വൃദ്ധിലക്ഷണാധികാരഃ*

## വൃദ്ധിചികിത്സാ

**വിയർപ്പിപ്പാൻ**

പുകച്ചിട്ടു വിയർപ്പിക്ക വൃദ്ധിമാൻ മുൻപിൽ വേണ്ടത് 1
ഉന്മത്തം പുളിയാവണക്കു ബലാ പാവട്ട നീർമാതളം
യക്ഷാക്ഷി മൃദുകുഞ്ചികാർക്കവിരകും പ്രസാരണി നാരകം
എന്നിച്ചൊല്ലിയതിന്റെ നല്ലയിലയോടുള്ളിക്കുടത്തിൻ തൊലി
ഒക്കക്കൊണ്ടതിടിച്ചു പാത്രയുഗളേ വേയിച്ചു കാടീജലേ 2

രോഗി കട്ടിൽക്കരേറിയ ഗളതലം മൂടിക്കിടന്നാലതിൻ
കീഴേ പാത്രമിതൊന്നിനൊന്നുടനുടൻ വേയിച്ചു വെച്ചങ്ങിനെ
സ്വേദിപ്പിക്കേണമേഴുനാൾ ദിനമുഖേ വൃദ്ധിങ്കലൊട്ടേറയും
ചൊട്ടിപ്പോമതു നാത്ര സംശയമിദം കൈകൊണ്ട സിദ്ധൌഷധം 3
കഴഞ്ചിവേരുംതൻകൂമ്പും ഓടുപോക്കിയബീജവും
ഒപ്പം കൂട്ടിയരച്ചിട്ടു ഒരിടത്തങ്ങു വയ്ക്കുക 4
നീലിവേരിട്ടാവണക്കിനെണ്ണകാച്ചീട്ടതു വെന്തത്
ചുവക്കുമ്പോളെടുത്തിട്ടു കളവൂ പിന്നെയെണ്ണയിൽ 5
അരച്ചു മുന്നം വച്ചീടും ഔഷധങ്ങളെയിട്ടതിൽ
ഇളക്കി വാങ്ങിഗുളിക പുത്തരിച്ചുണ്ട തുല്യമായ് 6
ഉരുട്ടീട്ടതൊരയ്യഞ്ചു നാഴിക ചെല്ലുമപ്പഴെ
സേവിപ്പൂവഞ്ചുഗുളിക ആന്ത്രമാശുശമിച്ചുപോം 7
(ഉരുട്ടീട്ടതു സേവിപ്പൂ ആന്ത്രമാശു ശമിച്ചു പോം)
ഉള്ളിയിട്ടാവണക്കെണ്ണ കാച്ചിക്കൊണ്ടു കുടിക്കയും
ഉഴിഞ്ഞക്വാഥവും വെച്ചിട്ടെണ്ണ മേൻപൊടി കൊണ്ടുടൻ 8
സേവിച്ചീടുക വൃദ്ധിക്കു ഇന്ദ്രവല്ലീ പ്രസിദ്ധമാം
ഒപ്പമായ്ക്കണ്ടു കൂട്ടേണം ഇന്ദ്രവല്ലിയുമുള്ളിയും 9
കഷായം വെച്ചതാറീട്ടങ്ങാവണക്കെണ്ണ മേൻപൊടി
വൃദ്ധിയേഴും ശമിച്ചീടാൻ ചിത്രമായ കഷായമാം 10
സേവിക്ക സുകുമാരം നെയ് ചൊല്ലും ഗുന്മചികിത്സയിൽ
ഉള്ളി ബർബരവും പിന്നെ ഇന്ദ്രവല്ലി കടുക്കയും 11
അടയ്ക്കാമണിയൻ വേരും യക്ഷാക്ഷീയഗ്നി തിപ്പലി
പെരുംകുരുമ്പതൻ വേരും ഔഷധം നൽ പുനർന്നവം 12
ശിഗ്രുവും കൂട്ടിയൊപ്പിച്ചു കഷായം കൂടിചെയ്കിലോ
വൃദ്ധിയൊക്കെ ശമിച്ചീടും ആന്ത്രനോവും കടച്ചിലും 13
ഉള്ളിചുക്കുമുഴിഞ്ഞവേർ ആവണക്കിന്റെവേർതൊലി
വൃഷവും കൂട്ടി നിഷ്ക്വാഥം പീത്വാ വൃദ്ധിയൊഴിഞ്ഞു പോം 14
ഉള്ളിയുന്നല്ലാവണക്കു തവിഴാമ മഹൌഷധം
അടയ്ക്കാമണിയൻ വേരും കഴഞ്ചയിവ തുല്യമായ് 15
കഷായം വച്ചുകൊണ്ടിട്ടു കായമിട്ടു കുടിക്കണം
ആന്ത്രവൃദ്ധി ശമിച്ചീടും ആനാഹഞ്ച മഹോദരം 16
പുളിങ്കുഴമ്പു സേവിക്കാം ചൊല്ലും ഗുന്മചികിത്സയിൽ
എണ്ണ ധാന്വന്തരം വേണം സേവിപ്പാനതു ചൊല്ലിടാം 17

**ധാന്വന്തരംഎണ്ണ**

പതിനാറു പലംകൊള്ളു ബലാമൂലമിടിച്ചതു
പലദ്വയം ശതാവരി നാന്മടങ്ങായ നീരതിൽ 18
കഷായം വെക്കു മുതിരവെന്തനീർ നാഴി കൂട്ടുക
എണ്ണ നാനാഴിയും കൂട്ടു കൽക്കത്തിന്നു പറഞ്ഞിടാം 19
മഞ്ചട്ടി ചന്ദനം രണ്ടും കാർകോളിദ്വയവും തഥാ
പാൽവള്ളിയതിൻ മൂലം കൊട്ടം തകരജീരകം 20
ചൊവ്വള്ളിക്കൊടിയിന്തുപ്പും വയമ്പും ചെഞ്ചലീയവും
അകിലും തമിഴാമവേർ ശതാവരിയമുക്കിരം 21
മധുകം നെല്ലി താർതാവൽ മാഷം മുൽഗവുമേലവും
ഇലവർങ്ഗമതിൻ തോലും പച്ചിലയിവയൊക്കെയും 22
ഒപ്പംകൂട്ടിയരച്ചിട്ടു കൽക്കത്തിന്നിതു കൊള്ളണം
നാഴി ലന്തക്കുരു വെന്തനീരു കൂട്ടുകതിൽ പുനഃ 23
നാലിടങ്കഴി കൂട്ടേണം പാലും പിന്നെ വിശേഷതഃ
തീ കുറച്ചതു കാച്ചീട്ടു പാകം സൂക്ഷിച്ചരിക്കണം 24
പിന്നെസ്സേവിച്ചുകൊണ്ടീടിൽ ആന്ത്രവൃദ്ധിയൊഴിഞ്ഞുപോം
ജ്വരവും ഗുന്മവും തീരും ക്ഷയവും യോനിരോഗവും 25

ആവണക്കെണ്ണയും കൂട്ടി കഴഞ്ചിക്കാ വയമ്പുമായ്
അഞ്ചുകാണം വിഴുങ്ങീടിൽ പോകുമാന്ത്രാമയാൽ ഭയം 26

*(ഇത് പ്രസിദ്ധമായ ധാന്വന്തരം തൈലയോഗമല്ല.)*

**ആന്ത്രം നോവിന്നു**

കക്കും(ചുക്കും) കഴഞ്ചിക്കായും മാരുത-
ഗുളികൗഷധങ്ങളും സമമാക്കി
ഗുളികീകൃത്യ കുടിച്ചാലാന്ത്രം-
കൊണ്ടുണ്ടാകുന്നോവടങ്ങിപ്പോം 27
കഴഞ്ചിക്കുരുവും നല്ല ഉഴിഞ്ഞേടെ കുരുന്നുമായ്
സേവ്യം മുക്കുടിയീഴച്ചേമ്പിന്റെ തളിരുകൊണ്ടുമാം 28
പർപ്പണാദിഘൃതം നന്നു വിരേചിപ്പികയും ഗുണം
ഇവകൊണ്ടൊഴിവില്ലാഞ്ഞാൽ കഴലയ്ക്കൽ സിര കാച്ചുക 29

**കിഴികാച്ചുവാൻ**

മണൽ നന്നായ്വറുത്തിട്ടു കിഴികെട്ടീട്ടു കാച്ചുക
ആന്ത്രനോവുടനേ തീരും ഉപ്പുനന്നായ്വറുത്തതുമാം 30
നടേ ചൊല്ലിക്കിടക്കുന്ന വിയർപ്പിക്കയുമത്ഭുതം
ആവണക്കിൻകുരുവുടച്ചുഴിഞ്ഞേടെ രസത്തില് 31
കലക്കിക്കൊണ്ടനർത്തീട്ടു സേവിച്ചാൽ നോവൊഴിഞ്ഞുപോം
കുളുർത്ത മുളമേലുള്ള ഇല കുത്തിപ്പിഴിഞ്ഞ നീർ 32
ഇന്തുപ്പും കായവും കൂട്ടീട്ടനർത്തീട്ടു കുടിക്കയും
കുമ്പളത്തില നന്നായിപ്പിഴിഞ്ഞിട്ടതു മോരുമായ് 33
അനർത്തിക്കൊണ്ടു സേവിക്കാം അഹിഫേനവുമാമത്
ഇല്ലരിക്കരി നന്നായി പൊടിച്ചിട്ടതു കാച്ചിയ 34
മോരിൽ സേവിക്കയിച്ചൊന്നതൊക്കെ നന്നാന്ത്രനോവിന് 35
മുളയില മൂവില കാരവീ കടലാടിവലിയതൊട്ടു-
ണക്കലരിയെന്നിവയൊക്കെയരച്ചു വളരെ
സലിലേ കലക്കിവെച്ചിട്ടു മൂഴക്കാക്കിത്തൈലം
മേൻപൊടി വീഴ്ത്തിക്കുടിക്കിൽ നോവൊഴിയും 36
ഉഴിഞ്ഞവേർ മുളപ്പത്രം ജീരകം രണ്ടുമൊപ്പമായ്
കഷായം വച്ചു സേവിക്കാം ഹിംഗുത്രിഗുണവും ഗുണം 37
അമരിക്കുള്ളവേർ നന്നായരച്ചിട്ടെണ്ണയിൽ പിബേൽ
പരുത്തിയില നന്നായി പിഴിഞ്ഞിട്ടെണ്ണയിൽ പിബേൽ 38
ചീനക്കാക്കുരു നന്നായിട്ടരച്ചിട്ടെണ്ണയിൽ പിബേൽ
ഉള്ളി നന്നായരച്ചിട്ടു വെന്ത നൈ കൂട്ടുകിൽ ഗുണം 39

**ശമിക്കാത്ത വൃദ്ധി**

ആന്ത്രവൃദ്ധിയതിന്നുള്ള ലക്ഷണം പൂർണ്ണമായതു
ശമിപ്പാനെളുതല്ലോട്ടും വലുതായ ചികിത്സകൾ 40
അന്നന്നു ചെയ്കിലൊട്ടൊട്ടു വരും പൊറുതി മെല്ലവെ
നന്നായ്ക്കാടീലിരുത്തേണം നന്നായ് വസ്തി പിടിക്കയും 41
സുകുമാരഘൃതം സേവ്യം ഇന്തുകാന്തവുമുത്തമം
വരണച്ചിത്രബലാദ്യഞ്ച ഗുണം വൃദ്ധിവിനാശനം 42
കാക്കപ്രസൂനം കൊടിയാവണക്കും
നീലീദലഞ്ചാപി പിഴിഞ്ഞനീരും
വെങ്കായവും ജീരകവും കലർന്നി-
ട്ടാജ്യം വിപക്വം പരമാന്ത്രഹാരി 43
ആവിൽക്കഴഞ്ചിവിരകുമാവണക്കുമുഴിഞ്ഞയും
ഇഞ്ചതുമ്പയിവറ്റിന്റെ കുരുന്നും വൃദ്ധിമുക്കുടി 44
ദശമൂലകഷായഞ്ച ലശുനാദികൾ രണ്ടപി
ഉള്ളിവെട്ടടുകാദിശ്ച ഇന്ദ്രവല്യാദികളും തഥാ 45
നൈകളിൽ ലശുനാദിശ്ച ബലം സൂര്യവുമത്ഭുതം

സേവ്യം ധാന്വന്തരം തൈലം ചൂർണ്ണം ത്രിലവണാദിയും 46
വിളംഗാദിയുമിച്ചൊന്നതൊക്കെയും വൃദ്ധിനാശനം
ഉമ്മത്തിലയരിഞ്ഞിട്ടു തേങ്ങാ നന്നായ് വരണ്ടതും 47
ചെരകിക്കിഴികെട്ടീട്ടു കാച്ചിയെന്നാൽ പൊടുക്കനേ
ആന്ത്രക്കടച്ചിൽ പോയീടും ഇതിനാലെന്നു നിർണ്ണയം 48
തലനീളി സമൂലത്തെ പലമെട്ടതു കൊള്ളുക
പലം നാലതു കൊള്ളേണം വഹ്നിമൂലമെരുക്കുവേർ 49
നാലല്ലോ പലമാകുന്നു ചുക്കും നാലതു കൊള്ളുക
പതിനാറുപലം വേണം ചിറ്റുള്ളിയുമുഴിഞ്ഞവേർ 50
പലം രണ്ടതുകൊണ്ടീടു ആവണക്കിന്റെ വേരതും
പലമെട്ടതുകൊണ്ടിട്ടു കഷായം വച്ചു പിന്നത് 51
എട്ടൊന്നുശേഷം കൊണ്ടിട്ടു എണ്ണ മുന്നാഴിയും പുനഃ
ആവണക്കെണ്ണ നാഴൂരി പാലും നാഴൂരി കൂട്ടുക 52
കൽക്കത്തിന്നു പറഞ്ഞീടാം തിപ്പലീ ജീരകം തഥാ
ഇന്തുപ്പുമെഷ്ടിയും പിന്നെ മുത്തങ്ങായിവയൊപ്പമായ് 53
കാച്ചിക്കൊണ്ടതരിച്ചീടു മെഴുകായ പതത്തിലും
പിന്നെസ്സേവിച്ചുകൊണ്ടീടു വൃദ്ധിയൊക്കെശ്ശമിച്ചിടും 54
ഉള്ളിയും ചെറുതേക്കും പിന്നുഴിഞ്ഞ കൊടുവേലിയും
അടയ്ക്കാമണിയൻ വേരും തിപ്പലി തവിഴാമയും 55
പെരിൻകുരുമ്പതൻ വേരും കഴഞ്ചീമൂലവും പുനഃ
മുരിങ്ങവേർമേൽ തൊലിയും കടുക്കാ ചുക്കുമെന്നിവ 56
കഷായം വെച്ചാവണക്കിൻ എണ്ണ മേൽപൊടിയായ് പിബേൽ
ആന്ത്രം കടച്ചിലും നോവും വീക്കവും കൂടൊഴിഞ്ഞുപോം 57

**ലശുനാദി (ഉള്ളിവെട്ടടുകാദി)**

ഉള്ളിവെട്ടടുകുചുക്കുഴിഞ്ഞവേ-
രാവണക്കിനുടെ വേർ കഷായമായാ-
വണക്കുരുവിനെണ്ണസൈന്ധവം
നീർകുടിക്കിൽ വൃഷണം ചുരുണ്ടുപോം 58

**ലശുനാദി**

ഉള്ളിയും ബർബരവും ചുക്കും കടുക്കായുമുഴിഞ്ഞവേർ
അടയ്ക്കാമണിയൻ വേരും കൊടുവേലി പുനർന്നവം 59
പെരിങ്കുരുമ്പതൻ വേരും തിപ്പലീ ച കഴഞ്ചിവേർ
മുരിങ്ങവേർമേൽ തൊലിയും കഷായം വെച്ചു സേവയേൽ 60
വൃദ്ധിക്കു നന്നു നന്നേറ്റം ഉദരങ്ങൾക്കുമാമിത് 61

*ഇതി വൈദ്യരത്നമാലികായാം വൃദ്ധിചികിത്സാധികാരഃ*

## *ഗുന്മലക്ഷണം*

ഗുന്മങ്ങളെട്ടു ചൊല്ലുന്നു വാതപിത്തകഫങ്ങളാൽ
ഈരണ്ടിനാലുമുണ്ടാകും ഇങ്ങിനെ എട്ടുജാതിയാം 1
രക്തഗുന്മം വരും സ്ത്രീണാം ഋതുദോഷത്തിനാലത്
ഇങ്ങിനെ എട്ടു ഗുന്മങ്ങൾ പറയാമിനി ലക്ഷണം 2
വസ്തിയും നാഭിയും പിന്നെ ഹൃദയം പാർശ്വമെന്നിവ
സ്ഥാനങ്ങളായി വന്നീടും ഗുന്മങ്ങൾക്കു പറഞ്ഞത് 3
വാതത്താൽ ഗുന്മമെന്നാകിൽ കുത്തും നോവുമതേറെയാം
ആന്ത്രവും പ്ളീഹയും നൊന്തു മലം വീഴാതെ വന്നിടും 4
വാവരൾച്ചയുമുണ്ടാകും അഗ്നിയോരോരോ ജാതിയാം
ത്വങ്നഖാദികൾ നൊന്തീടും കറുക്കും കണ്ണു ദേഹവും 5
പിത്തത്താലതു വന്നീടിൽ ദേഹമൊക്കെയുഴന്നിടും

പുളിന്തെക്കലുമുണ്ടാകും ഉഷ്ണവും തൃഷ്ണയും ജ്വരം 6
എരിവും വേവുമായ്തോന്നും ഗുന്മമങ്ങു കിടപ്പിടം
മഞ്ഞൾതൻ നിറമൊത്തീടും ദേഹം കണ്ണുകളെന്നിവ 7
കഫത്താലുളവാകുമ്പോൾ രുചിയില്ലാതെവന്നിടും
ശീതജ്ജ്വരമതും പിന്നെ തളർച്ച മടിയെന്നിവ 8
ത്വങ്നഖാദികളും കണ്ണും വെളുത്തിട്ടങ്ങിനെ വരും
ചുമയും പാരമുണ്ടാകും നെഞ്ചുകത്തി കലിക്കയും 9
ഈരണ്ടുകൂടിയെന്നാകിൽ രണ്ടിന്റെ ലക്ഷണങ്ങളും
സന്നിപാതത്തിനാലാകിൽ കൊടുതായിട്ടു നൊന്തിടും 10
മുഴുത്തുയർന്നിരുന്നീടും ചൂടഴൾച്ചയുമിങ്ങനെ
രക്തഗുന്മമതുണ്ടാകും സ്ത്രീകൾക്കല്ലാതെയില്ലിത് 11
ഋതുവിങ്കലതുണ്ടാകുമ്പെറ്റിരിക്കുന്ന നാളിലും
യോനിരോഗമതുണ്ടാകും നാളിലാവാനുമാമത് 12
ഗർഭത്തെപ്പോലെ വീങ്ങിടും മുലയിൽ പാലു വന്നിടും
സൂക്ഷമായിട്ടു വന്നീടും ഗർഭലക്ഷണമൊക്കെയും 13
കയ്യും കാലും കുടഞ്ഞിട്ടു ഇളകും പിള്ളയെങ്കിലോ
ഗുന്മമെന്നാലുരുണ്ടിട്ടു തന്നെ സഞ്ചാരമായ്വരും 14

ഇതി വൈദ്യരത്നമാലികായാം ഗുന്മലക്ഷണാധികാരഃ

## ഗുന്മചികിത്സ

എണ്ണയും നെയ്യുമായ് തേച്ചു കാടിതന്നിലിരുത്തിടാം
നവിരച്ചോറുകാച്ചീടാം പുകച്ചീടുകയും പുനഃ 1
വിരേചിപ്പിക്കയുംവേണം ഗുന്മങ്ങൾക്കു ചികിത്സകൾ
കാട്ടുതിപ്പലിതൻ വേരും വർഷാഭൂ മുല്ലമൂലവും 2
കാട്ടിലേ മുളകിൻ വേരും ഇവകൊണ്ടു കഷായമായ്
ഇന്തുപ്പുമിട്ടു സേവിച്ചാൽ മാറീടും ശൂലഗുന്മവും 3
തമിഴാമയതിന്റെ വേരും കൂവളം ചുക്കു മുഞ്ഞയും
കരിംകുറിഞ്ഞിതൻ വേരും ഏരണ്ഡം മുതിരാ തഥാ 4
അടയ്ക്കാമണിയൻ വേരും കടലാടീ ച തുമ്പയും
കാട്ടുതിപ്പലിതൻ വേരും ഇവകൊണ്ടു കഷായമായ് 5
ഇന്തുപ്പും കായവും കൂട്ടി സേവിച്ചാൽ ശൂലമാറിടും
ഗുന്മമെട്ടുമൊഴിഞ്ഞീടും പ്ലീഹയഷ്ടീലയാന്ത്രവും 6
വിഴാൽവേരാവണക്കിൻവേർ പ്ലാശിൻതോൽ വെൺമുരുക്കുതോൽ
ഇവകൊണ്ടു കുറുക്കീട്ടു കഷായംസൈന്ധവാന്വിതം 7
സേവിച്ചാലൊഴിഞ്ഞീടും ഗുന്മരോഗങ്ങളൊക്കയും
ദ്വികരഞ്ചമതിൻ തോലും തിപ്പലീ ചതകുപ്പയും 8
മുന്തിരിങ്ങാപ്പഴം ഭാർങ്ങീ ഏലവും ദേവതാരവും
ഉള്ളിയെന്നിവകൊണ്ടുള്ള കഷായം വെച്ചതാറിയാൽ 9
കായമിട്ടു കുടിച്ചീടിൽ ഗുന്മമെട്ടും ശമിച്ചിടും

**പുളിംകുഴമ്പ്**

വ്യോഷവും ജീരകം കായം അഗ്നിയും കാട്ടുതിപ്പലി 10
കൃഷ്ണജീരകമിന്തുപ്പും അയമോദകമെന്നിവ
മൂന്നുചീതു കഴഞ്ചാക്കി പൊടിചെയ്തങ്ങു വയ്ക്കണം 11
ഉള്ളി മൂന്നുപലം നന്നായ് പുഴുങ്ങീട്ടങ്ങരയ്ക്കണം
സൈന്ധവം രണ്ടുപലവും പൊടിചെയ്തതു കാടിയും 12
കൂർക്കതന്നിലതന്നീരും മോരിടങ്കഴികൂട്ടുക
പുളിതൊണ്ടതു നാനാഴി വെന്ത നീരുമെടുക്കണം 13
അതിൽ നാലൊന്നരച്ചീടു മറ്റേതങ്ങു കളഞ്ഞിടാം

പൊടിയൊക്കയുമൊന്നാക്കീട്ടതിലങ്ങു കലക്കണം 14
അരച്ചയുള്ളിയും കൂട്ടി ആവണക്കെണ്ണ നാഴിയും
കൂട്ടിക്കൊണ്ടു കുറുക്കീട്ടു മൺകലത്തിലതാവൊളം 15
ഇളക്കീടുകയും വേണം പാകംകണ്ടതു വാങ്ങുക
അത്തിക്കായിനൊടൊപ്പിച്ചു പ്രാതഃ സേവിച്ചുകൊള്ളുകിൽ 16
ഗുന്മമൊക്കെ ശമിച്ചീടും ആന്ത്രശൂലകളും തഥാ
മുതുക്കടച്ചിൽ മാറീടും നാമം പുളിങ്കുഴമ്പിത് 17
ആട്ടിൻപാലതു സേവിച്ചാൽ ഗുന്മമെട്ടും ശമിച്ചുപോം
കാന്തലോഹമതുണ്ടാകിൽ തുലോം നന്നിതുപോയിടാൻ 18

**ത്രിലവണാദിചൂർണ്ണം**

ലവണത്രയം നല്ല ഗന്ധകം പശുപാശിയും
കാട്ടുതിപ്പലിതൻ വേരും തിപ്പലി കൊടുവേലിയും 19
കാട്ടിലെ മുളകിൻ വേരും മുളകും ദീപ്യകം പുനഃ
ചെറുതേക്കു ചവർക്കാരം ഏലവും ജീരകം തഥാ 20
അതിവിടയവും കൂട്ടി നാലുചീതു കഴഞ്ചപി
നേരെക്കണ്ടു പൊടിച്ചിട്ടു തേനിൽ സേവിക്ക നിത്യവും 21
ഗുന്മമെട്ടും ശമിച്ചിടും അഗ്നിമാന്ദ്യഞ്ച ശൂലയും
ഏതത്ത്രിലവണാദ്യാഖ്യാ ചൂർണ്ണമത്യന്തസാരമാം 22

**അഭ്രകാദിചൂർണ്ണം**

അഭ്രകഗന്ധക്കടംകണതുത്ഥൈ-
സ്ത്ര്യൂഷണകാന്തയുതേ കൃതചൂർണ്ണം
പാചനരോചനദീപനമേതൽ
ഗുന്മവികാരമപോഹതി സദ്യഃ 23
(അഭ്രകം ഗന്ധകം പൊൻകാരം തുത്ത് ത്രികടു കാന്തം ഇവ പൊടി)

**ഹിംഗ്വഷ്ടകം**

അയമോദകമിന്തുപ്പും കായവും ജീരകദ്വയം
വ്യോഷമെന്നിവയൊപ്പിച്ചു പിഷ്ട്വാ മോരിൽ കുടിക്കയും 24
നെയ്യിൽ കൂട്ടിയതുണ്ണൂലും ഗുന്മം പോമഗ്നി പൊങ്ങിടും
ഹിംഗ്വഷ്ടകമിതെന്നല്ലോ പേരു ചൂർണ്ണത്തിനായത് 25

**ശുണ്ഠീഘൃതം**

അരക്കും തിപ്പലീ ചുക്കും അഗ്നിയും കൃമിശത്രുവും
കൊടിത്തൂവ ചവർക്കാരം പച്ചില ദേവതാരവും 26
ഇവയൊക്കെസ്സമംകൊണ്ടു നെയ്യിൽ കൂട്ടുക പാലത്
പിന്നെക്കാച്ചിയരിച്ചിട്ടു സേവിച്ചാൽ ഗുന്മനാശനം 27
ശൂലയും പനിയും തീരും ഗുദവേദനയും തഥാ
ശുണ്ഠീഘൃതമിതിൻ നാമം പ്രാതഃ സേവിച്ചുകൊള്ളുക 28

**സുകുമാരഘൃതം**

പതിനഞ്ചുപലംകൊള്ളു തമിഴാമേടെ വേരത്
ഓരോന്നൊന്നരകൊണ്ടീടു ദശമൂലമതൊക്കെയും 29
ആവണക്കും ശതാവേരി ജീവന്തിയുമമുക്കുരം
ദർഭ രണ്ടും കരിമ്പിൻ വേർ അമയും വരിനെല്ലിവ 30
ഓരോ പലമിടിച്ചിട്ടു കഷായം വെച്ചരിച്ചതിൽ
ഗുളം മൂന്നുപലം വേണം നെയ്യും നാനാഴി കൂട്ടുക 31
ആവണക്കെണ്ണ നാഴൂരി പാലിവറ്റിനു തുല്യമായ്
കൽക്കത്തിന്നിഹ ചൊല്ലുന്നു കാട്ടുതിപ്പലിമൂലവും 32
ഇന്തുപ്പും ജീരകം ചുക്കും മധുകം മുന്തിരിപ്പഴം
മൂന്നുചീതു കഴഞ്ചാക്കി കാച്ചി സേവിച്ചുകൊള്ളുകിൽ 33
വിദ്രധീ ഗുന്മവും ശൂല അർശസ്സും കുഷ്ഠമെന്നിവ
വിശേഷിച്ചു ശമിച്ചീടുംസുകുമാരം ഘൃതന്ത്വിദം 34
തമിഴാമകഷായത്തിൽ കല്ക്കത്തിന്നഷ്ടചൂർണ്ണമായ്

ആവണക്കെണ്ണയും കൂട്ടി സിദ്ധം നെയ് ഗുന്മനാശനം 35
വിഴാൽവേർകടലാടീതിക്വാഥേ ഹിംഗ്വാദികല്ക്കമായ്
സിദ്ധമായ ഘൃതം സേവ്യം ആശു ഗുന്മവിനാശനം 36
ഇന്നെയ്ക്കേരണ്ഡതൈലത്തെ കൂട്ടികാച്ചുകിലും ഗുണം
ആർദ്രകാദിത്രിലവണാദിയെന്നപൊടിയും തഥാ 37
ഹിംഗ്വഷ്ടകഞ്ച ഹിംഗ്വാദിപൊടിയും ഗുന്മനാശനം
ഹിംഗുത്രിഗുണവും നന്നു നന്നു കാടീലിരിക്കയും 38
പിന്നെ വസ്തിപിടിച്ചിട്ടു സുകുമാരഘൃതം പിബേൽ
അന്നന്നു പിന്നെ നന്നായ് വിരേചിപ്പിക്കയും ഗുണം 39
പുടയാവുപലാശത്വക്കിവ കുത്തിപ്പിഴിഞ്ഞ നീർ
പുളിച്ച മോരിൽ സേവിക്കാ ഘൃതം ലശുനകം തഥാ 40
കാട്ടുതിപ്പലിവേർകൊണ്ടു വയ്ക്കും മുക്കുടിയും ഗുണം
പ്ലാശിന്റെ തൊലിയും കൊന്നക്കുരുന്നും നല്ലുഴിഞ്ഞയും 41
ആവണക്കോടടയ്ക്കാമണിയൻ നല്ല കരിക്കൊടി
കഴഞ്ചിയെന്നിവറ്റിന്റെ കുരുന്നൊക്കെപ്പിഴിഞ്ഞനീർ 42
ചതുർജ്ജാതം ത്രികടുവും കൽക്കംകൊണ്ടിട്ടു പാലുമായ്
നെയ്ചമച്ചിട്ടു സേവിച്ചാൽ ഗുന്മവ്യാധി ശമിച്ചുപോം 43
ഇന്നെയ്ക്കുമാവണക്കെണ്ണ കൂട്ടികാച്ചുകിലും ഗുണം
സപ്തസാരം കഷായം ഗന്ധർവഹസ്താദിയെന്നിവ 44
ഒക്കയും നന്നു ഗുന്മത്തേ ശമിപ്പിപ്പാൻ ശരീരിണാം 45

**പിത്തഗുന്മത്തിന്ന്**

ഒക്കപ്പരു(?പഴു)ത്ത കടലാടിയിലാ പരുത്തി-
പ്പത്രഞ്ച ചുട്ടഭസിതം ദശമൂലപാക്യേ
ഉപ്പും കലക്കിയിവയിട്ടതു കൂട്ടിയുണ്ടാൽ
പിത്തോത്ഥഗുന്മമൊഴിയും മഹതീ ച ശൂലാ 46

വലിയ കടലാടിയിലയും പഞ്ഞിപ്പരുത്തിയിലയും ചുട്ട ഭസ്മം എടുത്തു അതും ഉപ്പും കൂടെ ദശമൂലകഷായത്തിൽ കലക്കിത്തെളിച്ചു ആ ഉപ്പുനീർ കൂട്ടിയുണ്ണുക.

മുളകും ഗുളവു കോഷ്ണവാരിണാ പരുകീടുക
ഗുന്മശൂലവിനാശായ ഗുഹ്യമേതദുദാഹൃതം 47

**ഗുന്മശൂലയ്ക്ക്**

പലാശഭസിതം തൈലം പന്നൽനീരുമീവണ്ണമെ
ഗുന്മശൂലവിനാശായ പായയേദതിശോഭനം 48
വയമ്പു കായം പടു ചുക്കു താന്നി
ഫലം കടുക്കാ ച വരാവണക്കും
കരിംപുമക്കോലവുമേറ്റിയേറ്റി-
പ്പൊടിച്ചു തൈലേ ലിഹതാന്നഗുന്മം 49
തൂക്കീട്ടു കായമയമോദകംകണൈല
കാട്ടിൽകണാ ച മുളകും മുളകഗ്നിവിശ്വാ
നേർക്കപ്പൊടിച്ചു ദശമൂലകൃതേ കഷായേ
കൂട്ടികുടിക്കിലുപയാതി ഹി ഗുന്മശൂലാ 50

**പുളിങ്കുഴമ്പ്**

ചെങ്ങീടും പുടയാവ് ചുണ്ട പിണർതൻ കായെന്നമീഭിഃ ശൃതം-
കൊണ്ടസ്മിൻ ദിനകൃൽപലം പുളിയുമിട്ടാലോഡ്യ പക്ത്വാ പുനഃ
വ്യോഷം ജീരകയുഗ്മമുള്ളി നിശയും കായം പലം നാൽപലം-
താണി(നി)ന്തുപ്പു പുളിംകുഴമ്പിതരിശശ്ശൂലാന്ത്രഗുന്മാപഹം 51

എലിത്തടിയും ചുണ്ടവേരും പുളിന്തോടും കഷായം വച്ചു അതിൽ പന്ത്രണ്ടുപലം പുളികലക്കി മൺപാത്രത്തിൽവച്ചു കുറുക്കി ത്രികടു ജീരകം രണ്ടും വെള്ളുള്ളി മഞ്ഞൾ കായം ഇവ പന്ത്രണ്ടീതു കഴഞ്ചു ഇന്തുപ്പ് നാലുപലം ഇവയും കൂട്ടിയിളക്കി പാകമായാൽ വാങ്ങുക

*(ദിനകൃൽപലം-ഒരുപകൽ 12 നാഴിക, അതിനാൽ 12പലം.)*

കാഥം വിഴാൽചിത്രയോർമ്മൂലാദി നല്ലഭ്രകാദിയാം
ചൂർണ്ണവും നന്നു ഗുന്മസ്യ വിനാശനകരാ ഇമെ 52
കുമ്പളത്തണ്ടിലെ നീരിൽ കൽക്കത്തിന്നഷ്ടചൂർണ്ണമായ്
നെയ്ചമച്ചതു സേവിച്ചാൽ ഗുന്മവ്യാധി ശമിച്ചുപോം 53
കവടിപ്പരൽ ചൂർണ്ണിച്ചിട്ടെണ്ണകൂട്ടിക്കുടിക്കയും
ഇല്ലരക്കരിയും തൈലേ സേവ്യം ഗുന്മവിനാശനം 54
പഥ്യാ ശുണ്ഠീ ച ലവണം ആവിത്തോൽ തിപ്പലീ തഥാ
കാട്ടുതിപ്പലിമൂലഞ്ച കൂവളം തമിഴാമവേർ 55
ആവണക്കശ്വഗന്ധഞ്ച പഴേമുതിരയൂഷണം
കാട്ടിലെ മുളകിൻ വേരും മുരിങ്ങയ്ക്കുള്ളവേർത്തൊലി 56
കരിംകുറുഞ്ഞിതൻ മൂലം ഇവകൊണ്ടു കഷായമായ്
ചവർക്കാരമതും കൂട്ടി കായം മേൻപൊടിയായ് പിബേൽ 57
അഷ്ഠീലാ ഗുന്മവും പ്ലീഹ അരിശസ്സഗ്നിമാന്ദ്യവും
ശമിക്കുമുടനേ നാത്ര സംശയം ഗുരുഭാഷിതം 58

**അഷ്ടചൂർണ്ണം**

ത്രികടുവജമോജം സൈന്ധവം ജീരകെ ദ്വേ
സമധരണധൃതാനാമഷ്ടമോ ഹിംഗുഭാഗഃ
പ്രഥമകബളഭോജ്യസ്സർപ്പിഷാ ചൂർണ്ണകോ/യം
ജനയതി ജഠരാഗ്നിം വാതഗുന്മം നിഹന്തി 59

**ഹിംഗ്വാദിചൂർണ്ണം**

കായം വചാ കടുക്കായും പശുപാശ്യയമോദകം
കൊത്തംപാലരിയും പാഠാ കച്ചോലം മാതളങ്ങയും 60
ഏലത്തിന്നരിയും പിന്നെ ത്രികടു ദ്വിപടു തഥാ
ജീരകം ചവ്യവും പിന്നെ അഗ്നി പുഷ്ക്കരമൂലവും 61
വേതസാമ്ലം തിന്ത്രിണികം ഇവയെല്ലാം സമാംശകം
കൂട്ടിപ്പൊടിച്ചു സേവിപ്പൂ തേനിൽ ശർക്കര തന്നിലും 62
ഗുന്മമൊക്കെ ശമിച്ചീടും ഉടനേ നാത്ര സംശയം
യോനിശൂലം ശൂല പിത്തം ഗുന്മശൂലം വിശേഷതഃ 63
കൃച്ഛ്റന്തു ശ്വാസകാസാനി വിൾബന്ധം പാണ്ഡുരോഗവും
ശമിക്കുമിതിനാലെന്നു നിർണ്ണയം പരമൌഷധം 64

**പുളിങ്കുഴമ്പ്**

വരിക്കപ്ലാവുതൻ വേരും മുരിക്കുംതോൽ തഥൈവ ച
വരിക്കയാകും മാവിന്റെ വേരും കോൽപുളിവേരപി 65
പിനംപുളിയതിൻ വേരും ആരമ്പുളിയതും തഥാ
ക(പ)യ്യാലപ്പുളിയും പിന്നെ അട്ടനാറിയുടെ കട 66
പരണ്ടയും കാട്ടുചേന കാട്ടുഞാണ്ടേടെ മൂലവും
ആഴാന്തൽ വെൺമുരിക്കിന്റെ തോലുമെന്നിവയൊപ്പമായ് 67
പിണംപുളിയുടെ തോടും മൂന്നിടങ്ങഴികൊള്ളുക
ഒക്കകൂട്ടി ഇടിച്ചിട്ടു മൺപാത്രം തന്നിൽ വച്ചുടൻ 68
ഗോമൂത്രമെരിമമൂത്രം മോരും കാടിയുമെന്നിവ
ആറുനാഴിശ്ശകൂട്ടീട്ടു  വീഴ്ത്തു മൂന്നു കുടത്തില് 69
പിന്നെ വാകെട്ടി നന്നായിട്ടടുപ്പേൽ വച്ചനർത്തിടു
മൂന്നുനാൾ മൂന്നും വെവ്വേറെ പിന്നെയൊന്നിച്ചു കൂട്ടുക 70
കുറുക്കിപ്പിന്നരച്ചിട്ടു വീഴ്ത്തുവുരുളിതന്നില്
വ്യോഷം കായഞ്ചീരകെ ദ്വേ തിപ്പലീമൂലമഗ്നിയും 71
ദീപ്യമുള്ളിയുമിന്തുപ്പു കഴഞ്ചയ്യഞ്ചു കൊണ്ടിടു
ഇന്തുപ്പൊരു പലം വേണം പൊടിചെയ്തിവയൊക്കെയും 72
കഷായത്തിൽ കലക്കീട്ടു കാരദ്വയമതും തഥാ
ഉള്ളി മൂന്നുപലമ്പിന്നെ വെച്ചൂറ്റി ചേർത്തുകൊള്ളണം 73
നല്ല ശർക്കരയിട്ടിട്ടു കുറുക്കി പാകമാമ്പഴ്

പുതുക്കുടത്തിലാക്കീട്ടു നെല്ലിതൻ കായൊടൊപ്പമായ് 74
ഉരുട്ടീട്ടതു സേവിച്ചാൽ ഗുന്മമൊക്കെ ശമിച്ചീടും
ആന്ത്രവും ശൂലയുദരം പിത്തം കൂടെ ശമിച്ചിടും 75
പുളിങ്കുഴമ്പിതെന്നല്ലോ ചൊല്ലീടുന്നു മഹത്തുകൾ

**രക്തഗുന്മത്തിന്ന്**

രക്തഗുന്മമതുണ്ടായാൽ എള്ളുകൊണ്ടു കഷായമാം 76
വ്യോഷം പൊടിച്ചതും പിന്നെ ചെറുതേക്കു പൊടിച്ചതും
നെയ്യും ശർക്കരയും കൂട്ടി സേവിച്ചാൽ ശമനം വരും 77

**നാളികേരഭസ്മം**

ലവങ്കം കായവും ചുക്കും മുളകും കൊടുവേലിയും
കാട്ടിലെ മുളകിൻ വേരും കല്ലുപ്പുമയമോദകം 78
ചവർക്കാരം പച്ചിലയും തിപ്പലീ ഗന്ധകം തഥാ
ചീനയുപ്പിവയോരോന്നങ്ങാറുചീതു കഴഞ്ചതായ് 79
ഉഴിഞ്ഞയമരീ തുമ്പ ആവണക്കു കഴഞ്ചിയും
ഇവയഞ്ചും കുരുന്നല്ലോ ഉണക്കിപ്പൊടിചെയ്യണം 80
മുൻപിലേതും പൊടിച്ചിട്ടു ഒക്കയൊന്നിച്ചു കൂട്ടുക
പിനംപുളിയതിൻ കായും ഖലമെന്നിവയൊപ്പമായ് 81
കഷായം വെച്ച നീർതന്നിൽ കുഴച്ചു പൊടിയൊക്കയും
തേങ്ങാക്കണ്ണുതുരന്നിട്ടങ്ങതിലിട്ടു നിറയ്ക്കണം 82
മണ്ണു നന്നായ് പൊതിഞ്ഞിട്ടു ചുട്ടുകൊൾകതിനെപ്പുനഃ
ദിനം മൂന്നു കഴിഞ്ഞിട്ടു പിന്നെ വാങ്ങിപ്പൊടിച്ചിടു 83
മോരിൽ സേവിച്ചുകൊള്ളേണം തേനിൽ ശർക്കര തന്നിലും
ഗുന്മമൊക്കെശ്ശമിച്ചീടും ശൂലയും കൃമിശൂലയും 84
രക്തഗുന്മം ശമിച്ചീടാൻ എത്രയും നല്ലതാമിത്

**ഗുന്മന്നോവിന്ന്**

പാച്ചോറ്റി കൂവളം യഷ്ടി ചെറുതേക്കുള്ളിയശ്മകം 85
നീർക്കുടിക്കിൽ മൃഗാക്ഷീണാം വയറ്റിൽ കുത്തൊഴിഞ്ഞിടും
പുളിന്തോൽ ചുക്കു മുത്തങ്ങാ കൊണ്ടു പാക്യമിദം ഹിതം 86
അയമോദകമിന്തുപ്പും തിപ്പലീ ജീരകം തഥാ
ഇവകൊണ്ടുള്ള വെന്നീരിൽ പഥ്യാചൂർണ്ണം നിഷേവിതം 87
ശമയേൽ കുത്തുമുദരേ കറവാടും മൃഗീദൃശാം
എൾക്കോച്ചിൽ ചുട്ടവെള്ളത്തിൽ കലക്കിത്തെളിയിച്ചനീർ 88
പാലും കൂട്ടിയതിൽ പിന്നെ ആവണക്കെണ്ണ സൈന്ധവം
കൂട്ടിക്കൊണ്ടു കുടിച്ചീടിൽ രക്തഗുന്മം ശമിച്ചിടും 89
ഗുന്മത്തിന്നങ്ങു ചൊന്നോരു ചികിത്സയൊക്കയാമതിൽ

**ഏറച്ചോരപ്പോകുന്നതിന്നു**

രക്തമേറെയൊഴിഞ്ഞീടിൽ രക്തപിത്തചികിത്സയാം 90
കാരളെളട്ടുകഴഞ്ചിന്നു ചുക്കു നാലുകഴഞ്ചതായ്
കഷായം വച്ചു സേവിച്ചാൽ രക്തഗുന്മം ശമിച്ചുപോം 91
കണാശതാഹ്വാദിയായ കഷായം രക്തഗുന്മജിൽ
പിണംപുളിത്തോലീകാഥേ കുന്നിവാകകൾ കല്ക്കമായ് 92
നെയ് ചമച്ചിട്ടു സേവിക്കാം ഇന്ദുകാന്തവുമുത്തമം
ഇന്നെയ്യിലാവണക്കെണ്ണ കൂട്ടിക്കാച്ചുകിലും ഗുണം 93
ഇതിന്നു ഗുന്മത്തിൽച്ചൊന്ന പൊടിയും നെയ്യുമൊക്കെയാം
വിശേഷിച്ചിതിനന്നന്നു വിരേചിപ്പിക്കയും ഗുണം 94

**രക്തംവീഴാത്തതിന്ന്**

ഇലവിൻപശ നെല്ലിക്കാ നീരിൽ സേവിക്കയെങ്കിലോ
രക്തമൊട്ടും വരാതുള്ള രക്തഗുന്മം ശമിച്ചീടും 95
പ്രത്യഷ്ഠീലയുമഷ്ഠീല ആനാഹവുമിവറ്റിനു
ഗുന്മോദാവർത്തവാതാനാം ചികിത്സ ഗുണമായ്‌വരും 96

ഇവയൊക്കെയവസ്ഥയ്ക്കു തക്കവണ്ണം പ്രയോജയേൽ

**ആനാഹത്തിന്ന്**

ഹിംഗുകുഷ്ഠംവചാഞ്ചൈവ വിളംഗഞ്ച തുവർച്ചില 97
ഏകം ദ്വയഞ്ചതുർത്ഥഞ്ച അഷ്ടമം ഷോഡശം തഥാ
ക്രമം കൂട്ടിപ്പൊടിച്ചിട്ടു തേനിൽ സേവിച്ചുകൊള്ളുക 98
യോഗ്യായോഗ്യമറിഞ്ഞിട്ടു ചെയ്യേണമിതുമെങ്കിലോ
ആനാഹത്തെ ശമിപ്പിക്കും ഉടനേ നാത്ര സംശയം 99

(കായം കൊട്ടം വയമ്പ് വിഴാലരി തുവർച്ചിലക്കാരം ഇവ ക്രമേണ ഒന്നും രണ്ടും നാലും എട്ടും പതിനാറും ഭാഗം കൊണ്ടു പൊടിച്ചു തേനിൽ സേവിക്ക.)

**അഷ്ഠീലയ്ക്ക്**

സപ്തസാരകഷായം നന്നഷ്ഠീലയ്ക്കു വിശേഷതഃ
പീലിത്തണ്ടു പുലിത്തോല് കറുകാ കരിവേപ്പില 100
ഇവകൊണ്ടു പുകയ്ക്കേണം നല്ലെണ്ണയിൽ നനച്ചുടൻ
കുടരേറ്റം ശമിച്ചീടും മുലക്കീഴ്നോവുമഞ്ജസാ 101

**കുടരേറ്റത്തിന്ന്**

ഗുന്മത്തിനുള്ള വൈദ്യങ്ങൾ കുടരേറ്റത്തിനായത് 102

*ഇതി വൈദ്യരത്നമാലികായാം ഗുന്മചികിത്സാധികാരഃ*

## ശൂലലക്ഷണം

ശൂലനോവേഴു ചൊല്ലുന്നു ഭാഷയായിനിരന്തരം
വാതശൂലയതെന്നാകിൽ മേൽക്കടച്ചിലു പാരമാം 1
ചവർക്കും വാ വരണ്ടീടും മലം ബന്ധിക്കുമിങ്ങിനെ
പിത്തശൂലയ്ക്കു വാ കൈക്കും പുളിന്തേക്കലുമായ് വരും 2
ശ്ലേഷ്മാൽ തലകനത്തീടും വാ പാരം മധുരിക്കയും
ഇങ്ങനെ മൂന്നു വെവ്വേറെ മൂന്നുമീരണ്ടുകൂടിയും 3
മൂന്നുമൊത്തതുമൊന്നുണ്ട് ഇങ്ങനെയേഴു ജാതിയാം 4

*ഇതി വൈദ്യരത്നമാലികായാം ശൂലലക്ഷണാധികാരഃ*

## ശൂലചികിത്സ

ശൂലയ്ക്കങ്ങു ചികിത്സിപ്പാൻ ഗുന്മത്തിനുള്ളതൊക്കയാം
ആട്ടിന്റെ പാലു സേവിക്ക ശൂലനോവിനുമുത്തമം 1
കളളിക്കഴുത്തു കൊള്ളേണം പലം വിംശതിയങ്ങനെ
വ്യോഷമോരോപലം വേണം പത്തുകൊൾവിതു സൈന്ധവം 2
ഇവയൊക്കെയിടിച്ചിട്ടു മൺകലം തന്നിലാക്കുക
ആവിൽ തൻ വിറകും കൂട്ടീട്ടഗ്നി നന്നായെരിക്കണം 3
ചുട്ടഭസ്മമതാകുമ്പോൾ വച്ചുകൊണ്ടതിനെ പുനഃ
പണത്തൂക്കമതോരോന്നു കൊണ്ടു ശർക്കരതന്നില് 4
പൊതിഞ്ഞിട്ടതു സേവിച്ചാൽ ശൂലയെല്ലാം ശമിച്ചുപോം

**സപ്തസാരകഷായം**

കരിംകുറിഞ്ഞിതൻ വേരും വില്വവും തമിഴാമയും 5
മുത്തങ്ങയും മുതിരയും മുഞ്ഞയോടാവണക്കുമായ്
ഏഴുമൊപ്പമതാക്കീട്ടു കഷായം വെച്ചുകൊണ്ടതിൽ 6
ഇന്തുപ്പും കായവും കൂട്ടിക്കുടിച്ചാൽ ശൂലമാറിടും
ഗുന്മവും പ്ലീഹയും പിന്നെ ശ്രോണീദേശേഷു വേദന 7
ഇവയൊക്കെ ശമിച്ചീടും സപ്തസാരമിതെന്നു പേർ 8

**മുളയാലാദികഷായം**

മുളയില ചുക്കു കുലസൈ്ഥഃ
കൊട്ടത്തേങ്ങാജമോജവൃശ്ചീവൈഃ
കൊടിയൊരുശൂലവിനാശ-
നമിന്തുപ്പും കായമിട്ടു പാക്യമിദം 9
തമിഴാമയുടെവേരു നുറുക്കീട്ടൊരിടങ്ങഴി
ഇന്തുപ്പിരുപലംകൊണ്ട് കഷായം വെച്ച നീരതിൽ 10
പുഴുങ്ങീട്ടു പൊടിച്ചിട്ടു പിന്നെ മോരിൽ കുടിക്കിലോ
ശൂലയും ഗുന്മവും തീരും നോവിനൊക്കെയുമാമിത് 11

**ലവണാദിപൊടി**

ഇന്തുപ്പു മുളകു പിന്നെ ചുക്കും നല്ലയമോദകം
ഇവയൊപ്പം പൊടിച്ചിട്ടു സേവിപ്പൂ കാടിനീരതിൽ 12
ശൂലയും പിത്തവും തീരും ലവണാദിയിതിന്നു പേർ 13

**വിഴാൽവേരാദികഷായം**

വിഴാൽവേർ കടലാടി ഭൂസുരമരം ചുക്കുള്ളിയും കൂവളം
മുഞ്ഞാ മൂവിലയാവണക്കു പുടയാവെള്ളും തഥാ മോദകം
ഒക്കെക്കൂട്ടി നിറുത്തു വെന്തെതിരവേ കായം കണാ സൈന്ധവം
ക്ഷാരം മേൻപൊടിയിട്ടു പീതമുപദേശംപോലിദം ശൂലിനാം 14
ഇക്കഷായത്തിലൻപോടെ നെയ് ചമച്ചു കുടിക്കയും

**ഗുന്മശൂലയ്ക്ക്**

പഥ്യാലശുനനിർഗുണ്ഡീപഞ്ചകോലൈഃ ശൃതം പയഃ 15
സസൈന്ധവം പിബേൽ പ്രാതേ ഗുന്മശൂലനിബർഹണം

കടുക്കാ വെള്ളുള്ളി കരിനൊച്ചിവേരു പഞ്ചകോലങ്ങൾ ഇവ കഷായം. ഇന്തുപ്പു ചേർത്തു എതിരേ കുടിക്ക

സർവശൂലേഷു ശുദ്ധിഞ്ച നിര്യൂഹമനുവാസനം 16
യഥാദോഷം പ്രയുഞ്ജീത പിണ്ഡസ്വേദാവഗാഹനം
തുവർച്ചില ചവർക്കാരം വ്യോഷം ദീപ്യകഗന്ധകം 17
കുഞ്ഞിരിക്കിയുടെ വേരും പശുപാശിരസം തഥാ
ജീരകദ്വയസിന്ധൂത്ഥം ഉള്ളിയും കാട്ടുതിപ്പലി 18
കായം ചവ്യം ച തത്സർവം സമഭാഗേന കല്പിതം
പുടയാവുരസം വീഴ്ത്തി ത്രിദിനം സാധു പേഷയേൽ 19
കാട്ടുചേനയുടെ മദ്ധ്യേ തുരന്നതിൽ വിനിക്ഷിപേൽ
തൽ കൽക്കം പിന്നെ നന്നായി തൽഖണ്ഡേന പിധായ ച 20
മൃദാ സമന്താൽ സംലിപ്യ ബഹുവാരം പ്രശോഷയേൽ
ആവിലിന്ധനസംദീപ്തേ ദഹനേ തദ്വിപാചയേൽ 21
തൊണ്ണൂറുനാഴിക പിന്നെ തത്സമാദായ ബുദ്ധിമാൻ
പിന്നെ മണ്ണു കളഞ്ഞിട്ടു സാധു സഞ്ചൂർണ്യ തൽ പുനഃ 22
ഗുളോ(തുഷോ)ദകേന ശൂലാർത്തം പായയെന്മാത്രയാ സഹ
ഘൃതാന്നം ഭോജയേച്ചാനു സർവശൂലവിനാശനം 23

**ത്ര്യൂഷണജീരകാദിചൂർണ്ണം**

ത്ര്യൂഷണം ജീരകം രണ്ടും വിളംഗം ചതകുപ്പയും
അജമോജമയസ്കാന്തം ഏലവും ഗന്ധകം തഥാ 24
തുവർച്ചില ചവർക്കാരം മാക്കീരക്കല്ലുമെന്നിവ
മുക്കഴഞ്ചെ(ഞ്ചീ)തു ജാതിക്കാ അഞ്ചുസൈന്ധവമാറുപോൽ 25
അഭ്രകം രണ്ടുമാറാറും ആഴക്കാം കൊടുവേലിയും
കാട്ടുതിപ്പലിയാഴക്കാം പൊടിചെയ്തിവകൊള്ളുക 26
ത്രിഫലപ്പൊടി മൂഴക്കാം തഥാ ഭല്ലാതഭസ്മവും
പുളിന്തൊലിയുടെ ഭസ്മം മൂഴക്കാമിവയൊക്കവേ 27
പാരതത്തിൻ പണത്തൂക്കം ശോധിച്ചുള്ളതു വിംശതി
മുരിക്കിന്നില കയ്യന്യം കള്ളിതന്നില വാട്ടിയും 28
പിഴിഞ്ഞ നീരിൽ മർദ്ദിപ്പൂ ചൂർണ്ണമതദ്ദിനാഷ്ടകം

കാരയേൽ ഗുളികാ കാച്ച മോരിൽ ദിനമുഖേ പിബേൽ 29
ശൂലനോവിന്നിതേറ്റം നന്നാന്ത്രഗുന്മാദികൾക്കുമെ

**കുക്കുടഭസ്മം**

മാക്കീരക്കല്ലയസ്കാന്തം ജാതിക്കാ കടുകത്രയം 30
ജീരകദ്വയകഞ്ചാവും കായമിന്തുപ്പു തിപ്പലി
ത്രികോല്പക്കൊന്നരിയാറും തകരം കൃമിശത്രുവും 31
തുത്ഥമഭ്രകപ്പൊൻകാരം ദീപ്യകം മനയോലയും
ഇവയൊപ്പം വരുത്തീട്ടു ഷൾക്കഴഞ്ചായ് പൊടിക്കണം 32
പ്ലാശുഴിഞ്ഞ കഴഞ്ചിത്തോൽ മൂഷികത്തടിയും മുള
ഉപ്പു തുമ്പക്കുടം കള്ളി ചാരണാ വിരകും തഥാ 33
ഇവയൊപ്പമിടിച്ചിട്ടു പിഴിഞ്ഞുള്ള രസത്തില്
ചൂർണ്ണം നന്നായരച്ചിട്ടു കൃഷ്ണകുക്കുടകേ പചേൽ 34
കുക്കുടം കുടർ മാന്തീട്ട് തിക്കിയങ്ങതിലിട്ടുടൻ
കെട്ടുക വിരകിൻ തോലാൽ പുറ്റുമണ്ണു പൊതിഞ്ഞുടൻ 35
ചുട്ടു മണ്ണു ചുവക്കുമ്പോൾ മൺകളഞ്ഞു പൊടിച്ചത്
ചുക്കു തക്രത്തിൽ വെന്തിട്ടു ഇളക്കീട്ടു കുടിപ്പത് 36
ഗുന്മശൂല ഭ്രമിച്ചോടും ഭോജനം ചൊൽക മേ പൊടി
പരുത്തിപ്പത്രവെള്ളത്തിൽ എണ്ണയും കൂട്ടി രാവിലെ 37
സേവിച്ചീടിലൊഴിഞ്ഞീടും ശൂലനോവിന്നു നിർണ്ണയം
വെളുത്തൊരു മുരുക്കിന്റെ തൊലി കുത്തിപ്പിഴിഞ്ഞ നീർ 38
എണ്ണകൂട്ടിക്കുടിച്ചീടിൽ ശൂലനോവൊഴിയും നൃണാം
ചവർക്കാരവുമിന്തുപ്പും ചതുരസ്നുഹികാണ്ഡവും 39
ഇവ മർദ്ദിച്ചു നെയ്തന്നിൽ സേവിപ്പൂ ശൂലശാന്തയേ

**വിരക്കുത്തിന്ന്**

എണ്ണയിഞ്ചപതച്ചുണ്ടാം പാലിൽകൂട്ടിക്കുടിക്കുക
വയറ്റിൽ കൊടുതായുള്ള പാമ്പുനോവൊഴിയും ക്ഷണാൽ 40
തേങ്ങാപ്പാൽ പശുവിൻ പാലും കുറുക്കി തുല്യമായ് പിബേൽ
മണ്ടിപ്പോം മുന്നമേ ശൂല തങ്ങിക്കൊള്ളാതെ പിത്തവും 41
നിദിഗ്ദ്ധകാ ചുക്കമൃതാവണക്കും
കുലസ്ഥമെന്നഞ്ചുമരച്ചു കൂട്ടി
പചിച്ചു പാലിൽ പരുകുംനരാണാം
ഇളച്ചു പോം ശൂല കെടുത്തവണ്ണം 42
താർതാവലരച്ചിട്ടു പിബതാം തരുണോദകേ
ശൂലനോവൊഴിയും സദ്യോ ദാഹവും മൂത്രകൃച്ശ്രവും 43
വട്ടംകൊണ്ടു വളർന്നെഴുന്ന വിരകിൻ പത്രം തഥാ പർപ്പണ-
പ്പത്രം നൊച്ചിയുടേ കുരുന്നു ലവണം കൂട്ടിക്കലർന്നാദരാൽ
ഒപ്പം കൊണ്ടു പൊടിച്ചുടൻ ചരതമായാമേതരേ തക്രകേ
വെച്ചന്നം പരുകീടിൽ നൊന്തുടനുരുണ്ടുന്തുന്ന ശൂലാപഹം 44

**ആന്ത്രശൂലയ്ക്ക്**

കടുക്കാകായമിന്തുപ്പുകണയെന്നിവ തുല്യമായ്
അരച്ചുഷ്ണോദകേ പീതം നിഹന്യാൽ ശൂലമാന്ത്രജം 45
ചിത്രകം തുടിയും ചുക്കും എള്ളുമെന്നിവ പിച്ചയായ്
പൊടിച്ചു സർപ്പിഷാ നക്കിൽ ശൂലനോവൊഴിയും പ്രഗേ 46
തുമ്പപ്പത്രരസം പാതിപ്പാതിയെണ്ണയുമായ് പിബേൽ
ഇന്തുപ്പുപൊടിയും കൂട്ടി മണ്ടിപ്പോം ശൂലയന്നുടൻ 47
മൂന്നാഴി നീരൊരുപലം പ്ലാശിൻതൊലിയുമിട്ടുടൻ
പചിച്ചു മൂഴക്കാക്കീട്ട് നാളികേരപയോയുതം 48
ഉഴക്കാഴക്കോരോ നാളിൽ അതിലേരണ്ഡതൈലവും
തുളിച്ചു മൂന്നു ദിവസം പിബേൽ ശൂലാപഹം പരം 49

**ആമശൂലയ്ക്ക്**

കുറേ ദീപ്യകചൂർണ്ണത്തോടൊപ്പമായ് പടുചൂർണ്ണവും
ഏരണ്ഡാതൈലേ നക്കീടിൽ ആമശൂലയൊഴിഞ്ഞു പോം 50

**മാറാത്ത ശൂലയ്ക്ക്**

ഒഴിപ്പാനെളുതല്ലാത്ത ശൂലയന്നന്നടക്കുവാൻ
ചവർക്കാരം പൊടിച്ചിട്ടാൽ ചുട്ടനീരമൃതോപമം 51
ആടലോടകപത്രസ്യ രസം തൈലസമന്വിതം
വയറ്റിൽ നോവൊഴിപ്പാനായ് പായയേദമൃതോപമം 52
മുരിക്കുന്തോലുടെ നീരും ഉപ്പുമായ് പരുകീടുക
വയറ്റിൽ കൊടുതായുള്ള ശൂലനോവൊഴിയും ക്ഷണാൽ 53
മഹതപ്പഞ്ചമൂലസ്യ കഷായേ പനതന്നിലാ
പലാശം കള്ളിയും പിന്നെ കടലാടി പുളിന്തൊലി 54
ഇവയൊക്കെ ദഹിച്ചുള്ള തിരുനീറുദകം പിബേൽ
ഒഴിയും ശൂലനോവന്നെ ഒഴിയാത്തതുമക്ഷണം 55
വട്ടപ്പത്രം വിരകു സകലം കുത്തിയിന്തുപ്പുകൂട്ടി
പ്പച്ചത്തക്രം പഴകിന ഘടേ വീഴ്ത്തി യുക്ത്യാ ക്രമേണ
നിക്ഷിപ്യാസ്മിന്നൊരുദിനമിരുന്നഞ്ചുനാളായ്ക്കുടിക്കിൽ
കേളപ്പുംസാമരികിലണയാ ശൂലയെന്നുള്ളതൊന്നും 56
(കേൾ അ പുംസാം അരികിൽ അണയാ...)
പാറകത്തരി വറുത്തുകൊപ്പമേൽ
നേരരച്ചു തിലജേന പൂശുകിൽ
നോവിളയ്ക്കുമചിരേണ ഗുന്മവും
മേലുരുണ്ടുകരയേറ്റവും ക്രമാൽ 57
മൂക്കിൽ ചുണങ്ങിനെ വറുത്തു പൊടിച്ചു തൈലം
കൂട്ടീട്ടുരുട്ടിയുളവാം ഗുളികാം ദിനാദൌ
മൂന്നായ് വിഴുങ്ങിലതൊരോന്നിവ പത്തുകാണം
മാഞ്ഞറ്റുപോം ഝടിതി ശൂലയടുത്തവണ്ണം 58

**മുലക്കീഴ്നോവിന്ന്**

ആവണക്കിനുടെ തണ്ടിൻ രസം തൈലേന സംയുതം
പിബേൽ മുലക്കീഴേ നോവങ്ങയത്നേന നശിച്ചു പോം 59
ആവണക്കിനുടെ പത്രരസം തൈലേന പായയേൽ
ശൂലനോവൊഴിയും സദ്യഃ പ്രാതരേവ ദിനത്രയാൽ 60
പാവട്ടതന്നുടെ പത്രരസം തൈലേന സംയുതം
പിബേൽ മുലക്കീഴേ നോവങ്ങയത്നേന ശമിച്ചുപോം 61
ക്വാഥം മുളയിലേത്യാദി വിഴാൽവേരാദിയും പുനഃ
നിർഗുണ്ഡ്യേരണ്ഡമാദിശ്ച ദ്രോണപുഷ്പാദിയും തഥാ 62
അപാമാർഗഖളഞ്ചൈവ ഇന്ദുകാന്തഘൃതം തഥാ
ദശാംഗലശൂനാദിശ്ച പുനർനവാദിനെയ്യുമാം 63
അപാമാർഗ്ഗാദിയും കൊള്ളാം കൊള്ളാം ശൂലാദികം തഥാ
ശൂലരാജം വഹ്നിവജ്രം ഹിംഗ്വാദി ത്രിലവണാദിയും 64
കുമാരീഭസ്മവും നന്നു നാളികേരരസായനം
മഹാവൃക്ഷാദിചൂർണ്ണം ച പിന്നെക്കിട്ടാദിരണ്ടുമാം 65
ഇവയൊക്കെ പ്രയോഗിക്ക ശൂലയ്ക്കഖിലദേഹിനാം 66

*ഇതി വൈദ്യരത്നമാലികായാം ശൂലചികിത്സാധികാരഃ*

## മഹോദരചികിത്സ

ത്രികോല്പക്കൊന്ന കൊന്നത്തോൽ തമിഴാമ കടുക്കയും
ആവിൽക്കുരുന്നു ചുണ്ടേട വേരുമെന്നിവയൊപ്പമായ് 1
കഷായം വച്ചു സേവിച്ചാൽ ഉദരം ശാന്തമായ്വരും

**വിരേചനത്തിന്ന്**

ക്ഷാരക്കഞ്ഞി കുടിപ്പിച്ചു നീരുനന്നായൊഴിക്കണം 2
മോരിൽ സേവിക്ക ഗോമൂത്രഹരീതകിയെ നിത്യമായ്
ദശമൂലം പഞ്ചകോലമാദിയായ കഷായമാം 3
ബ്രഹ്മീസ്വരസവും തേങ്ങാപ്പാലും രണ്ടും സമങ്ങളായ്
കുറേക്കള്ളിയുടെ പാലും കൂട്ടീസിദ്ധം ഘൃതം പിബേൽ 4
എന്നാൽ വയറു നന്നായിട്ടിളകീട്ടതൊഴിഞ്ഞുപോം
നന്നു വിന്ദുഘൃതം പാരം നന്നു നാരാചചൂർണ്ണവും 5
അയോരജാദിയും നന്ന് മഹോദരവിനാശനെ

**പ്ലീഹോദരത്തിന്ന്**

പിന്നെ പ്ലീഹോദരത്തിന്ന് പുളികുത്തിപ്പിഴിഞ്ഞനീർ 6
മോരിൽ സേവിക്കയും നന്നു വിരേചിപ്പിക്കയും ഗുണം
പിന്നെ ബലത്തിന്നൊത്തോണം അന്നന്നു പലവട്ടമായ് 7
വിരേചിപ്പിക്ക നന്നു പാൽ ഇതിന്നു ഗുണമായത്
നല്ല തിപ്പലി കള്ളിപ്പാലിലിട്ടേക്കണമാറുനാൾ 8
ഏഴാംദിനമടുപ്പത്തു വച്ചു വറ്റിച്ചെടുത്തുടൻ
ഉണക്കിവച്ചുകൊണ്ടിട്ടത്തിപ്പലി മൂന്നുനാലുതാൻ 9
ഇളന്നീരിലരച്ചിട്ടു സേവിക്കാമുദരത്തിന്
മെന്തോന്നിക്കുള്ള മൂലത്തെ വളരെക്കൊണ്ടുവന്നത് 10
കൂവപോലെയരച്ചൂറ്റു പലവട്ടം പുനഃ പുനഃ
കലക്കിവച്ചാൽ വെള്ളത്തിൽ മേലേ മഞ്ഞൾനിറം കുറേ 11
തോന്നുന്നതു ശമിപ്പോളം ഊറ്റിക്കൊണ്ടതുണക്കിയാൽ
ഒന്നൊന്നരപ്പണത്തൂക്കം സേവിക്ക പഞ്ചസാരയിൽ 12
കാച്ചിയാറിയ വെള്ളത്തെ ഉടനേ പായയേൽ പുനഃ
നികുംഭാദി കഷായത്തിൽ കള്ളിപ്പാലുമൊരിത്തി 13
കൂട്ടിച്ചമച്ച നെയ്യും നന്നാവണക്കെണ്ണയും ഗുണം
നികുംഭാദികഷായത്തെ ചൊല്ലും പിത്തചികിത്സയിൽ 14
ഉദരത്തെശ്ശമിപ്പിപ്പാൻ ഇന്ദുകാന്തവുമുത്തമം
നികുംഭകം ച നെയ്യ്കൊള്ളാം ഇഞ്ചിമഞ്ഞൾഘൃതം തഥാ 15
കൊന്നവേരാവണക്കിൻ വേർ തുലാം വച്ച കഷായകെ
ഗോമൂത്രം ചേർത്തു നെയ്വെന്തു സേവിക്കാം കൂട്ടുവാനുമാം 16
സുകുമാരഘൃതം നന്നു കെരിസ്നുക്പയസാദിയും
പുനർനവാദിയും നന്നു ധാന്വന്തരഘൃതം തഥാ 17
പിപ്പല്യാദ്യപിചൂർണ്ണം ച സ്നുഹിക്ഷീരാദിയെന്നവ
ഒക്കെ നന്നായ്ക്കൊടുക്കേണം ഉദരം ശാന്തമായ്വരും 18

*ഇതി വൈദ്യരത്നമാലികായാം മഹോദരചികിത്സാധികാരഃ*

## അജീർണ്ണചികിത്സ

പാവട്ടതന്നുടെ പത്രരസം തൈലേന സംയുതം
പിബേൽ മുലക്കീഴ്നോവുന്നതയത്നേന ശമിച്ചുപോം 1

**അജീർണ്ണത്തിന്ന്**

അയമോദകമിന്തുപ്പും ഇവ കോഷ്ണേന വാരിണാ

പിബേദജീർണ്ണനാശായ നരാണാമേതദുത്തമം 2

**കൊതിക്കു**

ആറാമയുള്ളനേരത്ത് ഞഴുകിൻ വേരുമുപ്പുമായ്
ചവച്ചു നീരിറക്കീടിൽ പോം വിരേചനവും വരും 3
കൊടിത്തൂവയുടെ വേരും ഉപ്പും മുളകുമെന്നിവ
ചവച്ചുനീരിറക്കീടിൽ ശമിക്കും കൊതിയെന്നത് 4
ഞഴുകിന്നുള്ളവേരിഞ്ചി ഉപ്പുംമുളകുമെന്നിവ
ചവച്ചു നീരിറക്കീടിൽ ശമിക്കും കൊതിയെന്നത് 5
ചുക്കു ചുണ്ട കടലാടി പാണൽ
വേരിട്ടനർത്തിന ജലംപിബേൽ പ്രഗേ 6
കാഞ്ഞിരത്തിനുടെ തോലെ ചവച്ചന്നീരു പായയേൽ
മാഞ്ഞുപോം കൊതിയപ്പോഴെ മാരുതാൽ തൂലവവൽ ക്ഷണാൽ 7

*ഇതി വൈദ്യമാലികായാം അജീർണ്ണ ചികിത്സാധികാരഃ*

## പാണ്ഡുകാമിലാലക്ഷണം

പാണ്ഡുവിന്നു പറഞ്ഞീടാം ദേഹമേറ്റം വെളുത്തിടും
ഓജസ്സങ്ങു കുറഞ്ഞീടും സന്ധുക്കൾ ശിഥിലങ്ങളാം 1
രക്തം വറ്റുകയും പിന്നെ മേദസ്സും കുറയും തുലോം
ശക്തികേടേറ്റമുണ്ടാകും ഇന്ദ്രിയങ്ങൾക്കുടംപിനും 2

*(ഇന്ദ്രിയങ്ങൾക്കും ഉടമ്പിനും)*

നിസ്സാരനായിവന്നീടും കോപമേറും വിശേഷതഃ
നുറുങ്ങിത്തോന്നുമംഗങ്ങൾ കണ്ണിന്റെ പോളവീങ്ങിടും 3
മുഖവുംവീങ്ങിവന്നീടും അന്നദ്വേഷിയതായ് വരും
രോമമൊട്ടു കൊഴിഞ്ഞീടും തളരും പനിയേങ്ങലും 4
ചെവി മൂളീടും ഇങ്ങനെയുള്ള പാണ്ഡുതാൻ
അഞ്ചു ജാതിയതുണ്ടല്ലോ വാതപിത്തകഫങ്ങളാൽ 5
വെവ്വേറെ മൂന്നുമൊത്തീടും മണ്ണുതിന്നിട്ടുമിങ്ങിനെ
ഇവറ്റിൻ പൂർവരൂപങ്ങൾ നിടിലക്കുഴി തള്ളുക 6
ത്വക്കുലർന്നീടുമരുചി അഗ്നികേടുകളും വരും
മഞ്ഞളിച്ചിട്ടു മൂത്രിക്കും പൂർവരൂപങ്ങളിങ്ങനെ 7
വാതത്താൽ പാണ്ഡു വന്നീടിൽ വിറയ്ക്കും മേനി നൊന്തിടും
മുഖവും നഖവും പിന്നെ നേത്രം വിൺമൂത്രമെന്നിവ 8
ചുവന്നിട്ടാകിലാം പിന്നെ കറുത്തിട്ടുമതാകിലാം
മലം വരണ്ടുപോയീടും ശോഫവും വയർവീർക്കയും 9
വായിലന്നരസം തോന്നാ ശിരശൂലയതും വരും
പിത്തത്താൽ പാണ്ഡുവെന്നാകിൽ കണ്ണിരിട്ടിക്കയും പനി 10
മഞ്ഞളിൻ നിറമായീടും ശ്യാമമായിട്ടുമാകിലാം
തൃഷ്ണയും മോഹവും സ്വേദം പുളിന്തേക്കലുമേങ്ങലും 11
കുളുർത്തുള്ളതുപാസിക്കും ദുർഗ്ഗന്ധം പാരമായ്വരും
ദേഹമൊക്കെയഴന്നീടും ലക്ഷണങ്ങളീവണ്ണമാം 12
മൂന്നാം ദോഷത്തിനാലാകിൽ നഖാദികൾ വെളുത്തീടും
മടിയും പാരമായ് തോന്നാ വായിലന്നരസം തഥാ 13
മയിർക്കാലൊട്ടു പറിയും ഒച്ചയും പകരും പുനഃ
ഛർദ്ദിയും ചുമയുമുണ്ടാകും ഇങ്ങനെ ലക്ഷണങ്ങളാം 14
മൂന്നും കൂടിയതെന്നാകിൽ ലക്ഷണം മൂന്നുമൊത്തിടും
ഈവണ്ണംതന്നെ വന്നീടും മണ്ണുതിന്നുളവായതും 15
നാഭിയും മുഖവും ലിംഗം വീങ്ങീടുമിവലക്ഷണം

*(അഴല്=വ്യസനം, തീ, ചൂട്. മയിർക്കാലൊട്ടു പറിയും=രോമം കൊഴിയും)*

**കാമിലാലക്ഷണം**

പാണ്ഡുരോഗി ഭുജിക്കൊല്ല പിത്തവർദ്ധനമായവ 16
എന്നാൽ കാമിലയായീടും തവളേപ്പോലെയാകൃതി
ചമഞ്ഞീടും ചികിത്സിച്ചീലുടനെന്നങ്ങിരിക്കിലോ 17
കുംഭകാമിലയായീടും അന്ത്യവും വരുവോന്നിത് 18

*ഇതി വൈദ്യരത്നമാലികായാം പാണ്ഡുകാമിലലക്ഷണാധികാരഃ*

## പാണ്ഡുകാമിലാചികിത്സ

**പാണ്ഡുരോഗകുലാന്തകം മുക്കുടി**

ഓരില മൂവിലാ വ്യാഘ്രി ചെറുപൂള ഞെരിഞ്ഞിലും
ഏരണ്ഡം കണവേരഗ്നി യവാഷം തമിഴാമയും 1
ബലാ നായ്ക്കുരണം പിന്നെ പുളിന്തോൽ കടലാടിയും
ഇക്ഷു ത്രിവാദിയും ലോഹം ചങ്ങലാഖ്യപരണ്ടയും 2
ചുക്കും കടുക്കായിന്തുപ്പും കൊത്തമ്പാലരി ജീരകം
അയമോദകമിച്ചൊന്നതൊക്കെയൊപ്പമെടുത്തുടൻ 3
പലമോരോന്നു കൂട്ടീട്ടു ഇടിച്ചീടുക വേരുകൾ
മുറുകക്കിഴികെട്ടീട്ടു മൺപാത്രത്തിലതാക്കുക 4
ആറിടങ്ങഴി മോർവീഴ്ത്തിട്ടടുപ്പത്തങ്ങു വെച്ചിടു
ഉഴക്കാഴക്കെടുത്തിട്ടങ്ങരിച്ചതു കൂടിച്ചിടു 5
പതിന്നാലു ദിനം പിന്നെ ശേഷമങ്ങു കളഞ്ഞിടാം
പിത്തപാണ്ഡു ശമിച്ചീടാൻ എത്രയുംനല്ലതാമിത് 6
നാമധേയം വിധിക്കേണ്ടു പാണ്ഡുരോഗകുലാന്തകം

**പഥ്യാദിഗുളിക**

പഥ്യാദിഗുളിക പിന്നെ നാളികേരരസായനം 7
മണ്ഡൂരവടകം കൊള്ളാം ഇവയൊക്കെ പറഞ്ഞിടാം 8
പഥ്യാപുനർന്നവമഹൌഷധഭൃംഗരാജ-
കർക്കന്ധുപത്രതിലദീപ്യബലാനലൈശ്ച
ഏതൽ സമം സകലഭാവിതകിട്ടചൂർണ്ണം
തക്രേ പിബേദഖിലപാണ്ഡുഗദെ രഹസ്യം (ദാപഹം സ്യാൽ) 9

കടുക്കാ തമിഴാമവേര് ചുക്ക് കയ്യന്ന്യം പെരുന്തുടരിയില എളള് അയമോദകം കുറുന്തോട്ടിയില കൊടുവേലി കൂട്ടുവാറില്ല കുടങ്ങൽ കരന്തകാളി കൂട്ടണം. കിട്ടപ്പൊടി കയ്യന്ന്യനീരിലരച്ചു താന്നിക്കാ പ്രമാണം ഉരുട്ടിയുണങ്ങി മോരിൽ സേവിക്ക.

(ഇങ്ങിനേയും കാണുന്നു-കടുക്കാ തമിഴാമവേര് ചുക്കു കയ്യന്ന്യം പെരുന്തുടരിയില എളള് അയമോദകം കുറുന്തോട്ടിയില കൊടുവേലി പുളിയാരില കുടങ്ങൽ കറുന്തകാളി കൂട്ടണം കിട്ടം പൊടിച്ചു കയ്യന്ന്യനീരിലരച്ച് താന്നിക്കാപ്രമാണമുരുട്ടിയുണങ്ങി മോരിൽ സേവിക്ക.)

**നാളികേരരസായനം**

പുരാണകിട്ടം ശോധിച്ചു പൊടിനാഴി തദർദ്ധകം
ഉരുക്കുപൊടി നന്നായ് പൊടിച്ചിട്ടവ പിന്നെയും 10
ഇരുമ്പുപാത്രത്തിലിട്ടിട്ടു ഗോമൂത്രത്തിൽ പുനഃ പുനഃ
ഇരുപത്തൊന്നു വട്ടം താൻ വറ്റിച്ചിട്ടതു പിന്നെയും 11
കഞ്ഞുണ്ണി പച്ചനെല്ലിക്ക ചങ്ങലാഖ്യപരണ്ടയും
ബ്രഹ്മിയെന്നിവറ്റിന്റെ നീരിൽ മുമ്മൂന്നു വട്ടവും 12
വെവ്വേറെയങ്ങു വറ്റിച്ചു പൊടിപ്പൂ പിന്നെയും തഥാ
ത്രികടു ത്രിഫലാ പിന്നെ തമിഴാമേടെ മൂലവും 13
മാക്കീരക്കൽ ദേവതാരം മഞ്ഞളും മരമഞ്ഞളും
ജീരകദ്വയവും പിന്നെ കൊടുവേലിക്കിഴങ്ങപി 14

അയമോദകവും മുത്തിൾ ഇലവർങ്ങവുമേലവും
അത്തിത്തിപ്പലിയും പിന്നെ തിപ്പലീമൂലവും തഥാ 15
അടയ്ക്കാമണിയൻ വേരും ഈഴച്ചേമ്പിൻ കിഴങ്ങപി
കൊടിത്തൂവയുടെ വേരും ഞഴുകിൻ വേരതിൻ തൊലി 16
കൊത്തമ്പാലരിയും പിന്നെ ചങ്ങലാഖ്യപരണ്ടയും
വിഴാലരിയിവയോരോന്നാറുചീതു കഴഞ്ചതായ് 17
പൊടിച്ചു ചെറുനാരങ്ങാനീരിൽ  മാതളനീരിലും
അരച്ചുരുട്ടി നന്നായ് ലോഹപാത്രത്തിലിട്ടുടൻ 18
കാച്ചിക്കാച്ചിയതിൽ തേച്ചു കരിയാതെയെടുത്തുടൻ
കഞ്ഞുണ്ണി ബ്രഹ്മി നെല്ലിക്കാ പരണ്ടയുമതിഞ്ചിയും 19
പിഴിഞ്ഞനീരിലോരോരോ ദിനം നന്നായരച്ചുടൻ
പുതുക്കുടത്തിൽ പൂശീട്ടു ഉലർത്തിട്ടതിനേപ്പുനഃ 20
ഇളന്നീരിനുടെ വെള്ളം നിറേ വീഴ്ത്തിട്ടു സാദരം
വാകെട്ടി മണ്ണുതേച്ചിട്ടു നെല്ലിൽ മൂടീട്ടു വെക്കണം 21
മാസമൊന്നു കഴിഞ്ഞെന്നാൽ എടുത്തിട്ടു പൊടിച്ചതു
ഗുളകീകൃത്യ സൂക്ഷിച്ചു പൊടിച്ചിട്ടതിനെപ്പുനഃ 22
കാച്യമോരിൽ കൂടിച്ചീടു നിത്യം ദിനമുഖേ തദാ
പാണ്ഡു ഭഗന്ദരം മേഹം ഗുന്മപ്ലീഹമഹോദരം 23
അശ്മരീ വാതവും ശോഫം അർശസ്സും ഗ്രഹണി ക്ഷയം
കാസശ്വാസം രക്തപിത്തം കാമിലായിവയൊക്കെയും 24
ശമിച്ചീടുമിതിൻ പേരും നാളികേരരസായനം

**മണ്ഡൂരവടകം**

മണ്ഡൂരവടകത്തിന്റെ യോഗമിന്നിപ്പറഞ്ഞിടാം 25
കഞ്ഞുണ്ണി പഥ്യയും ചുക്കും പച്ചിലാ അയമോദകം
ഏലത്തിന്നരിയും പിന്നെ തിപ്പലീ ജീരകം തഥാ 26
ലവങ്കം തിപ്പലീമൂലം കൊടുവേലിക്കിഴങ്ങപി
കുറുന്തോട്ടിയുടെ വേരും ഇവയെല്ലാം സമം സമം 27
ഒക്കെക്കൂട്ടിയിടത്തോളം കിട്ടപ്പൊടിയുമഭ്രകം
കൂട്ടിനന്നായ്പ്പൊടിച്ചിട്ടു കഞ്ഞുണ്ണിനീരിലാദരാൽ 28
അരച്ചുണക്കിയേഴൂഴം ഇങ്ങനെ പിന്നുരുട്ടുക
താന്നിക്കായിനൊടൊപ്പിച്ചു കാച്ചമോരിൽ കുടിക്കണം 29
പാണ്ഡുവും കാമിലാ പിത്തപാണ്ഡുദുർന്നാമമെന്നിവ
ശമിക്കുമിതിനാലെന്നു നിർണ്ണയം ഗുരുഭാഷിതം 30

**മുക്കുടിയ്ക്ക്**

എള്ളും കയ്യുന്നിയും പാരം പഴതാം ലോഹകിട്ടവും
കൂട്ടി മുക്കുടിസേവിച്ചാൽ പിത്തപാണ്ഡു ശമിച്ചുപോം 31
അയസ്കാന്തമുരുക്കിന്റെ പൊടിയും ലോഹകിട്ടവും
പൊടിച്ചു സിതയാ സേവ്യം പാണ്ഡുരോഗവിനാശനം 32
കരിമ്പു നല്ലിരിമ്പാണി  തമിഴാമ കടുത്രയം
ത്രിവൃതാ കൂവളത്തിൻവേർ പുളിക്കുള്ള ഞരമ്പുമായ് 33
മോരിലിട്ടുപഴക്കീട്ടങ്ങതീന്നുരിയുരീശ്ശമോർ
എടുത്തു സേവിച്ചാൽ പിന്നെ അതിൽ വീഴ്ത്തുക മോരുരി 34
ഇത്ഥം പന്ത്രണ്ടു നാളത് സേവിച്ചാൽ പാണ്ഡുനാശനം

*(നെല്ലിരിമ്പാണി=നെല്ലും ഇരുമ്പാണിയും ?നല്ലിരുമ്പാണി=നല്ല തുരുമ്പുപിടിക്കാത്ത ഇരുമ്പാണി)*

*(പഴക്കീട്ട്=പഴയതാക്കിയിട്ട.ഒന്നോ രണ്ടോ ദിവസം ഇട്ടുവെച്ചിട്ട്)*

പുതുക്കലത്തിൽ നാഴിയൂരി മോരു വീഴ്ത്തീട്ടു മുപ്പതു 35
കടുക്കായും ചതച്ചിട്ടിട്ടുരുക്കുപൊടിയാലുരി-
അത്രയും കിട്ടചൂർണ്ണഞ്ച കൂടയിട്ടേച്ചു പിറ്റനാൾ 36
ഉരുക്കുമാത്രമതിൽനിന്നെടുത്തു ഗുളമിശ്രിതം

സേവിച്ചീടുകെടുത്തോളം മോരുമങ്ങോട്ടുവീഴ്ത്തുക 37
ഇത്ഥം പന്ത്രണ്ടുനാളോളം സേവിച്ചാൽ പാണ്ഡുനാശനം
ഞാറമൂലമരച്ചിട്ട് നാരങ്ങാനീരിലഞ്ജസാ 38
ഇരിമ്പിൻമേൽ തേച്ചുണക്കൂ യാവൽ കൃഷ്ണത്വമാവ്രജേൽ
പിന്നെ മോരിൽ ഗുളേ വാപി സേവിച്ചാൽ പാണ്ഡുനാശനം 39
അരിയാറുമയസ്കാന്തം അഭ്രകം താർക്ഷ്യശൈലവും
തുവർച്ചില ചവർക്കാരം ഇന്തുപ്പും ഞാറമൂലവും 40
കൊടുവേലി സമംകൊണ്ടിട്ടത്രയും കിട്ടചൂർണ്ണവും
ഒക്കെക്കൊണ്ടു പൊടിച്ചിട്ടു ദശപുഷ്പരസേ തഥാ 41
നാരങ്ങാനീരു ഗോമൂത്രം വീഴ്ത്തി വേയിച്ചു വറ്റിയാൽ
പിന്നെ വാങ്ങിപ്പലകമേൽ തേച്ചുണക്കീട്ടുരുട്ടിയാൽ 42
പ്രാതർമ്മോരിൽ കുടിച്ചീടിൽ അർശസ്സും പിത്തപാണ്ഡുവും
നന്നായ് ശമിച്ചഗ്നിദിപ്തി വരുമങ്ങൊരുമണ്ഡലാൽ 43
ഇടിച്ചുവഴിയേ ചങ്ങലംപരണ്ട പിഴിഞ്ഞതിൽ
പാലും ചേർത്തു കടുക്കായും അയമോദകമെന്നിവ 44
കൽക്കം കൊണ്ടു പചിക്കും നൈ പാണ്ഡുരോഗവിനാശനം
ഞാറവേർ ഞെഴുകിൻ വേരും കൂടെയൊപ്പം കഷായമായ് 45
കയ്യന്ന്യസ്വരസം ചേർത്തു കടുക്കാ കല്ക്കമായ് പുനഃ
പാലും വീഴ്ത്തിച്ചമയ്ക്കും നൈ പാണ്ഡുരോഗവിനാശനം 46
നന്നേറ്റം തിക്തകം നെയ്യും ദശസ്വരസവും ഗുണം
പുനർന്നവാദികാഥഞ്ച ഘൃതം സ്വാദുചതുഷ്കവും 47
ഇവയൊക്കെ പ്രയോഗിച്ചാൽ പിത്തപാണ്ഡു ശമിച്ചുപോം

**കാമിലയ്ക്ക്**

കാമിലയ്ക്കു പ്രയോഗിക്കാം പിത്തത്തിന്നുള്ളതൊക്കെയും 48
പിത്തപാണ്ഡുവിനാകാത്തതല്ലാതെകണ്ടിരിക്കണം
വഴിപോലെ വിരേചിപ്പിച്ചൌഷധങ്ങൾ കൊടുക്കണം 49
മാവിൻ തളിരരച്ചിട്ട് ഇളന്നീരിൽ കുടിക്കയും
കാട്ടുകോവലുടെ വേരു പച്ചമോരിൽ കുടിയ്ക്കയും 50
പഞ്ചസാരയുമിട്ടിട്ട് നാരങ്ങനീർ കുടിക്കയും
വെളുത്ത ചെ(മ്പര)ത്തിവേർ മോരിൽ വെൺകുന്നിയില പാലിലും 51
ഉരുക്കുപൊടി നാലൊന്നായ് സിതചേർത്തിഞ്ചിനീരിലും
ഇവയിങ്ങനെയോരോന്നു സേവിച്ചാൽ കാമിലാഹരം 52
വെൺകുറിഞ്ഞിയുടെ പത്രം അരച്ചിട്ടതു പാലിലായ്
സേവിച്ചീടിലൊഴിഞ്ഞിടും കാമിലായെന്നു നിർണ്ണയം 53
കരിമ്പും ചിറ്റമൃതുമായ് കഷായം കാമിലാഹരം

**വിരേചനത്തിന്ന്**

കറന്തകാളി വെള്ളത്തുമ്പയുമായ് ഖളം പിബേൽ 54
മുന്തിരിങ്ങക്കഷായത്തിൽ ത്രികോല്പക്കൊന്ന മേൻപൊടി
ചേർത്തുകൊണ്ടതു സേവിക്കാം വിരേചനകരം പരം 55
വാരാഹിതുടിയെന്നുള്ള ചൂർണ്ണവും പിന്നെയത്ഭുതം
കല്യാണഘൃതവുംകൊള്ളാം ധാന്വന്തരഘൃതം തഥാ 56
ധാത്ര്യാദിഘൃതവുംകൊള്ളാം ചൊല്ലി മുമ്പിലിതൊക്കെയും
ഇഞ്ചിമഞ്ഞളാദിഘൃതം ഗുണം സ്വാദുചതുഷ്കവും 57
ദശസ്വരസേക്ഷുഘൃതം നന്നല്ലോ കാമിലയ്ക്കിവ
ഉരുക്കുപൊടിരാവൊക്കെ കയ്യന്യത്തിന്റെനീരില് 58
ഇട്ടേച്ചു പകലെടുത്തുണക്കിക്കൊണ്ടു നിത്യവും
ഏഴുനാളെങ്കിലും കൊള്ളാം അതിരട്ടിച്ച നാളുമാം 59
ഈവണ്ണം പതിന്നാലുദിനം നിത്യമുണങ്ങിയാൽ
പൊടിച്ചിരട്ടി സിതയും കൂട്ടി സേവിക്കയും ഗുണം 60
ത്രിവൃതാഷ്ടപലക്വാഥേ നാല്പലം പഞ്ചസാരയായ്

ഇരുനാഴി ഘൃതം ചേർത്തു വെന്തു സാന്ദ്രീഭവിച്ചത് 61
സേവിക്ക മുൻപിലെ ചൂർണ്ണം കൂട്ടിക്കൊണ്ടിട്ടുമാമിത്
വചാഗുളുചീയഷ്ട്യാഹ്വേത്യാദികാഥവുമത്ഭുതം 62
പാളമോരവിപത്തിശ്ച ചൂർണ്ണം വ്യോഷാദിയും ഗുണം
പുരാണകിട്ടൻ ദഹനൻ എള്ളും കയ്യന്നി മഞ്ഞളും 63
അരച്ചു മോരിൽ വെന്തിട്ടു പിബേൽ പാണ്ഡുവിനാശനം
കൊടുവേലിയുമിന്തുപ്പും കണയെന്നിവകൽക്കമായ് 64
ഇഞ്ചിനീരിൽ ചമച്ചുണ്ടാം ഘൃതവും പാണ്ഡുനാശനം
കദളീപക്വസംയുക്തം ബൃഹൽസൂരണയൂഷവും 65
എതിരേ തിന്നവർക്കാർക്കും നഹി പാണ്ഡുഗദം നൃണാം
നാരങ്ങാനീരിരുമ്പുമ്മേൽ വീഴ്ത്തി ഞാവലുടെ ശിഫാ 66
പേഷിതം പാചിതം മോരിൽ ആശു പാണ്ഡു വ്യപോഹതി

*(മോരിലരക്കുകയും മോരിൽ കലക്കി കുടിക്കുകയും ചെയ്യുക. പാളമോര്=സഹസ്രയോഗം-ആറ്റൂർ )*

**ബാലന്മാർക്കു പാണ്ഡുവിന്**

ചീരമൂലം വറുത്തിട്ടു പൊടിച്ചു സിതയാ ലിഹേൽ 67
ബാലാനാം പാണ്ഡുരോഗഘ്നം ദേഹിനാം ഗുണമെത്രയും 68

**ആറുകാലാദിഎണ്ണ**

ആറുകാലുമമൃതുംകൊഴുപ്പയും
ദൂർവശക്രലതയും പിഴിഞ്ഞതിൽ
വേവുമെണ്ണ കദളിക്കിഴങ്ങുമായ്
നാശയത്യഖിലകാമിലാഗദം 69
അഝടായുഗളം പേഷിച്ചിളന്നീരിൽ പ്രഗേ പിബേൽ
ദാർവീടെ തൊലി പേഷിച്ചിട്ടിളന്നീരിൽ പ്രഗേ പിബേൽ 70
കഷായം പാലുമായ് വൈക്കും കഞ്ഞിയും കാമിലാഹരം
ഹരിദ്രാകൽക്കസംയുക്തം ഹരിദ്രാസ്വരസേ ഘൃതം 71
കാമിലാം നാശയേൽ ശ്രേഷ്ഠാ കാമാർത്തിം കാമിനീ യഥാ

മഞ്ഞൾ കുത്തിപ്പിഴിഞ്ഞ നീരിൽ മഞ്ഞൾ തന്നെ കൽക്കം കൊണ്ടു കാച്ചുന്ന നെയ്യ് കാമിലയ്ക്കു നന്ന്.

**പുനർന്നവാദികഷായം**

തമിഴാമ വേപ്പുന്തോലും പടോലം ചുക്കു ചുണ്ടയും 72
അമൃതും ദാർവി പഥ്യാ ച ഇവകൊണ്ടു കഷായമായ്
കാലത്തങ്ങിഹ സേവിക്ക കാമിലാനാശനം പരം 73
ആടലോടമതിൻ വേരും വേപ്പിൻ തോൽ ചുണ്ടവേരതും
ഏലത്തിന്നരിയും മുക്കാ അമൃതെന്നിവയൊപ്പമായ് 74
കഷായം വെച്ചു തേൻ വീഴ്ത്തി സേവിച്ചാൽ പാണ്ഡുനാശനം

**പാരിച്ച കാമിലയ്ക്ക്**

കാമിലാ കടുതായ് വന്നാൽ താമസിക്കാതെകണ്ടുടൻ 75
തലയ്ക്ക് ധാര ചെയ്യേണം പാൽകൊണ്ടാകിൽ പ്രധാനമാം
ചൂടു കടുതായ് പാരിച്ചാൽ പാലതും പിന്നെ നല്ലൊരു 76
ഇളന്നീർവെള്ളവും വെച്ചു ധാരയെന്നാൽ ശമിച്ചുപോം
മുത്തെങ്ങാ തിപ്പലീമൂലം തമിഴാമേടെ മൂലവും 77
പെരുന്തുടലി ഞാറത്തോൽ മാന്തളിർ മരമഞ്ഞളും
താർതാവൽ ജീരകം കിട്ടം പൊടിച്ചിവ സമങ്ങളായ് 78
പച്ചമോരിൽ കുടിച്ചെന്നാൽ ശമിക്കും കാമിലാ നനു

**കുംഭകാമിലയ്ക്ക്**

കുംഭകാമിലയെന്നുള്ള വ്യാധിക്കുള്ള ചികിത്സകൾ 79
ചൊല്ലാം ശമിക്കിൽ നന്നല്ലോ എല്ലാമീശ്വരനേ ഗതി

**ഗോമൂത്രരേചകി**

ഭസ്മക്കഞ്ഞിയും നന്നല്ലൊ നന്നു ഗോമൂത്രരേചകി 80
ഭസ്മക്കഞ്ഞിയുടെ യോഗം ചൊല്ലും ശോഫചികിത്സയിൽ

കടുക്കാ നൂറു ഗോമൂത്രം എട്ടിടങ്ങഴി തന്നിലായ് 81
പുഴുങ്ങിപ്പാതിയായെന്നാൽ പിഴിഞ്ഞിട്ടങ്ങരിക്കണം
കാട്ടുതിപ്പലിവേർ ചവ്യം കൊടുവേലീതി മൂന്നുമായ് 82
കഷായം വച്ചുകൂട്ടീട്ട് കുറുക്കിപ്പിന്നെയാദരാൽ
പാലും നാലതു കൂട്ടീടു ശർക്കരാ പിന്നെയങ്ങതിൽ 83
ലേഹ്യപാകത്തിൽ വാങ്ങീട്ടു സേവിച്ചീടുക നിത്യവും
കുംഭകാമിലയും തീരും ശോഫമെല്ലാത്തിനും ഗുണം 84
തമിഴാമ കടുക്കായും അമൃതും ചുക്കുമെന്നിവ
അൻപതോടിരുപത്തഞ്ചും പതിനെട്ടേഴുമിങ്ങനെ 85
പലങ്ങൾ തൂക്കിക്കൂട്ടീട്ടു വച്ചുണ്ടായ കഷായകേ
ത്രികോല്പക്കൊന്നയിന്തുപ്പും ചുള്ളിയും കുശകൽക്കമായ് 86
അഞ്ഞാഴി നെയ്യും മുന്നാഴി ആവണക്കെണ്ണയത്രയും
പാലും വീഴ്ത്തിച്ചമച്ചിട്ടു സേവിക്കുന്നതുത്തമം 87

**ഇഞ്ചിമഞ്ഞളാദിനെയ്യ്**

ഇഞ്ചിമഞ്ഞളിവനീർ പിഴിഞ്ഞുടൻ
പാലിരട്ടിയതിൽ നൈ പുനഃ പചേൽ
കുംഭികുംഭകനികുംഭവാപിതം
കുംഭകാമിലയിലേകമൌഷധം 88
വറരട്ടുതേങ്ങാ നാലിന്റെ പാലും കള്ളിയുടെതുരി
ഗോക്ഷീരാഢകവും കൂട്ടി പചിച്ചു പൊടിയാക്കിയാൽ 89
കടലാടിയുടെ വേരും ചുള്ളിവേരും സമങ്ങളായ്
പാലും നീരും സമം ചേർത്തു വച്ചുണ്ടായ കഷായകേ 90
മേൻപൊടിക്കപ്പൊടി കുറേക്കുറെച്ചേർത്തു കുടിക്കയും
കഷായമിങ്ങിനെ ചെന്നാൽ ഏറെപ്പോകുന്നുവെങ്കിലോ 91
ഒന്നിരാടം കുടിക്കേണം ഈ ദ്രോഹത്തിന്നിതത്ഭുതം 92

*ഇതി വൈദ്യരത്നമാലികായാം പാണ്ഡുകാമിലചികിത്സാധികാരഃ*

## ശോഫലക്ഷണം

ശോഫമൊൻപതു ചൊല്ലുന്നു വീക്കമെന്നതുഭാഷയാം
കാൽചൂടും കനമാം മേനി ഞരമ്പുകൾ വലിക്കയും 1
പൂർവരൂപങ്ങളാകുന്നതിവറ്റിന്നു ധരിക്കണം
വാതത്താൽ വീക്കമുണ്ടായാൽ കുത്തും നോവു തരിക്കയും 2
ദേഹം പിളർന്നു തോന്നീടും തുള്ളിക്കോച്ചിവലിക്കയും
വേഗേന കവിൾ വീങ്ങീടും പകലേറ്റമതായിടും 3
ത്വക്കെരിഞ്ഞതു മൂലത്താൽ ചിമ്മിച്ചിമ്മിയിരുന്നിടും
പിത്തത്താൽ പീതമായിടും മേനിരോമവുമന്നിറം 4
ചുഴലും ദാഹമുണ്ടാകും തൃഷ്ണയും സ്വേദവും ജ്വരം
അയഞ്ഞിട്ടു മലം പോകും പാരം ദുർഗ്ഗന്ധമായ് വരും 5
കഫത്താലിതു വന്നീടിൽ ചൊറിയും മെയ് കനത്തിടും
ഉറച്ചങ്ങു ചിനത്തിട്ടു സ്നിഗ്ദ്ധമായി വെളുത്തിടും 6
നിദ്രയും മടിയും ഛർദ്ദി അഗ്നിമാന്ദ്യമതും വരും
രാത്രിയിൽ പാരമായീടും കഫത്താലുള്ളതിങ്ങിനെ 7
ഈരണ്ടിനാലിതുണ്ടാകിൽ ലക്ഷണം രണ്ടുമൊത്തിടും
മൂന്നും കൂടിയതെന്നാകിൽ കാണാം മൂന്നിന്റെ ലക്ഷണം 8
ശസ്ത്രാസ്ത്രാദികളെക്കൊണ്ടു ഛേദഭേദക്ഷതങ്ങളാൽ
വടിപാറയിവറ്റാലും ചേർക്കുരു തട്ടിയെങ്കിലും 9
വിഷത്താലും വീക്കമുണ്ടാം ഇങ്ങനെ ശോഫമൊൻപതു
ഇവയൊക്കെപ്പുതുക്കാഞ്ഞാൽ സുഖസാദ്ധ്യമതായ്വരും 10

ഉപദ്രവങ്ങളേറീടും കാലമൊട്ടങ്ങു ചെല്ലുകിൽ
കൃച്ഛ്രസാദ്ധ്യമതായീടും സാദ്ധ്യമല്ലാതെയും വരും 11

*ഇതി വൈദ്യരത്നമാലികായാം ശോഫലക്ഷണാധികാരഃ*

## ശോഫചികിത്സ

പുനർന്നവാദിയും നന്നു ഗോക്ഷുരാർദ്രകമാദിയും
ക്ഷാരക്കഞ്ഞികൾ രണ്ടും നന്നേറ്റവും ശോഫരോഗിണാം 1

**ഭസ്മക്കഞ്ഞി**

പനവിരൽകടലാടിചുള്ളിരംഭാ-
ഭസിതസമേന ജലേന പാലിനാലും
അടുകിലതു നിഹന്തി കഞ്ഞി ശോഫം
ഹരിഹരയോരിവ കന്മഷം പ്രസാദഃ 2

പനവാഴയ്ക്കാ വലിയകടലാടിസമൂലം വയൽച്ചുള്ളി കദളിവാഴമാണം ഇവ സമം നുറുക്കിയുണക്കി കലത്തിലിട്ടു വറുത്തു ഭസ്മമാക്കി ഒരുപിടിയെടുത്തു മുന്നാഴി വെള്ളത്തിൽ കലക്കിത്തെളിയെടുത്തു കുറേപ്പാലും ചേർത്തു നുറുക്കരിയിട്ടു കാച്ചിവച്ചു കുടിക്ക.

*(അടുകുക=പാകം ചെയ്യുക)*

**ഭസ്മക്കഞ്ഞി**

ആവിത്തോൽ കടലാടി ദന്തി തപനം
ചിത്രം വയൽച്ചുള്ളിയും
ശമ്യാകത്തൊലി കള്ളിവേർ പനവിരൽ
സ്നുഹ്യഗ്രവും രംഭയും
ഏതൽ ഭസ്മജലേ യവാഗു വിഹിതാ
പാലോടു മോരോടു താൻ
കൂട്ടീട്ടാശു നിഹന്തി ശോഫമഖിലം
ഗുന്മോദരാദീനപി 3

ഈ മരുന്നുകൾ ഭസ്മമാക്കി മുമ്പിലേപോലെ പാലോ മോരോ കൂട്ടിക്കഞ്ഞി വച്ചു കുടിക്ക.

ചുക്കുമുള്ളിവയൽച്ചുള്ളിപുനർന്നവഞെരിഞ്ഞിലും
ഒക്കക്കൂട്ടിക്കഷായത്താൽ ഒഴിയും വീക്കമൊക്കയും 4

**ആർദ്രകം നെയ്യ്**

ആർദ്രകസ്യ രസേ സർപ്പിഃ പഞ്ചകോലേന കൽക്കിതം
തത്ര തുല്യം സാധിതം തൽ ശോഫനിർവാപണം പരം 5

ഇഞ്ചിനീരിൽ പഞ്ചകോലം കൽക്കം കൊണ്ട് കാച്ചുന്ന നെയ്യ്.

**തേപ്പാൻ എണ്ണ**

പുളിയഞ്ചുമിടിച്ചിട്ട് പിഴിവൂ മോരുതന്നില്
എണ്ണയൊപ്പിച്ചു കാച്ചീട്ടു മേലേക്കങ്ങിതു കൊള്ളുക 6
തലയ്ക്കു വേറേ കാച്ചേണമെങ്കിലോ പാതി മോരുമായ്
തേച്ചിരുന്നു കുളിച്ചീടിൽ വീക്കമെല്ലാമൊഴിഞ്ഞു പോം 7

തൈലത്തിന്നു ഇടിച്ചുപിഴിവാൻ പാൽവള്ളിയില പലം നാല്. കൽക്കത്തിന്നു കടുക് വയൽച്ചുള്ളി വേർ ഇവ ഒന്നരക്കഴഞ്ച് എണ്ണ തുടം നാല്.

**നാളികേരാദിലവണം**

ത്രികടു ജീരകം വേപ്പും ജാതിക്കായജമോദകം
ഏലത്തരി കൊടിത്തൂവ അഗ്നിയും പാടമൂലവും 8
കാട്ടുതിപ്പലിതൻ മൂലം വെങ്കായഞ്ച സമൂലവും
ഇന്തുപ്പെന്നിവയൊപ്പിച്ചു തേങ്ങാ തന്നിൽ നിറച്ചുടൻ 9
ചുട്ടുവെന്തതെടുത്തിട്ട് ഒക്കെയും പൊടിചെയ്യണം
അവറ്റാൽ മൂവിരൽകുത്ത് മോരിലിട്ടു കൂടിച്ചിടു 10
നാളികേരാദിലവണം എന്നുപേർ വീക്കനാശനം

തേരകത്തില നന്നായിയരച്ചിട്ടതു മോരില് 11
കലക്കി വെള്ളവും വീഴ്ത്തി വച്ചിരുന്നു പുളിച്ചത്
കഞ്ഞിയാക്കിച്ചമച്ചിട്ടു കുടിച്ചാൽ നീരൊഴിഞ്ഞു പോം 12
വലുതാം കടലാടിക്കും വയൽച്ചുള്ളിക്കുമുള്ളവേർ
കഷായം വച്ചരിച്ചാലൊട്ടിഞ്ചിമഞ്ഞൾപിഴിഞ്ഞതിൽ 13
പാലും മോരും സമം ചേർത്ത് പഞ്ചകോലങ്ങൾ കൽക്കമായ്
സിദ്ധമായ ഘൃതം സേവ്യം ചൂർണ്ണഞ്ചായോരജാദിയും 14
തേരകത്വക്കൊരുപലം പുറത്തെപ്പൊടിയൊക്കെയും
ചുരണ്ടിനീക്കിപ്പാൽചേർത്തു നാലിരട്ടിച്ചു മോരുമായ് 15
വെന്തരിച്ചു കുറഞ്ഞൊരു അരിയിട്ടുള്ള കഞ്ഞിയും
കുടിക്കാമിതുകൊണ്ടുള്ള കഷായമപി ശോഫജിൽ 16
ദേവതാരം കടുക്കായും ചുള്ളിയും തമിഴാമയും
കടലാടിയുമൊപ്പിച്ചു വെച്ചുണ്ടായ കഷായകേ 17
കറുന്തകാളിയും കൊന്നക്കുരുന്നും മഞ്ഞളിഞ്ചിയും
കുത്തിപ്പിഴിഞ്ഞ നീർ പാലും മോരും വീഴ്ത്തീട്ടതിൽ പുനഃ 18
പഞ്ചകോലം കൽക്കമായി വെന്തനെയ് ശോഭജിൽ പരം
കൃഷ്ണാദിചൂർണ്ണം ഗോമൂത്രഹരീതകിയുമത്ഭുതം 19
കേരീസ്നുക്കാദിയും നന്ന് വിരേചിപ്പിക്കയും ഗുണം
ദേവതാരമരച്ചിട്ടു മോരിൽ സേവിക്കയും ഗുണം 20
പുരാണകിട്ടം കയ്യന്ന്യം ചുക്കും ദീപ്യം സമങ്ങളായ്
ഗോമൂത്രത്തിലരച്ചിട്ട് മോരിൽ സേവിക്ക ശോഫനുൽ 21

*ഇതി വൈദ്യരത്നമാലികായാം ശോഫചികിത്സാധികാരഃ*

## *വിസർപ്പലക്ഷണം*

വിസർപ്പം മൂന്നു ദോഷങ്ങൾ വെവ്വേറെ രണ്ടുകൂടിയും
ദോഷങ്ങൾ മൂന്നുമൊത്തിട്ടും പിന്നെയൊന്നഭിഘാതജം 1
അധിഷ്ഠാനങ്ങളും പിന്നെ അകത്തൊന്നു പുറത്തുമാം
മർമ്മങ്ങൾ ചുട്ടു വന്നീടും മോഹവും തൃഷ്ണയും സദാ 2
വിഷമിച്ചുള്ള വേഗങ്ങൾ പ്രവർത്തിക്കയുമിങ്ങനെ
അഗ്നികേടതുമുണ്ടാകിൽ അന്തരാഖ്യവിസർപ്പമാം 3
അല്ലായ്കിൽ ബാഹ്യമായുള്ള വിസർപ്പം വേറെ ചൊല്ലിടാം
വാതമങ്ങു വിസർപ്പിക്കിൽ വാതത്താൽ പനിപോലെയാം 4
കുത്തും നോകയതും വീക്കം വലിയും നാ വരൾച്ചയും
പിത്തത്താലതെടുക്കുമ്പോൾ പൈത്തികജ്വരലക്ഷണം 5
ദേഹം സൂക്ഷിച്ചു കാണുമ്പോൾ മഞ്ഞളിൻ നിറമായ്വരും
കഫത്താലുളവാകുമ്പോൾ ചൊറിയും മേനിയേറ്റവും 6
ശ്ലേഷ്മജ്വരത്തോടൊത്തുള്ള നോവും വേദനയും വരും
വാതപിത്തങ്ങളൊത്തീടിൽ സരണം ഛർദ്ദിയും പനി 7
പിളർന്നിട്ടങ്ങു തോന്നീടും മൂർച്ഛാ തൃഷ്ണ ചുഴൽച്ചയും
അഗ്നികെട്ടു വളർന്നീടും തളരും രുചിയില്ലയാം 8
ചൂടുകൊണ്ടു വരണ്ടീടിൽ കനലെന്നതു പോലെയാം
നിദ്രയില്ലാതെവന്നീടും ശ്വാസമെക്കിട്ടമായ്വരും 9
എരിയും തീയിലകപ്പെട്ടപോലെ ചൂടും വരും ക്രമാൽ
ഒട്ടുചെന്നാലടങ്ങീടും പിന്നെയും വരുമിങ്ങനെ 10
അഗ്നിവീസർപ്പമെന്നല്ലോ പേരതിന്നു പറഞ്ഞതു
വാതശ്ലേഷ്മങ്ങളൊത്തീടിൽ ഗ്രന്ഥിമാലകളായ്വരും 11
പനിയും ശ്വാസകാസവും എക്കിളോക്കാനവും വരും
ചുഴലും വാ വരണ്ടീടും മോഹമാകകും നിറപ്പിഴ 12

അഗ്നികെടും അതീസാരം ഗ്രന്ഥിയാകും വിസർപ്പമാം
കഫപിത്തങ്ങളൊത്തീടിൽ മടിയും സ്തംഭവും ജ്വരം 13
പ്രലാപം മൂർഛയും തൃഷ്ണ അഗ്നികേടും ചുഴൽച്ചയും
ഇന്ദ്രിയങ്ങൾ കനത്തീടും അരുചി മലബന്ധവും 14
പൊക്കിൾക്കുമേലെയുണ്ടാകും മിക്കവാറുമതിങ്ങനെ
നോകുമേറ്റം ചുഴന്നീടും മഞ്ഞളിച്ചും വെളുത്തുമാം 15
ഇങ്ങനേ നിറമായുള്ള പിടകങ്ങളുമായ്‌വരും
പഴുക്കുമ്പോൾ കഴപ്പുണ്ടാം പഴുത്താൽ വീങ്ങി വന്നിടും 16
ദ്രവിച്ചീടും മാംസമെല്ലാം നുലവും ചൂടുമിങ്ങനെ
സന്നിപാതത്തിനാലെങ്കിൽ കാണാം ലക്ഷണമൊക്കയും 17
അഭിഘാതത്തിനാലാകുമ്പോൾ മുതിരയ്ക്കൊത്തു കണ്ടിടും
ശോഫവും ജ്വരവും നോവും ചുഴൽച്ചയുമഴൽച്ചയും 18
കരുവാളിക്കുമല്ലായ്കിൽ ചുവന്നിട്ടാകിലുംതഥാ
ഇവറ്റിൽവച്ചു സാദ്ധ്യങ്ങൾ ഓരോ ദോഷങ്ങളായതും 19
ഉപദ്രവം കുറഞ്ഞിട്ടങ്ങീരാണ്ടാലുളവായതും
അല്ലാതുള്ളതു കണ്ടീടിൽ സാദ്ധ്യമല്ലെന്നു ചൊല്ലുക 20

*ഇതി വൈദ്യരത്നമാലികായാം വിസർപ്പലക്ഷണാധികാരഃ*

## *വിസർഷചികിത്സ*

രക്തമോക്ഷം വരുത്തേണം വിസർപ്പത്തിന്റെയാദിയിൽ
ആതുരൻ ബലവാനെങ്കിൽ ഛർദ്ദിപ്പിക്കയുമാമത് 1
വിരേചിപ്പിക്കണം പിന്നെ കഷായങ്ങൾ കുഴമ്പുകൾ

**വിരേചനത്തിന്ന്**

മുന്തിരിങ്ങാപ്പഴം പിന്നെ കഷായം വച്ചുകൊണ്ടതിൽ 2
ത്രികോല്പക്കൊന്നയൊപ്പിച്ചു സേവിച്ചിട്ടു വിരേചനം
കരിങ്ങാലിയതും വേപ്പും പടോലമിലവർങ്ഗവും 3
അമൃതും പഥ്യയും കൂട്ടി കഷായം വച്ചു തേനതും
നെയ്യും വീഴ്ത്തിക്കുടിച്ചീടിൽ വിസർപ്പങ്ങൾ ശമിച്ചിടും 4
ഭഗന്ദരത്തിന്നും കൊള്ളാമിക്കഷായം ന സംശയഃ
പടോലംവേപ്പുതൻ തോലും ആമ്പൽ നൈതലു ചന്ദനം 5
മൃണാളം കൂവളം മുസ്താ ഇവകൊണ്ടു കഷായമാം
തേനും കൂട്ടിക്കുടിക്കേണം വിസർപ്പങ്ങൾ ശമിച്ചുപോം 6
പശുവിൻ ചാണകം ചുട്ട ഭസ്മം മധുകചന്ദനം
നാല്പാമരമതിൻ മൊട്ടും രാമച്ചമിവ കല്ക്കമായ് 7
ദൂർവ്വാരസമളന്നിട്ടു നാഴി നെയ്ക്കൊരിടങ്ങഴി
പാലും നെയ്യിനോടൊപ്പിച്ചു ഇങ്ങനേ വെന്തരിച്ച നൈ 8
ധാര കൊണ്ടാൽ വിസർപ്പങ്ങൾ മൂന്നുനാളിലൊഴിഞ്ഞു പോം

**നാല്പാമരാദിഘൃതം**

നാല്പാമരമതിൻ മൊട്ടും കടമ്പിൻ തൊലി ചന്ദനം 9
രാമച്ചം മധുകം പിന്നെ പാറവള്ളി സമൂലവും
ആമ്പൽ നൈതലിവറ്റിന്റെ മൂലം താമര കൂവളം 10
കൊന്നയും കൽക്കമായിട്ട് നെയ്യും പാലുമതൊപ്പമായ്
ദൂർവ്വാരസം നാന്മടങ്ങു കൂട്ടിക്കാച്ചിയരിച്ച നൈ 11
സേവിച്ചീടുക തേച്ചീടാം ധാരകൊൾക പുരട്ടുക
വിസർപ്പങ്ങളൊഴിഞ്ഞീടും ഉഷ്ണവും പനിയെന്നിവ 12

**വാതവിസർപ്പത്തിന്ന്**

ദൂർവ്വാരസമളന്നിട്ടു നാലിടങ്ങഴി കൊള്ളുക
നെയ്യും നാനാഴികൊണ്ടീടു പാലും പിന്നെയമുക്കുരം 13

ആമ്പൽനൈതലുടേ മൂലം പത്മത്തിൻ വളയം തഥാ
നാല്പാമരമടുമ്പിൻ തോൽ മധുകം ചന്ദനം തഥാ 14
ഇ(ലി)പ്പിയെന്നിവയൊപ്പിച്ചു മുക്കഴഞ്ചുകൾകൊണ്ടിവ
കല്ക്കമായിട്ടു വെന്തീടു എണ്ണയാകിലുമാമിത് 15
സേവിച്ചീടിലുമാം പിന്നെ ധാരകൊൾക പുരട്ടുക
വാതത്താലുളവായുള്ള വിസർപ്പങ്ങൾ ശമിച്ചു പോം 16
നറുനീണ്ടിയുടേ മൂലം നാഗപ്പൂ നാല്പാമരത്തൊലി
വെരുകിൻ ചട്ടവും ദൂർവ്വാ നാൽകഴഞ്ചീതുകൊണ്ടിവ 17
ശുദ്ധതോയത്തിൽ നൈവീഴ്ത്തി കാച്ചിക്കൊണ്ടതരിച്ചത്
സേവിച്ചീടുകിലല്ലായ്കിൽ ധാരകൊൾക പുരട്ടുക 18
വിസർപ്പങ്ങളൊഴിഞ്ഞീടും കുരുവുഞ്ച മസൂരിയും

**പടോലദാർവ്യാദികഷായം**

പടോലം ദാർവിയും വേപ്പും പുത്തരിച്ചുണ്ട ബ്രഹ്മിയും 19
ഫലത്രയഞ്ച മുത്തെങ്ങാ മധുകം വാശയും തഥാ
ഇവകൊണ്ടു കഷായത്താൽ വിസർപ്പങ്ങൾ ശമിച്ചിടും 20

**മുസ്താരിഷ്ടാദി കഷായം**

മുത്തെങ്ങാ വേപ്പുതൻ തോലും പടോലം ദേവതാരവും
ദ്രാക്ഷാ മഞ്ഞൾ കുറുന്തോട്ടി ചുക്കും ബ്രഹ്മിയമുക്കുരം 21
യവാഷമൂലവും പിന്നെ കൊത്തമ്പാലരി ചുണ്ടവേർ
അംബു തിപ്പലി രാമച്ചം മുക്കായെന്നിവയൊപ്പമായ് 22
കഷായം വച്ചു സേവിച്ചാൽ വിസർപ്പങ്ങൾ ശമിച്ചുപോം
വിസർപ്പസ്യ വിരേചിക്കാം ചോര നീക്കുകയും ഗുണം 23
പേഴിന്തൊലി ചതച്ചിട്ടു നാല്പാമരകഷായകേ
കടഞ്ഞെടുത്ത നൈ തേച്ചാൽ വിസർപ്പം ശാന്തമായ് വരും 24
ഗോപാത്മജാദി നന്നായിട്ടെണ്ണ ചേർത്തു വറുത്തത്
അരച്ചു തേച്ചാലോടിപ്പോം വിസർപ്പമതു നിർണ്ണയം 25
കുണ്ടേരിക്കിന്നുടേ വേരു മോരിൽ താൻ പാലിലെങ്കിലും
പുഴുങ്ങിക്കൊണ്ടരച്ചിട്ടു എണ്ണയും ചേർത്തു തേയ്ക്കണം 26
ആവണക്കെണ്ണയും കൂട്ടി കുഴമ്പാക്കീട്ടുമാമത്
ചിലർക്കു വെണ്ണകൂട്ടീട്ടു തേയ്ക്കാം പ്രകൃതിഭേദതഃ 27
പുളിഞ്ചിക്കാ കഷായം വെച്ചത്രയും മോരു ചേർത്തതിൽ
കാച്ചീട്ടുള്ളെണ്ണ താൻ നെയ്താൻ തേച്ചാലും ശമനം വരും 28

**അഗ്നിവിസർപ്പത്തിന്ന്**

ഏറ്റവും ചൂടു വർദ്ധിച്ചു എരിയുന്ന വിസർപ്പകെ
പച്ചയായുള്ള മോർകൊണ്ടു കഴുകേണം പുനഃ പുനഃ 29
നാല്പാമരക്കുരുന്നൊപ്പം ദൂർവ്വാ മഞ്ഞളു പർപ്പടം
കൊഴുപ്പയും സമം കുത്തിപ്പിഴിഞ്ഞുള്ള രസത്തില് 30
അത്രയും പാലുമായ് വെന്തു കുഴമ്പിന്റെ പതത്തിലായ്
വാങ്ങിക്കൊണ്ടെണ്ണതാൻ നെയ്താൻ കൂട്ടിച്ചാലിച്ചു തേയ്ക്കണം 31
വിസർപ്പത്തിന്നു നന്നേറ്റം പഞ്ചവല്ക്കാദി തേക്കയും
ശതധൌതം പ്രയോഗിക്കിൽ ഗുണമഗ്നിവിസർപ്പകേ 32
കദളീകന്ദവും നല്ല പേരാലിന്റെയിളന്തളിർ
ഒപ്പം കൂട്ടിയരച്ചിട്ടു ശതധൌതേന തേയ്ക്കണം 33
സേവിക്ക തിക്തകം നന്നായ് മഹാതിക്തകവും തഥാ
ഇന്നെയ്യിതിന്നു കാച്ചുമ്പോൾ പാതിതാൻ മൂന്നിലൊന്നുതാൻ 34
നല്ല നാല്പാമരം കൂട്ടി കഷായം വെച്ചു കാച്ചുക
പടോലാദികഷായഞ്ച മുസ്താരിഷ്ടാദിയും ഗുണം 35
സേവിക്കണം ഗന്ധകം കൊണ്ടുണ്ടാക്കുന്ന രസായനം
അതിന്റെ യോഗവും ചൊല്ലും കുഷ്ഠരോഗചികിത്സയിൽ 36
പാലിൽ സേവിക്ക നന്നല്ലോ ശർക്കരാ തന്നിലും തഥാ

ദൂർവ്വാ പിഴിഞ്ഞ രസവും പാലും കൂട്ടി കൂടിക്കണം 37
ഇരട്ടിമധുരം പിന്നെ നന്നാറിമൂലവും സമം
അരച്ചു നെയ്യിൽ തേച്ചീടിൽ വിസർപ്പങ്ങൾ ശമിച്ചിടും 38
നാല്പാമരക്കഷായത്തിൽ പാൽക്കഞ്ഞി വെച്ചു സേവയേൽ
കാരസ്കരത്തിൻ മൂലത്തെ പാലിൽ നന്നായരച്ചുടൻ 39
തേച്ചീടുക ശമിച്ചീടും വിസർപ്പങ്ങളിലൊക്കെയും
വിരേചിപ്പിക്കയും പിന്നെ ഛർദ്ദിപ്പിച്ചീടുകെന്നതും 40
അരുതെന്നു പറഞ്ഞിട്ടങ്ങതു ചെയ്യാതിരിക്കണം
നല്ല നാല്പാമരം നല്ല മഞ്ഞളും മരമഞ്ഞളും 41
ഇരട്ടിമധുരം തന്നെ കല്ക്കം കൊണ്ടിട്ടു പാലുമായ്
ചമച്ച നൈ കുടിക്കുമ്പോൾ കന്മദം പഞ്ചസാരയും 42
പൊടിച്ചോരോ കഴഞ്ചോടു കൂടെച്ചേർത്തു കുടിക്കണം 43
നെല്ലിക്കായും ചെറിയപയറും നെയ്യുമായ്തേക്ക മുന്നാൾ
മെയ്യിൽ തങ്ങാ ചൊറികൾ മറയെപ്പോം വിസർപ്പങ്ങളെല്ലാം
തന്നെ മോരിൽ പരിചിനോടരച്ചത്ര ജംബീരപത്രം
തിണ്ണം തേച്ചാൽ പഴകിയ വ്രണം തീർന്നുപോമഞ്ചുനാളിൽ 44
(നെല്ലിക്കായും ചെറിയ പയറും നെയ്യുമായ് തേക്ക മുന്നാൾ
മെയ്യിൽപ്പൊങ്ങിച്ചൊറിവു മുറുകിക്കും വിസർപ്പങ്ങൾ പോകാൻ
തന്നേർ മോരിൽ പരിചിനൊടരച്ചത്ര ജംബീരവൽക്കം
തിണ്ണം തേച്ചാൽ പഴകിന വ്രണം തീർന്നുപോമേഴുനാളിൽ -9 ചി.മ.)

*ഇതി വൈദ്യരത്നമാലികായാം വിസർപ്പചികിത്സാധികാരഃ*

## മസൂരികാലക്ഷണം

ത്രിദോഷയോഗഭേദങ്ങൾ രക്തവും വിഷമെന്നിവ
കോപിച്ചീടുകിലന്നുണ്ടാം വലുതായി മസൂരികാ 1
അതിന്നു മുമ്പിലുണ്ടാകും പനിയും വാവരൾച്ചയും
മേൽ നോം കഴയ്ക്കും സന്ധുക്കൾ തളരും തലനോകയും 2
കോൾമയിർക്കൊൾകയരുചി മൂക്കുവാലുകയും പുനഃ
കണ്ണിനും ദണ്ഡമുണ്ടാകും പിന്നെ മെല്ലെ പുറപ്പെടും 3

*ഇതി വൈദ്യരത്നമാലികായാം മസൂരികാലക്ഷണാധികാരഃ*

## മസൂരികാചികിത്സ

ചുക്കു നിംബം കുറുന്തോട്ടി പടോലം കൊട്ടവും പുനഃ
കൊത്തമ്പാലരിയും മുസ്താ നെല്ലിക്കായിവയൊപ്പമായ് 1
കഷായം വച്ചു സേവിച്ചാൽ ഒഴിഞ്ഞീടും മസൂരികാ
തേനും മേമ്പൊടി കൊള്ളേണം നന്നിതഷ്ടവിധത്തിനും 2
ഉപവാസം നടേ പിന്നെ വമനഞ്ച വിരേചനം
ഉഷ്ണം വർദ്ധിച്ചുവരികിൽ ചോര നീക്കണമഞ്ജസാ 3
ഇരട്ടിമധുരം വേപ്പും തോലും കൂട്ടിക്കഷായമായ്
വെച്ചിട്ടു സിതയും ചേർത്തു കൊടുക്കേണം പൊറുപ്പൊളം 4
അവിപത്തി കൊടുത്തിട്ടു വിരേചിപ്പിക്കയുത്തമം 5
സവിശ്വസേവ്യൈർഗുളമാക്ഷികാഢ്യം
മസൂരികാ ഹന്ത ിശൃതം ജലം ദ്രുതം 6

ചുക്കും രാമച്ചവും കഷായം.  ശർക്കരയും തേനും മേമ്പൊടി.

പാഠാദുരാലഭാമുസ്താശുണ്ഠീവൽസകവാളകം
ജ്വരാതിസാരവിസ്ഫോടമസൂരീണാം നിബർഹണം 7

പാടക്കിഴങ്ങ് കൊടുത്തൂവവേർ മുത്തെങ്ങാ ചുക്ക് കുടകപ്പാലയരി ഇരുവേലി ഇവ ജ്വരാതിസാരവിസ്ഫോടമസൂരികൾക്കു നന്ന്.

*ഇതി വൈദ്യരത്നമാലികായാം മസൂരികാചികിത്സാധികാരഃ*

## വിസ്ഫോടലക്ഷണം

അഴലും പനിയും ചൂടും ദേഹത്തിന്നു തളർച്ചയും
കൂടീട്ടു ദേഹത്തേലൊക്കെപ്പുളകങ്ങൾ പുറപ്പെടും 1
അതിന്നു കാരണം പിത്തം പേരു വിസ്ഫോടമെന്നുമാം
മസൂരിവിസ്ഫോടങ്ങൾക്കു വഴിപോലെ വിരേചനം 2
ചെയ്കിലല്ലായ്കിലും നന്നു ഉപവാസവുമാദിയിൽ 3

*ഇതി വൈദ്യരത്നമാലികായാം വിസ്ഫോടലക്ഷണാധികാരഃ*

## വിസ്ഫോടചികിത്സ

ചന്ദനം ലോധ്രവും പിന്നെ നന്നാറി പത്മകേസരം
ഇരട്ടിമധുരം ചൈവ രാമച്ചം നീർക്കിഴങ്ങുകൾ 1
പേരാലിന്മൊട്ടിതിന്നൊപ്പം പാലുതന്നിലരച്ചുടൻ
തേനിൽ ചാലിച്ചു തേച്ചീടിൽ വിസ്ഫോടങ്ങൾ ശമിച്ചു പോം 2
സേവിക്ക തിക്തകം നെയ്യേ പഴുത്തെന്നു വരുന്നനാൾ
ഭസ്മനാ പരിലേപേത ശയ്യയിങ്കലുമിട്ടിടു 3

*ഇതി വൈദ്യരത്നമാലികായാം വിസ്ഫോടചികിത്സാധികാരഃ*

## കുഷ്ഠലക്ഷണം

കുഷ്ഠമഷ്ടാദശവിധം മഹാകുഷ്ഠങ്ങളേഴതിൽ
കപാമൗദുംബരം പിന്നെ മണ്ഡലം ദദ്രു കാകണം 1
പുണ്ഡരീകമൃശ്യജിഹ്വ എന്നിവറ്റിന്നു പേരതാം
വാതം നിമിത്തമായിട്ടു കപാലം പിത്തഹേതുവായ് 2
ഉണ്ടാമൌദുംബരം പിന്നെ കഫത്താൽ മണ്ഡലം തഥാ
വാതവും പിത്തവും കൂടീട്ടുണ്ടായീടും വിചർച്ചികാ 3
ഋശ്യജിഹ്വാ ചർമ്മകുഷ്ഠം അലസഞ്ചേതി മൂന്നിവ
വാതശ്ലേഷ്മങ്ങൾ കൂടീട്ടങ്ങുണ്ടായീടുന്നു ദേഹിനാം 4
ദദ്രുവും ശതാരുസ്സും വിസ്ഫോടം പുണ്ഡരീകവും
പാമാ ചർമ്മദലം പിന്നെ ശ്ലേഷ്മപിത്തങ്ങളാൽ വരും 5
എല്ലാ ദോഷങ്ങളും കൂടി മജ്ജശുക്ലാസ്ഥിയെന്നിവ
മൂന്നുമാശ്രയമായിട്ടു വർദ്ധിച്ചു കുഷ്ഠമെങ്കിലോ 6
കയ്യും കാലും നുറുങ്ങിപ്പോം എന്നുവന്നാലസാദ്ധ്യമാം
പൂർവ്വരൂപം പറഞ്ഞീടാം കുഷ്ഠത്തിനുള്ളതൊട്ടു ഞാൻ 7
മിനുന്നനായിരുന്നീടും ത്വക്കും പരുഷമാകതാൻ
ഏറ്റം വിയർക്കയല്ലാഞ്ഞാൽ വിയർക്കാതെയിരിക്കതാൻ 8
നിറം പകരും ദേഹത്തിൽ വെന്തപോലെയഴന്നിടും
തരിക്ക പൊരികോരോരോ ഭാഗത്തിൽ നോവുമേറ്റമാം 9

രക്തം കൃഷ്ണമതായീടും പൂർവ്വരൂപങ്ങളിങ്ങനെ
തെ(ര)ട്ടുപോലെമലർന്നിട്ടു സ്തംഭമായ് പരുഷമായത് 10
നേർത്തിട്ടേറ്റം പരന്നിട്ടു നോവും ചൊറിവു കുത്തുമായ്
തെരുന്നനെപ്പഴുത്തീടും കപാലത്തിന്റെ ലക്ഷണം 11
അത്തിക്കായിനൊടൊത്തിട്ടങ്ങഴുന്നേറ്റം വളർന്നതു
കൃമിച്ചു കനമേറീട്ടു സ്നിഗ്ദ്ധമായിട്ടു പിന്നെയും 12
ചുവന്നിട്ടും വെളുത്തിട്ടും നിറം മെല്ലെപ്പരന്നിടും
ഒന്നിനോടൊന്നു കൂടീട്ടു വട്ടമായിട്ടിരുന്നിടും 13
അഴലും ചൊറിയുണ്ടാകും മണ്ഡലത്തിന്റെ ലക്ഷണം
ദദ്രുവിന്നു ചുവന്നുള്ള നിറവും പിടകങ്ങളും 14
കൂടി മണ്ഡലമായിട്ടങ്ങുയർന്നിട്ടുമിരിക്കുമേ
സന്നിപാതത്തിലുണ്ടാകും കാകണം കൊടുതായത് 15
ചൂടും നോവേറെയുണ്ടാകും നിറം പലതായിടും
പുണ്ഡരീകത്തിനുള്ളോരു ലക്ഷണം പറയാമിനി 16
ചുവന്നിട്ടിരിക്കും ദേഹം വെളുത്തു നടുവുന്തിയും
അഴൽച്ച ചൊറി നോവുണ്ടായിരുന്നീടുമിതെന്നറി 17
കരുവാളിച്ചുയർന്നിട്ടു ചുവന്നു നടുവെത്രയും
അഴന്നു നോവു കൂടീട്ടു കൃമിയുണ്ടായി വന്നിടും 18
മാനിന്റെ നാവുപോലായിട്ടിരിക്കിലിർശ്യജിഹ്വയാം
കുഷ്ഠം ത്വക്കിങ്കൽ നിൽക്കുമ്പോൾ നിറം പകരുമേറ്റവും 19
രക്തത്തിൽ സ്വേദവും സുപ്തി വീക്കവുമുളവായ്‌വരും
സ്ഫോടങ്ങളുണ്ടാം മാംസത്തിൽ ചെന്നെന്നാൽ കാൽകരങ്ങളിൽ 20
മേദസ്സിൽ ചെന്നുവെന്നാകിൽ അംഗം ചൂടുകയെപ്പോഴും
ഉറക്കമേറ്റമുണ്ടാകും അസ്ഥിയിൽ ചെന്നുവെങ്കിലോ 21
മജ്ജയിങ്കലുമീവണ്ണം ഊരീടും മൂക്കു നിർണ്ണയം
കൺചുവക്കും കൃമിച്ചീടും ഒച്ചയെല്ലാമടച്ചുപോം 22
ശുക്ലത്തിൽ ചെന്നുവെന്നാകിൽ സ്വരസാദം വരും തുലോം
പുത്രരെക്കൂടെ ബാധിക്കും ഇങ്ങനെ ലക്ഷണം ധ്രുവം 23
ശുക്ലമജ്ജാസ്ഥിയാം മൂന്നു ധാതുക്കളിലുപാഗതം
കുഷ്ഠമേഴും ശമിച്ചീടാൻ അസാദ്ധ്യം തന്നെ നിശ്ചയം 24
ഓരോ ദോഷങ്ങൾ കൂടീട്ട് ഉണ്ടായാൽ സാദ്ധ്യമായിടും
വാതങ്ങൾ കൂടിയെന്നാലും സാദ്ധ്യം മറ്റേവ യാപ്യമാം 25

*ഇതി വൈദ്യരത്നമാലികായാം കുഷ്ഠലക്ഷണാധികാരഃ*

## കുഷ്ഠചികിത്സ

**ശിഗ്രുവാദികഷായം**

ശിഗ്രുവാദികഷായത്തെ പറയാം സാരമെത്രയും
മുരിങ്ങത്തോൽ വഹ്നിയും മഞ്ഞൾ കരിനൊച്ചീടെ മൂലവും 1
മൂഷികച്ചെവി മുത്തെങ്ങാ ദേവതാരം വിഴാലരി
പ്ലാശിൻതൊലി കടുക്കായും ചുക്കും മുളകു തിപ്പലി 2
ചവല്ക്കാരമുള്ളിയും കൂട്ടി കഷായം വെച്ചുകൊണ്ടതിൽ
കായമിന്തുപ്പുമിട്ടിട്ടു സേവിച്ചാൽ കുഷ്ഠനാശനം 3
നാല്പാമരമതിൻ തോലും തെച്ചിപ്പൂവും കഷായമായ്
വെച്ചുകൊണ്ടെണ്ണ നീരട്ടിയെണ്ണയും സമമായിവ 4
തേങ്ങാപ്പാലും സമം കൂട്ടി കല്ക്കമേലാദി കൊണ്ടുടൻ
കാച്ചിക്കൊണ്ടതരിച്ചിട്ടു തേപ്പൂ മേലേക്കിതായത് 5

**ത്രിഫലാദിയെണ്ണ**

തലയ്ക്കു തേപ്പാൻ നന്നല്ലോ ത്രിഫലാദി പറഞ്ഞിടാം

ത്രിഫല കൈതവേർ പിന്നെ അമൃതും ബലയും തഥാ 6
വേങ്ങക്കാതലുഴിഞ്ഞേടെ തണ്ടുമേരണ്ഡമൂലവും
കഷായം വെച്ചതില്പിന്നെ പാലുമെണ്ണയുമൊപ്പമായ് 7
ചേർത്തിടിച്ചു പിഴിഞ്ഞീടാൻ മരുന്നുകൾ പറഞ്ഞിടാം
കയ്യന്നി കറുകാ വില്വപത്രവും വേങ്ങതന്നില 8
പാച്ചോറ്റിയമരീപത്രം ഇവ നന്നായിടിച്ചുടൻ
പിഴിഞ്ഞ രസവും ചേർത്തു കല്ക്കം കൊട്ടമമുക്കുരം 9
ചന്ദനം ദാരു രാമച്ചം ഇരുവേലിയിലവർങ്ഗവും
ഏലം പച്ചിലയും പിന്നെ പതുമുകമതും തഥാ 10
മഞ്ചട്ടിപ്പൊടി നാഗപ്പൂ കൊഴുന്നും ചോരകം സമം
കൂട്ടിക്കാച്ചിയരിച്ചിട്ടു തേപ്പൂ തലയിലേക്കിത് 11

*(നീരട്ടി=മരോട്ടി. നീരട്ടി(നീർവെട്ടി)ക്ക് നേർവാളം എന്ന് ശബ്ദതാരാവലിയിലും മറ്റും കാണുന്നു.എങ്കിലും പ്രകൃതത്തിൽ മരരോട്ടിയായിരിക്കാനാണ് സാദ്ധ്യതം.*

*കൊഴുന്ത്, കൊഴുന്ത്=സുഗന്ധമുള്ള ഒരു ചെടി, ആ ചെടിയുടെ പുഷ്പം)*

**ഗുൽഗുലുതിക്തകം എണ്ണ**

ഗുൽഗുലുതിക്തകം എണ്ണ കുടിപ്പാൻ പറയാമിനി
വേപ്പിൻതോലമൃതും വാശാ പടോലം തെച്ചിവേരപി 12
നീരട്ടിത്തൊലി പ്ലാശിൻ തോൽ നന്നാറി പാലതൻ തൊലി
ബൃഹതീമൂലവും ദാരു അത്തിത്തിപ്പലിയെന്നിവ 13
പലമീരണ്ടുകൊണ്ടിട്ടു കഷായം വെച്ചുകൊണ്ടതിൽ
നീരട്ടിയെണ്ണ നാനാഴി ചേർത്തു കല്ക്കം പറഞ്ഞിടാം 14
പാഠമൂലം ദേവതാരം അത്തിത്തിപ്പലി വിഴാലരി
തുവർച്ചില ചവർക്കാരം ചുക്കു മഞ്ഞൾ ചതകുപ്പയും 15
കാട്ടിലെ മുളകിൻവേരും ചെറുപുന്നയുടെയരി
മുളകും രോഹിണീ വഹ്നി കുടകപ്പാലതന്നരി 16
അയമോദകവും പിന്നെ കാട്ടുതിപ്പലിമൂലവും
വയമ്പരത്ത മഞ്ചട്ടിപ്പൊടിയും ജീരകം പുനഃ 17
അതിവിടയവും കൂട്ടി ഗുൽഗുലുവും പലദ്വയം
അരച്ചുകൂട്ടി കാച്ചീട്ടു സേവിപ്പൂ നിത്യമായിത് 18
പതിനെട്ടും ശമിച്ചീടും കുഷ്ഠമെന്നതു നിർണ്ണയം
പന നാലിന്റേയും വേർ ചെമ്പരത്തീയാടലോടകം 19
പൂവ്വാത്തെച്ചിയുടെ വേരും നീരട്ടിത്തൊലിയും തഥാ
മൈലേൾ നീർമരുതിൻ തോലും നാല്പാമരമതും തഥാ 20
അമരീമൂലവും പിന്നെ ശതാവരീടെ മൂലവും
നിലപ്പനക്കിഴങ്ങെന്നിതൊപ്പമായിക്കഷായവും 21
കല്ക്കത്തിന്നെഷ്ടി മഞ്ചട്ടി പതുമുകമതുംതഥാ
രക്തചന്ദനവും മഞ്ഞൾ വയമ്പും ജീരകത്രയം 22
ത്രികടു ത്രിഫലായെന്നിതൊക്കെ നന്നായരച്ചുടൻ
നീരെട്ടിയെണ്ണയും ചേർത്തു കാച്ചിക്കൊണ്ടതരിച്ചുടൻ 23
സേവിച്ചീടിലൊഴിഞ്ഞീടും കുഷ്ടമഷ്ടാദശങ്ങളും
ചതുർവിംശതിയായുള്ള വെളുപ്പും ശാന്തമായ്‌വരും 24
ചൊല്ലാം സിദ്ധൌഷധം ഞാൻ പ്രസിദ്ധമാക്കാതിരിക്കണം
പാരം രഹസ്യമെന്നാലെല്ലാരും ബോധിച്ചുവെങ്കിലോ 25
സാരമായ മരുന്നും നിസ്സാരമായിട്ടു വന്നിടും
എന്നതിന്നു പറഞ്ഞിപ്പോളൊന്നിനൊന്നാക്കിവയ്ക്കൊലാ 26
സിതബർബ്ബരമൻപോടേ കാപ്പുകെട്ടിപ്പറിച്ചുടൻ
നിഴൽതന്നിലുണക്കീട്ടു പൊടിച്ചോരോ കഴഞ്ചതു 27
തൈലം തന്നിൽ കുഴച്ചിട്ടു സേവിപ്പൂ മണ്ഡലം തദാ
അഷ്ടാദശവിധം കുഷ്ഠം ശമിക്കും നാത്ര സംശയം 28

*(കാപ്പ്=രക്ഷാബന്ധനം,ചരട്. കാപ്പുകെട്ടുക=ഒരുങ്ങിയിരിക്കുക. കാപ്പുപറിക്ക= പ്രാർത്ഥിച്ചുകൊണ്ട് പച്ചമരുന്നു*

*ശേഖരിക്കുക)*

ഭല്ലാതകാസ്ഥിനിംബാസ്ഥിവാകുചീതിലസംയുതം
ഗുളഞ്ച മധുസംയുകതം പീഡ്യ(പിഷ്ട്വാ) പ്രാതർദിനേദിനേ 29
അഷ്ടാദശാനി കുഷ്ഠാനി നശ്യത്യേവ ന സംശയഃ

ചേർക്കുരു വേപ്പരി കാർകോലരി എളള് ശർക്കര തേൻ ഇവ കൂട്ടി നന്നായിടിച്ചു സേവിക്ക

ഹഠം സമൂലം സഞ്ചൂർണ്യ ഭക്ഷയേന്മധുനാ പ്രഗേ 30
കുഷ്ഠമഷ്ടാദശവിധം നാശയേന്നാത്രസംശയഃ

തുത്തുക്കണ്ടി സമൂലം ഉണക്കിപ്പൊടിച്ചു തേൻ കൂട്ടി എതിരേസേവിക്ക

തൈലം മുമ്പിൽ പറഞ്ഞീലാ ചൊല്ലാമിനിയിതെങ്കിലോ 31
നീരട്ടിയെണ്ണ നാഴിക്കു കഴഞ്ചൊന്നരിതാരവും
ചവർക്കാരവുമവ്വണ്ണം ഗന്ധകം രണ്ടതാക്കുക 32
വെളുത്തകൊടുവേലീടെ വേരും നാലുകഴഞ്ചതായ്
കൂട്ടിക്കാച്ചിയതില്പിന്നെ സേവിക്കാം മുൻപറഞ്ഞതും 33

**ഗന്ധകഭസ്മം**

നെയ്കൂട്ടീട്ടങ്ങുരുക്കേണം നെല്ലിക്കാഗന്ധകത്തിനെ
പാലിൽ പിന്നെയൊഴിക്കേണം പതിനൊന്നൂഴമിങ്ങിനെ 34
കോഴിക്കാരം സമം ചേർത്തു നന്നായിട്ടങ്ങരിക്കണം
കാട്ടുതൃത്താവുടെ നീരിൽ വെയ്പ്പൂ ഗജപുടത്തില് 35
ഭസ്മമാമതിലീരണ്ടു പണത്തൂക്കം മധുതന്നില്
സേവിപ്പൂ നിത്യമായെന്നാൽ കുഷ്ഠമെല്ലാം ശമിച്ചുപോം 36
വയറ്റിൽനോവിനും നന്ന് രഹസ്യമിദമൌഷധം

**ഹരിദ്രാദിലേപം**

ഹരിദ്രാ വാകുചീ കുഷ്ഠം കാസീസമഥ സൈന്ധവം 37
മരിചഞ്ചൈവ ഗോമൂത്രേ ലേപനാൽ കുഷ്ഠനാശനം
അരുഷ്കരം വിഷഫലാ കൊന്നതന്നിലയും പടു 38
വറുത്തു സർപ്പിഷാ തേച്ചാൽ ഇളയ്ക്കും കുഷ്ഠമെന്നത് 39
കല്ലാലാവിപെരുത്തരാജതരുവും വേമ്പാട നാല്പാമരം
കൊള്ളു പന്തിരുമുഷ്ടി ഷോഡശഗുണേ ഗോമൂത്രസിദ്ധേ ശൃതേ
മഞ്ഞൾപ്പാൽ കടു മുക്കടു ത്രിഫലയും ഹയ്യംഗവീനം തഥാ
തമ്മിൽ ചേർത്തൊഴുകുന്നതാകിലൊഴിയും കുഷ്ഠം വിസർപ്പങ്ങളും 40

*(കല്ലാൽ ആവിൽ കണിക്കൊന്ന വേമ്പാട നാല്പാമരം ഇവയുടെ തൊലികൾ. മഞ്ഞൾപ്പാൽ=മഞ്ഞൾനീർ)*

നാഴി നൈ കുടുംബം പഥ്യാ ഗോമൂത്രപ്രസ്ഥകേ പചേൽ
ലേഹയേദഖിലം കുഷ്ഠം നാശമേഷത്യയത്നമായ് 41
ത്രിഫലനിശചിതല്പ്പുറ്റെന്നിതൊക്കെപ്പൊടിച്ചി-
ട്ടറുപദഭവനീരിൽ തേച്ചു മൂവേഴുവട്ടം
പരുകുക പശുമൂത്രേ സർവകുഷ്ഠപ്രശാന്ത്യൈ
പുളിയൊഴിവിതു ഭുക്തൌ പാലുമായ് സേവനീയം 42
(അറുപദം=കഞ്ഞുണ്ണി)
നാഴിയെണ്ണയ്ക്കു ഗോമൂത്രം നാഴി ഭൃംഗരസം തഥാ
ഊഷണക്ഷണദാകൽക്കം ഏതൽ കുഷ്ഠവിനാശനം 43
കാരസ്കരസ്യ പഞ്ചാംഗം മഞ്ഞളും മുളകും തഥാ
കൽക്കമായ് മോരിൽ വെച്ചെണ്ണ കുഷ്ഠകണ്ഡുവിനാശനം 44

**കിടുമ്മൻചൊറിക്ക്**

നാല്പാമരം പഴയചുക്ക് വരട്ടുമഞ്ഞൾ
കൊന്നക്കുരുന്നു തകരക്കുരുവെന്നിതെല്ലാം
മോരും ചൊരിച്ചു(ഞ്ഞു)ടനരച്ചുപലേപനേന
നാശം പ്രയാതി നിതരാം കിടിപങ്ങളെല്ലാം 45
അരക്കുനെല്ലിനിര്യാസം കളളിപ്പാൽ നിശയെന്നിവ
കാടിവീഴ്ത്തിയരച്ചിട്ടു പൂശിനാലൊഴിയും ചൊറി 46

മഞ്ഞൾപ്പാലും ഗജപദരസം കള്ളിതൻ പത്രനീർ മറ്റു-
ന്മത്തോത്ഥം ജലമപി സമം കൂട്ടിയുണ്ടാം ദ്രവത്തിൽ
പൊങ്ങും നക്തം പുഴുകിയതരച്ചിട്ടു വെന്തോരു തൈലം
മെയ്യിൽ തേയ്ക്കിൽ പെരികവിരയപ്പോം കിടീപങ്ങളെല്ലാം 47

**പുഴുക്കടിക്ക്**

നാരങ്ങാനീരിൽ വേമ്പാട അരച്ചിട്ടു തിരുമ്മുക
പാമാകിടീപകണ്ഡൂനാം നാശനേ പരമൌഷധം 48
കുഷ്ഠദ്രോഹം പരവശതയുടൻ പാരമായ്ക്കണ്ഡുവുണ്ടാം
പ്രയോജ്യം ചെയ്ക കാരസ്കരമതിനെച്ചുട്ടു നാലൊന്നുശേഷി-
ച്ചമ്ലം തന്നിലരച്ചു തേച്ചു പരിചിൽ നന്നായ് തിരുമ്മീടിനാൽ
അന്നേ പോം രുജയും ചൊറിഞ്ഞു പെരുതായുളളോരു കണ്ഡും നൃണാം 49

നെടിയൊരു കാഞ്ഞിരവേരിന്റിരുതലയും ചുട്ടു നടുവിൽ നാലൊന്നുശോഷിപ്പിച്ചതരച്ചു തേച്ചു തിരുമ്മീടിൽ ശമിക്കുമത്. പുളിമോരിൽ.

കമ്പിപ്പാലയുടെ വേരുമീവണ്ണം ചുട്ടുതേയ്ക്കണം
നെല്ലിക്കാഗന്ധകം ശങ്കുംപടിക്കാരം മനശ്ശിലാ 50
പാഷാണദ്വിതയം തുത്ഥം പടിക്കാരഞ്ച ടംകണം
പാരതം പരുവപ്പത്രം കടുകും കുപ്പമഞ്ഞളും
നിലമ്പരണ്ടയും നീലീ നല്ലപൂവാംകുറുന്തലും
കൊന്നക്കുരുന്നു ജംബീരപത്രമിന്തുപ്പുതിപ്പലി
ഇവയൊക്കെസ്സമംകൊണ്ടിട്ടരച്ചിട്ടതിലത്രയും
അരച്ചു കാഞ്ഞിരത്തിൻ വേർ കൂട്ടിക്കൊണ്ടതിനെപ്പുനഃ
കള്ളിപ്പത്രരസം കൂട്ടി അരച്ചു ഗുളകീകൃതം
കരിങ്ങൊട്ടയുടെ എണ്ണ തന്നിലേവമരച്ചത്
നേർക്കത്തേച്ചു തിരുമ്മുമ്പോൾ ശമിച്ചീടും പുഴുക്കടി
കുന്നിതൻ തൈലവും തേക്കാം സേവ്യം ഗന്ധരസായനം
കള്ളിക്കഴുത്തു ചുട്ടുള്ള ഭസ്മവും നവനീതവും
ഗന്ധകേന സമം തേയ്ക്കിൽ ഇല്ലയാംപോൽ പുഴുക്കടി
പുല്ലാനിവേരു നന്നായി നുറുക്കീട്ടതുകൊണ്ടൊരു
തൈലം വെച്ചെണ്ണതാൻ നെയ്താൻ അതിൽ കൂട്ടിത്തലോടുക
ഇതു സേവിക്കിലും നന്നു പിന്നെ വേമ്പാടവേരിലെ
തൊലി നീക്കി നുറുക്കീട്ടു തൈലം വാറ്റുകയും ഗുണം
ഏകദേശത്തിലുണ്ടാകും ചൊറികുഷ്ഠചിരങ്ങുകൾ
ഇവയൊക്കെശമിപ്പാൻ നന്നിതു തേച്ചു തിരുമ്മുക 59

**തൈലം വാറ്റുവാൻ**

തൈലം വെപ്പാൻ കലം രണ്ടൊരുകുടമപി കൊണ്ടന്നമ്മരുന്ന-
ക്കുംഭേ പൂരിച്ചതുമ്മേലൊരു കലമൊട്ടോട്ടയാക്കി കമഴ്ത്തി
ഗർത്തേ നിക്ഷിപ്യ മറ്റെക്കലമതിലതു വച്ചിട്ടങ്ങു മൺ തേച്ചാ
കുംഭോർദ്ധം നികഴ്ത്തീട്ടുമിവിറകേ കൊണ്ടു തീയിട്ടു വാറ്റു 60

*(ഗർത്തേ=കുഴിയിൽ. ഉമിവിറകേ=ഉമിയാകുന്ന ഇന്ധനം)*

എല്ലാ മരുന്നിനെക്കൊണ്ടും തൈലം വാറ്റുന്നതിങ്ങനെ
കൊള്ളാം ദിനേശവല്യാദി നല്ല നാല്പാമരാദിയും 61
മുമ്മുക്കോഗ്രാദിയും നന്നു ഗുൽഗുലാദികുഴമ്പപി
ഏലാദിഗണവും നന്നു നന്നു കുഷ്ഠാന്തകം തഥാ 62
ഘൃതം കുഷ്ഠാന്തകഞ്ചൈവ കാരസ്കരഘൃതം തഥാ
പ്രസ്ഥം തുവരകാദിശ്ച അയസ്കാന്താദിചൂർണ്ണവും 63
കാകമാച്യാദിയും നന്നു പടോലാദികഷായവും
ഖദിരാദികഷായഞ്ച കുഷ്ഠങ്ങൾക്കൊക്കെയുംഗുണം 64

**വിചർച്ചികയ്ക്ക്**

പൊയ്തലച്ചി പിഴിഞ്ഞുള്ള രസേ വേമ്പാട കൽക്കമായ്

ചമച്ചുള്ളെണ്ണതാൻ നൈതാൻ തേച്ചാൽ പോകും വിചർച്ചിക 65
കുഞ്ഞിരിക്കാ പിഴിഞ്ഞിട്ടു ഗന്ധകം മനയോലയും
പൊടിച്ചു ചേർത്തു ചെമ്പിൻമേൽ തേച്ചുണക്കീട്ടെടുക്കുക 66
മരോട്ടിയെണ്ണയും കൂട്ടി തേച്ചാൽ പോകും വിചർച്ചികാ
കാവിമണ്ണു പൊടിച്ചിട്ടു മൂന്നു നേരം തിരുമ്മുക 67
വരട്ടുതേങ്ങാ മെല്ലെന്നു ചിരച്ചിട്ടൊട്ടെരിക്കില
അരിഞ്ഞു കൂട്ടിവച്ചേച്ചു പിറ്റെന്നാളെതിരേയത് 68
എടുത്തരച്ചു നന്നായിപ്പിഴിഞ്ഞുള്ള രസത്തില്
ഗന്ധകപ്പൊടിയും കൂട്ടിത്തേച്ചാലും പോം ചിരങ്ങുകൾ 69
തകരക്കുരു പാൽവീഴ്ത്തിപ്പുഴുങ്ങീട്ടതുണക്കിയാൽ
പിറ്റേന്നാൾ മഞ്ഞളും കൂട്ടി അരച്ചിട്ടതു തേയ്ക്കണം 70
നല്ല കൊന്നക്കുരുന്നൊട്ടു തുല്യമായ് നല്ല മഞ്ഞളും
ചേർത്തരച്ചിതു തേയ്ക്കുന്നോർക്കില്ലാതെ പോം ചിരങ്ങുകൾ 71
ഇടിച്ചു പരുവപ്പത്രം പിഴിഞ്ഞുണ്ടാം രസത്തിനെ
തേങ്ങാപ്പാലോടു കൂട്ടീട്ടു കുറുക്കിത്തേയ്ക്കയും ഗുണം 72
പിന്നെപ്പാരം ചൊറിഞ്ഞെരിഞ്ഞിരിക്കുന്ന ജനത്തിനു
മുക്കഴഞ്ചുരസം നാഗവല്ലീരസവിമോഹിതം 73
വെണ്ണ കൂട്ടിക്കുഴമ്പാക്കി മൂന്നുനാളതു തേയ്ക്കണം
അന്നു നാല്പാമരം കൂട്ടിക്കാച്ചീട്ടുള്ളെണ്ണ തേയ്ക്കണം
നിലംപരണ്ടയും പാരം ചെറുതാം കടലാടിയും 74
കുത്തിപ്പിഴിഞ്ഞു നല്ലെണ്ണ വെളിച്ചെണ്ണയുമൊപ്പമായ്
കാച്ചിക്കൊണ്ടിട്ടു തേയ്ക്കേണം അന്നു പിന്നെപ്പുനഃപ്പുനഃ 75
നെയ്ക്കലത്തിൽ വറുത്തിട്ടു നാഗക്കുരുവരച്ചത്
കുഴമ്പാക്കീട്ടു തേയ്ക്കേണം എന്നാലതും ശമിച്ചു പോം 76

**നാല്പാമരാദിഎണ്ണ**

നാല്പാമരം ത്രിഫല ചന്ദനസേവ്യകുഷ്ഠം
ചൊവ്വള്ളിചോരമകിലെന്നിവ കല്ക്കമാക്കി
പൈമഞ്ഞൾപർപ്പടരസേ പരിപക്വമെണ്ണ
തേയ്ക്കിൽ കെടും ചൊറിചിരങ്ങുവിസർപ്പകുഷ്ഠം 77
പ്ലാശിൽ പത്രം പഴുത്തുള്ളതരിഞ്ഞിട്ടുവറുത്തത്
അരച്ചു തേച്ചാലും നന്ന് ചൊറികൾക്കും ചിരങ്ങിനും 78

**പഴകിയ ചൊറിക്ക്**

പിന്നെപ്പെരിയനാളേതു ഇളയാത്ത ചിരങ്ങിനും
മാണിഭദ്രം കൊടുത്തിട്ടു ഗുണമേറ്റം വിരേചനം 79
കള്ളിത്തല ദഹിച്ചുണ്ടാം ഭസ്മവും ഗന്ധകം രസം
ഇവറ്റേ വെണ്ണയും കൂട്ടി കുഴമ്പാക്കീട്ടു തേയ്ക്കണം 80
ഏകദേശത്തിലുണ്ടാകും ചിരങ്ങിന്നും ജലൌകസാ
ചോര നീക്കീട്ടു ചെയ്യേണം ചികിത്സകളെയിങ്ങനെ 81
നല്ല നാല്പാമരം കുന്നിവേരും വെച്ചു കഷായകേ
മഞ്ഞൾ കുത്തിപ്പിഴിഞ്ഞിട്ടങ്ങെഷ്ടിമധുകകൽക്കമായ് 82
നെയ്ചമച്ചിട്ടു സേവിക്കിലച്ചിരങ്ങു ശമിച്ചുപോം
മഹാതിക്തകനെയ്ക്കുള്ള കൽക്കത്തിന്റെ മരുന്നുകൾ 83
കഷായം വെച്ചു സേവിച്ചാൽ ചിരങ്ങെല്ലാം ശമിച്ചുപോം
ആനച്ചുവടിയും ദൂർവ്വാ ഇവ കുത്തിപ്പിഴിഞ്ഞനീർ 84
എണ്ണ കാച്ചീട്ടു തേയ്ക്കേണം പഞ്ചവൽക്കാദിയും ഗുണം
മരോട്ടിഎണ്ണയും കൂടക്കൂട്ടാമീ എണ്ണ രണ്ടിലും 85

**ഗന്ധകരസായനം**

മുപ്പലം ഗന്ധകം ചൂർണ്ണം കിഴികെട്ടി കുടത്തില്
തൂക്കി മുക്കാൽ കുടം പാലു കിഴി തട്ടാതെ വീഴ്ത്തിയാൽ 86
കലം മീതേ കവിഴ്ത്തീട്ടു ശീലമൺ തേച്ചു മെല്ലവേ

കുറുക്കു മേലെരിത്തീയിൽ പാലൊട്ടതിലിരിക്കവേ 87
മരുന്നൊട്ടും കലങ്ങാതെ വാങ്ങിപ്പാൽ നീക്കിയാലത്
എടുത്തുണക്കി ചൂർണ്ണിച്ചു നവനീതേന ലേഹയേൽ 88
കൊന്നപ്പത്രം കടുകു തിലവും മഞ്ഞളും നാഗബീജം
തന്നെ മോരും പരിചിലുടനേ വീഴ്ത്തി വീഴ്ത്തി ക്രമേണ
പിന്നെ പിഷ്ട്വാ ഞെരടി ഞെരടിത്തേക്കിലമ്മെയ്യിലുണ്ടാം
കള്ളപ്പാമാകുലമടിയറപ്പോം ചുണങ്ങും തഥൈവ

മരോട്ടിക്കുരുവും ചെറുത്ത(?താം) കടുകും ദോഷോഷണേ
കാടിയിൽ പേഷിച്ചിട്ടതനർത്തി മെയ്യിലിഴുകപ്പാമഹരന്ദേഹിനാം

ശ്രീമൽ ഗന്ധകമെണ്ണവീഴ്ത്തി നിതരാം ചാലിച്ചു നക്കീടിലും
നൂനം പാണിതലെസ്തിരുമ്മികിലുമാമേവം ഹി വൈദ്യാഃ വിദുഃ 92
(ശ്രീമദ്ഗന്ധകമെണ്ണവീഴ്ത്തിനിതരാം ചാരിച്ചുനക്കീടിലും
സൂതം പാണിതലേ തിരുമ്മുകിലുമാമേവം ഹി വൈദ്യാഃ വിദുഃ
ചി.മഞ്ജരി കുഷ്ഠചികിത്സ.53)
നാരങ്ങനീരിൽ വേമ്പാട അരച്ചിട്ടുപലേപയേൽ
തൈലേ നിക്ഷിപ്യ തച്ചൂർണ്ണം അഭ്യജ്യാദ്വാ സുചൂർണ്ണിതം 93
പാമാകിടിപകണ്ഡൂതിനാശനേ പരമൌഷധം
ന്യഗ്രോധപാദരജനികാടീതണ്ഡുലകോഷണം 94
കാടിവീഴ്ത്തിയരച്ചിട്ടു തേയ്ക്ക വിസ്ഫോടപാമജിൽ
കദളീഫലമിന്തുപ്പും നവനീതവുമെന്നിവ 95
ഞെരടിത്തേയ്ക്ക പാമാഹൃൽ എത്രയും നവനീതവും
കള്ളിപ്പാലിലരച്ചിട്ടു ശ്വി(?ചി)ത്രകംസാധുലേപയേൽ 96

**അരിമ്പാറയ്ക്ക്**

പഥ്യാസീസഞ്ച വാ ലിമ്പേൽ അരിമ്പാറവിനാശനം
നാളികേരജലേ പിഷ്ട്വാ ടങ്കണം സാധു ലേപയേൽ 97
ദദ്രുഘ്നീ കാസജിൽമൂലം ജംബീരസ്യ രസേ തഥാ 98

**പദസരിക്ക്**

അരയാലിന്റെ പശയും മാവിൻ
പശയും വരട്ടുമഞ്ഞളുമായ്
നേർക്കയരച്ചതു തേച്ചാൽ
പദസരിക്കുള്ള ദണ്ഡമുടനേ പോം 99

നല്ലെള്ളും നല്ലമുളകും സമമായിപ്പൊടിച്ചത്
പന്നൽക്കിഴങ്ങു പുടയാവും കുത്തിപ്പിഴിഞ്ഞ നീരതിൽ
വറ്റിച്ചിട്ടെണ്ണയും വീഴ്ത്തി വറുത്തുടനരച്ചത്
തേച്ചീടിൽ വലുതായുണ്ടാം പാദകുഷ്ഠമൊഴിഞ്ഞുപോം 100

പുങ്ങിന്റെ തൊലിയും നല്ല പച്ചമഞ്ഞളുമൊപ്പമായ്
മോരുവീഴ്ത്തി അരച്ചിട്ടു തേച്ചു നന്നായ് തിരുമ്മുക 101
അതുരണ്ടും ചതച്ചിട്ടു ഗോമൂത്രത്തിൽ പിഴിഞ്ഞതും
കുടത്തിലാക്കി വേവിച്ചു പുകപ്പൂ കിഞ്ചിദാറിയാൽ 102
മറ്റൊന്നിലാക്കിക്കാൽകൈകൾ അതിൽ വൈക്ക തണുപ്പൊളം
ചോര നീക്കുകയും നന്നു മഹാതിക്തകസേവയിൽ 103
ഇന്തുപ്പു വെണ്ണയിൽ തേയ്ക്ക ജീവന്ത്യാദികുഴമ്പുമാം
ദന്തീഫലത്രയാദിശ്ച കദളീഫലമാദിയും 104
ഇക്കുഴമ്പുകൾ നന്നേറ്റം പാദകുഷ്ഠഹരം ഇമെ
നാല്പാമരത്തിൻ പൊടിയും ഇന്തുപ്പും കദളിപ്പഴം 105
ഇവയൊപ്പമരച്ചിട്ടു വെണ്ണയിൽ തേയ്ക്കയും ഗുണം

ഇതിന്നു പന്നിനൈ കൂട്ടിത്തേയ്ക്കുകിലതുമത്ഭുതം 106
നാല്പാമരക്കഷായത്തിൽ പച്ചമഞ്ഞൾ മരച്ചുര
പിച്ചകത്തിലയും കുത്തിപ്പിഴിഞ്ഞുള്ള രസത്തില് 107
കൽക്കം മെഴുകുമിന്തുപ്പും ചെഞ്ചല്യം ചേർത്തു പന്നിനൈ
ആവണക്കെണ്ണയും കൂട്ടി നന്നായ്ക്കാച്ചിയരിച്ചതിൽ 108
തേനും കൂട്ടീട്ടു തേക്കെന്നാൽ പാദകുഷ്ഠം ശമിച്ചുപോം
പാരംവൈഷമ്യമെന്നാകിൽ സേവ്യം ഗുൽഗുലുതിക്തകം 109
പാദകുഷ്ഠത്തിനവിടെ രക്തം നന്നായ്ക്കളഞ്ഞുടൻ
നൈക്കലംകൊണ്ടു കാച്ചീട്ടു പിന്നെച്ചെയ്യേണമൌഷധം 110
ഗോമൂത്രേ പന്നിനെയ്ക്കാച്ചിവീഴ്ത്തീട്ടു ശതധൌതവൽ
കടഞ്ഞു നൂറ്റൊന്നുവട്ടം പിന്നെപ്പാത്രത്തിൽ വച്ചത് 111
സൂക്ഷിച്ചുകൊണ്ടു തേയ്ക്കെന്നാൽ പാദകുഷ്ഠം ശമിച്ചുപോം
പിന്നെപ്പദസരിക്കുള്ള മരുന്നൊക്കെയുമത്ഭുതം
ഉപ്പുതന്തകിഴിച്ചെയ്തു ശുദ്ധതൈലേന കാച്ചിയാൽ 112
കെട്ടുപോം പാദകുഷ്ഠാർത്തി വൃത്തിഹീനസ്യ ധീരിവ
എണ്ണയും മഞ്ഞളും കൂട്ടി വെതുപ്പിപ്പൂശവല്ലുകിൽ 113
ഉള്ളങ്കാൽവണ്ണമേറീട്ടുള്ളോരല്ലലൊഴിഞ്ഞുപോം 114
ഇന്തുപ്പു വെണ്ണ കദളീഫല നാളികേരം
പീരംപിണംപുളി കെടാതെ വരട്ടുമഞ്ഞൾ
ഏഭിസ്സമം പുനരരച്ചു കുഴമ്പു കൃത്വാ
പൂശക്കെടും പദസരീ ദിവസത്രയേണ 115

**കുഴിനഖത്തിന്**

പേരാൽതൻ തൊലി ചുട്ടനൂറു കുനടീനൂറിഞ്ചഞ്ചനൂറും തഥാ
ചാലിച്ചക്കുഴിയും നഖത്തിനടവിച്ചാലിച്ചു മൂന്നാളിടീൽ
നോവും വീക്കവുമാശു പോം കുഴിനഖം താനും കെടും കൂടവെ
നാലഞ്ചാം ദിവസത്തിലപ്പിണിയൊഴിഞ്ഞീടും നഖം പോമതും 116
ഇന്തുപ്പു ചുക്കു മുളകുള്ളി (മുളകു കള്ളി) വരട്ടുമഞ്ഞൾ
കായും പിണംപുളി മനോലയുമെന്നിതെല്ലാം
തൈലത്തിൽ വെന്തീടുക തിപ്പലി ഞാൻ മറന്നേൻ
പുണ്ണായ് പഴുത്ത നഖവും പുനരൂരുമന്നെ 117
ചെറിയ പരുവവേർമേൽ തോൽ വയമ്പെന്നിരണ്ടും
പരിചിനൊടു പൊടിച്ചിട്ടൊട്ടു തേച്ചാൽ ക്ഷണേന
മുരടറുമിഹ കുഷ്ഠം മണ്ഡലാഖ്യം നരാണാ-
മുദയതി ദിനനാഥെ കൂരിരുട്ടെന്നപോലെ 118
നെന്മേനിവാകപ്പൊടി മുഷ്ടിമാത്രം
കേരീഫലാനാം യുഗളസ്യ പാലും
കൂരാമ്പൽ നീരിൽ സമമായ്ത്തികൾത്തി-
പ്പൂശീടിനാൽ മെയ്കളിലില്ല പാമാ 119
ഗോമൂത്രേ രജനീജലേ മധുകജേ തോയേ പടോലോദകേ
കറ്റാഴംഭസി നിംബജേ ച പരുവത്തോലിൽ ഭവിക്കുംജലേ
കെട്ടിട്ടശ്ശിതികണ്ഠബീജകുഡുബം സപ്തദ്രവേ ഭാവിതം
തക്കത്തിൽ പൊടിചെയ്തു തൈലതിലജേ ക്ഷൌദ്രൈർല്ലിഹേൽ കുഷ്ഠവാൻ 120

**വ്യാപിച്ച കുഷ്ഠത്തിന്ന്**

സർവാംഗം വ്യാപ്തമായുള്ള കുഷ്ഠത്തിനു ചികിത്സകൾ
നടേ ബലത്തിന്നൊത്തോണം ചെയ്യിക്കേണം വിരേചനം 121
പിന്നെപ്പഞ്ചസിരാവേധം ചെയ്തേറ്റം ചോര നീക്കണം
സേവിപ്പാനെണ്ണയും നെയ്യും നന്നു ഗുൽഗുലുതിക്തകം 122
മഹാതിക്തകവും നന്നു കുഷ്ഠാന്തകവുമത്ഭുതം
പഞ്ചവൽക്കാദി കച്ചോലാദ്യേലാദിഗണവും പുനഃ 123
ദിനേശവല്യാദിരപി മുമ്മുക്കോഗ്രാദിയും തഥാ

നാല്പാമരം ത്രിഫലയെന്നാദിയായുള്ളയെണ്ണയും 124
മേൽക്കു തേച്ചു പുകച്ചെന്നാൽ കുഷ്ഠമെല്ലാംശമിച്ചുപോം
ശമിക്കാത്തതിനും മെല്ലെ ഉണ്ടാം പൊറുതിയിത്തിരി 125
ഖദിരാദി പടോലാദി അരിഷ്ടാദിയുമിങ്ങിനെ
കാഞ്ഞിരക്കുരുവിനുള്ള തോലുമന്തർദ്ദലത്തെയും 126
കളഞ്ഞു നിത്യമായിട്ടക്കുരു സേവിക്കയും ഗുണം
കോതമ്പിൻ പൊടി നാഴിക്കു നുറുക്കീട്ടുള്ള ചേർക്കുരു 127
നാഴി കൂട്ടീട്ടതെണ്ണാഴി പാലിലിട്ടു കുറുക്കിയാൽ
കുഴമ്പിൻ പതമാകുമ്പോൾ വാങ്ങിക്കൊണ്ടതു നിത്യമായ് 128
ഓരോ കഴഞ്ച് സേവിച്ചാൽ കുഷ്ഠമെല്ലാം ശമിച്ചുപോം

**ചുണങ്ങിന്ന്**

പൊൻകാരത്തെപ്പൊരിച്ചിട്ട് ചന്ദനംകൊണ്ടരച്ചത് 129
നാരങ്ങാനീരുമായ് തേച്ചാൽ ചുണങ്ങെല്ലാം ശമിച്ചുപോം
പാഷാണത്തെപ്പൊടിച്ചിട്ടു ഇത്ഥം തേയ്ക്ക ചുണങ്ങിനു 130
ശംഖെന്നു പൂർവ്വമായുള്ള പടിക്കാരം പൊടിച്ചതും
നാരങ്ങാനീരുമായ്ക്കൊന്നമൊട്ടു നന്നായരച്ചതു 131
തേക്കേണം ചന്ദനം പോലെ എന്നാലാശു ചുണങ്ങുപോം
വെളുത്ത കൊടുവേലിപ്പത്രങ്ങൾ കൊണ്ടന്നരിഞ്ഞത് 132
പാലിൽ വറ്റിച്ചു മോരു വീഴ്ത്തി അരച്ചിട്ടതു തേയ്ക്കണം
പിറ്റെന്നാളെതിരേ തന്നെ മഞ്ഞളും തേച്ചരച്ചത് 133
തേച്ചാൽ ചിരങ്ങിനും നന്നു ചുണങ്ങും പോം തെരുന്നനെ
പുങ്ങിന്റെ വേരിലെത്തോലും മഞ്ഞളും മുളകെന്നിവ 134
മോരും വീഴ്ത്തിയരച്ചിട്ടു പിന്നെ ദേഹത്തിലിത്തിരി
എണ്ണകൊണ്ടു മിനുക്കീട്ടു നന്നായ്ത്തേച്ചു തിരുമ്മുക 135
അന്നുതന്നെ കുളിക്കേണമെന്നാൽ പോകും ചുണങ്ങുകൾ
ത്രിഫലായാഃ കഴഞ്ചൊന്നു മുക്കഴഞ്ചു മനശ്ശില 136
ചേർക്ക പിന്നെയതിൽകൂടെ കഴഞ്ചൊമ്പതു മഞ്ഞളാൽ
കൂട്ടിപ്പൊടിച്ചു നാരങ്ങാനീരിൽ നന്നായരച്ചത് 137
തേച്ചു നന്നായ് തിരുമ്മീടിലോടിപ്പോമിച്ചുണങ്ങുകൾ 138

തുത്തക്കണ്ടി സമൂലമായി മുളകും നീരൂരിതൻ പത്രവും
പത്രം വൻപരുവയ്ക്കുമത്ര പൊടിയായൊപ്പിച്ചുകൊണ്ടങ്ങനെ
നിത്യം തേനിൽ നനച്ചു നാല്പതുദിനം നക്കീടുവോർ മെയ്യിലെ
പറ്റീടും പതിനെട്ടു കുഷ്ഠമൊഴിയുംമറ്റുള്ള രോഗങ്ങളും 139

*(തുത്തക്കണ്ടി സമൂലമായി മുളകും നീരൂരിതൻ പത്രവും*
*പത്രം വയമ്പരുവയ്ക്കുമത്ര പൊടിയായൊപ്പിച്ചുകൊണ്ടങ്ങിനെ*
*നിത്യം തേനിൽ നനച്ചു നാല്പതു ദിനം നക്കീടുവോർ മേനിമേൽ*
*പറ്റീടും പതിനെട്ടു കുഷ്ഠമൊഴിയും മറ്റുള്ള രോഗങ്ങളും*
*(ചി.ക്രമം കുഷ്ഠചികിത്സ.81 )*
*തുത്തക്കണ്ടി മുതലായ നാലുകൂട്ടംകൊണ്ടു പൊടിയുണ്ടാക്കുക.)*

കുഷ്ഠരോഗേഷു ന ഹിതം അമ്ലഞ്ച ലവണോഷണം
ദധിദുഗ്ദ്ധഗുളാനൂപതിലമാഷാംസ്ത്യജേത്തരാം 140

*ഇതി വൈദ്യരത്നമാലികായാം കുഷ്ഠചികിത്സാധികാരഃ*

## ശ്വിത്രകചികിത്സ

കുഷ്ഠൈകസംഭവം ശ്വിത്രം കിലാസഞ്ചാരുണഞ്ച തൽ
കുഷ്ഠതുല്യപ്രതീകാരം ശ്വിത്രമാഹുർവിപശ്ചിതഃ 1
ചെയ്യേണം ശോധനം മുമ്പേ ശ്വിത്രകസ്യ വിശേഷതഃ
പേയത്തിതന്നുടെ വേരും കാർകോലരി വിഴാലരി 2
ഇവകൊണ്ടു കഷായത്തിൽ കുഷ്ഠമൌദുംബരം തഥാ
പോകും ശ്വിത്രകവും പിന്നെ തേപ്പാനൊന്നു പറഞ്ഞിടാം 3
പേയത്തിതന്നുടേ വേരും സോമരാജീ ച കൊട്ടവും
കൊടുവേലിയുടെ വേരും  ചെങ്ങഴീട കിഴങ്ങതും 4
ഇന്തുപ്പും സമമായ് ചേർത്തു ഗോമൂത്രത്തിലരച്ചുടൻ
തേച്ചുകൊണ്ടാൽ ശമിച്ചീടും ശ്വിത്രകം നാത്ര സംശയഃ 5

ഇതി വൈദ്യരത്നമാലികായാം ശ്വിത്രകചികിത്സാധികാരഃ

## കൃമിരോഗലക്ഷണം

ദേഹത്തേൽ കൃമിയുണ്ടാകും പ്രകാരം പറയാമിനി
ബാഹ്യാന്തരങ്ങളെന്നേവം ഉണ്ടാം രണ്ടുപ്രകാരമായ് 1
പുറത്തുണ്ടാം മലംമാച്ചുമെഴുക്കെന്നിവകൊണ്ടുടൻ
അകത്തുണ്ടാം കഫം രക്തംദുഷ്ടമായ വകാരണം 2
അവയേഴുപ്രകാരം ഞാൻ പൂർവ്വരൂപം പറഞ്ഞിടാം
നെഞ്ചിൽ കലിക്കയരുചി വായിൽ നീറുക പിന്നെയും 3
ജ്വരം വയറത്തു വീർത്തീടും മെലിയും പീനസം തഥാ
ഇവയും മറ്റു ദണ്ഡങ്ങൾ പലതുണ്ടായിവന്നിടും 4

*(മാച്ച്=അഴുക്ക്, കറ, പാപം, മറുപിള്ള. കലിക്ക=മാധുര്യത്തിന്റെ ആധിക്യം കൊണ്ട് വായ്ക്ക് അരുചിയുണ്ടാവുക, കണ്ണുകലങ്ങിവേദനയുണ്ടാവുക. കലിപ്പ്)*

ഇതി വൈദ്യരത്നമാലികായാം കൃമിരോഗലക്ഷണാധികാരഃ

## കൃമിരോഗചികിത്സ

കുപ്പമഞ്ഞളരച്ചിട്ടു മുക്കുടിക്കതു കൊള്ളുക
ഗോമൂത്രത്തിലരച്ചിട്ടു വയമ്പും സേവയേൽ പുനഃ 1
അവിപത്തി കുടിച്ചിട്ടു വിരേചിപ്പിക്കയും ഗുണം
നറുമ്പാണലതിൻ വേരേൽ തൊലി നന്നായരച്ചത് 2
തേങ്ങാപ്പാലിൽ കലക്കീട്ടാവണക്കെണ്ണ കാച്ചുക
ചിക്കണത്തിലരിച്ചിട്ടു സേവിപ്പൂ കൃമിശാന്തയെ 3
കാട്ടുതിപ്പലിതൻ മൂലം പ്ലാശിന്തോൽ കൈതമൂലവും
മുരിങ്ങത്തൊലിയതും കൂട്ടി വെള്ളം പാതി കുറുക്കിയാൽ 4
മുളകും മഞ്ഞളും പിന്നെ വിഴാലരിയരച്ചുടൻ
കലക്കി മോരു വീഴ്ത്തീട്ട് വെന്തു പിന്നെയുമാദരാൽ 5
കുപ്പമഞ്ഞളതിൻ പത്രം അരച്ചിട്ടതു പിന്നെയും
കാച്ചിക്കൊണ്ടു കുടിച്ചീടിൽ  കൃമിദണ്ണമൊഴിഞ്ഞു പോം 6
നെയ്യിതിന്നൊന്നു ചൊല്ലീടാം എത്രയും ചിത്രമാമിത്
വിഴാലിൻ വേർ മുരിങ്ങേടെ വേരും തിപ്പലിമൂലവും 7
തുളസീമൂലവും കൊണ്ടു കഷായം വച്ചുകൊണ്ടത്
എട്ടൊന്നു ശേഷമാക്കീട്ടു നെയ്യും വീഴ്ത്തിയതിൽ പുനഃ 8
ഇടിച്ചു പിഴിഞ്ഞീടു കാട്ടുചേനേടെ കൂമ്പതും

വിഴാലിന്തളിരും പിന്നെ കൽക്കത്തിന്നു പറഞ്ഞിടാം 9
മഞ്ഞളും കടുകും പിന്നെ ജീരകഞ്ച വിഴാലരി
കരിഞ്ചീരകവും കായം ഇന്തുപ്പുമയമോദകം 10
ഇവ നന്നായ് ചതച്ചിട്ടു കാച്ചി സേവിക്കയും ഗുണം
ചതുർവിംശതിയായുള്ള കൃമിദോഷം ശമിച്ചുപോം 11
വിഴാലരിയതും പിന്നെ തിപ്പലീ മുളകും തഥാ
കരിനൊച്ചിയുടെ വേരും മുത്തങ്ങായുമെലിച്ചെവി 12
ചുക്കും മുരിങ്ങതൻ വേരും ചെറുതേക്കും കഷായമായ്
ഇന്തുപ്പും കായവും കൂട്ടി സേവിച്ചാൽ കൃമി പോയിടും 13

**വയറ്റിൽ വിരയ്ക്ക്**

മഞ്ഞളിൻ നീരിൽ നൈ വീഴ്ത്തി-
ത്തന്നെ ഗോപിക കൽക്കവും
ചേർത്തു കാച്ചിട്ടു സേവിച്ചാൽ
വയറ്റിൽ കൃമി ചത്തു പോം 14
കമുകിന്റെ കുരുന്നോല മുളപ്പത്രം കുലസ്ഥവും
അടയ്ക്കാമണിയൻ വേരും കഷായം വിരനാശനം 15
പിപ്പലീകായവിളംഗതുടീനാം
ചൂർണ്ണമിദമ്മധുനാ വിലിഹേദ്വാ
തേകരസേന കുടിക്കിലുമെന്നെ
ചത്തുപുറപ്പെടുമുൾകൃമിജാലം 16
ത്രികോല്പക്കൊന്നയെട്ടംശം കൃമിശത്രു വിഴാലരി
നെല്ലിക്കാഗന്ധകം ദീപ്യം നന്നാലംശങ്ങൾ കൊള്ളുക 17
കടുത്രയമയസ്കാന്തം ജീരകം കായമെന്നിവ
അംശങ്ങളോരോന്നീരണ്ടു കൊണ്ടിട്ടു ഗുളമിശ്രിതം 18
സേവിക്കിലുള്ളിൽ വർദ്ധിക്കും കൃമികുഷ്ഠമൊഴിഞ്ഞുപോം

**പുഴുത്തതിന്ന്**

അവിപത്തിയതിൽ കൂട്ടി സേവിച്ചീടുകിലതും ഗുണം 19
മോഹിപ്പിച്ചു രസം തേപ്പു പുഴുപോമെന്നു നിർണ്ണയം

**കന്നുകാലിക്കുപുഴുത്താൽ**

കന്നുകാലിക്കു ദേഹത്തേൽ പുഴുത്തെന്നങ്ങിരിക്കിലോ 20
ഇല്ലരക്കരിയും നൊച്ചിക്കുരുന്നും തുളസീദലം
ഒക്കക്കൂട്ടിയരച്ചിട്ടു പുണ്ണുതന്നിൽ ചെലുത്തുക 21
ചണ്ണക്കിഴങ്ങരച്ചിട്ടു വെണ്ണകൂട്ടീട്ടു തേക്കുക
പശുക്കളാദിയായുള്ളവറ്റിൻ പുഴുവു ചത്തുപോം 22

*ഇതി വൈദ്യരത്നമാലികായാം കൃമിരോഗചികിത്സാധികാരഃ*

## *വാതരോഗലക്ഷണം*

വാതവ്യാധിനിദാനത്തെച്ചുരുക്കിപ്പറയുന്നിത്
ധാതുക്ഷയങ്ങളായിട്ടുള്ളാഹാരങ്ങളേയേറ്റവും 1
സേവിച്ചാൽ വായുകോപിച്ചു വറണ്ടിട്ടുള്ള നാഡിയിൽ
ചെന്നുപുക്കു നിറഞ്ഞിട്ടങ്ങുണ്ടാം ദണ്ഡങ്ങളിങ്ങനെ 2
തിക്തോഷണാദി സേവിച്ചാൽ വരും ധാതുക്ഷയം നൃണാം
അന്നേരം വായുകോപിച്ചങ്ങെല്ലാപ്പെരുഞ്ഞരമ്പിലും 3
അകം പുക്കു നിറഞ്ഞിട്ടു പിന്നെച്ചെറുഞ്ഞരമ്പിലും
ചെന്നിട്ടു കഫപിത്തങ്ങൾ ഇരിക്കുന്നിടമൊക്കെയും 4
അടച്ചുകൊണ്ടു താനോരോ ദിക്കിലുൾപ്പുക്കു മേൽക്കുമേൽ
സങ്കടങ്ങളെയുണ്ടാക്കും അതിപ്പോൾ വാതമായത് 5
പക്വാശയത്തിൽ കോപിച്ചാൽ മുതുകും തലയും തുട

അരക്കെട്ടും കഴച്ചീടും ആന്ത്രശൂലാശ്മരീകളും 6
അരിശസ്സും വരും പിന്നെ മലം ബന്ധിച്ചു പോയിടും
ആമാശയത്തിൽ കോപിക്കിൽ കാസശ്വാസം വിഷൂചികാ 7
ഛർദ്ദി തൃഷ്ണയുമുണ്ടാകും സ്രോതാദികളിലെങ്കിലോ
ഇന്ദ്രിയങ്ങൾ കടു(നത്തീടും) ത്വക്കിൽ കോപിച്ചുവെങ്കിലോ 8
ത്വക്കുലർന്നു പിളർന്നീടും രക്തത്തിൽ നോവുമേറിടും
തരിപ്പുംചൂടുമുണ്ടാകും നിറവും മാറി വന്നിടും 9
അന്നത്തിൽ രുചിയില്ലായ്ക മെലിവും ചുഴലും പുനഃ
മാംസം മേദസ്സിവറ്റിങ്കൽ നിന്നു കോപിച്ചുവെങ്കിലോ 10
ശരീരം കനമായ് തോന്നും നൊന്തീടും ദോഹമേറ്റവും
വടിയോ മുഷ്ടിയോ കൊണ്ട് ഏറ്റീടുംപോലെ തോന്നിടും 11
അസ്തിയിങ്കലകം പുക്കാൽ അകം നോക കഴയ്ക്കയും
സന്ധുക്കൾ നോകയെന്നെല്ലാം സങ്കടം പെരുതായ് വരും 12
വാതം മജ്ജയിലാകുമ്പോൾ എല്ലെല്ലാം കുഴലായ് വരും
ശുക്ലത്തിൽ നിന്നു കോപിക്കിൽ ശുക്ലം വിരയവീഴ്കതാൻ 13
കടയറ്റുനില്ക്കതാൻ ചെയ്യും തടിപ്പും തരിക്കായ് വരും
പഞ്ചേന്ദ്രിയങ്ങളിൽ പുക്കാൽ ഇന്ദ്രിയങ്ങൾക്കു ബലം കെടും 14
ഞരമ്പിൽ നിന്നു കോപിക്കിൽ ഞരമ്പങ്ങൂതിവീർത്തിടും
സന്ധുക്കളിൽ പോയ്ക്കോപിക്കിൽ സന്ധിവീങ്ങിപ്പിളർക്കയും 15
മുടക്കീടുകയും സർവാംഗങ്ങളിൽ ചെന്നു നിന്നത്
കോപിച്ചാൽ കുത്തിനൊന്തീടും പിളർന്നീടുക മിന്നുക 16
തണ്ടെല്ലുവഴി ചെന്നിട്ടു തരിക്കും കൂർന്നുപോയിടും
ഇങ്ങനെ പലതുണ്ടല്ലോ ലക്ഷണങ്ങൾ പറഞ്ഞിടാൻ 17
വാതത്തിനുള്ള ഭേദങ്ങൾ ചുരുങ്ങീട്ടാൻപതായ്വരും
ഏറിയാലെൺപതായീടും അറിവാൻ പണിയെന്നറി 18
ഇതിൽ പ്രധാനമായിട്ടിരുപത്തുനാലതിങ്ങനെ
ആക്ഷേപമവതന്ത്രഞ്ച അവതാനം സിരാഗ്രഹം 19
ആന്തരായാമവും പിന്നെ ബാഹ്യായാമഞ്ച ദണ്ഡകം
വ്രണായാമം ഹനുസ്രംസം ജിഹ്വാസ്തംഭാർദ്ദിതങ്ങളും 20
പക്ഷാഘാതഞ്ച സർവാംഗം അപബാഹുകവും തഥാ
വിശ്വഭിൽ ഗൃദ്ധ്രസീ ഖല്ലീ ഖഞ്ജനം പംഗുവും പുനഃ 21
കളായഖഞ്ജോരുസ്തംഭകോഷ്ടുശീർഷകളും തഥാ
പാദദാഹം തതഃ പാദശൂലം പേരുകളിങ്ങനെ 22
പറയാമിനിയിച്ചൊന്ന വാതങ്ങൾക്കുള്ള ലക്ഷണം
കട്ടിലിന്മേൽ കിടക്കുമ്പോൾ എടുത്തിട്ടിട്ടിരിപ്പത് 23
ആക്ഷേപമെന്നു ചൊല്ലുന്നു വില്ലുപോലെ വളഞ്ഞുടൻ
പ്രാവുപോൽ കുറുകുറുക്കും അവതന്ത്രസ്യലക്ഷണം 24
സിരാഗ്രഹത്തിന്നൊട്ടേറെ ഞരമ്പുകൾ വലിച്ചിടും
നോവുമേറ്റമതുണ്ടാകും ഇന്നിയും പലതുണ്ടിവ 25
സ്തംഭിച്ചേറ്റം ഞരമ്പെല്ലാം വളഞ്ഞു വായിൽ നിന്നുടൻ
ഞോള ചാടും കൺവിറയ്ക്കും അകത്തോട്ടു വളഞ്ഞിടും 26
ആന്തരായാമമല്ലായ്കിൽ പുറത്തോട്ടു വളഞ്ഞത്
ബാഹ്യായാമമതായീടും വാതമെന്നതറിഞ്ഞിടു 27
വൃണായാമസ്യ ചൊല്ലീടാം വൃണംകൊണ്ടു ഞെളിഞ്ഞു പോം
കൂന്നുപോകിലുമാം പിന്നെ സങ്കടം പാരമായ് വരും 28
ആമാശയത്തിൽ നിന്നുണ്ടാം ദണ്ഡകാരണവാതമൊന്നത്
പിന്നെ നന്നാപ്പരന്നിട്ടു ദേഹത്തേലൊക്കെയായ്വരും 29
തടിപോലെ കിടന്നു പോം അതു ദണ്ഡകമെന്നു പേർ
വെട്ടുതല്ലുകളേറ്റിട്ടും കടുത്തതു കടിക്കിലും 30
വായു കോപിക്കുമന്നേരം വാപൊളിക്കരുതാതയാം

കൂട്ടുവാനും സാദ്ധ്യമല്ല ഹനുസ്രംസമതായ് വരും 31
ജിഹ്വാസ്തംഭം വരുന്നേരം ഊണും പറക മുട്ടീടും
കനത്തതു ചുമക്കൂലും കടുത്തതു കടിക്കിലും 32
താടി കോടീട്ടു പോയീടും ഉരിയാടരുതാതയാം
തുപ്പുന്നതു വിലങ്ങിപ്പോം അർദ്ദിതത്തിന്റെ ലക്ഷണം 33
വീഴ്കയോ പിന്നെ ഏതാനും ഹേതുവുണ്ടായിതെങ്കിലോ
പാതിയങ്ങു തളർന്നീടും ദേഹവും ഞോള ചാടിടും 34
പക്ഷാഘാതമതെന്നല്ലോ ചൊല്ലീടുന്നു ഭിഷക്കുകൾ
സർവാംഗം തളരുന്നേരം ചൊല്ലാം സർവാംഗമെന്നു പേർ 35
കൈകളങ്ങു തളർന്നീടിൽ അപബാഹുകമെന്നു പേർ
കൈപ്പടത്തെത്തിരിച്ചീടും ഞരമ്പുകൾ വലിച്ചതു 36
വിശ്വഭിത്തെന്നു ചൊല്ലുന്നു ഗൃദ്ധ്രസിയ്ക്കവ വീക്കമാം
ഈവണ്ണം തന്നെ ഖലിക്കും ഖഞ്ജനത്തിനു കാലിലാം 37
രണ്ടു കാലും മുടക്കീടും പംഗുവിന്നുള്ളലക്ഷണം
കളായഖഞ്ജനും പിന്നെ ദേഹം നന്നായ് വിറച്ചിടും 38
മുടന്തീട്ടു നടന്നീടും ഊരുസ്തംഭത്തിനെങ്കിലോ
തുട രണ്ടും തളർന്നീടും കാലിന്റെ മുട്ടു വീങ്ങുകിൽ 39
ക്രോഷ്ടുശീർഷം കഴയ്ക്കെങ്കിൽ പാദകണ്ടകമെന്നു പേർ
പാദം തരിച്ചു പോയിടും പാദഹർഷസ്യ ലക്ഷണം 40
ഉള്ളങ്കാലു ചുടുന്നേരം പാദദാഹമതിന്നു പേർ
വാതങ്ങളെൺപതിൽ പാരം പ്രധാനങ്ങളിതൊക്കെയും 41
പിന്നെയുണ്ടു ധനുഷ്കമ്പം എന്നു പേരതിനൊന്നിന്
ദേഹമൊക്കെത്തളർന്നിട്ടു പാരമങ്ങു വിറച്ചിടും 42
അസാദ്ധ്യമായുള്ള വാതം ചികിത്സിച്ചാൽ ഫലം വരാ
ലക്ഷണങ്ങൾ ചുരുക്കീട്ടു പറഞ്ഞിന്നിയുമുള്ളവ 43
അറിഞ്ഞു നന്നായ് ചിന്തിച്ചു ചെയ്തീടേണം ചികിത്സകൾ 44

*ഇതി വൈദ്യരത്നമാലികായാം വാതരോഗലക്ഷണാധികാരഃ*

## *വാതരോഗചികിത്സ*

**ദശമൂലം കഷായം (ദശമൂലകടുത്രയം കഷായം)**

കുമിഴും കുമ്പിളിൻവേരും പാതിരീമൂലവും തഥാ
പയ്യാന്തഴയുടെ വേരും മുഞ്ഞയും പിന്നെയോരിലാ 1
മൂവില വ്യാഘ്രിയും കണ്ടകാരി ഞെരിഞ്ഞിലെന്നിവ
ദശമൂലമതും പിന്നെ ആടലോടകവേരപി 2
ത്രികടു കൂട്ടി വെച്ചുള്ള കഷായം വാതനാശനം
വിലക്കം വീർപ്പുമുട്ടും പോം തേനും മേൻപൊടികൊള്ളുക 3

**ആവിത്തോലാദികഷായം**

ആവിത്തോൽ കൂവളത്തിൻ വേർ കൊടുവേലീ ച ചവ്യവും
തമിഴാമ കടുക്കായും തിപ്പലി ചുക്കുമെന്നിവ 4
കഷായം വെച്ചു സേവിക്കാം ജീരകം തത്ര മേൻപൊടി
വാതമെല്ലാം ശമിച്ചീടും അഗ്നിവർദ്ധനയും വരും 5
കുറുന്തോട്ടിദ്വയം ചുക്കും കഷായം വെച്ചുകൊണ്ടതിൽ
ആവണക്കെണ്ണയും ചേർത്തു സേവിപ്പൂ വാതശാന്തയേ 6

**ബലാത്രയകഷായം**

ബലാത്രയ കഷായത്തെ പറയാമെങ്കിലിന്നു ഞാൻ
ഊരത്തിൻവേർ കുറുന്തോട്ടി കരിംകുറിഞ്ഞിമൂലവും 7
ആവണക്കു ശതാവരിക്കിഴങ്ങമൃതെന്നിവ

കഴഞ്ചോരോന്നു കൊണ്ടീടു കഴഞ്ചഞ്ചു ബലാ തഥാ 8
കഷായം ക്ഷീരബലായെണ്ണ മേൻപൊടി കണ്ടുകൊള്ളുക
ഊരുസ്തംഭത്തിന്നിതേറ്റം നന്നു വാത്തിനും ഗുണം 9

**ഗന്ധർവഹസ്താദികഷായം**

ക്വാഥം ഗന്ധർവ്വഹസ്താദി എല്ലാവാതത്തിനുംഗുണം 10
ഗന്ധർവ്വഹസ്തചിരുവില്വഹുതാശവിശ്വ-
പഥ്യാപുനർന്നവയവാഷകഭൂമിതാലൈഃ
ക്വാഥം സസൈന്ധവഗുളം പവനസ്യ ശാന്ത്യൈ
വഹ്നേർബലായ രുചയേ മലശോധനായ 11

ആവണക്കിൻവേർ ആവിത്തൊലി കൊടുവേലി ചുക്ക് കടുക്കാ തമിഴാമ കൊടുത്തൂവ നിലപ്പനക്കിഴങ്ങ് ഇവ കഷായം. ഇന്തുപ്പും ശർക്കരയും മേൻപൊടി.

വാതങ്ങളെ ശമിപ്പിക്കും വിദാര്യാദികഷായവും
വിദാര്യാദിഘൃതഞ്ചൈവ വിദാര്യാദിയവാഗുവും 12
വിദാര്യാദി പറഞ്ഞല്ലോ മുമ്പിൽ കാസചികിത്സകേ
ക്വാഥം സഹചരാദിശ്ച സേവ്യഃ ക്ഷീരബലാന്വിതഃ 13

സഹചരാദികഷായം ക്ഷീരബലയെണ്ണ മേമ്പൊടിയായ്ക്കുടിക്ക .

**സഹചരാദികഷായം**

സഹചരം സുരദാരു സനാഗരം
ക്വാഥിതമംഭസി തൈലവിമിശ്രിതം
പവനപീഡിതദേഹഗതി പിബൻ
ദ്രുതവിളംബിതഗോ ഭവതീച്ഛയാ 14

കരിംകുറിഞ്ഞിവേർ ദേവതാരം ചുക്ക് ഇവ കഷായം. എണ്ണ മേൻപൊടി.

പിന്നെ ക്ഷീരബലാതൈലം തേക്ക സേവിക്കയും ഗുണം
കഷായം വസ്തിയും നന്ന് സ്നേഹവസ്തിയുമുത്തമം 15

**കാർപ്പാസാസ്ഥ്യാദിഎണ്ണ**

കാർപ്പാസാസ്ഥ്യാദിയെണ്ണയ്ക്കു പരുത്തിക്കുരു ഖല്വവും
കുറുന്തോട്ടിയുടെ വേരും ഉഴുന്നിവ കഷായമായ് 16
പാലുമെണ്ണ സമം ചേർത്തു കല്ക്കത്തിന്നു പറഞ്ഞിടാം
ദേവതാരം കുറുന്തോട്ടി അരത്ത ചതകുപ്പയും 17
കടുകും തിപ്പലീമൂലം വർഷാഭൂ ചവ്യവേർത്തൊലി
ഇവ നന്നായരച്ചിട്ടു ചേർത്തു കാച്ചീട്ടു തേക്കുക 18

**ചതുസ്നേഹം**

പരുത്തിക്കുരുവും നല്ല പഴതായ കുലസ്ഥവും
ഉഴുന്നെന്നിവയോരോന്നു കൂട്ടി നന്നാലിടങ്കഴി 19
ആവണക്കിനുടെ വേരും കുറുന്തോട്ടിയുമെന്നിവ
കൂട്ടിവെച്ച കഷായത്തിൽ നാലിടങ്കഴി കാടിയും 20
കൂട്ടിക്കുറുക്കി നാലൊന്നാക്കീട്ടതിൽ പിന്നെയെണ്ണനെയ്
ആവണക്കെണ്ണ തേങ്ങാനെയ് ഇവ നാലും സമങ്ങളായ് 21
പരുത്തിക്കുരു ഇന്തുപ്പും ദേവതാരമരത്തയും
കുലസ്ഥമപി കല്ക്കം കൊണ്ടിരട്ടിപ്പാലുമായ് പചേൽ 22
എല്ലാ വാതത്തിനും നന്നിച്ചതുസ്നേഹം വിശേഷതഃ
വിശ്വഭിൽഗൃധ്രസിക്കും നന്നേറ്റം നന്നപബാഹുകേ 23

**ക്ഷീരബല**

ചൊല്ലാം ക്ഷീരബലാതൈലം കുറുന്തോട്ടീടെ വേരത്
പലം വിംശതി കൊണ്ടീടു കഷായത്തിനു വെള്ളവും 24
ഇടങ്ങഴി പതിനാറാക്കൂ നാലൊന്നായാലരിച്ചതിൽ
പാലിടങ്ങഴി ചേർത്തിട്ടു കുറുന്തോട്ടീടെ വേരത് 25
പലം രണ്ടതരച്ചിട്ടു കൽക്കമിട്ടതു കാച്ചിയാൽ
മെഴുകായ പതത്തിങ്കൽ അരിച്ചിട്ടതു സേവയേൽ 26

സർവവാതം(ആഢ്യവാതം) ശമിച്ചീടും അതിനാലെന്നു നിർണ്ണയം

**ചിഞ്ചാദിഎണ്ണ**

പുളിവേർതന്നിലെത്തോലും തലനീളി സമൂലവും 27
നീർമാതളമതിൻ തോലും ഇലക്കള്ളീടെ മൂലവും
കരിനൊച്ചി എരിക്കിൻ വേർ താമരയ്ക്കുള്ള മൂലവും 28
കഷായം വെച്ചതിൽ പിന്നെ എണ്ണപാലും പകർന്നുടൻ
കടുക്കായും ദേവതാരം ഇന്തുപ്പും ചുക്കുമെന്നിവ 29
മുരിങ്ങവേർത്തൊലിയും കൂട്ടിക്കാച്ചിക്കൊണ്ടു കുടിക്കണം
ചിഞ്ചാദിയെണ്ണ വാതഘ്നം ഇതു സർവത്ര പൂജിതം 30

**ചിഞ്ചാദികുഴമ്പ്**

ഇക്കഷായത്തിൽ മേൽക്കെണ്ണ കാച്ചുവാനും പറഞ്ഞിടാം
കുറുന്തോട്ടിയുടെ മൂലം പാൽവള്ളീ ച നിലപ്പന 31
നന്നാറിയെന്നിവറ്റിന്റെ കിഴങ്ങുകൾ കൊഴുപ്പയും
മുത്തങ്ങാ കറുകാ തെച്ചിപ്പൂവെന്നിവയൊപ്പമായ് 32
ഇടിച്ചുപിഴിയും നീരും എണ്ണനെയ് പന്നിനെയ്യതും
ആവണക്കെണ്ണ തേങ്ങാനെയ് ചേർത്തു പാലുമിരട്ടിയായ് 33
ഇരുവേലീ ച രാമച്ചം യഷ്ടി കൊട്ടഞ്ച ചന്ദനം
കല്ക്കമിട്ടതു കാച്ചീട്ടു ചിക്കണത്തിലരിച്ചിടു 34
പാത്രം തന്നിൽ പൊടിച്ചിട്ടങ്ങിടൂ ചെഞ്ചല്യവും പുനഃ
മെഴുകും കൂടെ നന്നായിട്ടരിഞ്ഞിട്ടതു കൊള്ളുക 35
പിന്നെത്തേച്ചങ്ങിരുന്നീടിൽ വാതമൊക്കെ ശമിച്ചിടും
വാതശോണിതവും തീരും ചിത്രമായ കുഴമ്പിത് 36
പന്നിനെയ്യല്ലയെന്നാകിൽ വെണ്ണകൂട്ടീട്ടുമാമിത്
തലയ്ക്കു ക്ഷീരബലതാൻ നന്നല്ലോ ത്രിഫലാദിയും 37

**ഷഡ്ധരണം**

ഏരണ്ഡഞ്ചാതിവിടയം പാഠാ കടുകുരോഹിണി
കൊന്നമഞ്ഞളിതാറിന്റെ വേരു ഷഡ്ധരണം വിദു 38
മഹൌഷധാതിവിടയം ദേവതാരം വിഴാലരി
കുടകപ്പാലയരിയും മുളകും കൂട്ടിയാലതും ഒരു 39
ഷഡ്ധരണം തന്നെ രണ്ടും വാതത്തിന്നത്ഭുതം
പ്രസാരണീതുലാക്വാഥെ എന്നതെല്ലാറ്റിനും ഗുണം 40
പുളിപ്പത്രരസേ നല്ല മുരിങ്ങത്തൊലി കല്ക്കിതം
തൈലം തേയ്ക്കിലുടൻ തീരും വാതരോഗങ്ങളെൺപതും 41
നാലിടങ്ങഴി നാരങ്ങാനീർ തൈലമൊരിടങ്ങഴി
തയിർനീർ കാടിയും കൂടെ ഒരിടങ്കഴി ചേർത്തതിൽ 42
ഇന്തുപ്പു കല്ക്കമായ് കാച്ചി തേച്ചാൽ പോം വാതമൊക്കെയും
കച്ചോലരത്തയും ചുക്കും അത്തിത്തിപ്പലി തിപ്പലി 43
പുഷ്കരത്തിനുടെ മൂലം ഇവയൊക്കെയുമൊപ്പമായ്
അരച്ചുകൂട്ടിവെച്ച നെയ്യും വാതഹരം പരം 44
ജംബീരം കരിപൂർവമായ കൊടിയും നിർഗുണ്ഡിയും പാണലും
നീലത്തൂവ പിലാവു ഞാലിയുമുടൻ കുത്തിപ്പിഴിഞ്ഞംഭസി
കല്ക്കത്തിന്നു നിശോഷണേ ചരതമായ് വേപ്പെണ്ണ തേച്ചങ്ങനെ
വേതും വെച്ചതൊഴുക്കുവോരിലണയാ വാതാമയാനാം ഗണം 45

*(നീലത്തൂവ=?കരിന്തുമ്പ, ചരതം=വാസ്തവമായിട്ടുള്ളത്, അഴക്, ശ്രദ്ധ. വേത്=പ്രസവിച്ച സ്ത്രീകളേയും രോഗികളേയും മറ്റും കുളിപ്പിക്കാനുള്ള ജലത്തിലിടുന്ന ഇലകൾ, അപ്രകാരം ഇലകളിട്ടു വേവിച്ച വെള്ളം. വേതുവെള്ളം. വേതുകൊള്ളുക, വേതുപിടിക്കുക=ആവി പുക ഇത്യാദികൊണ്ട് ശരീരം ചൂടുപിടിപ്പിക്കുക)*

**വിയർപ്പിപ്പാൻ**

നീർമാതളം കുറുന്തോട്ടി ഉമ്മത്തിലയുഴിഞ്ഞയും
പ്രസാരണ്യാവണക്ശിഗ്രുവാതക്കൊടിയുമെന്നിവ 46
വേതിട്ടതു തികഴ്ത്തീട്ട് വിയർപ്പിക്കണമേഴുനാൾ

ആവണക്കു കുറുന്തോട്ടി മുഞ്ഞക്കള്ളിയെരിക്കിവ 47
കരിനൊച്ചിയിവറ്റിന്റെ ഇല നീർമാതളത്തില
മുരിങ്ങാത്തൊലി എന്നെല്ലാം ഇടിച്ചുപൊടിചെയ്തത് 48
കുടത്തിലിട്ടു ഗോമൂത്രം കാടിയും വീഴ്ത്തിയൻപൊടെ
അടുപ്പത്തു വെച്ചു നന്നായി വാകെട്ടീട്ടു തിളച്ചത് 49
പുകച്ചാൽ വാതമെന്നുള്ളതൊക്കെയങ്ങു നശിച്ചിടും 50

**സന്ധിവീക്കത്തിന്ന്**

തേങ്ങാ ചിരച്ചു ചരതിച്ചതരച്ചു നന്നായ്
പാങ്ങായ് പുളിംകുരുവുടെ തൊലിയും വിചൂർണ്യ
തുർണ്ണം വികീര്യ പിഴിയുന്ന ഘൃതേന തേച്ചാൽ
വാങ്ങീടുമന്നരിയസന്ധിഷു വാതമെല്ലാം 51
തക്രം വീഴ്ത്തിയരച്ചു നല്ല കടുകും തുമഞ്ഞളും കള്ളിമേൽ
എത്തുന്നോരു കഴുത്തിലിട്ടു പുറമെ മണ്ണും പൊതിഞ്ഞങ്ങിനെ
ചുട്ടാദായ വെതുർത്ത കള്ളിയിലനീർ വീഴ്ത്തിക്കനം പൂശിനാൽ
അപ്പോഴെ പരിശോഷമേതി നിതരാം വീക്കഞ്ച വാതോത്ഭവം 52
ചെറുകടുകഥ ചുക്കും ദേവതാരഞ്ച പിഷ്ടാ
പുഴയരികിൽ മുളയ്ക്കും മാതളം കാഞ്ചികേന
പരിചിനൊടിവ പിഷ്ടാ വച്ചനർത്തീട്ടു തേച്ചാൽ
കെടുമുടനരിയ വീക്കം തോദവും വാതജാതം 53
ഉപ്പുകുത്തിയുടെ പത്രൈർവേതു വാതഹരം പരം
കാട്ടപ്പകൊണ്ടു വേതിട്ടാൽ കഴയ്ക്കുന്നതിളച്ചുപോം 54
അരച്ചു പൂശാം നിശയാ മോരിൽ മുക്കുടിയും ഗുണം
ഉമ്മത്തിന്നരി പാൽവീഴ്ത്തി പുഴുങ്ങിക്കൊണ്ടതരച്ചുടൻ 55
നവേന നവനീതേന പൂശിൽ വാതമൊഴിഞ്ഞുപോം
അരച്ചക്കുമിൾ തൻ വേർമേൽ തൊലി നക്തേന പൂശിനാൽ 56
കഴച്ചിലൊഴിയും സന്ധൂതളർച്ചയുമൊഴിഞ്ഞുപോം
കള്ളിക്കഴുത്തുൾ തുരന്നു കടുക്കാ കടുകെന്നിവ 57
നിറച്ചു മണ്ണുതേച്ചിട്ടു ചുട്ടു മണ്ണുകളഞ്ഞത്
കള്ളീലവാട്ടി ഞെക്കീട്ടു പിഴിഞ്ഞുള്ള രസത്തില് 58
അരച്ചതു വെതുപ്പീട്ട് തേച്ചാൽ വാതം ശമിച്ചുപോം
വീക്കത്തിന്നേറ്റവും നന്ന് ഇന്നുമൊന്നു പറഞ്ഞിടാം 59
മുരിങ്ങത്തൊലിയും ചുക്കും ലന്തക്കുരുവെന്നിവ
കാടിതന്നിലരച്ചിട്ട് വെതുമ്പിത്തേക്കയും ഗുണം 60
ഉമ്മത്തിൻകാ തുരന്നിട്ട് ഉപ്പു നന്നായ് നിറച്ചുടൻ
അടച്ചു മോരിൽ വേയിച്ചു അരച്ചാവണക്കെണ്ണയിൽ 61
കുഴച്ചിട്ടിതു തേച്ചാലും വാതം പോം വീക്കവും തഥാ

**പനിയ്ക്ക്**

വാതം വർദ്ധിച്ചു ദേഹത്തിൽ പനിയും കൂടിയെങ്കിലോ 62
എണ്ണയും നെയ് വെതുമ്പീട്ട് ധാരകൊൾകയുമുത്തമം
ഇന്ദുകാന്തഘൃതം സേവ്യം വിദാര്യാദിയതും ഗുണം 63
വിഴാലരി മുരിങ്ങേടെ കുരുവും തിപ്പലീ സമം
നസ്യം ചെയ്കിലൊഴിഞ്ഞീടും വാതം സാരമിതെത്രയും 64

**ഊരുസ്തംഭത്തിന്ന്**

ഊരുസ്തംഭത്തിന്നു ചൊല്ലാം മുമ്പേ ചെയ്യേണ്ടതാദരാൽ
എണ്ണയും നെയ്യും വെതുമ്പീട്ടങ്ങാകണ്ഠം തേച്ചിരിക്കേണം 65
തലയ്ക്കു ധാരകൊള്ളേണം പാൽകൊണ്ടഥ കുഴമ്പിടു
അതിന്റെ യോഗവും ചൊല്ലാം കുറുന്തോട്ടീടെ വേരപി 66
പാലുമൊന്നരകൊണ്ടീടു വെള്ളമിടങ്ങഴി ഒന്നര
വറ്റിച്ചിട്ടതുഴക്കാക്കി വെള്ളം വറ്റിയ വെണ്ണയിൽ 67
നന്നായുരസി മൂർദ്ധാവിൽ ഇട്ടീടുക ഗുണം തുലോം

കുറുന്തോട്ടിപ്പൊടിയും പിന്നെ മുത്തെങ്ങായമൃതൂറലും 68
കാഞ്ഞിരത്തിൻ മൊരി കൂട്ടി നെല്ലിക്കായുമരച്ചത്
ആവണക്കെണ്ണയും വെണ്ണ(ണ്ണേം)കൂട്ടി നന്നായ്കുഴമ്പിടു 69
നാല്പാമരം തൻ കുരുന്നും പൊന്നാങ്ങാണിയതും പുനഃ
നന്നാറി താമരയ്ക്കുള്ള കിഴങ്ങും സമമായിവ 70
ഇടിച്ചിട്ടു പിഴിഞ്ഞുള്ള നീരിൽ ത്രിഫലയഷ്ടിയും
കല്ക്കമിട്ടെണ്ണനെയ് കൂട്ടിക്കാച്ചിപ്പിന്നെയരിച്ചതു 71
തുടമേൽ ധാര കൊള്ളേണം ഊരുസ്തംഭം ശമിച്ചുപോം
ഗജപാദിയരച്ചിട്ട് പാലുതന്നിൽ കലക്കുക 72
കുറുക്കീട്ടു വെണ്ണകൂട്ടിച്ചാലിച്ചു തേയ്ക്കയും ഗുണം
ഊരുസ്തംഭമൊഴിഞ്ഞീടാൻ ഇന്നിയൊന്നു പറഞ്ഞീടാം 73
കാഞ്ഞിരത്തിനുടെ വേരും ചന്ദനം പാലുതന്നില്
അരച്ചു വെണ്ണയും മുൽഗക്വാഥവും കൂട്ടി യോജയേൽ 74
തേക്കേണം പിന്നെയെന്നാകിൽ ഊരുസ്തം ഭംശമിച്ചുപോം 75
പുങ്ങിൻതോൽ കതിരോനമുക്കുരവുമക്കാർത്തോട്ടി സിദ്ധാർത്ഥവും
തിണ്ണം ചുക്കു മുരിങ്ങ ദേവതരുവും പിഷ്ട്വാഥ കാഞ്ച്യാം ഗവാം
പൊങ്ങും മൂത്രമതും ചൊരിഞ്ഞു ശനകൈ പക്ത്വാഥ പൂശീടിനാൽ
വീങ്ങിച്ചീർത്തുവിറയ്ക്കുമൂരുയുഗളസ്തംഭം വിനാശം വ്രജൽ 76
വേങ്ങക്കാതൽ കരിങ്ങാലി എരിക്കിൻവേരു ചുണ്ടവേർ
മുത്തങ്ങായിവയും വാതക്കൊടിയെന്നയിവറ്റിലെ 77
രസത്തിൽ സിദ്ധമാം തൈലം ഊരുസ്തംഭവിനാശനം
ഇതിന്നുഗ്രങ്ങളായുള്ള കിഴി വേതെണ്ണയെന്നിവ 78
കൊള്ളാം സ്നിഗ്ദ്ധങ്ങളായുള്ളതൊന്നും കൊള്ളരുതൊട്ടുമേ

**ഹനുസ്രംസത്തിന്ന്**

വാ പിളർന്നാൽ മുറുക്കീടാൻ വശമില്ലാതിരിക്കിലോ 79
നവരക്കിഴി കാച്ചേണം ധാരകൊൾക തലയ്ക്കുടൻ
തലയിൽ ഭാരമേറ്റിട്ടു മേല്പോട്ടേക്കു തള്ളുക 80
അണ്ടിക്കുതാഴെ നോക്കീട്ടു അടിച്ചാൽ വായടുത്തിടും
വാ പിളർക്കാതെ വന്നാലും കോടിപ്പോയെന്നിരിക്കിലും 81
തലയ്ക്കു ധാരകൊള്ളേണം കാച്ചപ്ലാവില കൊണ്ടപി
താടി നന്നായ്പിടിച്ചിട്ടു താഴ്ത്തേണം നസ്യവും ഗുണം 82
ഈവകയൊക്കെയും നന്ന് തേപ്പാൻ ക്ഷീരബലാമപി
ഉഴുന്നിന്റെ കഷായത്തിൽ കാടിചേർത്തെണ്ണയും തഥാ 83
ഇന്തുപ്പു കല്ക്കമിട്ടിട്ടു കാച്ചിത്തേക്കിലുമഞ്ജസാ
ആവണക്കെണ്ണയും നെയ്യും എണ്ണയും കൂട്ടിയങ്ങതു 84
വെതുമ്പി മഞ്ഞളും പിന്നെ ഇന്തുപ്പും ചെഞ്ചലീയവും
പൊടിച്ചിട്ടു കുഴമ്പാക്കി മേൽതേച്ചിട്ടങ്ങിരിക്കണം 85
കുഴവാതം ശമിച്ചീടാൻ എത്രയും നന്നിതൌഷധം
ദണ്ഡമേറുന്നിടത്തൊക്കെത്തിനങ്കിഴിതിരുമ്മുക 86
ആരനാളത്തിലും കൊള്ളാം പാലിലെങ്കിലുമാമതു
പിന്നെ നന്നായി വേതിട്ടു വെള്ളം വെച്ചു കുളിക്കണം 87
തൈലം ദശാവർത്തനവും പഞ്ചാവർത്തനവും ഗുണം
വിയർപ്പിക്കഗുണം തന്നെ ഏഴുനാൾ വേണമിങ്ങിനെ 88
വിയർപ്പിക്കും പ്രകാരങ്ങൾ ഉണ്ടു വൃദ്ധിചികിത്സയിൽ
കിഴികാച്ചിയിരുത്തീട്ടു വിയർപ്പിക്കയുമുത്തമം 89
വേതിന്നുള്ളമരുന്നെല്ലാം ഉണക്കിപ്പൊടിചെയ്തതു
കിഴിയായ്ക്കെട്ടിയേരണ്ഡം തിലമോടലിവറ്റിലെ 90
തൈലങ്ങളൊപ്പമായ് ചേർത്തു കിഴികാച്ചുകയും ഗുണം

*(തിലം, ഓടൽ ഇവറ്റിലെ തൈലം)*

**കിഴിയുണ്ടാക്കുവാൻ**

കിഴിക്കു ചാമ നവിര തിനയും കദളിപ്പഴം 91
വേകിപ്പാൻ കാടിനീർ പാലും ഉഴിഞ്ഞയ്ക്കുളള നീരുമാം
സ്നിഗ്ദ്ധമായുള്ള മാംസങ്ങൾ പുളിയുള്ള ഫലങ്ങളും 92
വാതമുള്ള ജനത്തിന്നു കൂട്ടാമിന്തുപ്പുപാലുനെയ്
പിന്നെ ബലാഗുളുച്യാദി പ്രഭഞ്ജനവിമർദ്ദനം 93
ഈയെണ്ണ തേയ്ക്ക സേവിക്ക നസ്യം വസ്തിപിടിക്കയും
വിധിച്ചവണ്ണം ചെയ്തീടിൽ ഓടും വാതങ്ങളെൺപതും 94
പുളിയഞ്ചു ചതച്ചിട്ടു നിര്യൂഹംകൊണ്ടൊഴുക്കുക
അതുകൊണ്ടുള്ള വേതും നന്നധികം വാതകോപജിൽ 95
അടയ്ക്കാമണിയൻ കായം ഇന്തുപ്പും മുളകെന്നിവ
മോരിൽ പുഴുങ്ങിവെയ്ക്കുന്ന ഖളം സേവിക്കയും ഗുണം 96

**ദാഹത്തിന്ന്**

കരിങ്കുറിഞ്ഞിയും ചുക്കും കുറുന്തോട്ടിയുമിട്ടുടൻ
വെള്ളം കാച്ചിക്കൊടുക്കേണം ദാഹമുണ്ടായ് വരുന്ന നാൾ 97
പരുത്തിക്കുരുവും നല്ല പഴുതായ കുലസ്ഥവും
ഉഴുന്നുമൂരവും നല്ല പാതിരിയ്ക്കുള്ള വേരപി 98
ആവണക്കിനുടെ വേരും കുറുന്തോട്ടിയുമെന്നിവ
കൂട്ടിവെച്ച കഷായത്തെ നാലൊന്നാക്കി കടുത്രയം 99
പൊടിച്ചു ചേർത്തു സേവിച്ചാൽ വാതരോഗം ശമിച്ചുപോം
ദശമൂലകഷായത്തിൽ കൽക്കം ലാക്ഷാദികൊള്ളുക 100
എണ്ണയും കരിഞ്ഞൊട്ടയ്ക്കുള്ളെണ്ണയേരണ്ഡതൈലവും
ഘൃതം സൂകരജഞ്ചൈവ സമമായ് ചേർത്തു കാച്ചുക 101
ചിക്കണത്തിലരിച്ചിട്ട് തേച്ചാൽ പോം വാതമെൺപതും
പഞ്ചാമ്ലസ്യ രസേ സിദ്ധം മുരിങ്ങത്തൊലി കല്ക്കമായ് 102
തൈലം തേക്കിലുടൻ തീരും വാതരോഗങ്ങളെൺപതും

**അപബാഹുകത്തിന്ന്**

കളളിപ്പത്രരസേ നൂറ്റിൽ തെളിഞ്ഞ ജലവും സമം 103
ഏരണ്ഡതൈലവും കൂട്ടിക്കുഴമ്പാക്കീട്ടു തേക്കണം
അപബാഹുവിനാശ്ചര്യം എല്ലാ വാതത്തിനും ഗുണം 104
മോരുവീഴ്ത്തിയരച്ചിട്ടു പൂശണം തകരക്കുരു
വാതജാലങ്ങളെല്ലാം പോം രുജയും നീങ്ങുമേ ദ്രുതം 105
ഉഴുന്നുകൊണ്ടുവച്ചുള്ള കഷായത്തിൽ തിലോത്ഭവം
ഉഴുന്നു കൽക്കമായ് കാച്ചി തേക്ക നന്നപബാഹുകേ 106
ഉഴുന്നു മഞ്ഞൾ മുതിര പരുത്തിക്കുരു നല്ലവിൽ
എരുക്കിൻവേരു താന്നിക്ക ഇവയൊക്കെ സമങ്ങളായ് 107
കാടിനീരിലരച്ചിട്ട് തേച്ചാൽ പോമപബാഹുകം

**പരിണതകേരീക്ഷീരാദിതൈലം**

വരട്ടുതേങ്ങാപ്പാൽ നല്ല നാരങ്ങാനീരുമൊപ്പമായ് 108
കൂട്ടി ഗുൽഗുലുവും മഞ്ഞൾ കല്ക്കമായ് വെച്ച തൈലവും
അപബാഹുവിനാശ്ചര്യം പെരുമുട്ടിനുമാമത് 109
ഉണ്ടാൽ ക്ഷീരബലാതൈലം നെയ്യൊന്നിവ കുടിക്കയും
ചോര നീക്കുകയും മാഷതൈലം തേക്കയുമെന്നിവ 110
അപബാഹുകവാതത്തിന്നുപദേശമിതായ് വരും

**മാഷസൈന്ധവതൈലം**

ഉഴുന്നിന്റെ കഷായത്തിൽ ആരനാളവുമൊപ്പമായ് 111
ഇന്തുപ്പും കല്ക്കമായ് സിദ്ധം തൈലം നന്നപബാഹുകെ

**കാർപ്പാസാസ്ഥ്യാദിതൈലം**

കാർപ്പാസാസ്ഥി കുറുന്തോട്ടി കുലസ്ഥവുമുഴുന്നുമായ് 112
വെച്ചുണ്ടായ കഷായത്തിൽ മുരിങ്ങത്തൊലി കൊട്ടവും

തമിഴാമയതും ചുക്കും കൊടുവേലിയുമുള്ളിയും 113
കല്ക്കമായെണ്ണയും നല്ല തേങ്ങാപ്പാലും സമങ്ങളായ്
കാച്ചീട്ടായെണ്ണ തേക്കുമ്പോൾ അപബാഹു ശമിച്ചുപോം 114

*(സഹസ്രയോഗത്തിലെക്കാളും കൽക്കത്തിന്റെ മരുന്നുകൾ കുറവ്)*

മാഷം കുലത്ഥൈഃ പിഷ്ടൈഃ
സൌവീരേണ യുഗപാദാലിമ്പേൽ
അപബാഹുമനുദിവസം
സപ്തദിനം കാർപ്പാസസംയുക്തം 115
ലികുചരസം സ്നുക്പയസാ യുക്തം സമേതഭൂനാഗം
സിദ്ധതൈലം ലേപാൽ ദുഷ്ക്കരമപബാഹുകം ഹന്തി 116

ഉഴുന്നും മുതിരയും ലന്തക്കുരുവും പരുത്തിക്കുരുവും കൂട്ടിയരച്ചു ഏഴുനാളു മുടങ്ങാതെ തേയ്ക്ക. ചെറുനാരങ്ങനീരും കളളിപ്പാലും ഭൂനാഗവും കൂട്ടിക്കാച്ചിയ തൈലം അസാദ്ധ്യമായ അപബാഹുകത്തിനും നന്ന്.

**പക്ഷഘാതത്തിന്ന്**

പഞ്ചാമ്ലതൈലവും കൊള്ളാം മാഷതൈലാപബാഹുകെ
പക്ഷഘാതവതാം നൃണാം ഗുണമേറ്റം വിരേചനം 117
വിയർപ്പിക്കയുമാവോളം ബലാതൈലേന വസ്തിയും

**മാഷതൈലം**

നാലിടങ്ങഴിവെള്ളത്തിൽ ഉഴുന്നാലൊരിടങ്കഴി 118
ചേർത്തുവച്ച കഷായത്തിൽ നാലിടങ്കഴി പാലുമായ്
ചതകുപ്പയുമിന്തുപ്പും ജീവനീയങ്ങളൊക്കെയും 119
അരത്ത നായ്ക്കുരണവേർ മധുകഞ്ച കടുത്രയം
ഇവകല്ക്കങ്ങളായ് തൈലം പ്രസ്ഥം നന്നായ് പചിച്ചത് 120
തേയ്ക്കേണമതു നന്നായി പക്ഷാഘാതത്തിനത്ഭുതം
വിശ്വചിത്തർദ്ദിതഞ്ചൈവ കർണ്ണശൂലാപബാഹുകം 121
പാരമായ്തലയും കയ്യും വിറയ്ക്കുന്നതിനും ഗുണം

*(മാഷപ്രസ്ഥം സമാവാപ്യ.... എന്ന സഹസ്രയോഗത്തിലെ മാഷാദിതൈലവുമായി സാമ്യം. ഇവിടെയും കല്ക്കം എണ്ണം കുറവുതന്നെ)*

**വിശ്വചിൽ, ഗൃദ്ധ്രസീ, ഖല്ലി എന്നിവയ്ക്ക്**

വിശ്വചിൽ ഗ്രദ്ധ്രസീ ഖല്ലി എന്നീ വാതങ്ങൾ മൂന്നിനും 122
നന്നായിച്ചോര നീക്കീട്ട് എണ്ണ തേച്ചാൽ ശമിച്ചുപോം
വിദാര്യാദിഘൃതഞ്ചൈവ വിദാര്യാദികഷായവും 123
സേവിക്ക പക്ഷാഘാതത്തിന്നിതു രണ്ടും ഗുണം തുലോം

**ബോധക്കേടിന്**

പക്ഷാഘാതം കൊണ്ട് ബോധം കെട്ടുപോയെന്നിരിക്കിലോ 124
പൊന്നാങ്ങാണിയരച്ചിട്ടു മുലപ്പാൽ വെണ്ണയും സമം
കൂട്ടിയങ്ങുരസിപ്പിന്നെ മൂർദ്ധാവിങ്കൽ തലോടുക 125
ചെറുതാം പഞ്ചമൂലം കൊണ്ടുണ്ടാക്കുന്ന കഷായവും
സേവിക്കാമക്ഷീരബല എണ്ണ മേമ്പൊടി കൊള്ളുക 126
ഊരത്തിൻ വേർ കുറുന്തോട്ടിവേരും കൂട്ടിക്കഷായമായ്
വച്ചുകൊണ്ടഥ പാൽ വീഴ്ത്തി നവിരക്കിഴി കാച്ചുക 127
ധാന്വന്തരഘൃതം സേവിച്ചീടിലെതെത്രയുമുത്തമം
പക്ഷാഘാതംശമിച്ചീടും ഇതിനാലെന്നു നിർണ്ണയം 128
അഞ്ചാറേഴുദിനങ്ങൾ കാടിസഹിതാൽ പഞ്ചാമ്ലപക്വാദ്രസാൽ
അഞ്ചാതെ പുകയേറ്റു പക്ഷഹതിയിൽ സ്നിഗ്ദ്ധം വിയർപ്പിക്ക മെയ്
തൻചൊൽവാക്കിനു ചെറ്റുണർച്ച കുറകിൽ കല്പിക്ക നസ്യക്രിയാം
സിഞ്ചേദ് വാ യമകേന മെയ്യിലൊരുപക്ഷം തത്ര പക്ഷാമയേ 129

**നാവുകൊഞ്ഞിക്കുന്നതിന്ന്**

നാക്കൊഞ്ഞിച്ചുരുയാടുവാനിടറുകിൽ സ്നിഗ്ദ്ധോ ഭജേൽ പാൽപൂകാം
പാൽക്കഞ്ഞിം ബലയാ കുടിപ്പിതു ബലാക്വാഥം പിബേൽ പാലുമായ്

ഏൽക്കും ക്ഷീരബലാം കുടിക്കിലിതു താൻ നസ്യന്തു വായ്ക്കൊൾവിദം
മേൽക്കും ധാരയിടുക നിർത്തുകുപരി ത്രൈമിശ്രകാദ്യെണ്ണയും 130

*(ഉപരി=ശിരസ്സിൽ)*

**ജിഹ്വസ്തംഭത്തിന്ന്**

ജിഹ്വസ്തംഭേന വാക്കിന്ന് പ്രതിഹതിവരികിൽ തത്ര വാതാൽ ചികിത്സാം
ഒക്കെച്ചെയ്കസ്തു ച ക്ഷീരബല ശിരസി തേപ്പാൻ കവിൾക്കൊള്ളുവാനും
(ഒക്കെച്ചെയ്ക ചതുക്ഷീരേ ശിരസിത്തേപ്പാൻ കവിൾകൊള്ളുവാനും)
അഗ്രേ നസ്യപ്രയോഗം കുരുത തലയിൽ വാ നിർത്തുമാറാവിതക്കെത-
ക്യാദിം വാ കവിൾകൊള്ളുക തിലരുഹമേൽച്ചൊന്നപി സ്നഹധാരാ 131
മാറത്തോടു കഴുത്തിനോടു നവിരച്ചോർകൊണ്ടു സംസ്വേദയേൽ
കൂറൊത്തെണ്ണയുമങ്ങൂ നെയ്യുമതിനാൽ വാ ധാരാ തത്രാചരേൽ
തേറിപ്പാല്പുകയേക്ക വസ്തിമുരസാപീച്ഛന്തി ജിഹ്വാമയാൽ
ഗീരൊട്ടും തിരിയായ്കിലാപിബതു തേങ്ങാവാരി രാസ്നാദിതാൻ 132

*(തേങ്ങാവാരി=?വെളിച്ചെണ്ണ)*

കോരണ്ഡഞ്ച കുറുന്തോട്ടി മുരടും ചുക്കും കഷായം പിബേൽ
ക്ഷീരം ചേർത്തു തരിക്കിലും കടകിലും മേൽക്കൂടവാതാമയാൽ
ഗീരും നേർ വരുമെന്നു ചൊൽക രസനാസ്തംഭേ ഭവേന്നസ്യവും
ക്ഷീരം ചേർത്തു ബലാസിതാമധുകരാസ്നാസിദ്ധതൈലാജ്യതഃ 133

**ആയാമങ്ങൾക്കു**

ബാഹ്യാന്തരങ്ങളായുള്ള ആയാമങ്ങൾക്കു രണ്ടിനും
അർദ്ദിതത്തുങ്കലെപ്പോലെ ചെയ്തുകൊൾക ചികിത്സകൾ 134

**അന്തരായാമത്തിന്ന്**

അസാദ്ധ്യമന്തരായാമം എന്നാലും പിന്നെ മെല്ലവെ
പ്രയോഗിക്കേണമോരോന്നെ സ്നിഗ്ദ്ധമാമൌഷധം മുഹുഃ 135
ഊരം കേതകിതൻ മൂലം ഇവറ്റിൻ ബഹുളേ രസേ
വളരെക്കാടിയും വീഴ്ത്തി പചിച്ചുള്ള തിലോത്ഭവം 136
തേക്കാം കുടിക്കാമെന്നാൽ പോം കഴപ്പും കുഴവാതവും
ഇതുകൊണ്ടു കഷായം വച്ചതിലീയെണ്ണ മേൻപൊടി 137
കൂട്ടിസ്സേവിക്കിലും പോകും കഴപ്പും കുഴവാതവും
ആവണക്കെണ്ണ നൈ തൈലം ഇവ നാഴിശ്ശെ കൊണ്ടതിൽ 138
പഴുക്കാ നല്ലയുമ്മത്തിൻ കായും കുത്തിപ്പിഴിഞ്ഞുടൻ
ഉണക്കലരിഭർജ്ജിച്ചു പൊടിച്ചിട്ടതരപ്പലം 139
തദ്വച്ചെഞ്ചല്യചൂർണ്ണഞ്ച കൂട്ടിച്ചാലിച്ചുകൊണ്ടുടൻ
ദേഹത്തേലൊക്കെയുംതേക്കാം തലയിൽ തേക്കതൈലവും 140
എന്നാൽ വാതങ്ങളൊക്കെപ്പോം രഹസ്യം ഭിഷജാമിദം 141

*(ഭർജിച്ചു=പൊടിച്ചിട്ട്. പഴുക്ക=പഴുക്കടയ്ക്കയുടെ തൊലി)*

**നടുവഴങ്ങാത്തവാതത്തിന്ന്**

മതിരംപുളിമേലേത്തോൽ
വരളച്ചുട്ടിട്ടെടുത്ത തിരുനീർ
വടകൻപുളിനാരങ്ങാനീരിൽ
തേപ്പൂ തലയ്ക്കു തൈലഞ്ച 142
വടുകൻപുളിനാരങ്ങ മോരുവീത്തിപ്പുഴുങ്ങിയാൽ
ദീപ്യം ചുക്കുമരച്ചു കൂട്ടിയരച്ചൂറവെച്ചുണ്ടാകും
ഖളഞ്ച ദിവസമുഖേ സേവിപ്പൂ വാതഹരം 143
നടുവഴങ്ങാത വാതമുടനേ പോം
വെള്ളെരുക്കു സമൂലം വെച്ചുണ്ടായുള്ള കഷായകേ
പചിച്ചു തൈലം തേച്ചീടിൽ  കുഴവാതം ശമിച്ചുപോം 144

**അർദ്ദിതത്തിന്ന്**

അർദ്ദിതേ ക്ഷീരബലയാ നസ്യം ചെയ്തിട്ടു വെണ്ണയിൽ
ജീരകം മേൻപൊടി കൂട്ടി നന്നായ് ചാലിച്ചുകൊണ്ടതു 145

കുളുർക്കത്തേക്ക തലയിൽ മുഖത്തും തേയ്ക്കണം തഥാ
പിന്നെ ക്ഷീരബലാതൈലം നിർത്തു തലയിലൊന്നര 146
അതിന്നു ചിങ്ങവാഴേടെ ഇല ചുറ്റീട്ടു മെല്ലവേ
ഉഴുന്നുകൊണ്ടിടയടച്ചങ്ങനെ നിർത്തുകിൽ ഗുണം 147
മൂന്നു നാഴിക നേരം താൻ അഞ്ചു നാഴികയെങ്കിലും
ചകരിപ്പൊടികൊണ്ടാശു മൊഴുക്കു കളവൂ പുനഃ 148
അർദ്ദിതരോഗിയേഴു നാളേ വെള്ളം തട്ടരുതെന്നർത്ഥം.

തലനോവേറെയുണ്ടെങ്കിൽ ബലാധാത്ര്യാദിനിർത്തുക
അതിന്നിരട്ടിമധുരം ചുക്കുമേറ്റീട്ടു കാച്ചണം 149
കണ്ണിന്നു ദണ്ഡമുണ്ടെങ്കിൽ ആയെണ്ണെടെ കഷായകേ
മധുകം ഷോഡശപലം ചേർക്ക കൽക്കത്തിനെ പലം 150
മഞ്ജിഷ്ടാദിയിടേതൊക്കെ കൂട്ടിക്കൊണ്ടിട്ടു കാച്ചണം

**രാസ്നാദിതൈലം**

അരത്ത ദശമൂലഞ്ച മധുകം മധുരാഷ്ടകം 151
കുറുന്തോട്ടി കടുക്കായും നാലിരട്ടിച്ചു പാലുമായ്
എണ്ണ കാച്ചിക്കുടിക്കേണം അതു തേപ്പാനുമത്ഭുതം 152
കൊള്ളാം കിഴി തിരുമ്മുമ്പോൾ തേപ്പാൻ നസ്യത്തിനും ഗുണം
കിഴി കാച്ചുവതിന്നങ്ങു തൈലം ക്ഷീരബലാഭിധം 153
അതു തേച്ചിട്ടു കുത്തേണം ചിറി നേർവരുവോളവും
ദശമൂലം കഷായത്തിൽ പാലുവീഴ്ത്തിട്ടു കാച്ചിയാൽ 154
ഉറവീഴ്ത്തിക്കടഞ്ഞുണ്ടാം വെണ്ണ തേക്കയുമുത്തമം
ചോര നീക്കുകയും നന്നു നന്നു വസ്തിപിടിക്കയും 155
പാനേ/ർദ്ദിതേ ക്ഷീരബലാ നന്നു ശുദ്ധബലാ തഥാ
നന്നു ധാന്വന്തരം തൈലം ഘൃതവും ഗുണമായ്വരും 156

**ധാന്വന്തരംഎണ്ണ**

കുറുന്തോട്ടിയുടെ വേരും ചതുവിംശൽ പലം പുനഃ
ദശമൂലവുമോരോരോ പലം മുതിര കോലവും 157
നാഴിനാഴിശ്ശകൊള്ളേണം കഷായം വച്ചുകൊണ്ടിടാൻ
വെള്ളമിടങ്ങഴി ദ്വാത്രിംശൽ പിന്നെ നന്നായ്ക്കുറുക്കുക 158
എട്ടൊന്നു ശേഷമാക്കീട്ടു എണ്ണ നാനാഴി കൂട്ടുക
വേണം നാഴി യവം മുൻപിൽ പറഞ്ഞില്ല മറന്നുപോയ് 159
പാലിടങ്ങഴിയാറാക്കു കല്ക്കത്തിന്നു പറഞ്ഞിടാം
മേദ രണ്ടും ദേവതാരം മഞ്ചട്ടിപ്പൊടി ചന്ദനം 160
നന്നാറി തകരംപിന്നെ ജീവകഞ്ചയിടാവകം
ഇന്തുപ്പും ചതകുപ്പാ ച ത്രിഫലാ ച നറുമ്പയൻ 161
തഴുതാമയുടെ വേരും അകിലും കന്മദം പുനഃ
വയമ്പകിലുഴുന്നെഷ്ടി ഏലം പച്ചില മുൽഗവും 162
നാഗപ്പൂവിലവർഗത്തോൽ ഉലുവായിവ കിൽക്കമായ്
മെല്ലെത്തീയിട്ടു വെന്തിട്ടു കാച്ചിക്കൊണ്ടതരിക്കണം 163
പാകം മെഴുകതായീടും തൈലം സേവിച്ചുകൊള്ളുക
അശീതി വാതരോഗങ്ങൾ ശമിക്കുമിതു നിർണ്ണയം 164
പ്രസവിച്ച ജനങ്ങൾക്കു നന്നു ബാലജനത്തിനും
മർമ്മക്ഷോഭത്തിനും കൊള്ളാം അസ്ഥിസ്രാവത്തിനുത്തമം 165
ദേഹം ക്ഷയിക്കയും ഗുന്മജ്വരം ബുദ്ധിഭ്രമം തഥാ
വൃദ്ധിയും യോനിരോഗഞ്ച മൂത്രം ചൂടെന്നിതൊക്കെയും 166
ശമിക്കും ദാഹവും മോഹം ധാന്വന്തരമിതായത്

**വെപ്പുകാടി**

കാടിതന്നിലിരുത്തീടും പ്രകാരം പറയാമിനി 167
അവിലും മലരും മുൽഗം അരിയും പത്തിടങ്ങഴി
അയമോദകവും പിന്നെ തിനയും വരകിന്റരി 168

നന്നായിട്ടു വെളുപ്പിച്ച ഇവ ഈരണ്ടിടങ്ങഴി
ചോനനാരങ്ങയും പിന്നെ നാല്പതല്ലോ ജലം പുനഃ 169
ഇടങ്കഴി ഇരുന്നൂറല്ലോ കാച്ചിവേണമുറച്ചിടാൻ
വായ്കെട്ടിയുമിട്ടിട്ടു ചുറ്റുംതീയിട്ടെരിക്കണം 170
എട്ടാം ദിനമെടുത്തെന്നാൽ പുളിച്ചിട്ടങ്ങിരുന്നിടും
കാടിയെന്നു ചൊല്ലീടും ഇവറ്റാലൊട്ടെടുത്തുന്‍ 171
അത്രവെള്ളം കാച്ചിവീഴ്ത്തു അതിൽ പിന്നെയനന്തരം
വേറെ പാത്രത്തിൽ വീഴ്ത്തിട്ടു രോഗിതന്നെയുമാദരാൽ 172
എണ്ണയും നെയ്യുമായ് തേച്ചു കാടിതന്നിലിരുത്തുക
ശരീരമൊക്കെ വിയർപ്പോളം തളരും മുമ്പു കേറ്റുക 173
ദേഹം മൃദുത്വമായെന്നാൽ സ്വേദത്തിംകേന്നു മാറ്റണം

**സ്വേദവിധി**

സ്വേദം നാലുവിധം ചൊല്ലും അവഗാഹോപനാഹവും 174
ഊഷ്മാഹദ്രവവും നാലു വിധമുണ്ടെന്നറിഞ്ഞിടു
സ്വേദമേറീട്ടു പോയെന്നാൽ രക്തപിത്താദിദോഷമാം 175
വാതങ്ങൾക്കൊക്കെയും നന്ന് ഇതിൽ കിഴി തിരുമ്മിടാം

**ഏരണ്ഡതൈലം**

ഏരണ്ഡതൈലമുണ്ടാക്കും പ്രകാരം പറയാമിനി 176
തുലാമുള്ളി കഷായം വച്ചതിലാഢകമാവണ-
ക്കെണ്ണ വീഴ്ത്തിപ്പറഞ്ഞിടാം കൽക്കം ത്രിഫല കായവും 177
ത്രികടു നാഗദന്തീടെ വേരിന്തുപ്പു വഹ്നിയും
തുവർച്ചില ചവർക്കാരം അജമോജം വിഴാലരി 178
അത്തിത്തിപ്പലിയെന്നെല്ലാം പലമോരോന്നു കൂട്ടണം
ത്രികോല്പക്കൊന്നയാറല്ലോ പലം ചേർത്തിട്ടു കാച്ചുക 179
വാതവൃദ്ധിശ്ച ഗുന്മഞ്ച പിന്നെയഷ്ഠീല പ്ലീഹയും
അഗ്നിമാന്ദ്യഞ്ച ശൂലാ ച ശമിക്കുമിതു നിർണ്ണയം 180
തേക്ക സേവിക്കയും നന്ന് രഹസ്യമിദമുത്തമം

**ധാത്രിഗുളൂച്യാദിഎണ്ണ**

നെല്ലിക്കായമൃതും തുല്യം കഷായം വെച്ചുകൊണ്ടതിൽ 181
പാലുമെണ്ണ സമം ചേർത്തു രാമച്ചം പത്മകം തഥാ
കുറുന്തോട്ടിയുടെ മൂലം പാൽവള്ളീമൂലമെഷ്ടിയും 182
കാർകോലരിയും പിന്നെ ചരളം നീർക്കിഴങ്ങുകൾ
തക്കോലപ്പുട്ടിൽ ജാതിക്കാ തകരം മെഴുകും പുനഃ 183
ചന്ദനം വെരുകിൻ ചട്ടം മുത്തങ്ങാ ച കർപ്പൂരവും
കച്ചോലമാര്യമുത്തെങ്ങാ ഇവയൊപ്പിച്ചുകൊണ്ടുടൻ 184
കാച്ചിപ്പിന്നെയരിച്ചിട്ടു തേച്ചാലർദ്ദിതവാതവും
ശോണിതം പാദദാഹഞ്ച ഊരുസ്തംഭം ശമിച്ചിടും 185
ധാത്രീഗുളൂച്യാദിയെന്നു നാമം വാതഹരം പരം

**ബലാശ്വഗന്ധാദിഎണ്ണ**

ബലാശ്വഗന്ധാലാക്ഷാണം ക്വാഥേ പാദാവശേഷിതേ 186
തൈലപ്രസ്ഥം പചേദ്ധീമാൻ ദധിമസ്തുചതുർഗുണേ
രാസ്നാചന്ദനമഞ്ജിഷ്ഠദൂർവ്വാമധുകചോരകൈ 187
ശാരിബോശീരജലദകുഷ്ഠാഗരുസുരദ്രുമൈഃ
ഹരിദ്രാ കുമുദം കൌന്തീ ശതാഹ്വാപത്മകേസരൈഃ 188
കൽക്കൈരേഭിഃ സുസംയുക്തം കാർഷികൈശ്ച സുപേഷിതൈഃ
ശനൈർമൃദ്വഗ്നിനാ പക്ത്വാ ഗാളയേൽ ഭാജനേ ശുഭേ 189
പ്രശസ്തേ തിഥിനക്ഷത്രേ തത്തൈലം ശീലയന്നേരഃ
തേന സർവജ്വരോന്മാദക്ഷയകാസാദയോ ഗദാഃ 190
നശ്യന്തി വിവിധാശ്ചൈവ വാതരോഗാനസംശയഃ
അശ്വിഭ്യാം നിർമ്മിതം തൈലം ഏതൽ പുഷ്ടികരം പരം 191

കുറുന്തോട്ടി അമുക്കുരം കോലരക്ക് ഇവ കഷായം. എണ്ണയിൽ നാന്മടങ്ങ് തൈർവെള്ളം. അരത്ത ചന്ദനം മഞ്ചട്ടിപ്പൊടി ചെറുകറുക ഇരട്ടിമധുരം കച്ചോലം നറുനീണ്ടിക്കിഴങ്ങ് രാമച്ചം മുത്തെങ്ങ കൊട്ടം അകിൽ ദേവതാരം മഞ്ഞൾ ആമ്പൽക്കിഴങ്ങ് അരേണുകം ചതകുപ്പ താമരയല്ലി ഇവ മുമ്മൂന്നു കഴഞ്ച് കൽക്കം നന്നായി അരച്ചു ചേർക്കണം. എണ്ണയിടങ്ങഴി ഒന്ന്. സാവധാനത്തിൽ തീയെരിച്ചു കാച്ചിയരിക്കണം. ജ്വരങ്ങൾ ഭ്രാന്ത് ക്ഷയം ചുമ എന്നിവയും പലപ്രകാരേണയുള്ള വാതങ്ങളും ശമിക്കും. വിശേഷാൽ പുഷ്ടികരമായുമിരിപ്പത്. സ്വവൈദ്യന്മാർ നിർമ്മിച്ചതാകുന്നു

**പെരുമുട്ടിന്**

ഉന്മത്തുംകാ തുരന്നിട്ടു തേങ്ങായൊട്ടു ചിരച്ചതിൽ
നിറച്ചടച്ചു കാടീൽ താൻ തേങ്ങാപ്പാൽ തന്നിലെങ്കിലും 192
വറ്റിച്ചുകൊണ്ടു ചെഞ്ചല്യം ഇന്തുപ്പും ചേർത്തരച്ചത്
വെണ്ണകൂട്ടി കുഴമ്പാക്കിത്തേക്കേണം പെരുമുട്ടിന് 193
നിലം ചുട്ടതിലുന്മത്തിൻ ചാറു വീഴ്ത്തീട്ടു നൂറുമായ്
ചാലിച്ചു ചെറുചൂടോടെ പൂശിനാൽ പെരുമുട്ടുപോം 194
തൈലം ബലാഗുളൂച്യാദി കുഴമ്പതിനരത്തയും
ദേവതാരം കുറുന്തോട്ടി മധുകഞ്ചാമൃതം സമം 195
പാലിൽ വേകിച്ചരച്ചിട്ടു കുഴമ്പാക്കീട്ടു തേക്കയും 196
ഉലുവായും ചെറുകടുകും ചെഞ്ചല്യം ചിത്രവീര്യം തിലവും
മലരോടു കൂടെ നന്നായ് പൊടിച്ചു തൈലം ഘൃതഞ്ച നീർപോക്കി
വീഴ്ത്തിയരച്ചു ചമച്ച കുഴമ്പു തേച്ചാലൊഴിയും വാതം
വാതാസ്രാഞ്ച വിശേഷാൽ വീക്കം പെരികുള്ളതും ശമിച്ചുപോം. 197

*(ഉലുവായും ചെറുകടുകും ചെഞ്ചലിയം ചിത്രബീജവും തിലവും*
*മലരൊടുകൂടേ നന്നായ് പൊടിച്ചു തൈലം ഘൃതം ച നീർപോക്കി -43*
*വീഴത്തിയരച്ചു ചമയ്ക്കും കുഴമ്പു തേച്ചാലൊഴിഞ്ഞു പോം വാതം*
*വാതാസ്രഞ്ച വിശേഷാത് വീക്കം .... ചി.മഞ്ജരി വാതശോണിതം)*

**എളിയിലെ വാതത്തിന്**

നിർഗുണ്ഡീസ്വരസേ സിദ്ധം തൈലമേരണ്ഡജം പിബേൽ
എന്നാതലെളിയിലേ വാതം എളതായിട്ടിളച്ചുപോം 198
ആരനാളാഢകേയന്ന കുഴമ്പുമിതിനുത്തമം
ആവണക്കെണ്ണ സേവിച്ചു വിരേചനവുമുത്തമം 199
കരിനൊച്ചിയുടെ നീരും ആവണക്കെണ്ണയും സമം
കുടിച്ചെന്നാലൊഴിഞ്ഞീടും വാതം കടിസമാശ്രിതം 200

**ബലാപരുത്ത്യാദിതൈലം**

ബലാപരുത്തികൂർമുള്ളു പാൽവള്ളി ച തുടരിയും (ചതകുപ്പയും)
ഏരണ്ഡമൂലം നിഷ്ക്വാഥ്യ പചേത്തൈലം ബലായുതം
കടീപൃഷ്ഠാശ്രിതം വാതം അഭ്യംഗേന ശമം നയേൽ
പിബേൽ സാഹചരം തൈലം കടീപൃഷ്ഠാശ്രിതേനിലേ 201

**ഖഞ്ജപംഗുകൾക്ക്**

കരിംകുറിഞ്ഞിതൻ മൂലം കൂർമുളെളന്നിവയൊപ്പമായ്
കഷായം വച്ചു സേവിക്ക ഖഞ്ജപംഗ്വോപശാന്തയേ 202
സേവിച്ചീടാം ബലാതൈലം തേപ്പാനും നന്നിതെത്രയും 203
കൂർമുള്ളുപാൽവള്ളിബലാപരുത്തി
കർക്കന്ധുചിത്രാപടുസിദ്ധതൈലം
ജംഘോരുപൃഷ്ഠത്രികപാർശ്വസന്ധി
വാതാമയഘ്നം പരിലേപനേന 204
കാരസ്കഫലൈസ്സിദ്ധം സക്ഷീരം വാതജിൽ ഘൃതം 205
(കാഞ്ഞിരത്തിന്റെ കുരുവും പാലും കൂട്ടിക്കാച്ചിയ നെയ്യ് വാതത്തിന്ന്)

**കൊട്ടംചുക്കാദിതൈലം**

കൊട്ടംചുക്കുവയമ്പുശിഗ്രുലശൂനം കാർത്തോട്ടിദേവദ്രുമം

സിദ്ധാർത്ഥം സുവഹാമരച്ചു തിലജം ദധ്നാ ച ചിഞ്ചാരസേ
തൊട്ടാലൊട്ടു മുടക്കു തീരുമതിലും വാതം തൊടാതെ കെടും
ചിന്തിപ്പാനരുതെന്നു കേളിതു മണേർമ്മന്ത്രൌഷധീനാം ബലം 206

കൊട്ടം ചുക്ക് വയമ്പ് മുരിങ്ങവേര് ഉള്ളി കാർത്തോട്ടിവേർതൊലി ദേവതാരം വെള്ളക്കടുക് അരത്ത ഇവ കൽക്കം. എണ്ണ തയിർ വെള്ളം പുളിയിലനീരും ഈ എണ്ണ.

ധാന്വന്തരം ബലാതൈലം പാനേ വസ്തൗ ച യോജയേൽ
തൈലം സാഹചരം യോജ്യം പ്രഭഞ്ജനവിമർദ്ദനം 207

**സഹചരാദിഎണ്ണ**

കരിംകുറിഞ്ഞി സമൂലം തുലാം നന്നായിടിച്ചതും
ദശമൂലവുമവ്വണ്ണം ശതാവരീടെ മൂലവും 208
പലമമ്പതു കൊള്ളേണം കഷായം വെച്ചുകൊള്ളുവാൻ
വെള്ളമെണ്പത്തുനാലല്ലോയിടംകഴിക്കു പറഞ്ഞത് 209
കുറുക്കി നാലൊന്നാക്കിട്ടങ്ങെണ്ണപാൽ സമമായുടൻ
ചേർത്തു കൽക്കത്തിനും ചൊല്ലാം രാമച്ചം കൊട്ടമേലവും 210
തകരം ചോനകപ്പുല്ലും ഞാവൽപ്പൂവിരുവേലിയും
മഞ്ചട്ടിപ്പൊടിയും മാഞ്ചി ചന്ദനം ദേവതാരവും 211
അകിലും കന്മദം പിന്നെ ചതകുപ്പാ ച നാകുണം
കുന്തുരുക്കമതും പിന്നെ തിരുവട്ടപ്പയനെന്നിവ 212
കൽക്കമിട്ടതു കാച്ചീട്ടു തേക്ക വസ്തിപിടിക്കയും
നസ്യം ചെയ്കതും പിന്നെ സേവിച്ചീടിലുമാമത് 213
കമ്പാക്ഷേപസ്തംഭശോഷമാദിയായുള്ള വാതവും
ഗുന്മോന്മാദം യോനിരോഗം ഉന്മാദങ്ങൾ ശമിച്ചിടും 214
സഹചരാദിയായുള്ള തൈലം വാതകുലാന്തകം

**പ്രഭഞ്ജനവിമർദ്ദനം**

ആവണക്കിനുടേ മൂലം എരിക്കിൻ വേർ മുരിങ്ങവേർ
കരിംകുറിഞ്ഞിതൻ വേരും നീർമാതളമതിന്റെ വേർ 215
ദശമൂലം കുറുന്തോട്ടി തലനീളിയമുക്കുരം
നാല്പാമരമതിൻ തോലും അരത്തയുമമുക്കുരം 216
ഇവയെല്ലാം സമം കൂട്ടി കഷായം വെച്ചുകൊണ്ടുടൻ
വെച്ചൂറ്റണം വിശേഷിച്ചു ദേവതാരമരത്തയും 217
എണ്ണനെയ്യാവണക്കെണ്ണ പന്നിനൈ തേങ്ങയെണ്ണയും
പാലും കാടി തയിരിന്റെ വെള്ളവും ചേർത്തുകൊണ്ടതിൽ 218
കൽക്കത്തിന്നു പറഞ്ഞീടാം ദേവതാരമരത്തയും
ചന്ദനം മാഞ്ചിയും കൊട്ടം ചെഞ്ചല്യം ചതകുപ്പയും 219
ചരളം കടുകും പിന്നെ വേപ്പിൻ തോൽ കുന്തുരുക്കവും
ചൊവ്വള്ളിക്കൊടിയും പിന്നെ ചോനകപ്പുൽ കടൽനുര 220
പെരുംകുരുമ്പതൻ മൂലം അഭ്രകം നാകുണം തഥാ
നാന്മുകപ്പുല്ലതും പിന്നെ ഇപ്പി(?ഇല്പ്പ)യെന്നിവയൊക്കെയും 221
കൽക്കം മൃദ്വഗ്നിനാ സിദ്ധം തൈലം തേക്ക കുടിക്കയും
നസ്യം ചെയ്കയുമെന്നാകിൽ വാതമെല്ലാം ശമിച്ചുപോം 222
വാതഗുന്മാർദ്ദിതം വൃദ്ധിം ആന്ത്രജം വാതവിദ്രധിം
മൂഢഗർഭം തഥാ ശൂലാൻ വിവിധാംശ്ച വിനാശയേൽ 223
ഏതത്തൈലം മഹാവീര്യം ആത്രേയപ്രമുഖൈഃ പുരാ
നിർമ്മിതം നാമതശ്ചാപി പ്രഭഞ്ജനവിമർദ്ദനം 224

**ദശമൂലാദിതൈലം**

ദശമൂലമതിൻ വേരും കുറുന്തോട്ടിയരത്തയും
ചെങ്ങഴീടെ കിഴങ്ങും പാൽവള്ളിതന്നുടെ കന്ദവും 225
താമരയ്ക്കുള്ള മൂലഞ്ച ശതാവരീടെ മൂലവും
അമൃതെന്നിവയൊപ്പിച്ചു കഷായം വെച്ചുകൊണ്ടതിൽ 226
പാലുമെണ്ണ സമം ചേർത്തു ദേവതാരഞ്ച മാഞ്ചിയും

അഞ്ജനക്കൽ പതുമുകം മുത്തെങ്ങാ ജീവകർഷഭം 227
വയമ്പും ചന്ദനം യഷ്ടി അകിലും തകരം തഥാ
മഞ്ചട്ടിപ്പൊടിയെന്നെല്ലാം കൽക്കമിട്ടിട്ടു കാച്ചുക 228
പാകം കണ്ടതരിച്ചിട്ടു തേച്ചാൽ വാതമൊഴിഞ്ഞുപോം
ദശമൂലാദിയാം തൈലം ഉത്തമം വാതരോഗിണാം 229

**തരിപ്പിന്ന്**

സ്നുഹ്യർക്കസ്വരസേ സിദ്ധം തൈലം തൻമൂലകൽക്കവൽ
സർവ്വവാതം നിഹന്ത്യാശു സുപ്തവാതം വിശേഷതഃ 230

**വാതാശനി എണ്ണ**

എണ്ണ വാതാശനിയെന്നു പ്രസിദ്ധമൃഷിനിർമ്മിതം
ചൊല്ലാംപലതിന്നും നന്നു സർവാമയഹരം പരം 231
ശതംപലം ശതാവര്യാ മൂലം ദ്രോണേ ജലേ പചേൽ
നാലൊന്നാക്കിയതില്പിന്നെ നാന്മടങ്ങങ്ങു പാലുമായ് 232
എണ്ണ നാനാഴിയും ചേർപ്പൂ മാഞ്ചിയും ദേവതാരവും
ശൈലേയം ചന്ദനം കൊട്ടം വയമ്പും ചന്ദനം തഥാ 233
ഏലത്തരീ ച തകരം ജീവകം മുന്തിരിങ്ങയും
ഓരിലാതന്നുടെ മൂലം കുറുന്തോട്ടീടെ മൂലവും 234
നീർമാതളമതിൻ തോലും പുങ്ങിന്റെ തൊലിയിടവകം
മുക്കഴഞ്ചീതു കൊണ്ടിട്ടു കാച്ചിപ്പിന്നെയരിച്ചതു 235
തേച്ചാലർദ്ദിതവാതം പോം കാസശ്വാസത്തിനും ഗുണം
ചെവികേൾക്കായ്കാന്ത്രവൃദ്ധി പ്രമേഹം ചൊറിയെന്നിവ 236
ശമിക്കും കണ്ണിനും നന്നു മറ്റും പലതിനും ഗുണം 237

*ഇതി വൈദ്യരത്നമാലികായാം വാതരോഗചികിത്സാധികാരഃ*

## രക്തവാതലക്ഷണം

വിരുദ്ധാഹാരങ്ങളാലും രക്തദൂഷ്യങ്ങളായവ
ഏറ്റം സേവിക്കയെന്നാലും മറ്റും പലതിനാലുമെ 1
വിധിക്കുള്ളതുപോലല്ലാതുള്ള മൈഥുനനിദ്രകൾ
ചെയ്കയാലും മിക്കവാറും സുഖിമാന്മാർക്കു പിന്നെയും 2
പെരുമാറാതിരിപ്പോർക്കും അഭിഘാതത്തിനാലുടൻ
രക്തദുഷ്ടമതാകുമ്പോൾ വായൂടുരുദ്ധനായുടൻ 3

*(വായൂടു=വായുവിനോടുകൂടെ, വായുവിനാൽ)*

രക്തം ദുഷിച്ചുനില്ക്കുമ്പോൾ ഉണ്ടാകും വാതശോണിതം
സന്ധുക്കളിൽ ചൊറിഞ്ഞിട്ടു കുത്തിനോക പിളർക്കയും 4
കനത്തു വന്നും പോയിട്ടും ഇരിക്കും പിന്നെ മേനിയിൽ
മൂഷികന്റെ വിഷം പോലെ വ്യാപിച്ചൊക്കെയിരുന്നിടും 5
കാലാന്തരം കൊണ്ടു സപ്തധാതുവിങ്കൽ കലർന്നിടും
ഗംഭീരമെന്നതിൻ പേരു മുൻപേ ചൊന്നതുത്താനമാം 6
ഉത്ഥാനമായിരുന്നീടിൽ ചൊറിയും കുത്തിനോകയും
തരിക്കും കനമേറീടും പിളർക്കയുമഴൽച്ചയും 7
ഗംഭീരമായി വന്നീടിൽ ഇവയൊക്കെയുമേറിടും
പൊറുപ്പാൻ വശമല്ലാതെ വേദനാ ച വരും ദൃഢം 8
കാലാന്തരേണ വ്യാപിക്കും സർവ്വധാതുക്കൾ തന്നിലും
വാതമേറീട്ടു വന്നീടിൽ ശൂലയും ശോഫമെന്നിവ 9
ഉണ്ടാകും കരുവാളിക്കും സന്തതം നൊന്തിരുന്നിടും
പിത്തമേറിയിരുന്നീടിൽ മോഹം സ്വേദന്തു മൂർഛയും 10
തൃഷ്ണയും ചൂടുമേറീടും പഴുത്തീടിലുമാമത്
ശ്ലേഷ്മാധികമതായീടിൽ ഉറച്ചിട്ടു കനത്തുടൻ 11

സ്നിഗ്ദ്ധമായിത്തരിച്ചിട്ടു ചൊറിയും നോവു കുറഞ്ഞിടും
മൂന്നും കൂടിയതെന്നാകിൽ കാണാം മൂന്നിന്റെ ലക്ഷണം 12
ഇവറ്റിലേകദോഷം കൊണ്ടുണ്ടാകുന്നതു സാദ്ധ്യമാം
ഈരണ്ടുകൂടിയെന്നാകിൽ യാപ്യമായിട്ടു വന്നിടും 13
സർവ്വദോഷങ്ങൾ കൂടീട്ടും പിളർന്നും സ്തംഭ(സ്തബ്ധ)മായതും
അസാദ്ധ്യമെന്നു ചിന്തിച്ചു ചികിത്സിക്ക ഭിഷക്കുകൾ 14

*ഇതി വൈദ്യരത്നമാലികായാം രക്തവാതലക്ഷണാധികാരഃ*

## രക്തവാതചികിത്സ

മുഴംകാൽ വീങ്ങിയെന്നാകിൽ ജളൂകിപ്പിക്ക വേണ്ടത്
പനിയുണ്ടായിയെന്നാകിൽ ഷഡംഗക്വാഥവും പിബേൽ 1
വാതശോണിതമായീടിൽ വിരേചിപ്പിക്ക വേണ്ടത്
പാലുകാച്ചിയതിൽ പിന്നെ ആവണക്കെണ്ണ ചേർത്തതു 2
സേവിച്ചിട്ടു വിരേചിപ്പൂ സേവ്യം കാരസ്കരം ഘൃതം

**കാരസ്കരഘൃതം**

കാരസ്കരത്തിൻ ബീജത്തിൻ പുറത്തെത്തൊലിപോക്കിയാൽ 3
നടുവേ കീറിയതിന്നുള്ളിൽ തൊലി(?മുള) നന്നായ്ക്കളഞ്ഞതു
നാലതായി നുറുക്കീട്ടു നാഴി നെയ്യിലതിട്ടുടൻ 4
നാഴിപ്പാൽ ചേർത്തു കാച്ചീട്ടു പാകത്തിലതെടുത്തുടൻ
കദളിക്കനി നാലിട്ടു മൂപ്പിച്ചതുമെടുത്തുടൻ 5
സേവിക്കാമെട്ടുനാൾകൊണ്ടു പഥ്യം നന്നായിരിക്കണം
വാതവും ശോണിതം തീരും രഹസ്യം പാരമാമിത് 6

**വീക്കത്തിന്ന്**

ഒരിടത്തങ്ങു വീങ്ങീടിൽ കറുകായമൃതെന്നിവ
ഇടിച്ചുപിഴിവൂ പാലിൽ തേക്ക പിന്നതു സാദരം 7
മുലപ്പാൽ വെണ്ണയും കൂട്ടി ചാലിച്ചിട്ടു തലക്കിടൂ
അമൃതിന്നില പാൽ തന്നിൽ അരച്ചിട്ടങ്ങു തേക്കണം 8
വീക്കം പോമെള്ളുമീവണ്ണം തേക്കാം ശോഫമൊഴിഞ്ഞിടാൻ

**പിണ്ഡതൈലം**

പിണ്ഡതൈലം പറഞ്ഞീടാം തേപ്പാനെത്രയുമുത്തമം 9
സമധൂച്ഛിഷ്ടമഞ്ജിഷ്ഠാ സസർജ്ജരസശാരിബം
പിണ്ഡതൈലമിതിഞ്ജേയം വാതശോണിതനാശനം 10
വെളുത്തമെഴുക് മഞ്ചട്ടി ചെഞ്ചല്യം നറുനീണ്ടി ഇവ കൂട്ടിക്കാച്ചിയ കുഴമ്പ് പിണ്ഡതൈലം.

നിലപ്പനക്കിഴങ്ങും നൽ കദളീവാഴമാണവും
താമരേടെ കിഴങ്ങെന്നിതിവയൊപ്പിച്ചുകൊണ്ടുടൻ 11
ഇടിച്ചിട്ടു പിഴിഞ്ഞുള്ള നീരിൽ നൈപാലുമൊപ്പമായ്
ചേർത്തു കൽക്കം പറഞ്ഞീടാം പാഠാമൂലഞ്ച കാവിമൺ 12
മാതളങ്ങാ ച വേപ്പുംതോൽ മുത്തെങ്ങാ മുന്തിരിപ്പഴം
അത്തിത്തോലതിവിടയം പാച്ചോറ്റീ ചന്ദനം തഥാ 13
കൂട്ടിക്കാച്ചിയരിച്ചിട്ടു സേവിച്ചെന്നാൽ ശമിച്ചിടും
വാതശോണിതവും തസ്യ വികാരം വേദനാപി ച 14

**മൃദ്വികാഘൃതം**

ഒരിടങ്ങഴികൊണ്ടീടു മുന്തിരിങ്ങയുമെഷ്ടിയും
നാഴി നൈപാലുമവ്വണ്ണം കൽക്കമെട്ടു കഴഞ്ചതായ് 15
യഷ്ടിയിട്ടിട്ടു കാച്ചീടൂ തേനുമൊപ്പമതായുടൻ
പിന്നെ വാങ്ങിയരിച്ചിട്ടു സേവിച്ചെന്നാൽ വിശേഷതഃ 16
വതശോണിതനാശായ മൃദ്വീകാഘൃതമെന്നു പേർ
ധാത്ര്യാദിനെയ്യും സേവിക്കാം ചൊല്ലി പാണ്ഡുചികിത്സയിൽ 17

തലയ്ക്കു ധാരയും വേണം പാൽകൊണ്ടിട്ടതു സാരമാം

**ചൂടും നോവും ഏറുകിൽ**

പാരം ചുട്ടുകടഞ്ഞിട്ടു നോവേറീട്ടു വരുന്നനാൾ 18
കൂവയും വെണ്ണയും നല്ല മുലപ്പാലെന്നിതൊക്കയും
ചാലിച്ചു തേക്കയും നന്നു വീക്കത്തിന്നു പറഞ്ഞിടാം 19
കാഞ്ഞിരത്തിന്നുടെ വേരു കഷായം വെച്ചുകൊണ്ടതിൽ
ധാരകൊൾകതു നന്നേറ്റം വീക്കമുള്ള നിലത്തില് 20
ശതാവരിയുടെ മൂലം എള്ളുമെന്നിവയൊപ്പമായ്
പാലിൽ നന്നായരച്ചിട്ടു തേക്കാം നീർമാതളത്തൊലി 21
അരച്ചു തേക്കയും നന്ന് നവിരക്കിഴി കാച്ചിടാം

**ശോണിതക്കുരുവിന്ന്**

എള്ളും കറുക നന്നാറി ഇവ നന്നായരച്ചുടൻ 22
വെണ്ണകൂട്ടിക്കുഴമ്പാക്കി തേച്ചുകൊണ്ടങ്ങിരിക്കിലോ
ശോണിതക്കുരു പോയീടും അതിനാലെന്നു നിർണ്ണയം 23
നാല്പാമരക്കഷായത്തിൽ കാച്ചി ധാത്ര്യാദി സേവയേൽ
സേവ്യം ക്ഷീരബലായെണ്ണ തേപ്പാനും നന്നിതെത്രയും 24
ഉമ്മത്തുംകായതിന്നുള്ളിൽ തിലമിട്ടു നിറച്ചുടൻ
അമൃതിന്നില കൊണ്ടിട്ടു പൊതിഞ്ഞിട്ടതു കെട്ടിയാൽ 25
പാലിൽ പുഴുങ്ങിയരച്ചിട്ടു വെണ്ണകൂട്ടീട്ടു തേച്ചീടിൽ
മുഴങ്കാൽവീക്കവും പോകും നോവും വേദനയെന്നിവ 26
അമൃതാറു കഴഞ്ചാക്കു നാൽകഴഞ്ചു ബലാ തഥാ
ദേവതാരദ്വയം കൊള്ളു പാൽകൂട്ടീട്ടു കഷായമാം 27
ശതാവരിയുടെ മൂലം നെല്ലിക്കാ അമൃതും തഥാ
കുറുന്തോട്ടിയുടേ വേരും കരിമ്പും യഷ്ട്യരത്തയും 28
കഷായം വച്ചു സേവിച്ചാൽ രക്തവാതമൊഴിഞ്ഞു പോം
ലാക്ഷാദി എണ്ണ തേച്ചീടാം ചൊല്ലീ ജ്വരചികിത്സയിൽ 29
ശോണിതക്കുരുവായീടിൽ കുരുവിന്റെ ചികിത്സകൾ
പുണ്ണായിവന്നുവെന്നാകിൽ വ്രണത്തിന്റെ ചികിത്സകൾ 30
പ്രധാനമിവിടത്തേക്കു തണുപ്പുള്ളതു കൊള്ളുക
വിയർപ്പിക്കയതും നന്നു വാതശോണിതരോഗിണാം 31

**കാൽവീക്കത്തിന്ന്**

നീരുണ്ടായിവരുന്നാകിൽ എണ്ണനൈകൊണ്ടു ധാരയും
ആരനാളമനർത്തീട്ടു ധാരകോരുകയും ഗുണം 32
അമൃതിൻ നീരനർത്തീട്ടു ധാരകൊള്ളണമിങ്ങിനെ
പിന്നെ ക്ഷീരബലാതൈലം ധാരയും ഗുണമായ്വരും 33
കാരസ്കരഘൃതം താമ്രഭസ്മവും സേവ്യമാവൊളം
പുഴുങ്ങി നല്ല മുത്തങ്ങാ അരച്ചാലേപനം ഗുണം 34
ഇന്തുപ്പു വെണ്ണയിൽ തേക്ക നന്നഞ്ചെണ്ണക്കുഴമ്പപി
ഇവയോരോന്നു ചെയ്യേണം അവിടം പൊളിവോളവും 35
പൊളിഞ്ഞാൽ പുൺകഴുകുവാൻ ന്യഗ്രോധാദികഷായമാം
ജാത്യാദി കാച്ചീട്ടതുകൊണ്ടുള്ള ധാരയുമുത്തമം 36
ഗുൽഗുലോ പഞ്ചപലവും പഞ്ചവിംശതിഗുൽഗുലു
തിക്തകഞ്ച മഹാതിക്തമതും സേവിക്കയും ഗുണം 37
തേപ്പാൻ കറുകനെയ് നന്നു കാൽവീക്കത്തിന്നിതൊക്കെയും
മറ്റുള്ളതിന്നു സർവാംഗധാര നന്നെത്രയും പുനഃ 38
ആരനാളേന സർവാംഗധാരയും ഗുണമായ് വരും
കാരസ്കരഘൃതം സേവ്യം വാതശോണിതനാശനം 39

**വാതപ്പൊട്ടിന്ന്**

താമ്രഭസ്മത്തിലക്കിക്കർവാജമോജഞ്ച ജീരകം

കടുത്രയം ത്രിഫലയും കൂട്ടി നന്നായ് പൊടിച്ചതിൽ 40
രണ്ടുരണ്ടു പണത്തൂക്കം ഗുളേ സേവിക്കയും ഗുണം
വർജ്ജിക്കയുപ്പും പുളിയും നന്നേറ്റം വാതശോണിതേ 41
പിത്തത്തിന്നാക നന്നേറ്റം വാതത്തിനും വ്രണത്തിനും
ചെമ്പ്രാവള്ളിയുടെ കന്ദം പൊടിച്ചു മധുനാ ലിഹേൽ 42
വാതശോണിതകുഷ്ഠാനാം  വ്രണമാശു വിനാശയേൽ
സമധൂഛിഷ്ടമഞ്ജിഷ്ഠേത്യാദിതൈലവുമത്ഭുതം 43
ആരനാളാഢകേയെന്ന കുഴമ്പും ഗുണമായ്‌വരും

അമൃതില നറുനീണ്ടി പാൽവള്ളിയുടെ കിഴങ്ങുമതിമധുരമെള്ളും പാലിലരച്ചു നെയ്യിൽ ചാലിച്ചു തേയ്ക്കയും നന്ന്.

അമർച്ചക്കൊടി കൂത്തീട്ടു നീർപിഴിഞ്ഞു നിഷേചനാൽ 44
അഴൽച്ചയുമുടൻ ചൂടും ഇളയ്ക്കും വാതശോണിതേ
വയൽച്ചുള്ളിയുടെ പത്രം തന്നെ വേകിച്ചു തിങ്കയും 45
സമൂലം വച്ചുകൊണ്ടുള്ള കഷായത്തെക്കുടിക്കയും
പഞ്ചമൂലേന നെല്ലിക്കാ കൂട്ടിവച്ച കഷായകേ 46
പെരുമ്പാമ്പിനുടെ നെയ്യും കാച്ചി സേവിക്കയും ഗുണം
അതും സ്ത്രീസേവ കൂടാതെ ഇരുന്നിട്ടു കുടിക്കണം 47
തൈർനീരു കരിമ്പിൻ നീർ മുന്തിരിങ്ങാകഷായവും
പുളിച്ച കാടിയും കള്ളും പഞ്ചസാരകലക്കിയ 48
വെള്ളവും തേനരിക്കാടി ഇവകൊണ്ടുള്ള ധാരയും
പൂക്കൈതമൂലയും നല്ല അമൃതും ചതകുപ്പയും 49
കുറുന്തോട്ടിയിവറ്റിന്റെ ക്വാഥേ ചെഞ്ചല്യകൽക്കമായ്
എണ്ണ കാച്ചിപ്പുരട്ടേണം പാരം നോവുള്ള ദിക്കില് 50
ആടലോടകവും നല്ല അമൃതും ചതുരംഗുലം
ഇവകൊണ്ടു കഷായം വച്ചാവണക്കെണ്ണ മേൻപൊടി 51
വീഴ്ത്തി സേവിക്കയും നന്ന് മോരുകൂട്ടീട്ടുമാമത്
കാൽകാൽക്കഴഞ്ചു ദശമൂലവുമൊന്നരവെള്ളവും 52
ചേർത്തുരിപ്പാൽ കുറുക്കീട്ട് ഉരിയായ് വാങ്ങിയാറിയാൽ
ഓരോ കഴഞ്ചു തേൻ നല്ല തിപ്പലിപ്പൊടിയും ക്ഷിപേൽ 53
പഴേ ശർക്കരയും നെയ്യും ഒന്നരശ്ശക്കഴഞ്ചപി
മുക്കഴഞ്ചു സിതാ ക്ഷിപ്ത്വാ കടഞ്ഞൊന്നാക്കിയിങ്ങനെ 54
സേവിക്കയത്രയും നന്ന് വാതശോണിതനാശനം
പുരംപുന്തലനീരാരൽ വാസ്തുച്ചീര ശതാവരി 55
കരന്തകാളിയും കുപ്പച്ചീരയെന്നിവയൊക്കെയും
വറുത്തുകൊണ്ടവിച്ചിട്ടു കൂട്ടിക്കൊള്ളാമിലക്കറി 56
വ്രണം കഴുകുവാൻ നാല്പാമരത്തോലമൃതെന്നിവ
കൂട്ടിവച്ച കഷായം നന്നേറ്റവും വ്രണരോപണം 57
ഇല്ലരക്കരിയും നല്ല മഞ്ഞളും മരമഞ്ഞളും
വയമ്പു കൊട്ടമിന്തുപ്പും കൂട്ടി നന്നായരച്ചതു 58
തേക്കാം ബലാഗുളൂച്യാദിഎണ്ണയും വാതശോണിതേ
കുറുന്തോട്ടിക്കഷായത്തെപ്പാലുമായ് പരുകീടുക 59
കൊടുനോവു കെടും ചൂടും വീക്കവും വാതശോണിതേ
പുളിയഞ്ചും കിഴികെട്ടി നിര്യൂഹംകൊണ്ടൊഴുക്കുക 60
അതുകൊണ്ടുള്ള വേതും നന്നധികം വാതശോണിതേ
കരിംകുറിഞ്ഞിതൻ പത്രം ചതച്ചു നിശയാ സഹ 61
വെതുപ്പി വേതുകൊണ്ടീടൂ ശമിക്കും വാതശോണിതം 62
നാഞ്ഞൂൽ കരിമ്പു കടുവും മുളകെന്നിവ മൂന്നും
കാഞ്ച്യാ കൊതിറ്റിയതുകൊണ്ടുപലേപേന
നാശം പ്രയാതി പെരുകീടിന വാതരക്തം
കാലിൽ കഴച്ചൽ തലനോവുകളെന്നിതെല്ലാം 63

പാലും വീഴ്ത്തിയരച്ചിട്ടു കഞ്ജത്തിന്റെ കിഴങ്ങിനെ
പൂശിനാലൊഴിയുംചൂടും ചെങ്ങലും വാതശോണിതേ 64

**ബലാഗുളൂച്യാദി**

ബലാഗുളൂചീസുരപാദപാനാം
ക്വാഥേ പചേത്തൈലമിമൈശ്ച കൽക്കൈഃ
ജടാമയാചന്ദനകുന്ദുരുഷ്ക്കൈർ-
ന്നതാശ്വഗന്ധാസരളൈഃ സരാസ്നൈ 65
ഏതൽ സദാഹം സരുജം സശോഫം
രക്താനുഗം വാതഗദം നിഹന്തി 66

കുറുന്തോട്ടിവേര് അമൃതു ദേവതാരം ഇവ കഷായം. ജടാമാഞ്ചി കൊട്ടം ചന്ദനം കുന്തിരിക്കം തകരം അമുക്കുരം ചരളം അരത്ത ഇവ കൽക്കം. ഈ എണ്ണ ചൂടിലും ചുളുചുളുപ്പും വീക്കവും കൂടിയ രക്തവാതത്തെ ശമിപ്പിക്കും.

*ഇതി വൈദ്യരത്നമാലികായാം രക്തവാതചികിത്സാധികാരഃ*

## സ്ഥൂലചികിത്സ

തടിച്ച ദേഹം മെലിവാൻ തേനും വെള്ളവുമായ് പിബേൽ
മുക്കായമൃതും മുത്തെങ്ങാ പൊടിച്ചു മധുനാ ലിഹേൽ 1
ഉരുക്കുപൊടിയും ചുക്കും ചവർക്കാരം വിഴാലരി
യവം നെല്ലിക്കയിത്യേഷാം പൊടിസേവിക്ക തേനുമായ് 2
കടുത്രയഞ്ച മുത്തെങ്ങാ ഏലത്തരി വിഴാലരി
ആശാല്യാതിവിഷാഞ്ചൈവ നല്ല മൂവില ജീരകം 3
കൊത്തമ്പാലയരി കായം തുവർച്ചില ഫലത്രയം
ബൃഹതീദ്വയവും മഞ്ഞൾ രണ്ടും നൽകൊടുവേലിയും 4
അടയ്ക്കാമണിയൻ പാടക്കിഴങ്ങുമിവയൊപ്പമായ്
പൊടിച്ചു ഷോഡശപലം സക്തുവും ചേർത്തുകൊണ്ടത് 5
ഒപ്പമായെണ്ണയും നെയ്യും തേനും കൂട്ടീട്ടു മണ്ഡലം
സേവിച്ചാലതിയായിട്ടു തടിക്കുന്നതു ശാന്തമാം 6

*ഇതി വൈദ്യരത്നമാലികായാം സ്ഥൂലചികിത്സാധികാരഃ*

## കാർശ്യചികിത്സ

പാരം മെലിഞ്ഞിരിക്കുന്ന മർത്യൻ നിത്യമുഷസ്സിന്ന്
കാരെള്ളും തിന്നിട്ടപ്പോഴെ പച്ചവെള്ളം കുടിക്കണം 1
എന്നാൽ തടിക്കും മെല്ലെന്നു പിന്നെ നല്ലയമുക്കുരം
പൊടിച്ചു പാലിൽ സേവിക്ക തൈലേ ശുദ്ധരസേന വാ 2
ഇതീവണ്ണം പ്രയോഗിച്ചാൽ ദേഹം തേറുന്നസംശയം 3

*ഇതി വൈദ്യരത്നമാലികായാം കാർശ്യചികിത്സാധികാരഃ*

## അതിനിദ്രചികിത്സ

കാകമാചി വചാ മേഘോ സമാംശൈഃ സാധിതം ഘൃതം
മൂടിയിട്ടുള്ളുറക്കത്തെ കേടുചെയ്യുമഹർന്നിശം 1
വിഷ്ണുക്രാന്തി പറിച്ചിട്ടു മുഴുവൻ പ്രക്ഷാല്യ നിഷ്കം തഥാ
ചുക്കും കൂട്ടിയടുത്തവണ്ണമിഹ വച്ചുണ്ടാം കഷായേ പുനഃ
ഉഴക്കപ്പാലുമതിൽ ചരിച്ചൊരു പലം കൃത്വാ കവോഷ്ണം പിബേൽ

നിദ്രാവൃദ്ധികുറഞ്ഞു നിർമ്മലമതിർഭൂത്വാ പ്രസന്നോ ഭവേൽ 2

*ഇതി വൈദ്യരത്നമാലികായാം അതിനിദ്രചികിത്സാധികാരഃ*

## വിനിദ്രചികിത്സ

കൂവളത്തിന്റെ വേർമേലെ തൊലി പേഷിച്ചുദശ്വിതഃ
പിബെൽ മുക്കുടി മുന്നാളിൽ വരും നിദ്ര വരായ്കിലും 1
മുണ്ടകവ്രീഹിമൂലഞ്ച ഉറങ്ങുമുദയാവധി 2

*ഇതി വൈദ്യരത്നമാലികായാം വിനിദ്രചികിത്സാധികാരഃ*

## വിരേചനചികിത്സ

ത്രികോല്പക്കൊന്നയിൽ പാതി കടുകും സവിഴാലരി
ഗുളേന തുല്യപീതാ ച നൃണാം സുഖവിരേചിനീ 1

**വിരേചനനവനീതം**

പാലിൽക്കലാംശമഥ കള്ളിയിലുള്ള പാലും
കൂടിത്തികഴ്ത്തിയുറവെച്ചു കടഞ്ഞു നന്നായ്
ശോധിച്ചു മുക്കടുകു ചേർത്തുപയോഗമാനാൽ
ഏതദ്വിരേചനകരം നവനീതമാഹുഃ 2
ആവണക്കെണ്ണ മുക്കാണം പാലുഴക്കിനു തൽ പിബേൽ
വിരേചനേന ശൂലോദരാർശസാം പരമം ഹിതം 3
ഇലക്കള്ളിയുടെ വേർമേൽ തൊലി കോഷ്ണേന വാരിണാ
പീതം വിരേചനകരം ലേപനാദുദരേ ശിശോഃ 4
നാഗദന്തിയരച്ചിട്ടു മുക്കഴഞ്ചിലകം മുഹുഃ
നാളികേരപയോ വെന്തിട്ടന്നൈ സേവിക്കയും ഗുണം 5
ആവിൽക്കുരുന്നുമയമോദകവും കടുക്കാ
താനും പ്രവേശ്യ ചരതിച്ചു തികഴ്ത്തി മോരിൽ
ചേരപ്പടുപ്പൊടിയുമിട്ടതിനേ ദിനാദൌ
പീതം വിരേചനകരം ബഹുദീപനം തൽ 6

തേങ്ങാ മുറിച്ചു ചരതിച്ചതൊന്നു
നാരങ്ങാ രണ്ടുപട രണ്ടുകഴഞ്ചുമായി
കുത്തിപ്പിഴിഞ്ഞഥ പചിച്ചതു വറ്റിയന്നൈയ്
സേവിക്കിലന്നുദരശോധന ചെയ്തിടും പോൽ 7

*ഇതി വൈദ്യരത്നമാലികായാം വിരേചനചികിത്സാധികാരഃ*

## ഗർഭചികിത്സാ

**ഗർഭമുണ്ടാവാൻ**

നാരീണാം ഗർഭമുണ്ടാവാൻ ധാത്ര്യാദികം ഘൃതം പിബേൽ
തീണ്ടായിരുന്നു കുളിക്കുന്നാൾ സേവ്യം പുഷ്കരണീ ശുഭാ 1
പഞ്ചഗവ്യഘൃതം നന്നു പ്രജകിട്ടാത്ത യോഷിതാം
ചികിത്സയിങ്ങനെ ചെയ്താൽ അംഗനാ ഗർഭിണീ ഭവേൽ 2

**ഗർഭരക്ഷയ്ക്ക്**

ഗർഭം തോന്നുന്ന നാൾ തൊട്ടഥ
പുനരബലാ വെണ്ണനൈപാലിവറ്റാൽ

തൃപ്തിം ചെയ്തീടുകാത്മാവിനു
വിധിവിഹിതൈർജീവനീയൌഷധൈശ്ച 3
ഉല്പന്നേപ്യാമയേ നാചരതു മൃദുസുഖൈ-
രെന്നിയേ രൂക്ഷതീക്ഷ്ണാദ്യഭ്യംഗാഹാരനി-
ദ്രാദിഭിരിഹ തു രജസഃ സ്രാവാദ്യാ ഭവന്തി 4

ഗർഭം തോന്നിയാൽ നാരി കുറുന്തോട്ടി വെണ്ണ നൈ പാൽ ഇവയും മറ്റു വിധിച്ചുള്ള പദാർത്ഥങ്ങളും ജീവനീയൌഷധങ്ങളും പരിചയിക്കണം. രോഗവശാൽ പോലും മൃദുവായും സുഖമായും ഉള്ളവയെ അല്ലാതെ രൂക്ഷതീക്ഷ്ണങ്ങളായും മറ്റുമുള്ള അഭ്യംഗഹാരനിദ്രാദികളെ ആചരിക്കരുത്. ആചരിച്ചാൽ അതുമൂലം ഗർഭസ്രാവം മുതലായ രോഗം ഉളവാകുന്നു.

**ഗർഭസ്രാവത്തിന്ന്**

നല്പാൽ സേവിക്ക വാശാഹിമമധുക-
സിതം വെണ്ണയിൽ ചേർത്തു ലിഹ്യാൽ
പുഷ്പേ ദൃഷ്ടേ/സ്രപിത്തോദിതവിധി
പലവും ചെയ്ക ശുദ്ധിന്ന കുര്യാൽ 5
അപ്പൈതല്പഞ്ചമൂലീബലകളൊടു സപാൽ വാ കഷായഞ്ച പേയം
ഗർഭിണ്യാ ഗർഭശൂലെ സതി തടവുക മേലെണ്ണയും നെയ്യുമേറ്റം
പുഷ്പേ ശൂലേ ച ഗർഭേ ബലയടകൊതിയൻഗോപിസേവ്യോല്പലന്നീർ
നൽപ്പാൽ കൂട്ടിക്കഷായം പരുകുകിതു സിതാം ചേർത്തു പാൽവെണ്ണതിങ്ക 6
അഭ്യംഗം തേക്കിലാം ക്ഷീരബലസഹിതനെയ് നന്നു ലാക്ഷാക്കുഴമ്പും
ഗർഭിണ്യാം ജൂർത്തിയുണ്ടെങ്കിലുമിതു ഹിതമാമമ്മലർപ്പാൽക്കുഴമ്പും 7
(ഗർഭിണ്യാം..........................ഹിതമാം സ്രാവശാന്തിക്കു നൂനം)

**ജ്വരത്തിന്ന്**

ഇരട്ടിമധുരം പാൽ നെയ് തേനോടു കൂട്ടി നിത്യം
കൊടുക്കൂ പ്രസവത്തോളം മുടക്കാതെ കൊടുക്കണം 8
എന്നാൽ പിള്ളയ്ക്കൊരിക്കലും വരാ ദണ്ഡങ്ങളൊന്നുമേ

**അതിസാരത്തിന്ന്**

ഗർഭിണീനാം ചിലർക്കുണ്ടാം അതിസാരമതിന്നുടൻ 9
കൊടിത്തൂവ കുറുന്തോട്ടി മുസ്താ പാടക്കിഴങ്ങുമായ്
കഷായം വെച്ചു സേവിച്ചാൽ ക്രമേണ ശമനം വരും 10

**നീരിന്ന്**

കൊള്ളൂ പോക്കിങ്കൽ മുസ്താശൃത-
ജലമഥവാ പാഠതൂവാഗുഹാവേർ
വില്വാംഭോദാംബുചുക്കെന്നിവ കുറു-
കിന നീർ താൻ കുറുന്തോട്ടി കൂട്ടി 11
നീരുണ്ടായിവരുന്നാകിൽ അരച്ചു തമിഴാമവേർ
ഗുളം കൂട്ടീട്ടു സേവിച്ചാൽ അന്നീരുടനൊഴിഞ്ഞു പോം 12

**ഛർദ്ദിക്ക്**

ഛർദ്ദിയുണ്ടായ് വരുന്നാകിൽ വില്വവേർ ചുക്കുമൊപ്പമായ്
വച്ചുണ്ടായ കഷായത്തിൽ യവം നന്നായ് വറുത്തുടൻ 13
പൊടിച്ചതു കലക്കീട്ടു കുടിപ്പിച്ചാൽ ശമിച്ചു പോം 14

**വായുക്ഷോഭങ്ങൾക്ക്**

വില്വാദ്യം കൊൾക നീർ ബാ(കാ)ളക
സിതകളുമായ്ഛർദ്ദിയിൽ ഗർഭിണീനാം
കൊള്ളു ഹിക്കാവിലക്കങ്ങളിലുമിതു
തഥാ ശ്വാസരോഗേ ച കാസേ 15

**വയറ്റിൽചുടീലിന്ന്**

വയറ്റിനുള്ളു ചുടുക നോകയെന്നുള്ള സങ്കടേ
കദളീവാഴവേർ നല്ല കൊത്തമ്പാലയിലെ അരി 16
ഞെരിഞ്ഞിലിവയിട്ടിട്ടു പാൽ കുറുക്കിക്കുടിക്കണം

**വിശപ്പുണ്ടാവാൻ**

വിശപ്പില്ലെങ്കിലക്കാലം തിപ്പലീ കാട്ടുതിപ്പലി 17
അയമോദകവും നല്ല ജീരകാമുക്കിരങ്ങളും
കൂട്ടിപ്പൊടിച്ചു സേവിക്കാം മധുനാഥ ഗുളേന വാ 18

**വയറ്റത്തു വടുവുണ്ടാകായ്‌വാൻ**

പിള്ളയ്ക്കു സപ്തമേ മാസി പൂർണ്ണമാമംഗമൊക്കെയും
അക്കാലത്തു വയറ്റത്തു ചൊറിഞ്ഞാൽ ചൊറികിൽ പുനഃ 19
ഇത്തിളുണ്ടാമതിന്നന്നു വെണ്ണ സേവിക്ക നിത്യവും
എന്നാലവൾ വയറ്റത്തു വടുവുണ്ടാകയില്ല പോൽ 20

**എട്ടാംമാസത്തിൽ**

എട്ടാം മാസത്തിൽ മൃദുവായ് വിരേചിപ്പിക്കയും ഗുണം
മുസ്താമൃതാമലയജാന്യപി ചുണ്ടവേരും
കല്ക്കം കഷായമതിനേഴിലയുള്ള പാല
പക്ത്വാ വിശുദ്ധതിലജം ചരതിച്ചു തേച്ചാൽ
ഗർഭിണ്യതിജ്വരമിളച്ചിടുമേഴുനാളിൽ 21

**തലവേദനയ്ക്ക്**

മുത്തങ്ങാ നറുനീണ്ടി ചന്ദനമിരാമച്ചം തഥാ കൊട്ടവും
കർപ്പൂരം കൂവളക്കിഴങ്ങു പയസാ പിഷ്ട്വാഥ ധാത്രീമപി
ഗർഭം മുറ്റിന നാരിമാർക്ക് തലനോവുണ്ടാകിൽ നെറ്റിത്തടേ
മുറ്റത്തേപ്പിതുമുള്ള വാട്ടമൊഴിയും നോവുഷ്ണവും പോയ്ക്കെടും 22

**രക്താതിസാരത്തിന്ന്**

ഇത്തിഞ്ഞാവൽവടാശ്വത്ഥപത്രാണി തയിരിൽ പിബേൽ
രക്താതിസാരം ഗർഭിണ്യാശ്ശമയേന്മധുനാ സഹ 23
പേരാൽവേർ തന്നുടെ നീരും തേനും വീഴ്ത്തിക്കുഴച്ചുടൻ
വ്യോഷം നക്കീടിനാൽ തീരും ഗർഭിണ്യാ കിലയത്നമായ് 24
ശലലീതൊലിതൻ നീരിൽ വെന്ത തൈലേന സേവയേൽ
നോങ്ങണസ്വരസേ സിദ്ധം പിബേച്ച സുഖസൂതയേ 25

**ഒൻപതാംമാസത്തിൽ**

സേവിപ്പൂ നവമേ മാസി തൈലം ക്ഷീരബലാഭിധം
അതാവർത്തിച്ചു സേവിക്കാം കുറുന്തോട്ടിക്കഷായമാം 26
കുറുന്തോട്ടിക്കഷായത്തിൽ പാലും ചേർത്തുള്ള കഞ്ഞിയാം
ഇതൊക്കെയൊൻപതാം മാസേ സേവിക്ക പെരികെഗ്ഗുണം 27

**പത്താംമാസത്തിൽ**

പിന്നെപ്പത്താമതാം മാസി കുറുന്തോട്ടിക്കഷായമാം
വെള്ളരിക്കാപ്പഴത്തിൻ നീർ വശളക്കുള്ള നീരുമായ് 28
മധുകം കല്ക്കമായ് കാച്ചി ചിക്കണത്തിലരിച്ച നെയ്
പേറടുത്താൽ കുടിപ്പിക്കിൽ എളുതാം പ്രസവത്തിന് 29

**പേറടുത്താൽ**

പ്രസവത്തിന്നു കാലം വന്നടുത്താൽ കോഷ്ണവാരിണാ
കഴുത്തോളം കുളിപ്പിച്ചിട്ടീറ്റപ്പുരയിലാക്കിയാൽ 30
ചെറുപൂള  ചതച്ചിട്ടു പചിച്ചുണ്ടായ കഞ്ഞിയിൽ
വെണ്ണയിട്ടിട്ടു ചൂടോടെ കുടിപ്പിച്ചിട്ടുടൻ പുനഃ 31
വരട്ടുതേങ്ങാപ്പാൽ കൂട്ടി കടുക്കാത്തോലരച്ചതു
തേനിൽ ചാലിച്ചു തേയ്ക്കേണം യോനിയിൽ കീഴ്‌വയറ്റിലും 32

**പിള്ളത്തലകാണായ്കിൽ**

പാരിച്ചനോവുടനുടൻ വന്നാൽ പിള്ളയുടെ തല
കാണ്മാറായില്ലയെന്നാകിൽ നാല്പാമരമരച്ചതോ 33
അരച്ചു ദശപുഷ്പംതാൻ മെയ്ക്കുളുർക്കത്തലോടുക
എന്നാലുള്ളിലിരിക്കുന്ന പിള്ളത്തല പുറപ്പെടും 34
വരാകഷായം നൈവീഴ്ത്തി സേവിക്ക സുഖസൂതയേ

പാവട്ടത്തളിർ നന്നായിട്ടരച്ചിട്ടെണ്ണയിൽ പിബേൽ 35
ഇവറ്റെക്കൊണ്ടുടൻ പിള്ളത്തലകാണ്മാറുമായ്‌വരും

**പിള്ളത്തലകണ്ടാൽ**

കണ്ടാൽ പെരുകിലത്തിന്റെ വടക്കോട്ടേക്കുപോയ വേർ 36
അരച്ചു തേയ്ക്ക കീഴ്പോട്ടു യോനിയിൽ കീഴ്‌വയറ്റിലും
വിരകിൻ തളിർ പേഷിച്ചു കൊടുത്താലുടനെ പെറും 37
മന്ദാരത്തിന്റെ പൂ ചെത്തികൊടുവേലിയുമൊപ്പമായ്
അരച്ചു കയ്യിൽ തേച്ചങ്ങു കാട്ടിയാലുടനേ പെറും 38
പിന്നെയും പ്രസവത്തിന്ന് ദണ്ഡിക്കിലതിനഞ്ജസാ
കടലാടിയുടേവേര് മുറിയാതെ പറിച്ചതു 39
യോനിക്കു നടുവേ വെച്ചാൽ പ്രസവിക്കും തെരുന്നനെ
ചുക്കും കുറുന്തോട്ടിയുമായി വെച്ചുണ്ടായ കഷായവും 40
എണ്ണമേൻപൊടിയായ് ചെന്നാൽ പ്രസവിച്ചീടുമഞ്ജസാ
തിലജേ വിരകിൻ വേരേക്കൊടുക്ക സൂഖസൂതയേ 41

**തലപിറന്നിരിക്കിൽ**

തലയൊട്ടുപിറന്നിട്ടു പിറവായ്കിലുമക്ഷണം
നവലാംഗലികാന്തേക്കാം ചരണസ്യ തലേ ഉഭേ 42
വടക്കുപോയ വിരകിൻവേർ വെള്ളംവീഴ്ത്തിയരച്ചുടൻ
വയറ്റേൽ കീഴ്പടേത്തേച്ചാൽ പിള്ളയങ്ങു പിറന്നുപോം 43
ത്രിഫലയാം കഷായത്തെ നെയ്യുമായ് പരുകീടിനാൽ
അധികം നോവുകൂടാതെ സൂതേ പുത്രം ക്ഷണാദ് വധൂഃ 44

**ചാപിള്ള പിറപ്പാൻ**

ഇന്തുപ്പു ചുക്കു ചെറുതേക്കപി കാടിയഷ്ടി
പൊന്തിച്ചരച്ചു പരുകീടുക പാലിലെന്നാൽ
കൊണ്ടിച്ചു ചത്ത ചെറുപിള്ള വയറ്റിൽനിന്ന-
ങ്ങുന്തിപ്പുറപ്പെടുമൊരത്തൽ വരാതെ ഭൂയഃ 45

**മറുപിള്ളപിറപ്പാൻ**

പെറ്റാലമ്മറുപിള്ള വൈകുകിലുടൻ നല്ലെണ്ണയഷ്ടീ പിബേൽ
മുറ്റും ചെങ്കടലാടി ചേർത്തു മുഴുവൻ ഭൂമിപ്പറണ്ടാഞ്ച വാ
തെറ്റാസ്യേന ച ഗണ്ഡകാദിതുളസീധൂമം പൃഥക് പായയേദ്
ദൃഷ്ട്വാ സങ്കടമമ്മുരിക്കുതൊലിനീർ തൈലേന കാലേ പിബേൽ 46
മുക്കിക്കിണ്ടിയിലിണ്ടൽ തീർന്നഥ പുറംകൈനാറി നന്നായിടി-
ച്ചുള്ളോരു കാടിവെള്ളമതിനെക്കൊണ്ടുള്ള ധാരാവിധി
ചൊല്ലാം നല്ല കൊഴുപ്പലാംഗലിയുടെ മൂലഞ്ച ധാത്രീശിഫാ
നീരും വീഴ്ത്തിയരച്ചുകൊണ്ടു ജഠരേ കീഴ്പോട്ടു തേച്ചീടിലും 47
വാഴേടെ തളിരെട്ടിനാലതു തുലോം നല്ലോന്നു കണ്ഠാന്തരേ
വീഴും മാച്ചു വിരഞ്ഞു സന്തതമതിന്നൊക്കാ ന കാര്യൗഷധം
കോഷഠേ പൃഷ്ഠതലേപി ചെയ്ക നവിരച്ചോർകൊണ്ടു കാച്ചു-
മ്മുലക്കീഴൊടമ്മുതുകത്തുമാശുമറുപോം ചിഞ്ചാഭിസേകേന ച 48

ഉമ്മത്തിൻകായരച്ചു നിറുകയിൽ തേക്ക. മേന്തോന്നിയും ചെറുതേക്കും അരച്ചു നാഭിയിൽ കീഴ്പോട്ടു തടവുക. ചൂണ്ടോന്നിവിരൽകൊണ്ടു അഞ്ചുതുള്ളി കള്ളിപ്പാൽ നിറുകയിൽ നിറുത്തുക.

**കുളിച്ചുവന്നാൽ**

പെറ്റിട്ടാശുകുളിച്ചുവന്നവൾ നടേ നൽജീരകം നെയ്യുമായ്
നക്കിക്കൊൾവിതയച്ചു നാലുദിനമേവം വേവു പോയീടുവാൻ
മുറ്റിക്കൂടുകിൽ മർക്കലാരുജിതദാ ധാന്യാംബു പേയം
പൊടിച്ചിട്ടിട്ടങ്ങഥ ജീരകം ത്രികടുപടൈലാഗുളാദീനി വാ 49

*(മർക്കലം=മക്കല്ലം)*

**പേററിൽ പിഴച്ചാൽ**

പേററിൽ പിഴച്ചാലുണ്ടാകും പലദണ്ഡങ്ങളിങ്ങനെ
ദേഹം ചുടുകയും തൃഷ്ണ ഞരമ്പുകൾ വലിക്കയും 50
പനിക്കും നാവു തുവരും കാൽമടമ്പു തളർന്നുപോം
കാലു രണ്ടും വിറച്ചിട്ടു വരുമെന്നാലതിന്നുടൻ 51

**പനിക്ക്**

മുത്തെങ്ങാ ചന്ദനം ചുക്കും രാമച്ചമിരുവേലിയും
പർപ്പടകപ്പുല്ലുമായ് പാതി കുറുന്തോട്ടിയുമത്രയും 52
കൂട്ടിവെച്ച കഷായത്തെ കൊടുത്താൽ പനി ശാന്തമാം
പിന്നെത്തേപ്പിച്ചു നാഭീങ്കൽ എണ്ണനെയ്കൾ സമങ്ങളായ് 53
കൂട്ടീട്ടു ധാരയിടുക മേൽ തേക്ക ശതധൌതവും
അന്നു നന്നായ് വിദാര്യാദി കഷായത്തെക്കൊടുക്കണം 54
വഴിപോലെ കുളിപ്പിക്ക വിദാര്യാദിഘൃതം പുനഃ
മുൻപിലേ പ്രസവത്തിന്നീ ദണ്ഡമുണ്ടാകിലന്നുടൻ 55
ചികിത്സിച്ചില്ലയെന്നാകിൽ ഏഴുനാളിനകം മൃതി

**മൂത്രവാഹിനിക്കു കേടുതട്ടിയാൽ**

മൂത്രവാഹിനിയാകുന്ന ഞരമ്പിൽ കേടുതട്ടുകിൽ 56
മൂത്രമെല്ലായ്പോഴും വീഴും ശമിപ്പാനെളുതല്ലിതു

**മലവാഹിനി ഭേദിച്ചാൽ**

മലവാഹിനി ഭേദിക്കിൽ മലം യോനിയിലും വരും 57
അതിന്നു പനിയുണ്ടാകിൽ ഷഡംഗം പായയേദ്രുതം
പനിപോയാൽ നടേ ചൊന്ന ധാരയിട്ടു കുഴമ്പിടൂ 58
പിന്നെ ധാന്വന്തരത്തിനു ചൊല്ലീട്ടുള്ളൌഷധൈഃ കൃതം
കഷായം സേവ്യമായെണ്ണ പിന്നെ നന്നായ്ക്കൊടുക്കണം 59
അതിന്നായെണ്ണ കാച്ചുമ്പോൾ നെയ്കൂടെ പാതികൂട്ടണം
അതുകൊണ്ടു ശമിക്കാഞ്ഞാൽ അതാവർത്തിച്ചു പായയേൽ 60

**പുളിംകുഴമ്പ്**

ചുക്കും തിപ്പലിയും പുരാണമുളകും കായം കരിഞ്ചീരകം
സിദ്ധാർത്ഥം കൊടുവേലി കാട്ടുമുളകും ദീപ്യം തഥാ ജീരകം
കാട്ടിൽതിപ്പലിയും പൊടിച്ചു പടുനീരും ചേർത്തു നന്നായരച്ചി-
ന്തുപ്പാൽ പലമൊന്നു ഷോഡശപലം ചിറ്റുള്ളി പേഷിച്ചതും 61
കൂർക്കിൽനീർ പുളി കാടി മോരിവ സമം നാനാഴിയും നാഴിയായ്
കൂട്ടിക്കൊണ്ടു കലക്കി വെന്തതു കരേ പറ്റിത്തുടങ്ങീടിനാൽ
വാങ്ങിക്കൊണ്ടു പുളിംകുഴമ്പിതെതിരേ കർഷപ്രമാണം പിബേൽ
ഗുന്മാനഷ്ടവിധാൻ നിഹന്തി സഹജാൻ ശൂലാന്ത്രവായ്വാമയാൻ 62
പെറ്റാലന്നമ്മമാർ മുക്കുടി പുളിപൊടിയങ്ങെണ്ണനെയ്യെന്നോരോന്നേ
സേവിപ്പിക്കുന്നതിൽ ഗുണമിതിനധികം പേറ്റിലേ കേടൊഴിപ്പാൻ
എന്നാലമ്ലക്കുഴമ്പാമിതു ബത കനിവോടൊന്നുരണ്ടാഴ്ചവാരം
സേവിച്ചാൽ സൂതിപ്പിഴകളിലുളവാം ദണ്ഡവും ശാന്തമാം പോൽ 63

**രക്തം പോവാൻ**

നാരീണാം രക്തമൊഴിവാൻ ചികിത്സിക്കേണമിങ്ങിനെ
കാരെള്ളിന്റെ കഷായത്തിൽ മുരിക്കുന്തൊലി ചുട്ടുളാം 64
ഭസ്മം മേമ്പൊടിയായിട്ടു സേവിച്ചാലൊഴിയും കറ
പിനമ്പുളിത്തോൽ കൊണ്ടുള്ള കഷായം രക്തമോചനം 65
തീക്കിഴങ്ങിൻ വള്ളിവേരും പഴേ മുതിരയും സമം
കൂട്ടിവച്ചക്കഷായഞ്ച രക്തത്തെക്കളവാൻ ഗുണം 66
പ്ലാശിന്റെ വേരരച്ചിട്ട് പാലിലെണ്ണയിലോ പിബേൽ
ഇതൊക്കെയുമിരട്ടിച്ചാൽ പിന്നെ ഗർഭവുമില്ലയാം 67
പാരമുഷ്ണങ്ങളായുള്ളതൊക്കെനന്നിതിനെത്രയും

**ഗുന്മംകടിക്ക്**

പെറ്റാൽ ഗുന്മം കടിക്കുമ്പോൾ ചവർക്കാരം പൊടിച്ചതു 68
കൊടുക്ക കാഞ്ഞവെള്ളത്തിൽ പശുവിൻ നെയ്യിലെങ്കിലും
ദേവാനാം തരുവും ചുക്കും ചെറുതേക്കും സമങ്ങളായ് 69
ചതച്ചിട്ടിട്ടു കാച്ചുന്ന വെള്ളം സേവിക്കയും ഗുണം
ഇതു മൂന്നുമരച്ചിട്ട് പായയേദുഷ്ണവാരിണാ 70
പഞ്ചകോലകഷായത്തിൽ ചവർക്കാരം പൊടിച്ചതു
മേൻപൊടീ കൃത്വാ സേവിച്ചാൽ ഗുന്മംകടി ശമിച്ചുപോം 71
ഗുന്മശൂലയ്ക്കു ചൊല്ലീട്ടുള്ളൌഷധങ്ങളുമത്ഭുതം
പിന്നെയക്കാലമുഷ്ണം താൻ ഛർദ്ദിതാൻ സംഭവിക്കിലോ 72
കൊടുക്കേണം വിദാര്യാദികഷായത്തെ ശമിപ്പൊളം
പിന്നെ ധാന്വന്തരം തൈലം നന്നായ് സേവിക്കയും ഗുണം 74

**ഞരമ്പിന്നും പുണ്ണിനും**

ഉണ്ടാം പ്രസവവൈഷമ്യംകൊണ്ടു ദണ്ഡം ഞരമ്പിനു
എന്നാൽ ധാന്വന്തരം തൈലം വിദാര്യാദി ച തൈലവും 74
സേവിക്ക പിന്നെപ്പുണ്ണുണ്ടായെങ്കിൽ പുണ്ണിന്നു ചൊന്നത്

**വയറ്റിൽ പിരണ്ടാൽ**

വയറ്റിൽപിരണ്ടെന്നാകിൽ പെറ്റന്നാശു കുളിച്ചുടൻ 75
ഇഞ്ചിനീർ തുടമൊന്നാക്കു തേനുമവ്വണ്ണമാക്കുക
രണ്ടും കൂട്ടി കൊടുക്കേണം എന്നാൽ തൽപീഡ നാസ്തിയാം 76
കാട്ടുതൃത്താവുടെ നീരിൽ ആകാശപ്പൊടി പായയേൽ
കാട്ടുതൃത്താവുടെ നീരു മൂത്രം കൂട്ടീട്ടു പായയേൽ 77
പിള്ളയാണായിരുന്നീടിൽ മൂത്രം പെണ്ണിന്റെയാകിലാം
പെണ്ണാകിൽ മൂത്രമാണിന്റെ ഇങ്ങനെ രണ്ടുനേരമാം 78
പിറ്റെന്നാളസ്തമിക്കുമ്പോൾ ത്രികടു കൃഷ്ണജീരകം
കാട്ടിലെ ജീരകം നല്ല കാക്കക്കൊടിയതിൻ തൊലി 79
ആകാശപ്പൊടിയെന്നെല്ലാം സമം കൊണ്ടു വറുത്തുടൻ
തുമ്പനീറ്റിൽ കൊടുക്കേണം രണ്ടുനേരമതിങ്ങനെ 80
മൂന്നാം ദിനം തുടങ്ങീട്ടു സേവിപ്പൂ ശർക്കരാഢ്യമായ്
അഞ്ചാംദിനം തുടങ്ങീട്ടു പാണൽവേർതൊലി നല്ലൊരു 81
പെരുകിലത്തിൻ വേർതോൽ ഉണക്കിപ്പൊടിചെയ്തിവ
മുന്നേപ്പൊടിയതും കൂട്ടി തൃത്താനീരിൽ കൊടുക്കണം 82
എട്ടാംദിനം കരിക്കട്ട കാട്ടുജീരകമഞ്ഞളും
കരിഞ്ചീരകവും പിന്നെ കരിംകൂവളകന്ദവും 83
കാക്കക്കൊടിയതും കൂട്ടി മൂത്രംവീഴ്ത്തിയരച്ചത്
തെങ്ങിൻ ചക്കരയും കൂട്ടിക്കുഴച്ചിട്ടു വിഴുങ്ങുക 84

**ബോധക്കേടിന്ന്**

മോഹിച്ചുപോയിയെന്നാകിൽ കാട്ടുപാവലുടെ കട
പിഴിഞ്ഞിട്ടുള്ള നീർതന്നിൽ മുലപ്പാൽ മീറ്റുമുട്ടയും 85
കടുത്രയം മുന്തിരിങ്ങാ കൂട്ടിക്കൊണ്ടിട്ടു നസ്യമാം
ഈഴച്ചേമ്പിനുടെ തണ്ടു വാട്ടിത്തല്ലുക മൂർദ്ധനി 86
ചെന്നിവേർനായകം കൃഷ്ണജീരകം ലശൂനം തഥാ
രോഹണീ വ്യോഷമെന്നെല്ലാം സമംകൊണ്ടു മുരിങ്ങതൻ 87
ചാറുവീഴ്ത്തിയരച്ചിട്ടങ്ങിട്ടീടുക മൂർദ്ധനി
ഇവയെല്ലാം പ്രയോഗിച്ചാൽ ബോധമുണ്ടായി വന്നിടും 88

**വയറ്റിൽവേദനയ്ക്ക്**

കപ്പളംകാ കരിക്കട്ട കാക്കക്കൊടിയതിൻ തൊലി
നല്ല കാട്ടുജീരകവും കരിഞ്ചീരകമെന്നതും 89
പെരിഞ്ചീരകവും കൂട്ടി ഇവയെല്ലാം സമം സമം
കാട്ടുജീരകവെള്ളത്തിൽ അരച്ചിട്ടക്ഷമാത്രയായ് 90

ഉരുട്ടീട്ടു കൊടുക്കേണം പെറ്റിരിക്കുന്ന യോഷിതാം
വയറ്റിൽ പിരണ്ടുളവാം കോഷ്ടാർത്തിശ്ശമനം വ്രജേൽ 91
ലാംഗലീ ക്രമുകം മാറാൻ ശിഗ്രുകിംശുകവഹ്നികൾ
അർക്കം കാനകനാറീ ച വർഷാഭൂരിവയൊക്കെയും 92
വേർകൊള്ളേണമുടൻ പിന്നെ മഞ്ഞൾ രണ്ടും വയമ്പപി
നിലനാരകവും പിന്നെ കരിഞ്ചീരകതിപ്പലി 93
തുല്യമാക്കിപ്പചിക്കുന്ന ക്വാഥം മൂത്രേണ പായയേൽ

*(മാറാൻ= ?മാറാൻചേമ്പിൻകിഴങ്ങ്, കപ്പളംകാ=കൊപ്പക്കായ, പപ്പക്കായ?)*

**മുലയിൽ പാലില്ലായ്കിൽ**

മുലയിൽ പാൽ ചുരുങ്ങീടിൽ കോവൽവേരും ശതാവരി 94
കരിമ്പിൻ വേർ കുറുന്തോട്ടി അടയ്ക്കാമണിയന്റെ വേർ
ഇരട്ടിമധുരം നീണ്ടി ഇവയൊക്കെയുമൊപ്പമായ് 95
കൂട്ടി വെച്ച കഷായത്തെ സിത മേൻപൊടിയായ് പിബേൽ

**ബാലദണ്ഡമുണ്ടാകിൽ**

ബാലദണ്ഡമതുണ്ടാകിൽ വയമ്പും നല്ല മഞ്ഞളും 96
ആവീരത്തിൻ കുരുന്നും ചേർത്തരച്ചാലേപനം ഗുണം

**മൂലക്കുരുവിന്ന്**

മുലപ്പാലേറേയുണ്ടായാൽ ഉണ്ടാകും കുരുവന്നുടൻ 97
കടുക്കായെള്ളു മധൂകം കുറുന്തോട്ടി മുരിങ്ങവേർ
മുലപ്പാലിലരച്ചിട്ടു തേച്ചു പൊട്ടാതകൊള്ളുക 98
പൊട്ടിയാലന്നു തേക്കേണം മൃണാളാദികുഴമ്പുടൻ
തേപ്പൂ ജാത്യാദി പുണ്ണായാൽ അതുകൊണ്ടൊഴിയും വ്രണം 99

**പെറ്റാൽ അതിസാരത്തിന്നു**

പോക്കിന്നച്ചെറുപഞ്ചമൂലകബലാദുസ്പർശവില്വൌഷധൈഃ
പാക്യം വെച്ചു കുടിക്ക പെറ്റവളജാജീമിട്ടു ജീരകം ഏൽക്കും
മുക്കുടി ചുക്കുമായൊരു കടുക്കാ കൊണ്ടു നൽ ചാലിയാൽ
സൂക്ഷ്മം നൂറുഗുളേന നക്കുക പിബേന്മോരോടു ഹിംഗ്വഷ്ടകം 100
ശാർങ്ങരിനീരുമഥേത്യാദിയും നന്ന്.

പെറ്റാലെണ്ണ കുടിച്ചീടേണ്ടുകിലക്ഷീരപൂർവം ബലായല്ലോ
പെറ്റാൽ തേക്കിതു മേൽക്കു തോന്നുക ധാന്വന്തരഞ്ച 101

**കറപോക്കിന്ന്**

കൽക്കത്തിന്നു പുളിംകുഴമ്പു പുടയാവള്ളിക്കഷായെ പചി
ച്ചുതൈലം പരുകീടെടോ വനിതമാർ പെറ്റാലെഴുംപാതിന് 102
മോരട്ടീപുടയാവുരിശ്ശസലിലേ തൈലം പചിച്ചിട്ടുമാം
കൽക്കത്തിന്നജമോജമുള്ളി കുടജം വിത്തും വിഷാ രോഹിണീ
ആജാള്യാദി ഗുളികയും നന്ന്.

*ഇതി വൈദ്യരത്നമാലികായാം ഗർഭചികിത്സാധികാരഃ*

## ബാലചികിത്സ

ബാലന്മാർ കാലഭേദംകൊണ്ടുണ്ടാം മൂന്നുപ്രകാരമായ്
ക്ഷീരവർത്തനനാം മുമ്പിൽ ഉണ്ടാൽ ക്ഷീരാന്നവർത്തനൻ 1
മുലപ്പാൽ മാറിയാൽ പിന്നെ അന്നവർത്തനനെന്നു പേർ
ക്ഷീരവർത്തനനാം നാളിൽ ഉണ്ടായി രോഗമെങ്കിലോ 2
അമ്മ സേവിക്കണം നന്നായ് അതിന്നുള്ള മരുന്നുകൾ
ക്ഷീരവർത്തനനുണ്ടാകും രോഗത്തിന്നിരുവർക്കുമാം 3
അന്നവർത്തനനായെന്നാൽ തസ്മിന്നേവ പ്രയോജയേൽ 4

**മുലപ്പാൽ തെക്കലിന്ന്**

പീതം പീതം മുലപ്പാൽ മുഹുരപി തെക-
ട്ടീടുകിൽ സ്തന്യദോഷാൽ
തേനും നെയ്യും കൊടുപ്പൂ ശിശുവിനു ജനനീ
സാപി പഥ്യാശിനീ സ്യാൽ
പൈതങ്ങൾക്കമ്മമാർ ജീരകമഴകില
രച്ചിട്ടു തേച്ചങ്ങു പശ്ചാൽ
ധൌതം പ്രാതഃ കൊടുപ്പൂ മൂല പുനരഥവാ
തേച്ചുതാൻ കൂവളാങ്ഘ്രിം 5

**പനിക്ക്**

ബാലനാം പനിയുണ്ടാകിൽ പൊടിച്ചു കടുരോഹിണി
മുലപ്പാലിൽ കൊടുക്കേണം എന്നാൽ പനി ശമിച്ചുപോം 6

ഒരുപിടിയരയാലിന്റെ തളിരു നന്നായ് ചതച്ചിട്ടു വെന്ത ജലം പാലും ചേർത്തു കുറുക്കി സേവിപ്പിച്ചാലിളച്ചു പോം.

**മൂത്രമടച്ചാൽ**

പിള്ളമൂത്രമടയ്ക്കിൽ വസ്തിമേൽ
വെള്ളരിക്കുടരുനീർ വിനിക്ഷിപേൽ
നല്ല മൂഷികമലം കലർന്നഥോ
കന്യകാന്ത്രരസമെങ്കിലും തഥാ 7

**മലബന്ധനത്തിന്ന്**

ചെറുപിള്ളക്കു മലക്കെട്ടു ശിഥിലീകൃതമാക്കുവാൻ
വയറ്റിൻമേൽ വഴിച്ചേക്ക പയസാ(പച്ചയാ) തേനുമെണ്ണയും 8
കാടിവീഴ്ത്തിയരച്ചിട്ടു കുന്നിക്കുരുവു പൂശുക 9
പഥ്യാം പേഷിച്ചു ശൊണൊല്പലഭുവി നവനീതേ കൊടുക്കർഭകാനാം
വിഡ്രോധെ കല്ക്കിതോഗ്രാം വയറവിടെ വഴിച്ചേക്ക നല്ലെണ്ണ നെയ്യും
അക്കമ്പിപ്പാലവേർമേൽത്തൊലിമപി ചുടുനീരോടരച്ചെയ്തു തേപ്പു-
ണ്ടൊക്കപ്പാടെ വയറ്റത്തഴകിതു നവനീതേ കൊടുക്കാവണാംഘ്രിം 10

**പൊക്കിൾപഴുപ്പിന്ന്**

പൊക്കിൾ തത്രപഴുക്കിലക്കറുകതൻ തോയേ നിശായഷ്ടികേ
കൽക്കീകൃത്യ ചമയ്ക്കുമെണ്ണ തടവൂ പിള്ളയ്ക്കു ശാതോദരീ
അർക്കാനെല്ലിഭവം വറുത്ത പൊടിതാനിട്ടേയ്ക്കു പാത്രച്ശിതം
പൊക്കിൾ തുണ്ഡമതെങ്കിലസ്തു മൃദുലസ്വേദോപനാഹാദികം 11

**വയറ്റിൽപുണ്ണിന്ന്**

പച്ചത്തക്രനിവീരമുത്തിൾതുളസീതെച്ചീപനച്ചീ നിശാ
പച്ചച്ചീരകചീരകാംബുഹഠതഃ പുണ്ഡോദരം പോയ്ക്കെടും
തച്ചിട്ടേഭിരുരുക്കുമാജ്യമഥവാ സേവേത രൂപാരസേ
വെച്ചിട്ടെണ്ണ ചമച്ചു തേക്ക പകലോൻവല്ലീനിശാകൽക്കിതം 12
(പച്ചത്തക്രനിപീതമു..................)

**പുൺപനിക്ക്**

അശ്വത്ഥഛദപാലതോൽചെറുപനിച്ചികുഞ്ഞിരിക്കാകരിക്ക-
ച്ചിന്തിൾസ്വരസേ വിപക്വതിലജം തേപ്പോർക്കു പോം പുൺപനി
നെല്ലിക്കാകുഹളീമരച്ചഥ തലയ്ക്കും ധാര മോർകൊണ്ടു ചെയ്വു
ള്ളിൽപുൺപനിപാരമായ തലനോവുമ്പോകുമെല്ലാവനും 13

**ബാലപീഡയ്ക്ക്**

ബാലപീഡയ്ക്കു സേവിക്ക പഞ്ചഗവ്യഘൃതം ഗുണം

**കരപ്പൻവക**

അകവാർപ്പിന്നകം തിങ്ങും തിണർത്തു മരിചോപമം 14
ചുവന്നു നിഴലിച്ചിട്ടു കാണാം കണ്ണിങ്കലും തഥാ
വ്യക്തമായ് പുറമേ കാണാം തിണർത്തു പുറവാർപ്പിനു 15

ചുവന്നു നയനം രണ്ടും കലങ്ങീട്ടു തഥാ പുനഃ
രക്തവിന്ദുക്കളെപ്പോലെ കാണാം മുതിരവാർപ്പിനു 16
സർവാംഗം നയനം രണ്ടും മഞ്ഞൾതൻ നിറമായിടും
പച്ചിലച്ചു ഞരമ്പെല്ലാം പൊങ്ങും കൺപച്ചിലച്ചുപോം 17
ചെമ്മെ കുതിരവാർപ്പെങ്കിൽ വീങ്ങിപ്പോമാനവാർപ്പിന്
വീങ്ങും ചുരുങ്ങുമുടനെ നീർവാർപ്പെങ്കിലമുക്കിയാൽ 18
അമുങ്ങുംവിരൽകൊണ്ടെങ്ങും കണ്ണിൽ നീരൊഴുകും സദാ
ഉറച്ച വീക്കമുണ്ടാകും സർവാംഗം ചോരവാർപ്പിന് 19
പനിക്കും തലയും നോവും ചുമക്കും കൺചുടക്കനെ 20

**കരപ്പന്ന്**

കറുകയമൃതുവെള്ളം തന്നിലങ്ങെണ്ണചേർ-
ത്തിട്ടതിമധുരമുശീരം ചന്ദനം നല്ലതോയം
പരിചിനൊടിവ നാലും കൽക്കമായ് വെന്തു തേച്ചാൽ
അഴകിനൊടു കരപ്പൻ പോയിടും ബാലകാനാം 21
കൂർക്കിൽ കുത്തിപ്പിഴിഞ്ഞുള്ള രസത്തിൽ ജീരകദ്വയം
പൊടിച്ചിട്ടിരട്ടിമധുരം കരിക്കിന്റെ ചിരട്ടയും 22
അരച്ചുകൂട്ടിത്തക്രേണ കുടിപ്പിക്ക ദിനത്രയം
ഇളനീരിട്ടു ചെത്തിപ്പൂ പനച്ചീടെ കുരുന്നപി 23
കൂർക്കിലേഷാം രസം നാഴിക്കുഴക്കു ഘൃതമായ്പചേൽ
കൽക്കത്തിന്നെഷ്ടിമധുരം നെല്ലിക്കാ ജീരകദ്വയം 24
ഞാറൽകുരുന്നു കറുക കരിക്കു ചെറുകയ്പതൻ
ഇല നീലീദളം കൂർക്കിൽ തഥാ ചെറുപനിച്ചിതൻ 25
കുരുന്നിവ പിഴിഞ്ഞുള്ള ജലേ നാലൊന്നു നെയ്പചേൽ
കൽക്കത്തിന്നെഷ്ടിമധുരം നെല്ലിക്കാ ജീരകത്രയം 26
വയമ്പാചാളിയെന്നെല്ലാം കൂട്ടിക്കാച്ചീട്ടു പായയേൽ
പച്ചിലപ്പെരുമാൾ കൂർക്കിൽ കരിക്കും പിച്ചകത്തില 27
ഇടിച്ചുപിഴിവാൻ നല്ല പനച്ചീടെ കുരുന്നപി
ഇവറ്റോടു സമം ദൂർവാ കൂട്ടിക്കൊണ്ടിട്ടതിൽ പുനഃ 28
കൽക്കത്തിന്നെഷ്ടിമധുകം ചന്ദനം ജീരകദ്വയം
ദേവതാരം തഥാ കൊട്ടം നാലൊന്നു തിലജം ജലാൽ 29
കൂട്ടിക്കാച്ചിച്ചിക്കണത്തിൽ അരിച്ചാപാദമസ്തകം
തേപ്പിച്ചാലൊഴിയും സദ്യോ കരപ്പാദികളൊക്കെയും 30
ചെത്തിപ്പൂവിനകത്തുള്ള നാരു നന്നായ്ക്കളഞ്ഞത്
മോരിൽ പുഴുങ്ങി നന്നായി അരച്ചാൽ പിന്നെമോരില്
തികഴ്ത്തിക്കൊണ്ടു ബാലാനാം കുറയശ്ശകൊടുത്തിട്ടു 31
മൂന്നേമുക്കാൽ നാഴികയിലകമെന്നാൽ ശമിച്ചുപോം 32
പിച്ചകത്തില കരിക്കു കൂർക്കിലും
കുന്നമുക്കി ചെറുകൈപ്പ തൃച്ചട
തൃത്തയും കറുത്തഞാവൽ പല്ലവം
ആരുനീക്കിയൊരു ചെത്തിപുഷ്പവും 34
നീലീനീ ചെറുപനച്ചിതൻ തളിർ
എന്നിതൊക്കെയൊരുമിച്ചിടിച്ചുടൻ
നീർപിഴിഞ്ഞു ചതുരംശമീരിതം
ജീരകം ചെറുതൊടു ഫലത്രയം 35
ദേവതാരു പച്ചയെന്നിതൊക്കെവൈ
കല്ക്കമായതിനു മഞ്ഞളും പുനഃ
കാച്ചിയങ്ങു കുടിചെയ്കിലീ ഘൃതം
ചെമ്പരപ്പൊടു കരപ്പുജാതിയും 36
വാർപ്പുമൊക്കെ ഒഴിയും ദിനത്രയാൽ
പിന്നെ വേണ്ടിയതു കൊണ്ടുപോരുമേ 37

ഏകനായകമൂലത്തെ മോരിൽ നന്നായരച്ചുടൻ
സർവാംഗം തേക്ക ബാലാനാം കരപ്പുകളൊഴിഞ്ഞുപോം 38

**തലയിൽ പൊട്ടുന്ന കരപ്പന്**

അമരിപരുത്തികൾനീരിൽ തുളസീ കറുകവിഷോത്ഥിതേ സ്വരസേ
കല്ക്കിതമേലാഭ്യം വാ നാല്പാമരമൊട്ടുസേവ്യനിശയാ വാ
സിദ്ധം തൈലമൊഴിക്കും തലയിൽ പുണ്ണു വ്രണാനി ചൊറിയും ച 39

**വായിൽപുണ്ണിന്നും അക്കരത്തിനും**

കരിഞ്ചീരകവും നല്ല കൊടിത്തൂവയുമെന്നിവ
കഴഞ്ചു മുമ്മൂന്നാദായ പിഷ്ട്വാ മുന്നാഴി മോരിലും 40
കുറുക്കി മൂഴക്കാക്കീട്ടു വായ്പുണ്ണിന്നു കവിൾക്രിയാ
തേനും നെയ്യും സമം കൂട്ടി കവിൾക്കൊൾകയുമത്ഭുതം 41
കുത്തിപ്പിഴിഞ്ഞ വെള്ളയ്ക്കാനീരും തേനും കവിൾക്രിയാ
പിച്ചകത്തിലനീർ പാലും കൂട്ടീട്ടുള്ള കവിൾക്രിയാ 42
ചെന്തങ്ങേലെ കരിക്കാമലകമിവ ചതച്ചിട്ടു വെച്ചുള്ള നീരും
നാരങ്ങാകൂർക്കിലെച്ചാറുകളോടു മാശാക്കുമക്കാരവീഞ്ച
ഒക്കെക്കൂട്ടിയരച്ചിട്ടയവിലൊരു കുഴമ്പാക്കി വായിൽ കൊടുത്താൽ
അന്നേപോമക്കരത്തിൻ പരിഷകൾ നിയതം ബാലാകാനാം വിശേഷാൽ 43

**ചെങ്കരപ്പന്ന്**

പ്രായപിള്ളയ്ക്ക് നെയ്യത്തെടവു കുടലിലെ ചെമ്പരപ്പിന്നു നെല്ലി-
ക്കായിട്ടിട്ടുള്ള നീരാൽ കഴുകുക നിയതം സ്നാനതൈലങ്ങളാകാ
കണ്ടേടം ചുട്ടു ചോര പരിചനിറമിയന്നാശു നീളപ്പരപ്പൊന്നു-
ണ്ടായാൽ ചെമ്പരപ്പെന്നതിഹ ശതധൌതേന പൈതൽക്കു തേപ്പൂ 44
മുണ്ഡീദൂർവാതിലം കാഞ്ഞിരത്തളിരമൃതാ-
പത്രനന്നാറിതുത്തക്കണ്ടിയഷ്ടീശ്ച പിഷ്ട്വാ
കറുകപയസാ തേക്കോർത്തു നെയ്യോടു മിശ്രം 45
കിടാങ്ങൾ മുത്തിൾ കറുകാരസത്തിൽ
കടഞ്ഞ നെയ്ചേർത്തഥ തേക്കയഷ്ടിം
ചുകന്നു മേല്പൊങ്ങിനവായ്വിസർപ്പേ
വദന്തി ദന്തിത്തളിരും തഥൈവ 46

**അങ്കാളപ്പന്നു**

കാലംകൊണ്ടോർക്കിലിപ്പോൾ പലതിലുമെഴുവൊന്നങ്കപൂർവ്വംവളായ്വൻ
ബാലന്മാർക്കേറെയുണ്ടാവിതു പുനരതിനഗ്നിവീസർപ്പമെന്നു(ൺമൂ)
കാലും കയ്യെങ്കിലും വീങ്ങുമതവിടെമെരിഞ്ഞൊക്കവേ മെയ്യിൽ വീങ്ങും
മൂളന്നൊക്കച്ചുകന്നെന്തൊരു പനി തൃഷയും ധൌതനെയ്യത്ര ലിമ്പേൽ 47
നെയ്യും ചേർത്തമൃതാജലംകടുകയെൾനന്നാറിയഷ്ടിം തഥാ
പയ്യിൻ പാലിലരച്ചുതേപ്പിതൊരിടം വീങ്ങിച്ചുകന്നീടുകിൽ
മെയ്യെല്ലാം വീങ്ങുമാകിലവിപത്തിം നെയ്യിലേ നക്കവൂ
ഹയ്യംഗാദിഗവീനമസ്തു തലയിൽ ഗോപീം ലിഹേനെയ്യിലേ 48
ഇടുന്നനല്പൊങ്ങിനവായ്പിസർപ്പേ
പൊടുന്നനക്കാഞ്ഞിരവേരരത്വാ
കിടാങ്ങൾ മുത്തിൾകറുകാരസത്തിൽ
കടഞ്ഞ നെയ്ചേർത്തഥതേയ്ക്കമെയ്യിൽ 49
നാല്പാമരംകറുകയെൾനറുനീണ്ടിയാ-
നപ്പല്ലംബുജങ്ങളിവയഞ്ചിനുടേ കിഴങ്ങും
ആലേപയേദിദമരക്കൊടമുക്കുരേണ പിള്ള-
യ്ക്കെഴുന്നവളയങ്ങളൊഴിയും ക്ഷണേന 50
പൂവത്തുംഞാവൽനെല്ലിത്തൊലികൾ ചെറുപനച്ചീരസേ മുന്തിരിങ്ങാ
പാഠാനന്നാറിപാർവള്ളികൾ മധുകമിളന്താലവും ജീരകേ ദ്വേ
ഒപ്പത്തിൽ കല്ക്കമാക്കിച്ചരതമൊടിളതായ്ക്കാച്ചുമന്നെയ്കൊടുത്താൽ
ബാലാനാമങ്കപൂർവ്വം പദമൂടയ വളായ്വന്നിളപ്പൂണ്ടു നീളെ 51

പിള്ളയ്ക്കുണ്ടാകിലത്താമരയതി-
നമൃതിന്നൂറൽ വെണ്ണക്കുഴമ്പായ്
മെയ്യിൽ തേപ്പിക്ക പഥ്യാമപി ചില
ദിവസം വെണ്ണയിൽ ചേർത്തു ലിമ്പേൽ 52

**അതിസാരത്തിന്ന്**

ഉള്ളിത്തൈലേന വാ കോവലില പി-
ഴിയുമന്നീർ കൊടുക്കൊട്ടു മുത്തിൾ
വെള്ളത്തിൽ ചുണ്ടയാ കല്ക്കിതമപി
ഘൃതവും പോക്കിലേല്പൊന്നിതിങ്കൽ 53

**ജ്വരാതിസാരത്തിന്ന്**

അതിസാരത്തോടുകൂടി പനിയുണ്ടായ്‌വരുന്ന നാൾ
പാച്ചോറ്റിത്തൊലി ഞാഴൽപൂ ഇവ നന്നായരച്ചത് 54
മുലമൊട്ടിൽ പുരട്ടീട്ടു കുടിപ്പിച്ചാൽ ശമിച്ചുപോം
പടർച്ചുണ്ടയുടെ വേരും നല്ല തിപ്പലിയും സമം 55
കൂട്ടിപ്പൊടിച്ചു പാലിൽ താൻ മുലപ്പാലിൽ തന്നിലെങ്കിലും
സേവിപ്പിച്ചാൽ സരണവും ജ്വരവും ശാന്തമാം ദ്രുതം 56

**ഛർദ്യതിസാരത്തിന്ന്**

പിന്നെ ഛർദ്യതിസാരങ്ങൾ ഒരുമിച്ചുളവാകിലോ
വില്വവേരിൻ കഷായത്തിൽ പാൽവീഴ്ത്തി മലരിട്ടുടൻ 57
കുറുക്കീട്ടു കുഴമ്പാക്കി വാങ്ങീയാറീട്ടു തേനുമായ്
സേവിച്ചാലുടനേ നിൽക്കും അതിസാരഞ്ച ഛർദ്ദിയും 58
ഉശീരജംബ്വാമ്രവടപ്രരോഹൈഃ
ക്വാഥോ രസോ വാ മധുസംപ്രയുക്തഃ
പീതോ ജ്വരഛർദ്യതിസാരതൃഷ്ണാം
ബാലസ്യ മൂർഛാമപഹന്തി സദ്യഃ 59

രാമച്ചം ഞാവൽക്കുരുന്ന് കരിമാന്തളിർ പേരാൽമൊട്ട് ഇവകൊണ്ടു കഷായം. തേൻ മേമ്പൊടി. കുത്തിപ്പിഴിഞ്ഞനീരിൽ തേൻചേർത്തിട്ടുമാം.

**രക്താതിസാരത്തിന്ന്**

കുടകപ്പാലവേർമേൽ തോൽ വൻതിപ്പലി വിഷാമപി
അരച്ചു പാലിൽ സേവിച്ചാൽ രക്താതീസാരനാശനം 60

**ഛർദ്ദിക്ക്**

ഇളതായുള്ള തെങ്ങിൻപൂക്കുലമേലുള്ള തണ്ഡൂലം
കുത്തിപ്പിഴിഞ്ഞു തേൻകൂട്ടി പാനം രക്താതിസാരജിൽ 61

ചെറുപയറേലത്തിരിയും സമമായ്കുത്തിപ്പൊടിച്ചു ചരതിച്ചിളന്നീരിൽ ഇട്ടേച്ചിട്ടന്നീരേ കുറേക്കുറേ കൊടുക്ക. സിതകൂട്ടി. ബാലാനാം ഛർദ്ദിഹരം. (കൊളളാന്താനും വയസ്സുചെന്നോർക്കും)

**അഗ്നിമാന്ദ്യത്തിന്ന്**

വെതുത്തച്ചോറൊന്നിലടുപ്പിൽ വെച്ചു
ചൂടും പിടിപ്പിച്ചതിൽ വെണ്ണയിട്ടു
തിളച്ചനേരത്തതു വാങ്ങിയുണ്ടാൽ
ഇളച്ചുപോം ബാലകൃശാനുമാന്ദ്യം 62

**അണ്ണാക്കിൽ കളളപ്പല്ല്**

മൂവാണ്ടിന്നുള്ളിൽ ബാലർക്കു അണ്ണാക്കിൽ രണ്ടുപല്ലുളാം
അതിന്റെ പൂർവരൂപങ്ങൾ പാരമായിപ്പനിക്കയും 63
പ്രസ്രവിക്കും ജലം തന്നെ കാലും കൈയും തളർന്നുപോം
തുറക്കയില്ല കണ്ണൊട്ടും മുലയും കുടിയാതെയാം 64
നിറുകന്തലമെല്ലെന്നു കുഴിഞ്ഞിട്ടുവരും തദാ
വാപൊളിച്ചിട്ടു നോക്കുമ്പോൾ അണ്ണാക്കിൽ രണ്ടുപാട്ടിലും 65
മേലേ മുളച്ചു കാണാറാം എന്നാൽ നന്നായുണങ്ങിയ
ചാണകം ചുട്ട വെണ്ണീറും ഉപ്പിലെപ്പരലും സമം 66

പൊടിച്ചു വിരലേൽ തൊട്ടു തേച്ചു മേലൊട്ടമുക്കുക
ഞാറൽഞാവലിവറ്റിന്റെ തളിർ കുത്തിപ്പിഴിഞ്ഞ നീർ 67
കൂട്ടി നല്ല വെളിച്ചെണ്ണ കാച്ചിത്തേപ്പിക്കണം ദ്രുതം
അണ്ണാക്കിൽ മുഴപൊട്ടീട്ടു പല്ലുവന്നു പുറപ്പെടും 68
പിന്നെ ഭേദം വരാ താനും കള്ളപ്പല്ലെന്നിതിന്നു പേർ

**നീർത്തപോക്കിന്നു**

ആണ്ടിലാണ്ടിലോരോന്നോരോന്നേറ്റിക്കൊണ്ടിതു ചിത്രകം 69
നേർത്ത ദീപ്യകവും തദ്വൽ തദർദ്ധം മുളകെന്നിവ
മൂന്നും മോരിൽ തികഴ്ത്തീട്ടു മൂന്നുനാൾ പരുകീടുകിൽ 70
തോന്നാ നീർത്തതിസാരാർത്തി തോന്നും പിള്ളയ്ക്കു പൈതുലോം

**കുരുവിന്ന്**

മുൻപിൽ പാല്പാടയും കാവിയുമഴകിലരച്ചിട്ടു വെണ്ണായുതം
തേയ്ക്കമ്പിൽ ദൂർവ്വാഗ്രമെള്ളും പയസി പുനരരച്ചസ്തു ലേപോപി തദ്വൽ
തുമ്പപ്പൂവെള്ളുലക്ഷ്മീദളകറുകകളുന്നൽ തുടിംപാളനീരോടപ്പൈ-
മ്പാലിൽ പുഴുങ്ങിക്കുരുവിനു നവനീതേന തേക്കർഭകാണാം 71
ദൂർവ്വാഗ്രമെള്ളുമഥ ചിറ്റമൃതിൻ കുരുന്നും
ശ്രീതാളിവേരുമൊരു തുമ്പയിലുള്ള പൂവും
പാൽപാടയാ പുനരരച്ചഥ വെണ്ണ തേച്ചാൽ
പൊയ്പോം കുരുക്കൾ ചെറുപിള്ളകൾ മെയ്യിലേത് 72

പൊളിഞ്ഞാൽ ശതധൌതം തലോടുക. കറുകാപർപ്പടരസത്തിൽ യഷ്ടീകൽക്കേന നെയ്കാച്ചിത്തടവുകയും നന്ന്

**മൂക്കൊലിപ്പിന്**

പൊട്ടന്മാരെ ശിശൂനാം ശിരസി
കഫഗദാൽ പീനസാദീനി കാൺകിൽ
ചുട്ടമ്മാടോടതിട്ടിട്ടഥ സലിലമറു-
ത്തിട്ടു തേയ്ക്കെണ്ണനെയ്താൻ 73

**മെലിവിന്ന്**

ഒട്ടംഗേ രക്തമാംസക്ഷയമെഴുകി-
ലതിന്നൊത്തു ദുർവ്വാരസേ ചേ-
ർത്തിട്ടു മർദ്ദിച്ചു വെണ്ണാന്തടവുക-
മൃതുനൂർ ചേർത്തു ലാക്ഷാത്മജാ വാ 74

*ഇതി വൈദ്യരത്നമാലികായാംബാലചികിത്സാധികാരഃ*

***സംപൂർണ്ണം***

# വൈദ്യനിഘണ്ഡു

## അകാരാദി

### അ

| | |
|---|---|
| അംബു | ഇരുവേലി |
| അംബുദം | മുത്തങ്ങാ |
| അഗ്നി | കൊടുവേലി, തീ |
| അഗ്രഗ്രാഹി | അക്കിക്കറുകാ |
| അജാജി | ജീരകം, അയമോദകം |
| അദ്ധ്ഡാ | കീഴ്കാനെല്ലി |
| അപാനം | ഗുദത്തോടടുത്തുള്ള കുടലിന്റെ ഭാഗം |
| അപാമാർഗ്ഗ | വലിയകടലാടി |
| അഭയാ | കടുക്കാ |
| അഭീരു | ശതാവരി |
| അല്ലം | പുളിച്ചതു, പുളി |
| അരുഷ്കരം | ചേർക്കുരു |
| അർക്കം | എരിക്ക് |
| അവനിപ്പന | നിലപ്പന |
| അശ്വഗന്ധം | അമുക്കുരം |
| അശ്വത്ഥപല്ലവം | അരയാൽക്കുരുന്ന് |
| അശ്മഭിത്ത് | കല്ലൂർവഞ്ചി |
| അശ്മഭേദം | കല്ലൂർവഞ്ചി |
| അഹിർഫേനം | അഫീൻ |
| അക്ഷമാത്രം | താന്നിക്കായോളം |
| അറുപദം | കയ്യന്യം |
| അന്നവർത്തനൻ | ചോറുകൊണ്ടു ജീവിക്കുന്നവൻ |

### ആ

| | |
|---|---|
| ആകണ്ഠം | കഴുത്തോളം |
| ആകാശപ്പൊടി | പുകയിറ |
| ആകുംഭാർദ്ധം | കുടത്തിന്റെ(പകുതി) |
| ആജം | ആട്ടിൻപാൽ |
| ആഢകം | നാലിടങ്ങഴി |
| ആന്ത്രം | കുടർ |
| ആമയം | രോഗം |
| ആമലകം | നെല്ലിക്കാ |
| ആമൂലമസ്തകം | സമൂലം |
| ആരനാളം | വെപ്പുകാടി |
| ആലേപനം | പൂശുക |
| ആവണാംഘ്രി | ആവണക്കിൻവേര് |
| ആവീരം | അ(ആ)വിൽ |
| ആസ്യശോഷം | വാവരൾച്ച |
| ആനയടിയൻ | ആനച്ചുവടി |
| ആന്നൂപം | പോത്ത്, പന്നി, മത്സ്യം മുതലായവയുടെ മാംസം |

### ഇ

| | |
|---|---|
| ഇല്ലരക്കരി | പുകയിറ |
| ഇക്ഷു | കരിമ്പ് |

### ഈ

| | |
|---|---|
| ഈഷദൂഷ്ണം | കുറഞ്ഞോന്നു ചൂടുള്ളത് |

### ഉ

| | |
|---|---|
| ഉദശ്ചിത്ത | മോർ |
| ഉദാനവായു | കണ്ഠത്തിൽ ഇരിക്കുന്ന വായു |
| ഉന്മത്തോർത്ഥം | ഉന്മത്തു പിഴിഞ്ഞത് |
| ഉരക്ഷതം | നെഞ്ചിൻ വ്രണം |
| ഉല്പലം | ചെങ്ങഴിനീർക്കിഴങ്ങ് |
| ഉശീരം | രാമച്ചം |
| ഉഷാജലം | കാടിനീർ |
| ഉഷോദകം | കാടിനീർ |
| ഉഷ്ണോദകം | ചൂടുവെള്ളം |
| ഊഷണം | കുരുമുളക് |

### എ

| | |
|---|---|
| എഷ്ടിമധുരം | ഇരട്ടിമധുരം |
| ഏകനായകം | പൊൻകുരണ്ടി |
| ഏരണ്ഡതൈലം | ആവണക്കെണ്ണ |
| ഏരണ്ഡബീജം | ആവണക്കരി |

### ക

| | |
|---|---|
| കച്ചൂരി | കച്ചോലം |
| കഞ്ജം | താമര |
| കടുകാ | കടുരോഹിണി |

| | |
|---|---|
| കടുത്രയം | ത്രികടുകു |
| കണാ | തിപ്പലി |
| കണ്ഡു | ചൊറി |
| കണ്ഡൂകരി | നായ്ക്കുരണ |
| കതകം | തേറ്റാമ്പരൽ |
| കതിരോൻ | എരിക്ക് |
| കദളീകന്ദം | കദളിവാഴമാണം |
| കന്യകാന്ത്രരസം | കറ്റാർവാഴനീർ |
| കസനം | ചുമ |
| കറ്റാഴാംഭസ്സു | കറ്റാർവ്വാഴനീർ |
| കാകമാചി | കരന്തകാളി |
| കാകോളീദ്വയം | കാർകോളിയും ക്ഷീരകാർകോളിയും |
| കാഞ്ചനം | ഉന്മത്ത, സ്വർണ്ണം |
| **കാരദ്വയം** | **ചവർക്കാരം** |
| കാരവി | ചതകുപ്പ |
| കാർജീരകം | കരിഞ്ചീരകം |
| കാസജിത്ത | പൊന്നാവീരം |
| കാസഹാ | പൊന്നാവീരം |
| കിടീപം | ചൊറി |
| കുടജത്വക് | കുടകപ്പാലത്തൊലി |
| കുഷ്ഠം | കൊട്ടം, ഒരുരോഗം |
| കുംഭകം | ത്രികോല്പക്കൊന്ന |
| കുംഭി | നാഗദന്തി |
| കുഞ്ഞിരിക്ക | ഒരു വക ആനച്ചുവടി |
| കൂർമുളള് | എലിമുളള് |
| കൃമിഘ്നം | വിഴാലരി |
| കേസരം | അല്ലി |
| കോദ്രവം | വരകരി |
| കോരണ്ഡം | കരിംകുറിഞ്ഞി |
| കോലാ | ലന്തക്കുരു |

## ഖ

| | |
|---|---|
| ഖളം | മുക്കുടി |

## ഗ

| | |
|---|---|
| ഗദം | രോഗം |
| ഗവാമൂത്രം | ഗോമൂത്രം |
| ഗുദകീലം | അർശ്ശസ്സിന്റെ ആണി |
| ഗുഹാ | മൂവില |
| ഗളൂചി | ചിറ്റമൃത് |
| ഗോപയസ് | പശുവിൻപാൽ |
| ഗ്രന്ഥിമാല | മുഴകൾ |

## ഘ

| | |
|---|---|
| ഘനം | മുത്തെങ്ങ |
| ഘണ്ടാനാദം | മണിയുടെ ഒച്ച |

## ച

| | |
|---|---|
| ചതുരസ്നുഹികണ്ഠം | ചതുരക്കളളിക്കഴുത്ത് |
| ചതുർജ്ജാതകം | ഏലം ഇലവർങ്ങം സമുദ്രപ്പച്ച നാഗപ്പൂവ് ഇവനാലും ചതുർജ്ജാതകം |
| ചാരണാ | തവിഴാമ |
| ചിഞ്ചാരസം | പുളിയില ഇടിച്ചുപിഴിഞ്ഞ നീർ |
| ചിത്രകം | കൊടുവേലി |
| ചിത്രാ | ആവണക്ക് |
| ചിന്തിൾ | ചിറ്റമൃത് |
| ചൂതാസ്ഥി | മാങ്ങായണ്ടിപ്പരിപ്പ് |
| ചെറുപഞ്ചമൂലം | ഓരില മൂവില കറുത്ത ചുണ്ട വെളുത്തചുണ്ട ഇവ വേരു ഞെരിഞ്ഞിൽ ഇതു അഞ്ചും |

## ഛ

| | |
|---|---|
| ഛിന്നോത്ഭവം | ചിറ്റമൃത് |

## ജ

| | |
|---|---|
| ജലദം | മുത്തെങ്ങ |
| ജലൌകസ്സ | നീരട്ട |
| ജീവകർഷഭം | ജീവകവും ഇടവകവും |
| ജീവന്തി | അടപൊതിയൻകിഴങ്ങ് |
| ജീവനീയങ്ങൾ | അടപൊതിയൻ ശതാവരി കോവൽക്കിഴങ്ങ് ജീവകം ഇടവകം ഇതു അഞ്ചും |
| ജൂർത്തി | ജ്വരം |
| ജംബീരം | ചെറുനാരകം, ചെറുനാരങ്ങാ |
| ജംബാസ്ഥി | ഞാവൽക്കുരു |

## ഞ

| | |
|---|---|
| ഞമഞ്ഞി | ചെറിയ കക്കാ |

## ട

| | |
|---|---|
| ടംകണം | പൊൻകാരം |

## ഡ

| | |
|---|---|
| ഡാഡിമം | താളിമാതളം |

## ത

| | |
|---|---|
| തലനീളി | പ്രസാരണി |
| താലപത്രം | കരിമ്പനക്കൂമ്പ് |
| താലുശോഷം | അണ്ണാക്കു തുവരുക |
| താർക്ഷ്യശൈലം | മാക്കീരക്കല്ല് |
| തിക്താ | പുത്തരിച്ചുണ്ട |
| തിക്ത | കയ്പു, കച്ചിരിക്കുന്നത് |
| തിന്ത്രിണീകം | വാളംപുളി |
| തിന്ത്രിണീഫലവല്ക്കം | പുളിംകുരുത്തൊലി |
| തീ | കൊടുവേലി |
| തീഷ്ണം | ഉഗ്രഗുണമുള്ളത്, കുരുമുളക് |
| തുടി | ഏലത്തരി |
| തുത്തക്കണ്ടി | കണ്ടിപ്പായൽ |
| തൂവ | കൊടുത്തൂവ |
| തേകരാജൻ | കയ്യന്യം |
| തെളിക്കുരുന്നു | തെറ്റാമരത്തിൻ കുരുന്ന് |
| തോദം | കുത്തിനോവ് |
| ത്രികണ്ടകം | ഞെരിഞ്ഞിൽ |
| ത്രിജാതകം | ഏലം, ഇലവർങ്ഗം, സമുദ്രപ്പച്ച |
| ത്രിപാദി | നിലംപരണ്ട |
| ത്രിവൃതാ, ത്രിവിൾ | ത്രികോല്പക്കൊന്ന |
| ത്ര്യൂഷണം | ത്രികടു |

## ദ

| | |
|---|---|
| ദാരു | ദേവതാരം |
| ദാർവി | മരമഞ്ഞത്തൊലി |
| ദീപ്യം, ദീപ്യകം | അയമോദകം |
| ദുസ്പർശം | കൊടിത്തൂവ |
| ദൂർവാ | ചെറുകറുക |
| ദേവതമരം | ദേവതാരം |
| ദോഷ | മഞ്ഞൾ, രാത്രി |
| ദോഷാജൂർത്തി | രാപ്പനി |
| ദ്രാക്ഷാ | മുന്തിരിങ്ങാപ്പഴം |
| ദ്രാക്ഷാംബു | മുന്തിരിങ്ങാക്കഷായം |
| ദ്രോണം | പതിനാറിടങ്ങഴി |
| ദ്വികരഞ്ജം | ഉങ്ങും ആവിലും |

## ധ

| | |
|---|---|
| ധാന്യം | കൊത്തൻപാലരി |
| ധാന്യാമ്ലം | വെപ്പുകാടി |
| ധാരോഷ്ണം | അപ്പോൾ കറന്ന പാൽ |
| ധൌതം | കഴുകിയത് |

## ന

| | |
|---|---|
| നക്തം | മഞ്ഞൾ, രാത്രി |
| നയേൽ | പ്രാപിക്കും |
| നവജ്വരം | പഴകാത്ത പനി |
| നളീനീ | താമര |
| നാഗവല്ലീ | വെറ്റിലക്കൊടി |
| നാനാജ്വൂർത്തി | എല്ലാവകപ്പനിയും |
| നിർഗ്ഗുണ്ണി | കരിനൊച്ചി |
| നിദിഗ്ദ്ധികം | ചെറുവഴുതിന |
| നിരിയൂഹം | കഷായം |
| നീർ | വെള്ളം, ഇരുവേലി |
| നീലി | അമര |
| നീണ്ടി | നറുനീണ്ടി |
| ന്യുഗ്രോധപാദം | പേരാലിൻവേര് |

## പ

| | |
|---|---|
| പച്ചിലപെരുമാൾ | വേനല്പച്ച |
| പഞ്ചകോലം | കാട്ടുകൊടിവേര് കാട്ടുതിപ്പലിവേര് കൊടുവേലിക്കിഴങ്ങ് ചുക്ക് തിപ്പലി ഇവ അഞ്ചും |
| പഞ്ചമൂലം വലിയതു | കുമ്പിൾ കൂവളം പാതിരി പലകപ്പയ്യാനി മുഞ്ഞ ഇവ അഞ്ചിന്റേയും തൊലികളഞ്ഞ വേര് |
| പഞ്ചവല്ക്കം | അത്തി ഇത്തി അരയാൽ പേരാൽ കല്ലാൽ ഇവയുടെ |

| | |
|---|---|
| | തൊലി |
| പഞ്ചാംഗം | ചിലതിന്റെ വേരും തണ്ടും ഇലയും പൂവും കായും കൂടിയത് |
| പഞ്ചാമ്ലം | വാളൻപുളിയില അമ്പഴത്തില ഞെരിഞ്ഞിൽ പുളിയില കയ്യാലപ്പുളി ഇങ്ങനെ അഞ്ചും |
| പടു | ഇന്തുപ്പ് |
| പത്രം | ഇല |
| പത്തിൻവേര് | ദശമൂലം |
| പത്മം | താമര |
| പത്മകേസരം | താമരയല്ലി |
| പത്മകം | പതുമുകം |
| പനസച്ചാണം | പ്ലാമഞ്ഞൾ |
| പപ്പണപത്രം | പാവട്ടയില |
| പാടു | അസൃഗ്ദരം |
| പാമാ | ചൊറി |
| പാരതം | രസം |
| പലാശഭസ്മം | പ്ലാശുന്തൊലി ചുട്ടത് |
| പിണ്ഡസ്വേദം | നവിര മുതലായതിന്റെ ചോറുകൊണ്ട് തിരുമ്മിവിയർപ്പിക്ക |
| പുനൽ | വെള്ളം കഷായം ഇരുവേലി |
| പെഷയേൽ | അരയ്ക്കണം |
| പൈതല്പഞ്ചമൂലി | ചെറുപഞ്ചമൂലം |
| പൈമഞ്ഞൾ | പച്ചമഞ്ഞൾ |
| പൊട്ടളം | കിഴി |
| പ്രഗെ | രാവിലെ |
| പ്രതിഹതി | തടവു |
| പ്രപുണ്ഡരീകം | പെരുംപുണ്ഡരീകം |
| പ്രവാപം | സങ്കടം പറഞ്ഞു കരക |
| പ്രസ്ഥം | ഒരിടങ്ങഴി |
| പ്രാതഃ | രാവിലെ |

## ഫ

| | |
|---|---|
| ഫലത്രയം | ത്രിഫല |

## ബ

| | |
|---|---|
| ബദരം | ലന്തക്കുരു |
| ബന്ധുജീവകം | ഉച്ചമലരി |
| ബർബ്ബരം | ചെറുതേക്ക് |
| ബലാ | കുറുന്തോട്ടി |
| ബഹുളം | വളരെ |
| ബഹുവാരം | പലവട്ടം |
| ബാഹ്യം | പുറത്തുള്ളത് |
| ബാളകം | ഇരുവേലി |
| ബീജപൂരകം | വള്ളിനാരങ്ങാ |
| ബൃഹൽ | വലിയത് |
| ബൃഹതീദ്വയം | ചെറുവഴുതിനയും വെൺവഴുതിനയും |

## ഭ

| | |
|---|---|
| ഭദ്രികാ | ചെറുപൂള |
| ഭല്ലാതകം | ചേർക്കുരു |
| ഭാർങ്ങി | ചെറുതേക്ക് |
| ഭൂതാലം | നിലപ്പന |
| ഭൂനിംബം | പുത്തരിച്ചുണ്ട |
| ഭൂമിതാലം | നിലപ്പന |
| ഭൂസുരമരം | ചമത |
| ഭൃംഗരസം | കയ്യന്യനീർ |
| ഭൃംഗരാജരസം | കയ്യന്യനീർ |

## മ

| | |
|---|---|
| മഗധജം | തിപ്പലി |
| മത്സ്യാക്ഷി | മീനാങ്ങാണി |
| മഥിതം | കടഞ്ഞെടുത്തതു |
| മദയന്തിക | കഞ്ചാവു |
| മധുകം | ഇരട്ടിമധുരം |
| മയൂരശിഖാ | കണ്ടിവെണ്ണ, മയിലോചിക എന്നും ചിലർ പറയുന്നു. |
| മരിചം | കൊടിമുളക് |
| മസ്തു | തൈർവെള്ളം |
| മയൂരി | ചെറുകലാടി |
| മാഷം | ഉഴുന്ന് |
| മുകിൽ | മുത്തങ്ങാ |
| മുത്തിൾ | കുടങ്ങൽ |
| മൂഷികച്ചെവി | എലിച്ചെവി |
| മൃണാളം | താമരവളയം |

## യ

| | |
|---|---|
| യവക്ഷാരം | ചവർക്കാരം |

| | |
|---|---|
| യവാഷം | കൊടിത്തൂവ |

## ര

| | |
|---|---|
| രജനി | രാത്രി |
| രാജതരു | കൊന്ന |

## ല

| | |
|---|---|
| ലശൂനം | വെള്ളുള്ളി |
| ലാജം | മലർ |
| ലാക്ഷാ | കോലരക്ക് |

## വ

| | |
|---|---|
| വാചാ | വയമ്പ് |
| വടം | പേരാൽ |
| വരാ | ത്രിഫല |
| വല്ക്കം | തൊലി |
| വർഷാഭു | തവിഴാമ |
| വാകുചി | കാർകോലരി |
| വായു | വാതം |
| വാരാഹി | നിലപ്പന |
| വാശാ | ആടലോടകം |
| വില്വപത്രം | കൂവളത്തില |
| വൃഷപത്രം | ആടലോടകത്തില |
| വ്യാഘ്രി | ചെറുവഴുതിന |
| വ്യോഷം | ത്രികടു |

## ശ

| | |
|---|---|
| ശതമൂലി | ശതാവരി |
| ശമീപത്രം | വഹ്നിച്ചമതയുടെയില |
| ശമ്യാകം | കൊന്ന |
| ശാർങ്ങേരി | പുളിയാരൽ |
| ശുണ്ഠി | ചുക്ക് |
| ശോധനം | ശുദ്ധിചെയ്ക |
| ശോഷം | മെലിവ്, വരൾച്ച |
| ശ്രേഷ്ഠാ | ത്രിഫല |

## ഷ

| | |
|---|---|
| ഷൾപ്പലം | പഞ്ചകോലത്തിൽ ഇന്തുപ്പ് ചേർന്നത് |

## സ

| | |
|---|---|
| സപ്തച്ഛദം | ഏഴിലപ്പാല |
| സപ്തദ്രവം | ഏഴുവക നീര് |
| സലിലം | വെള്ളം |
| സർഷപം | ചെറുകടുക് |
| സസ്തന്യം | മുലപ്പാൽ ചേർന്നത് |
| സഹദേവി | പൂവാംകുറുന്തല് |
| സ്തനജം | മുലപ്പാൽ |
| സ്തംഭം | മരിച്ചുപോക |
| സാജമൊജം | അയമോദകം ചേർന്നത് |
| സിതബർബരം | വെളുത്ത ചെറുതേക്ക് |
| സിത | പഞ്ചസാര |
| സിദ്ധാർത്ഥം | കടുക് |
| സിദ്ധം | ഉണ്ടാക്കിയത് |
| സിര | ഞരമ്പ് |
| സതീഷ്ണം | ഉഗ്രമായുള്ളത് |
| സൈന്ധവം | ഇന്തുപ്പ് |
| സംസർഗ്ഗം | ത്രിദോഷങ്ങളിൽ രണ്ടൊന്നിച്ചു കോപിക്ക |

## ഹ

| | |
|---|---|
| ഹഠം | തുത്തക്കണ്ടി |
| ഹരിദ്രാ | മഞ്ഞൾ |
| ഹിംഗു | കായം |
| ഹൃദയം | നെഞ്ചിനകം |
| ഹ്രീബേരം | ഇരുവേലി |

## ക്ഷ

| | |
|---|---|
| ക്ഷണദാ | മഞ്ഞൾ |
| ക്ഷതം | മുറിവ് |
| ക്ഷാരനീർ | ഭസ്മം കലക്കിയ വെള്ളം |
| ക്ഷീരചതുർഗുണം | നാന്മടങ്ങു പാൽചേർന്നത് |
| ക്ഷീരം | പാൽ |
| ക്ഷൌദ്രം | തേൻ |

## അനുക്രമണിക


**ജ്വരലക്ഷണം** *1*
ആഗന്തുജ്വരം 1
**ജ്വരചികിത്സാ** *2*
*ഷഡംഗം* *2*
*തോയതോയദാദി* *3*
വാതജ്വരത്തിന് 3
*പാഠാഗ്നിമന്ഥാദി* *3*
*ഗോപാംഗനാദി* *3*
ശ്ലേഷ്മജ്വരത്തിന്നു 3
*പഥ്യാകൾഫലാദി* *3*
വാതപിത്തജ്വരത്തിന്ന് 3
*ദ്രാക്ഷാദികഷായം* *3*
കഫപിത്തജ്വരത്തിന്ന് 4
കഫവാതജ്വരത്തിന് 4
സന്നിപാതജ്വരത്തിന്നു 4
ബോധക്കേടിന്ന് 4
കടച്ചിലിന്ന് 4
*ലോഹിതാണ്ഡാദി* *4*
ഉരിയാടാത്തതിന്ന് 5
*രാസ്നാശുണ്ഠ്യാദികഷായം* *5*
*കുളിപ്പാൻ എണ്ണ* *5*
അംഗഭംഗാദികൾക്ക് 5
ചാതുർത്ഥികജ്വരത്തിന്നു 6
തുള്ളപ്പനിക്കു 6
പുരാണജ്വരത്തിന് 7
വിഷമജ്വരത്തിന്ന് 7
ആമജ്വരത്തിന്ന് 7
രാപ്പനിക്ക് 7
*ആൽമൊട്ടാദി* *8*
*ആവിത്തോൽമലരാദി* *8*
*ദാരുനാഗരാദി* *8*
ജ്വാരാതിസാരത്തിന് 8
*മുസ്താദ്യഷ്ടവർഗ്ഗം* *8*
*പാഠാഗുളൂച്യാദി* *8*
*ദശമൂലം* *8*
*വ്യാഘ്രീദുരാലഭാദികഷായം* *9*
*പഞ്ചസാരം* *9*
*ദ്വിപഞ്ചസാരം* *9*
വിരേചനത്തിനു 9
*അവിപത്തി* *9*
പ്രത്യാവർത്തിജ്വരം 10
*ലാക്ഷാദി എണ്ണ* *10*
*കല്യാണഘൃതം* *10*
*പഞ്ചഗവ്യഘൃതം* *10*
*പഞ്ചഗവ്യത്തിന്റെ കണക്ക്* *11*
*ഇന്ദുകാന്തം* *11*
തൊലികളഞ്ഞു കൂട്ടേണ്ടവ 11
**രക്തപിത്തലക്ഷണം** *11*
**രക്തപിത്തചികിത്സ** *12*
ഊർദ്ധ്വരക്തത്തിന്നു 12
വിരേചിപ്പാൻ 12
ഛർദ്ദിപ്പാൻ 12
ചോരഛർദ്ദിക്കുന്നതിന് 13
മൂക്കിൽ ചോരവരുന്നതിന്ന് 13
*മഞ്ജിഷ്ഠാദിയെണ്ണ* *13*
*ചന്ദനാദിഎണ്ണ ചെറുത്* *13*
*ധാത്ര്യാദിഘൃതം* *14*
*ഛിന്നോൽഭവാദിതൈലം* *14*
കീഴ്പോട്ടു ചോരപോകുന്നതിന് 14
**അസൃഗ്ദരലക്ഷണം** *15*
**അസൃഗ്ദരചികിത്സ** *15*
*മുസ്താമൃതാദികഷായം* *15*
വാതാസൃഗ്ദരത്തിന്നു 15
പിത്താസൃഗ്ദരത്തിന്നു 15
ശ്ലേഷ്മാസൃഗ്ദരത്തിന്നു 15
ചോരനില്പാൻ 16
*ചെമ്പരുത്ത്യാദിഘൃതം* *16*
**അസ്ഥിസ്രാവലക്ഷണം** *17*
**അസ്ഥിസ്രാവചികിത്സ** *17*
*ശതാവരീഘൃതം* *18*
*വാരാഹ്യാദിഘൃതം* *18*
**കാസലക്ഷണം** *19*
**കാസചികിത്സ** *19*
*മനയോലാദിവർത്തി* *19*
തൊണ്ട ചൊറിഞ്ഞു ചുമയ്ക്കുന്നതിന്ന് 19
*കരിഞ്ചീരകാദിവർത്തി* *19*
*വ്യോഷം ചെഞ്ചലീയാദിവർത്തി* *19*
*നീലീപത്രവർത്തി* *20*
വാതകാസത്തിന്ന് 20
പിത്തകാസത്തിന്നു 20
ശ്ലേഷ്മകാസത്തിന്ന് 20
വാതപിത്തകാസത്തിന് 20
വാതശ്ലേഷ്മകാസത്തിന്ന് 20
ഉരഃക്ഷതത്താലുള്ള ചുമയ്ക്ക് 20
ക്ഷയകാസത്തിന്നു 20
*കുശ്മാണ്ഡലേഹ്യം* *21*
ദേഹം മെലിയുന്നതിന് 21
**ശ്വാസഹിക്കാലക്ഷണം** *22*
**ശ്വാസഹിക്കാചികിത്സ** *22*
*ശ്വാസത്തിന്നു വായുഗുളിക* *22*
*കസ്തൂര്യാദിഗുളിക* *22*
*ബലാജീരകാദികഷായം* *23*
*വിദാര്യാദികഷായം* *23*
വിരേചിപ്പാൻ 24
ചുമയ്ക്ക് 24

| | |
|---|---|
| എക്കിളിന്നു | 25 |
| വിലക്കത്തിന്ന് | 25 |
| *കർപ്പൂരാദിപൊടി* | 25 |
| ***രാജയക്ഷമാലക്ഷണം*** | 25 |
| ***രാജയക്ഷ്മാചികിത്സ*** | 26 |
| ജ്വരം ഒച്ചയടപ്പു മുതലായതിനു | 26 |
| ക്ഷയത്തിന്ന് ഏലാദിചൂർണ്ണം | 26 |
| ശോഷത്തിന്ന് | 27 |
| *നിംബാമൃതാദികഷായം* | 27 |
| *താലീസപത്രാദിചൂർണ്ണം* | 27 |
| *അമൃതാദശമൂലാദികഷായം* | 27 |
| *കാന്തലോഹം* | 27 |
| *ബലാശ്വഗന്ധാദികുഴമ്പ്* | 28 |
| *പഞ്ചാജകംനെയ്യ്* | 28 |
| *അശ്വഗന്ധാദിഘൃതം* | 28 |
| ***ഉരഃക്ഷതലക്ഷണം*** | 29 |
| ***ഉരഃക്ഷതചികിത്സ*** | 29 |
| ***സ്വരസാദലക്ഷണം*** | 30 |
| ***സ്വരസാദചകിത്സ*** | 30 |
| ***അരോചകലക്ഷണം*** | 30 |
| ***അരോചകചികിത്സ*** | 31 |
| വാതാരുചിക്ക് | 31 |
| പിത്താരുചിക്ക് | 31 |
| *ഡാഡിമാദിലേഹ്യം* | 31 |
| *മുക്കുടി* | 31 |
| ***ഭക്തരോധചികിത്സ*** | 32 |
| ***കഫപ്രസേകചികിത്സ*** | 33 |
| പ്രസേകലക്ഷണം | 33 |
| അതിന്നുചികിത്സ | 33 |
| ***ഛർദ്ദിലക്ഷണം*** | 33 |
| ***ഛർദ്ദിചികിത്സാ*** | 33 |
| *വില്വധാന്യകമാദികഷായം* | 33 |
| പിത്തഛർദ്ദിക്ക് | 34 |
| ശ്ലേഷ്മഛർദ്ദിക്ക് | 34 |
| *വില്വാദിലേഹ്യം* | 34 |
| ചോരഛർദ്ദിക്കുന്നതിന്ന് | 35 |
| *കാർപ്പാസാസ്ഥ്യാദിചൂർണ്ണം* | 35 |
| ***ഹൃദ്രോഗലക്ഷണം*** | 35 |
| ***ഹൃദ്രോഗചികിത്സ*** | 36 |
| വ്യാഘ്രീലേഹ്യം | 36 |
| കൃമിജത്തിന്നു | 36 |
| ***തൃഷ്ണാലക്ഷണം*** | 36 |
| ***തൃഷ്ണാചികിത്സ*** | 37 |
| *തൃണപഞ്ചമൂലം* | 37 |
| *ശാരിബാദിഗണം* | 37 |
| *ധാന്യാകകൃഷ്ണാദി* | 37 |
| താലുദോഷത്തിന്ന് | 37 |
| ***മദാത്യയചികിത്സ*** | 37 |
| ബോധക്കേടിന് | 37 |
| ***അർശോരോഗലക്ഷണം*** | 38 |
| ***അർശോരോഗചികിത്സാ*** | 38 |
| ക്ഷാരം തേപ്പാൻ | 38 |
| *ദുസ്പർശാദി കഷായം* | 38 |
| *ചിരവില്വപുനർന്നവാദി* | 38 |
| *ചന്ദനാദി* | 39 |
| *സുരണാദിലേഹ്യം* | 39 |
| *ഹുതഭുഗാദിചൂർണ്ണം* | 39 |
| മൂലം അകത്തുപോവാൻ | 40 |
| *കാട്ടുചേനഘൃതം* | 41 |
| *ദുസ്പർശകാദിഗുളം* | 41 |
| *കങ്കായനഗുളിക* | 41 |
| വിൾബന്ധത്തിന്ന് | 41 |
| ദീപനത്തിന് | 41 |
| രക്താർശസ്സിന്ന് | 41 |
| ചോരയിറ്റിറ്റുവീഴുന്നതിന്ന് | 42 |
| ഗുദകീലത്തിന് | 42 |
| കീലം മുറിപ്പാൻ | 42 |
| ***ഉദാവർത്തലക്ഷണം*** | 43 |
| ***ഉദാവർത്തചികിത്സ*** | 43 |
| *കുലസ്ഥലശുനാദി* | 43 |
| *ദന്തീത്രിവൃൽകഷായം* | 43 |
| *ശാർങ്ഗേര്യാദിഘൃതം* | 43 |
| മൂലരോഗങ്ങൾക്ക് മുക്കുടി | 43 |
| ***അതിസാരലക്ഷണം*** | 44 |
| ***അതിസാരചികിത്സ*** | 44 |
| *ശാർങ്ഗേര്യാദിമോർക്കഞ്ഞി* | 45 |
| പഴകിയ അതിസാരത്തിന്ന് | 46 |
| *ശാർങ്ഗേരീഘൃതം* | 46 |
| *സേതുബന്ധംഗുളിക* | 46 |
| *സഹസ്രവേധിഗുളിക* | 46 |
| *പഞ്ചകോലഘൃതം* | 46 |
| *ജംബാമ്രാസ്ഥ്യാദിഘൃതം* | 47 |
| രക്താതിസാരത്തിന്ന് | 47 |
| ചോരപോകുന്നതിന്ന് | 47 |
| ***ഗ്രഹണീലക്ഷണം*** | 47 |
| മഹാരോഗങ്ങൾ | 48 |
| ***ഗ്രഹണീചികിത്സ*** | 48 |
| ദീപനത്തിന് | 48 |
| *പൂതീകാദികഷായം* | 48 |
| ദഹനത്തിന് | 48 |
| *പഞ്ചകോലപ്രയോഗങ്ങൾ* | 49 |
| ദാഹതൃഷ്ണകൾക്ക് | 49 |
| *പഥ്യാദികഷായം* | 49 |
| ***അത്യഗ്നിചികിത്സ*** | 49 |
| ***മൂത്രാഘാതലക്ഷണം*** | 50 |
| ***മൂത്രാഘാതചികിത്സ*** | 50 |
| വാതകൃച്ശ്രത്തിന്ന് | 50 |
| പിത്തകൃച്ശ്രത്തിന്ന് | 50 |
| പിത്തശ്ലേഷ്മകൃച്ശ്രത്തിന്നു | 51 |
| അശ്മരിക്ക് | 52 |

| | |
|---|---|
| ശതാവരീഘൃതം | 52 |
| ഏലാദിചൂർണ്ണം | 53 |
| ശതാവരിഗുളം | 53 |
| ശതാവരീഘൃതം | 53 |
| വസ്ത്യാമയാന്തകം നെയ്യ് | 53 |
| ശ്ലേഷ്മകൃച്ശ്രത്തിന്നു | 54 |
| മൂത്രംചുടുന്നതിന്ന് | 54 |
| ചോരകൂടി മൂത്രിക്കുന്നതിന്നു | 54 |
| സദാമൂത്രം ഇറ്റിറ്റുവീഴുന്നതിന്ന് | 54 |
| **ശുക്ലസ്രാവചികിത്സ** | **55** |
| **പ്രമേഹലക്ഷണം** | **55** |
| **പ്രമേഹചികിത്സ** | **56** |
| കതകഖദിരാദികഷായം | 56 |
| നിശാകതകാദികഷായം | 56 |
| ശ്ലേഷ്മമേഹത്തിന്ന് | 56 |
| നീരുര്യാദിഗുളിക | 56 |
| ശ്രേഷ്ഠാചൂർണ്ണം | 57 |
| കല്യാണഗുളം | 57 |
| മേൽകുഴമ്പ് | 57 |
| ശോഷദാഹാദികൾക്ക് | 58 |
| വാവരൾച്ചയ്ക്ക് | 58 |
| ഉള്ളഴൽച്ചയ്ക്ക് | 58 |
| മേഹിക്കു പത്ഥ്യങ്ങൾ | 58 |
| തലയ്ക്കിടുവാൻ കുഴമ്പ് | 59 |
| കിംശുകത്വഗാദിഗുളിക | 59 |
| നീരൂര്യാദിഗുളിക | 59 |
| ആകുലീബീജാദിനെയ്യ് | 59 |
| ധാന്വന്തരംനെയ്യ് | 60 |
| പ്രമേഹാന്തകം നെയ്യ് | 60 |
| നിശോശീരാദിഎണ്ണ | 60 |
| ഏലാദിഗണം | 60 |
| പ്രമേഹപ്പനിയ്ക്ക് | 61 |
| **പ്രമേഹപിടകാ** | **61** |
| **വിദ്രധിചികിത്സ** | **62** |
| നിംബാദികഷായം | 62 |
| പ്രമേഹക്കുരുവിന്ന് | 62 |
| കൊപ്പിളിന്ന് | 62 |
| നാല്പാമരാദിലേപം | 62 |
| അത്തിത്തോലാദിലേപം | 63 |
| മുലക്കുരുവിന്ന് | 63 |
| കുരുപൊട്ടുവാൻ ദന്ത്യാദിലേപനം | 63 |
| കുരു വർദ്ധിക്കായ്വാൻ | 63 |
| ഒടിക്കുരുവിന്ന് | 64 |
| അട്ടയിട്ടകുരുവിന്ന് | 64 |
| മുട്ടേൽകുരുവിന്ന് | 64 |
| വിദ്രധിക്ക് | 64 |
| കുരു പറ്റുവാൻ | 64 |
| കുരു പഴുപ്പാൻ | 64 |
| പൊട്ടിച്ചലം പോയാൽ | 65 |
| കുരു ഉണക്കത്തിന്ന് | 65 |
| അന്തർവിദ്രധിക്ക് | 65 |
| നിംബാദിഘൃതം | 65 |
| തിലസർഷപാദിലേപം | 65 |
| ന്യഗ്രോധാദിഗണം | 65 |
| മൃണാളാദി | 66 |
| ജാത്യാദി | 66 |
| ശതധൌതം | 66 |
| തിക്തകം | 66 |
| മഹാതിക്തകം | 66 |
| **വൃദ്ധിലക്ഷണം** | **67** |
| **വൃദ്ധിചികിത്സാ** | **67** |
| വിയർപ്പിപ്പാൻ | 67 |
| ധാന്വന്തരംഎണ്ണ | 68 |
| ആന്ത്രം നോവിന്നു | 69 |
| കിഴികാച്ചുവാൻ | 69 |
| ശമിക്കാത്ത വൃദ്ധി | 69 |
| ലശുനാദി (ഉള്ളിവെട്ടടുകാദി) | 70 |
| ലശുനാദി | 70 |
| **ഗുന്മലക്ഷണം** | **70** |
| **ഗുന്മചികിത്സ** | **71** |
| പുളിംകുഴമ്പ് | 71 |
| ത്രിലവണാദിചൂർണ്ണം | 72 |
| അഭ്രകാദിചൂർണ്ണം | 72 |
| ഹിംഗ്വഷ്ടകം | 72 |
| ശുണ്ഠീഘൃതം | 72 |
| സുകുമാരഘൃതം | 72 |
| പിത്തഗുന്മത്തിന്ന് | 73 |
| ഗുന്മശൂലയ്ക്ക് | 73 |
| പുളിങ്കുഴമ്പ് | 73 |
| അഷ്ടചൂർണ്ണം | 74 |
| ഹിംഗ്വാദിചൂർണ്ണം | 74 |
| പുളിങ്കുഴമ്പ് | 74 |
| രക്തഗുന്മത്തിന്ന് | 75 |
| നാളികേരഭസ്മം | 75 |
| ഗുന്മന്നോവിന്ന് | 75 |
| ഏറച്ചോരപ്പോകുന്നതിന്നു | 75 |
| രക്തംവീഴാത്തതിന്ന് | 75 |
| ആനാഹത്തിന്ന് | 76 |
| അഷ്ഠീലയ്ക്ക് | 76 |
| കുടരേറ്റത്തിന്ന് | 76 |
| **ശൂലലക്ഷണം** | **76** |
| **ശൂലചികിത്സ** | **76** |
| സപ്തസാരകഷായം | 76 |
| മുളയാലാദികഷായം | 77 |
| ലവണാദിപൊടി | 77 |
| വിഴാൽവേരാദികഷായം | 77 |
| ഗുന്മശൂലയ്ക്ക് | 77 |
| ത്ര്യൂഷണജീരകാദിചൂർണ്ണം | 77 |
| കുക്കുടഭസ്മം | 78 |
| വിരക്കുത്തിന്ന് | 78 |

ആന്ത്രശൂലയ്ക്ക് 78
ആമശൂലയ്ക്ക് 79
മാറാത്ത ശൂലയ്ക്ക് 79
മുലക്കീഴ്നോവിന്ന് 79
***മഹോദരചികിത്സ 80***
വിരേചനത്തിന്ന് 80
പ്ലീഹോദരത്തിന്ന് 80
***അജീർണ്ണചികിത്സ 80***
അജീർണ്ണത്തിന്ന് 80
കൊതിക്കു 81
***പാണ്ഡുകാമിലാലക്ഷണം 81***
കാമിലാലക്ഷണം 82
***പാണ്ഡുകാമിലാചികിത്സ 82***
*പാണ്ഡുരോഗകുലാന്തകം മുക്കുടി 82*
*പഥ്യാദിഗുളിക 82*
*നാളികേരരസായനം 82*
*മണ്ഡൂരവടകം 83*
മുക്കുടിയ്ക്ക് 83
കാമിലയ്ക്ക് 84
വിരേചനത്തിന്ന് 84
ബാലന്മാർക്കു പാണ്ഡുവിന് 85
*ആറുകാലാദിഎണ്ണ 85*
പുനർന്നവാദികഷായം 85
പാരിച്ച കാമിലയ്ക്ക് 85
കുംഭകാമിലയ്ക്ക് 85
*ഗോമൂത്രരേചകി 85*
*ഇഞ്ചിമഞ്ഞളാദിനെയ്യ് 86*
***ശോഫലക്ഷണം 86***
***ശോഫചികിത്സ 87***
*ഭസ്മക്കഞ്ഞി 87*
*ഭസ്മക്കഞ്ഞി 87*
*ആർദ്രകം നെയ്യ് 87*
*തേപ്പാൻ എണ്ണ 87*
*നാളികേരാദിലവണം 87*
***വിസർപ്പലക്ഷണം 88***
***വിസർപ്പചികിത്സ 89***
വിരേചനത്തിന്ന് 89
*നാല്പാമരാദിഘൃതം 89*
വാതവിസർപ്പത്തിന്ന് 89
*പടോലദാർവ്യാദികഷായം 90*
*മുസ്താരിഷ്ടാദി കഷായം 90*
അഗ്നിവിസർപ്പത്തിന്ന് 90
***മസൂരികാലക്ഷണം 91***
***മസൂരികാചികിത്സ 91***
***വിസ്ഫോടലക്ഷണം 92***
***വിസ്ഫോടചികിത്സ 92***
***കുഷ്ഠലക്ഷണം 92***
***കുഷ്ഠചികിത്സ 93***
*ശിഗ്രുവാദികഷായം 93*
*ത്രിഫലാദിയെണ്ണ 93*
*ഗുൽഗുലുതിക്തകം എണ്ണ 94*
*ഗന്ധകഭസ്മം 95*
*ഹരിദ്രാദിലേപം 95*
കിടുമ്മൻചൊറിക്ക് 95
പുഴുക്കടിക്ക് 96
*തൈലം വാറ്റുവാൻ 96*
വിചർച്ചികയ്ക്ക് 96
*നാല്പാമരാദിഎണ്ണ 97*
പഴകിയ ചൊറിക്ക് 97
*ഗന്ധകരസായനം 97*
അരിമ്പാറയ്ക്ക് 98
പദസരിക്ക് 98
കുഴിനഖത്തിന് 99
വ്യാപിച്ച കുഷ്ഠത്തിന്ന് 99
ചുണങ്ങിന്ന് 100
***ശ്വിത്രകചികിത്സ 101***
***കൃമിരോഗലക്ഷണം 101***
***കൃമിരോഗചികിത്സ 101***
വയറ്റിൽ വിരയ്ക്ക് 102
പുഴുത്തതിന്ന് 102
കന്നുകാലിക്കുപുഴുത്താൽ 102
***വാതരോഗലക്ഷണം 102***
***വാതരോഗചികിത്സ 104***
*ദശമൂലം കഷായം (ദശമൂലകടുത്രയം കഷായം) 104*
*ആവിത്തോലാദികഷായം 104*
*ബലാത്രയകഷായം 104*
*ഗന്ധർവഹസ്താദികഷായം 105*
*സഹചരാദികഷായം 105*
*കാർപ്പാസാസ്ഥ്യാദിഎണ്ണ 105*
*ചതുസ്നേഹം 105*
*ക്ഷീരബല 105*
*ചിഞ്ചാദിഎണ്ണ 106*
*ചിഞ്ചാദികുഴമ്പ് 106*
*ഷഡ്ധരണം 106*
വിയർപ്പിപ്പാൻ 106
സന്ധിവീക്കത്തിന്ന് 107
പനിയ്ക്ക് 107
ഊരുസ്തംഭത്തിന്ന് 107
ഹനുസ്രംസത്തിന്ന് 108
കിഴിയുണ്ടാക്കുവാൻ 109
ദാഹത്തിന്ന് 109
അപബാഹുകത്തിന്ന് 109
*പരിണതകേരീക്ഷീരാദിതൈലം 109*
*മാഷസൈന്ധവതൈലം 109*
*കാർപ്പാസാസ്ഥ്യാദിതൈലം 109*
പക്ഷഘാതത്തിന്ന് 110
*മാഷതൈലം 110*
വിശഭിൽ, ഗൃദ്ധ്രസീ, ഖലി എന്നിവയ്ക്ക് 110
ബോധക്കേടിന് 110

| | |
|---|---|
| നാവുകൊഞ്ഞിക്കുന്നതിന്ന് | 110 |
| ജിഹ്വസ്തംഭത്തിന്ന് | 111 |
| ആയാമങ്ങൾക്കു | 111 |
| അന്തരായാമത്തിന്ന് | 111 |
| നടുവഴങ്ങാത്തവാതത്തിന്ന് | 111 |
| അർദ്ദിതത്തിന്ന് | 111 |
| *രാസ്നാദിതൈലം* | *112* |
| ധാന്വന്തരംഎണ്ണ | 112 |
| *വെപ്പുകാടി* | *112* |
| സ്വേദവിധി | 113 |
| *ഏരണ്ഡതൈലം* | *113* |
| *ധാത്രിഗുളൂച്യാദിഎണ്ണ* | *113* |
| ബലാശ്വഗന്ധാദിഎണ്ണ | 113 |
| പെരുമുട്ടിന് | 114 |
| എളിയിലെ വാതത്തിന് | 114 |
| *ബലാപരുത്ത്യാദിതൈലം* | *114* |
| ഖഞ്ജപംഗുകൾക്ക് | 114 |
| *കൊട്ടംചുക്കാദിതൈലം* | *114* |
| സഹചരാദിഎണ്ണ | 115 |
| *പ്രഭഞ്ജനവിമർദ്ദനം* | *115* |
| *ദശമൂലാദിതൈലം* | *115* |
| തരിപ്പിന്ന് | 116 |
| *വാതാശനി എണ്ണ* | *116* |
| ***രക്തവാതലക്ഷണം*** | ***116*** |
| ***രക്തവാതചികിത്സ*** | ***117*** |
| *കാരസ്കരഘൃതം* | *117* |
| *വീക്കത്തിന്ന്* | *117* |
| *പിണ്ഡതൈലം* | *117* |
| *മൃദ്വികാഘൃതം* | *117* |
| ചൂടും നോവും ഏറുകിൽ | 118 |
| ശോണിതക്കുരുവിന്ന് | 118 |
| കാൽവീക്കത്തിന്ന് | 118 |
| വാതപ്പൊട്ടിന്ന് | 118 |
| *ബലാഗുളൂച്യാദി* | *120* |
| ***സ്ഥൂലചികിത്സ*** | ***120*** |
| ***കാർശ്യചികിത്സ*** | ***120*** |
| ***അതിനിദ്രചികിത്സ*** | ***120*** |
| ***വിനിദ്രചികിത്സ*** | ***121*** |
| ***വിരേചനചികിത്സ*** | ***121*** |
| *വിരേചനനവനീതം* | *121* |
| ***ഗർഭചികിത്സാ*** | ***121*** |
| ഗർഭമുണ്ടാവാൻ | 121 |
| ഗർഭരക്ഷയ്ക്ക് | 121 |
| ഗർഭസ്രാവത്തിന്ന് | 122 |
| ജ്വരത്തിന്ന് | 122 |
| അതിസാരത്തിന്ന് | 122 |
| നീരിന്ന് | 122 |
| ഛർദ്ദിക്ക് | 122 |
| വായുക്ഷോഭങ്ങൾക്ക് | 122 |
| വയറ്റിൽചുടീലിന്ന് | 122 |
| വിശപ്പുണ്ടാവാൻ | 123 |
| വയറ്റത്തു വടുവുണ്ടാകായ്‌വാൻ | 123 |
| എട്ടാംമാസത്തിൽ | 123 |
| തലവേദനയ്ക്ക് | 123 |
| രക്താതിസാരത്തിന്ന് | 123 |
| ഒൻപതാംമാസത്തിൽ | 123 |
| പത്താംമാസത്തിൽ | 123 |
| പേറടുത്താൽ | 123 |
| പിള്ളത്തലകാണായ്കിൽ | 123 |
| പിള്ളത്തലകണ്ടാൽ | 124 |
| തലപിറന്നിരിക്കിൽ | 124 |
| ചാപിള്ള പിറപ്പാൻ | 124 |
| മറുപിള്ളപിറപ്പാൻ | 124 |
| കുളിച്ചുവന്നാൽ | 124 |
| പേറ്റിൽ പിഴച്ചാൽ | 125 |
| പനിക്ക് | 125 |
| മൂത്രവാഹിനിക്കു കേടുതട്ടിയാൽ | 125 |
| മലവാഹിനി ഭേദിച്ചാൽ | 125 |
| *പുളിംകുഴമ്പ്* | *125* |
| രക്തം പോവാൻ | 125 |
| ഗുന്മംകടിക്ക് | 126 |
| ഞരമ്പിന്നും പുണ്ണിനും | 126 |
| വയറ്റിൽ പിരണ്ടാൽ | 126 |
| ബോധക്കേടിന്ന് | 126 |
| വയറ്റിൽവേദനയ്ക്ക് | 126 |
| മുലയിൽ പാലില്ലായ്കിൽ | 127 |
| ബാലദണ്ഡമുണ്ടാകിൽ | 127 |
| മൂലക്കുരുവിന്ന് | 127 |
| പെറ്റാൽ അതിസാരത്തിന്നു | 127 |
| കറപോക്കിന്ന് | 127 |
| ***ബാലചികിത്സ*** | ***127*** |
| മുലപ്പാൽ തെക്കലിന്ന് | 128 |
| പനിക്ക് | 128 |
| മൂത്രമടച്ചാൽ | 128 |
| മലബന്ധനത്തിന്ന് | 128 |
| പൊക്കിൾപഴുപ്പിന്ന് | 128 |
| വയറ്റിൽപുണ്ണിന്ന് | 128 |
| പുൺപനിക്ക് | 128 |
| ബാലപീഡയ്ക്ക് | 128 |
| കരപ്പൻവക | 128 |
| കരപ്പന്ന് | 129 |
| തലയിൽ പൊട്ടുന്ന കരപ്പന് | 130 |
| വായിൽപുണ്ണിന്നും അക്കരത്തിനും | 130 |
| ചെങ്കരപ്പന്ന് | 130 |
| അങ്കാളപ്പന്നു | 130 |
| അതിസാരത്തിന്ന് | 131 |
| ജ്വരാതിസാരത്തിന്ന് | 131 |
| ഛർദ്യതിസാരത്തിന്ന് | 131 |
| രക്താതിസാരത്തിന്ന് | 131 |
| ഛർദ്ദിക്ക് | 131 |

| | |
|---|---|
| അഗ്നിമാന്ദ്യത്തിന്ന് | 131 |
| അണ്ണാക്കിൽ കളളപ്പല്ല് | 131 |
| നീർത്തപോക്കിന്നു | 132 |
| കുരുവിന്ന് | 132 |
| മൂക്കൊലിപ്പിന് | 132 |
| മെലിവിന്ന് | 132 |



വൈദ്യരത്നം ആയുർവേദമ്യൂസിയം

(2013 ഡിസംബർ 27ന് മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ.അബ്ദുൾ കലാം ഉദ്ഘാടനം ചെയ്തു)